KOTTAYAM PUBLIC LIBRARY

Call No M181.48 NAR-V Acc. No 38103

Author ശ്രീ. നാരായണ സ്വാമി

Title വേദാന്തവിജ്ഞാനം Vol: III

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

907

ഓം

# വേദാന്തവിജ്ഞാനം

(മൂന്നാംഭാഗം)

38102

38100

ഗ്രന്ഥകർത്താവ്:

സ്വാമി ജ്ഞാനാനന്ദസരസ്വതി

പ്രസാധകന്മാർ:

ജ്ഞാനാനന്ദാശ്രമം—കൊണ്ടയൂർ

P. O. പല്ലൂർ

വില 2 ക.

ശ്രീ ഗണേശ് പ്രിൻറിംഗ് പ്രസ്സ് ഗുരുവായൂർ

181-48

# ജന്മദിനസന്ദേശം.

## നമോ നാരായണായ.

---

സുകൃതികളായ ഭക്തജനങ്ങളെ, പ്രിയപ്പെട്ട കുട്ടികളെ!

കരുണാമയനായ ഭഗവാൻ നിങ്ങളെയെല്ലാവരേയും അനുഗ്രഹിക്കട്ടെ! ഭഗവദനുഗ്രഹത്താൽ നിങ്ങൾക്കീ പുതിയ കൊല്ലത്തിൽ പൂൎവ്വാധികം സുഖസമാധാനങ്ങളും, ഭക്തിജ്ഞാനവൈരാഗ്യങ്ങളുമുണ്ടാവട്ടെ!

മനുഷ്യജന്മം എത്രയോ ദുർല്ലഭവും ക്ഷണികവുമാണ്. പുണ്യമേറിയ ഭാരതഭൂമിയിൽ ആസ്തിക്യബുദ്ധിയുള്ള മനുഷ്യനായി കുറച്ചു കാലം ജീവിക്കാൻ കഴിഞ്ഞാൽ അതൊരു വലിയ ഭാഗ്യംതന്നെയാണ്. പക്ഷേ അതു വേണ്ടപോലെ ഉപയോഗപ്പെടുത്താൻകൂടി കഴിഞ്ഞാൽ ജന്മം സഫലമായെന്നുപോലും പറയാം.

കരാളമായ മൃത്യുവക്ത്രത്തിൽ വീഴുന്നതിനുമുമ്പു സങ്കല്പക്കോട്ടകൾ പൊളിച്ച് ഈശ്വരമഹിമ അനുഭവിക്കാറാവണം. അതേ—ധ്രുവനെപ്പോലെ മരണത്തിന്റെ തലയിൽ ചവുട്ടി കൈവല്യത്തിലേക്കു കുതിക്കാറാവണം. അതാണ് ജന്മസാഫല്യം, നിങ്ങൾക്കൊക്കെ അതിനുള്ള അർഹതയുണ്ട്. ബുദ്ധിപൂൎവ്വകമായി ജീവിക്കുക മാത്രമേ വേണ്ടതുള്ളു.

സുഖദുഃഖങ്ങൾക്കും, പുണ്യപാപങ്ങൾക്കും, ജനനമരണങ്ങൾക്കും എല്ലാം കാരണം മനസ്സാണ്. നിങ്ങളിലുള്ള ഈശ്വരത്വത്തെ—അമൃതത്വത്തെ—മറച്ചിരിക്കുന്നതു നിങ്ങളുടെതന്നെ മനസ്സാണ്. ആ മനസ്സിന്റെതന്നെ അഞ്ചു സ്ഫുരണങ്ങൾ മാത്രമാണ് പഞ്ചേന്ദ്രിയങ്ങൾ. അതിനാൽ നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങളും മനസ്സുംതന്നെ നിങ്ങളുടെ മുഖ്യശത്രുക്കൾ. അവയും കീഴ്പ്പെട്ടിരിക്കുന്നേ

ത്തോളം കാലം നിങ്ങളുടെ ദുഃഖം അവസാനിക്കാൻ വയ്യ. അതിനാൽ അവശ്യം അവയെ ജയിക്കണം.

ത്യാഗവൈരാഗ്യങ്ങളും ഭക്തിജ്ഞാനങ്ങളുമാണ് അവയെ ജയിക്കാനുള്ള തീഷ്ണങ്ങളായ ആയുധങ്ങൾ. അവയെ സമ്പാദിക്കണം. ശാസ്ത്രാഭ്യാസം, വേദാന്തവിചാരം, ശ്രവണമനനനിദിദ്ധ്യാസങ്ങൾ, സൽസംഗം എന്നീ അഭ്യാസങ്ങളെ ഫലപ്രദമാംവണ്ണം ചെയ്യുന്ന ഒരാൾക്കു പറയപ്പെട്ട ആയുധങ്ങളെ വിഷമംകൂടാതെ സമ്പാദിക്കാം.

അതിനു കഴിവില്ലാത്തവരാണെങ്കിൽ ജപകീർത്തനധ്യാനങ്ങൾ, പൂജ, വ്രതാനുഷ്ഠാനം, തീർത്ഥാടനം, പുരാണപാരായണശ്രവണങ്ങൾ, സൽസംഗം എന്നിവയെക്കൊണ്ടു ഭക്തിവൈരാഗ്യങ്ങൾ വളരാനിടവന്നാൽ പറയപ്പെട്ട ആയുധങ്ങളെ സമ്പാദിക്കാം.

ഇതൊന്നും കഴിയാത്തവനും മഹാത്മാവായ ആചാര്യനിൽ ഈശ്വരനിർവ്വിശേഷമായ ഭക്തിയും ശ്രദ്ധയും വിശ്വാസവും ഉണ്ടായാൽ ആ ഒരൊററ അഭ്യാസംകൊണ്ടുതന്നെ പറയപ്പെട്ട ആയുധങ്ങളെ സമ്പാദിക്കാൻ കഴിയും. പറയപ്പെട്ട ഏതെങ്കിലും അഭ്യാസങ്ങളെക്കൊണ്ടു പറയപ്പെട്ട ആയുധങ്ങളെ സമ്പാദിച്ചു നിങ്ങളുടെ പ്രബല ശത്രുക്കളായ ഇന്ദ്രിയങ്ങളേയും മനസ്സിനേയും ജയിച്ച്, തുറിച്ചുനോക്കുന്ന മരണം വിഴുങ്ങാൻ വരുന്നതിനുമുമ്പ് സുരക്ഷിതമായ കൈവല്യസാമ്രാജ്യത്തിലെത്തിച്ചേരണം. എന്നാൽ നിങ്ങൾ ധന്യരും കൃതകൃത്യരുമാവും.

അതിനാൽ സുകൃതികളും അനുഗ്രഹീതരുമായ ഭക്തജനങ്ങളേ! നിങ്ങൾ അലസരായിരിക്കരുത്. എപ്പോഴും ജപിക്കുവിൻ, എപ്പോഴും ധ്യാനിക്കുവിൻ! ചപലമായ മനസ്സിന്നടിമപ്പെടാതെ മനസ്സിനെ അടക്കി ഈശ്വരപ്രേമത്തെ വളർത്തുവിൻ!

നിങ്ങളാഗ്രഹിക്കുന്ന എല്ലാ വിഷയങ്ങളും കേവലം മിഥ്യയാണ്. ഏതോ ഒരിന്ദ്രജാലക്കാരൻെറ മായാവിദ്യയിൽ നിങ്ങ

കുടുന്നിയിരിക്കുകയാണ്. അതിനാൽ സകല ആഗ്രഹങ്ങളേയും തല്ലിത്തകത്ത്റു നിങ്ങളിൽത്തന്നെ സാക്ഷിരൂപേണ വത്തിക്കുന്ന അമൃതമയനും ആത്മസ്വരൂപിയുമായ ഈശ്വരങ്കലേക്കു കുതിക്കുവിൻ!

സത്യവും ഈശ്വരനും ഒന്നാണ്. ധമ്മവും ഈശ്വരനും ഒന്നാണ്. സത്യത്തേയും ധമ്മത്തേയും തിരസ്കരിച്ചുകൊണ്ടുള്ള ഈശ്വരനെ കിട്ടാൻ വയ്യ. അതിനാൽ അവയെ നിലനിത്തി അവയുടെ വെളിച്ചത്തിൽക്കൂടെ ഈശ്വരനെ കാണാനും അനുഭവിക്കാനും ശ്രമിക്കുവിൻ!

ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ! നിങ്ങളെല്ലാവരും ധന്യരാകട്ടെ! ദേവതാത്മാവായ ഹിമവാനും, ബ്രഹ്മവിദ്യയായ ഭാഗീരഥിയും നിങ്ങളെ അനുഗ്രഹിക്കട്ടെ!

ഈ പുണ്യദിവസത്തിൽ നിങ്ങളുടെ എളിയ സേവകനായ എന്റെ അഭിവാദ്യവും ആശീവ്വാദവും നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ജ്ഞാനാനന്ദസരസ്വതി,

1—2—1960.

ആത്മദർശനം ...... 1
ആദ്ധ്യാത്മസാധനയിൽ യോഗശാസ്ത്രീയം 10
ക്ഷേത്രദർശനം ... 20, ബാലി. 25
ആനന്ദശരണായാ[illegible] [illegible] ... 29
ജീവന്റെ ആവിർഭാവം. 33
ബ്രഹ്മവിദ്യക്കു രണ്ടു സ്വപക്ഷങ്ങൾ. 39
ഗുരുകൃഷ്ണീയ സന്ദേശം. 41
ഭഗവത് സാക്ഷാത്കാരം 45
വേദാന്തവും നിത്യജീവിതവും. 56
ഗുരുകുല വിദ്യാഭ്യാസം. 64
ദേവയാനം ..... 70
പഞ്ചവടി ... 79
ആത്മാനാത്മവിവേകം .. 84
അവസ്ഥാത്രയവും ജീവനും - 91
മതവും മനശ്ശാസ്ത്രം .. 102
വിശ്വാസം ..... 109
ഭാഗവതത്തിലെ ദർശനം .. 113
പഞ്ചകോശങ്ങൾ. 120
സ്വപ്നാവസ്ഥ ..... 134
സരസ്വതീപൂജ 141
ജീവന്റെ സംസാരപരിഭ്രമണം. 143
മായാസൃഷ്ടപ്രപഞ്ചത്തിൽനിന്നുള്ള നിവൃത്തി
ഈശ്വരന്റെ പ്രഭാവം. 160 [ഭക്തിയുടെ 153
ചിന്താശുദ്ധി. .. 163

ആത്മദർശനം 167
പ്രത്യക്ഷങ്ങൾ 175
സമ്പത്ത് ...... 180
അദ്വൈതവേദാന്തവും മറ്റു മതങ്ങളും 184
ജീവന്മുക്തി 191.

# വേദാന്ത വിജ്ഞാനം

## മൂന്നാം ഭാഗം

## ആത്മദർശനം

ഒരു മനുഷ്യന്റെ നിത്യജീവിതത്തെ ഏററവും സൂക്ഷ്മമായി പരിശോധിച്ചുപഗ്രഥിക്കുന്നപക്ഷം അതിന്നു് അഞ്ചു ഘടകങ്ങളുള്ളതായി ബോധിക്കാൻ സാധിക്കും. ഒന്നാമത്തേതു പ്രവൃത്തിയാണ്. ഒരാൾ ഒരു ദിവസത്തിൽതന്നെ പലപ്രവൃത്തികളും ചെയ്യുന്നു. കരചരണാദ്യവയവങ്ങളെക്കൊണ്ടും, ശരീരംകൊണ്ടുമാണ് എല്ലാ പ്രവൃത്തികളെയും ചെയ്യുന്നതു്. പ്രവൃത്തി ഒരാളുടെജീവിതത്തിൽ ഒഴിക്കാൻപാടില്ലാത്ത ഒന്നാണ്. അതിനാൽ അതിന്റെ ഉപകരണമായ **ശരീരം** മുഖ്യമായ ഘടകം
ന്നെ. എന്നാൽ **ശരീര**ത്തിനുതന്നത്താൻപ്രവൃത്തിക്ക
ള്ള കഴിവുണ്ടോ എന്നു പരിശോധിക്കുമ്പോൾ ഇ
കാണാം. കാരണം **ശരീരം** ജഡമാണ്. അതി
ക്കാനോ, പ്രവത്തിക്കാനോ **ശേഷി**യില്ല. അ
മായ ഈ **ശരീര**ത്തെ ചേഷ്ടിപ്പിക്കുന്ന മറെറ
ടിയുണ്ടെന്നും, അതിൻേറയും പ്രവത്തനം
ക്ഷിതമായിരിക്കുന്നുഎന്നും കാണാം. അ
ശരീരത്തിൽ സവ്വത്ര വ്യാപ്തമായ പ്രാ

ഡമായ ഈശരീരത്തെ ചലിപ്പിക്കയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതു്. എന്നാൽ പ്രാണനും—ചലിക്കാനും, ചലിപ്പിക്കാനും കഴിയുമെങ്കിലും—ജഡമാണു്. അറിഞ്ഞുകൂടാ, അറിവില്ല, എപ്പോഠം എവിടെ എന്തുപ്രവത്തിക്കണം; എങ്ങിനെ പ്രവത്തിക്കണം ഇതൊന്നും ശരീരത്തിന്നോ, പ്രാണനോ അറിവോടുകൂടിയ ഒരു ഘടകം പ്രസ്തുത ശരീരത്തിൽനിന്നും, പ്രാണനിൽ നിന്നും വേറെയായി ഉണ്ടെന്നും അതിൻെറ നിയന്ത്രണത്തിൻകീഴിലാണു് പ്രാണനും ശരീരവും പ്രവത്തിക്കുന്നതെന്നും ഈ കാരണത്താൽ ബോധിക്കാൻ കഴിയുന്നു. അതാണു് മനസ്സു്. മനസ്സിന്നു വിചാരിക്കാനും ശരീരപ്രാണങ്ങളെ നിയന്ത്രിക്കാനും കഴിയുമെങ്കിലും മനസ്സും ജഡവും, വിവേകശൂന്യവുമാണു്. കാൎയ്യങ്ങളെ വിവേകത്തോടുകൂടി ആലോചിച്ചു് തീർച്ചപ്പെടുത്തുകയെന്നതു സാദ്ധ്യമല്ല. മററൊന്നിൽനിന്നു കിട്ടുന്ന തീൎപ്പുകളെ നടപ്പിൽ വരുത്തുന്ന മനസ്സെന്നുമാത്രം. സ്വയം തീർപ്പുചെയ്യാനുള്ള ശേഷിയി... അപ്പോഠം മനസ്സിനെ പ്രവത്തിപ്പിക്കാനും, നിയന്ത്രി...ം മററൊരു ശക്തികൂടി അവശ്യം വേണമെന്നുവരു...താണു് ബുദ്ധി. വിവേകത്തോടുകൂടി കാൎയ്യങ്ങ...ാചിക്കാനും; തീൎപ്പുചെയ്യാനും, ബോധിക്കാനും...നും ശേഷിയുണ്ടു്, ബുദ്ധിക്കു്. ബുദ്ധിയുടെപ്ര...് ബാക്കി മൂന്നു ഘടകങ്ങളേയും പ്രവത്തി...ം പറയണം. ഈ നാലു ഘടകങ്ങളും കൂടി...വൊറം ഒരാളുടെ ജീവിതവ്യാപാരങ്ങഠം...ല്യാ ഘടകങ്ങളും പൂൎണ്ണമായെന്നു പറ

യാം. എന്നാൽ ഇവ നാലും എന്തിനുവേണ്ടിപ്രവൎത്തിക്കുന്നു? എന്ന ഒരു ചോദ്യം പിന്നെയും ശേഷിക്കുന്നു. അപ്പോൾ ഈ നാലു ഘടകങ്ങൾക്കും അപ്പുറത്തായി നാലിനും ലക്ഷ്യമായ ഒരു ഘടകം പിന്നേയും ശേഷിക്കുന്നു അതാണു് ആനന്ദം. അതുംകൂടി ചേരുമ്പോൾ ജീവിതവ്യാപാരത്തിൻെറ ഉപകരണങ്ങൾ പൂൎണ്ണങ്ങളായെന്നുപറയാം. അതിനാൽ ശരീരം, പ്രാണൻ, മനസ്സ്, ബുദ്ധി, ആനന്ദം എന്നിങ്ങനെ അഞ്ചാണു് ജീവിതവ്യാപാരത്തിലെ പ്രമുഖങ്ങളായ ഘടകങ്ങൾ. ഇവ അഞ്ചുമാണു് വേദാന്തശാസ്ത്രത്തിലെ പ്രസിദ്ധങ്ങളായ പഞ്ചകോശങ്ങൾ.

അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം ഇവയാണു് പ്രസിദ്ധങ്ങളായ പഞ്ചകോശങ്ങൾ. ഈ ശരീരത്തെത്തന്നെയാണു് അന്നമയകോശമെൻപറയുന്നതു്. അമ്മയച്ഛന്മാർ ഭുജിച്ച അന്നം പരിണമിച്ചുണ്ടായി, താൻ കഴിക്കുന്ന അന്നംകൊണ്ടു് വളൎന്നുവികസിച്ചതും, അന്നമില്ലാഞ്ഞാൽ നശിക്കുന്നതും, ആയതുകൊണ്ടു് 'അന്ന'ശബ്ദവും ബാല്യകൗമാരപൗഗണ്ഡയൗവനവാൎദ്ധക്യാദി ദശാവിശേഷങ്ങളോടുകൂടിയതാണെന്നതിനാൽ 'മയ'ശബ്ദവും ആത്മാവിന്നാവരണമാണെന്നതുകൊണ്ടു് 'കോശ' ശബ്ദവും വാച്യമായി. അങ്ങിനെ അന്നമയകോശമെന്നു പേരുണ്ടായി. ജനിക്കുക, മരിക്കുക, തടിക്കുക, മെലിയുക, രോഗംപിടിക്കുക, ആരോഗ്യത്തോടുകൂടിയിരിക്കുക എന്നിവ ഈ അന്നമയകോശത്തിൻെറ ധൎമ്മങ്ങളുമാണു്.

ഏറ്റവും പുറമേയുള്ളതും, കാണാനും, തൊടാനും കഴിയുന്നതും, വളരെ ചെറിയതുമായ ഈ അന്നമയകോശത്തിന്നുള്ളിലാണ് ഇതിനേക്കാൾ എത്രയോ അധികം ഇരട്ടി വലിപ്പമുള്ള പ്രാണമയകോശം നിൽക്കുന്നത്. വലിയതു ചെറുതിനുള്ളിൽ എങ്ങിനെ ഒതുങ്ങുമെന്നാണെങ്കിൽ അന്നമയകോശം സ്ഥൂലവും, പ്രാണമയകോശം സൂക്ഷ്മവുമാണ്. സ്ഥൂലമായ ഒന്നിനുള്ളിൽ സൂക്ഷ്മമായ വസ്തു അതിനേക്കാൾ എത്രയോഅധികം ഇരട്ടിഒതുങ്ങാം. നാലംഗുലം മാത്രം വ്യാസമുള്ള ഒരളുക്കിൽ നൂറുവാര നീളമുള്ള നൂല് ഒതുക്കാൻ കഴിയുന്നു. അളുക്കിനെ അപേക്ഷിച്ച് നൂലു സൂക്ഷ്മമാണെന്നതുകൊണ്ടാണങ്ങിനെ സാധിക്കുന്നത്. അഞ്ചുവൃത്തികളുണ്ട്, പ്രാണനെന്ന കാരണത്താൽ അഞ്ചു സ്വരൂപങ്ങൾ വാച്യങ്ങളായി. വാസ്തവത്തിൽ അഞ്ചു സ്വരൂപങ്ങളല്ല, അഞ്ചു വൃത്തികളാണ് പ്രാണനുള്ളത്. വൃത്തികളെ അപേക്ഷിച്ചാണ് പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ,ഉദാനൻ, ഇങ്ങിനെ അഞ്ചുപേരുകളും പറയപ്പെട്ടുവരുന്നത്. മുഖത്തുള്ള ഇന്ദ്രിയദ്വാരങ്ങളിൽക്കൂടെ പുറമേയുള്ളശബ്ദാദിവിഷയങ്ങളെ ഉൾക്കൊള്ളലാണ് മുഖ്യമായ ഒരു വൃത്തി. അതിനെയാണ് പ്രാണശബ്ദംകൊണ്ടു് സൂചിപ്പിക്കുന്നത്. ഉൾക്കൊണ്ട പദാൎത്ഥങ്ങളെ പാകപ്പെടുത്തി രസവീൎയ്യങ്ങളെ വേർതിരിച്ചു ചണ്ടിയെ പുറംതള്ളുക— ഇതാണ് മറ്റൊരുവൃത്തി. അതിനെയാണ് അപാനശബ്ദംകൊണ്ടു് സൂചിപ്പിക്കുന്നത്. പാകപ്പെടുത്തിയ രസവീൎയ്യങ്ങളെ വിഭജിച്ചു ശരീരത്തിൻെറ എല്ലാ ഭാഗത്തേ

ക്കും സമമായെത്തിക്കുകയെന്ന വൃത്തിയെയാണ് സമാന ശബ്ദംകൊണ്ടു സൂചിപ്പിക്കുന്നതു്. ശരീരത്തിൽ സൎവ്വാംഗം സകല നാഡീഞരമ്പുകളിലും ചൂടും ചലനവുമെത്തിച്ച് എല്ലാററിനേയും പ്രവൃത്തിപരങ്ങളാക്കുകയെന്ന നാലാമത്തെ വൃത്തിയേയാണ് വ്യാനശബ്ദംകൊണ്ടുസൂചിപ്പിക്കുന്നതു്. ശരീരത്തിൽ സൎവ്വത്രചൂടിനെവ്യാപിപ്പിക്കുക, ജീവനെ ആവശ്യംപോലെ അങ്ങിങ്ങുസ്ഥലമാററംചെയ്യുക എന്ന വൃത്തിയേയാണ് ഉദാനശബ്ദംകൊണ്ടു് സൂചിപ്പിച്ചതു്. മുഖം പ്രാണവൃത്തിയുടേയും, ഉദരം അപാന വൃത്തിയുടെയും മാൎവ്വിടം സമാനവൃത്തിയുടേയും, ശരീരത്തിൽ സൎവാംഗം വ്യാനവൃത്തിയുടേയും, കണ്ഠം ഉദാനവൃത്തിയുടേയും കേന്ദ്രരംഗങ്ങളുമാണ്. അങ്ങിനെ അഞ്ചു വൃത്തികളോടുകൂടി ശരീരത്തിൻെറ അകത്തും പുറത്തും വ്യാപിച്ചുനിൽക്കുന്ന പ്രാണനാണ് പ്രാണമയകോശം. വിശപ്പ്, ദാഹം, ചലനം, കൎമ്മം ഇവ പ്രാണൻെറ ധൎമ്മങ്ങളുമാണ്; പ്രസ്തുത ധൎമ്മങ്ങളെക്കൊണ്ടു് ആത്മാവിനെ മറയ്ക്കുന്നതിനാൽ കോശശബ്ദം വാച്യമായി. ഈ പ്രാണമയകോശത്തിന്നുള്ളിൽ നില്ക്കുന്ന, വലുപ്പംകൊണ്ടു് ഈ ബ്രഹ്മാണ്ഡം മുഴവൽ നിറഞ്ഞ മനോമയകോശം പ്രാണനേക്കാൾ എത്രയോ അധികം സൂക്ഷ്മമാണെന്നതുകൊണ്ടാണ് മനോമയകോശത്തിന്ന പ്രാണമയകോശത്തിന്നുള്ളിലൊതുങ്ങാൻ കഴിയുന്നതു്. സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളുടെ ഗുണങ്ങളും വിഷയവാസനകളുമാണ് മനസ്സിൻെറ രൂപം. സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളുടെ വികാസത്തിൽ വിഷയവാസനകൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന രാഗാദിവികാരങ്ങൾ അതിൻെറ ധൎമ്മവുമാണ്.

മനോമയകോശത്തിൻെറയും ഉള്ളിൽ അതിനേക്കാൾ എത്രയോ അധികം സൂക്ഷ്മവും വലുപ്പംകൊണ്ടു് എത്രയോ ബ്രഹ്മാണ്ഡങ്ങൾ ഉൾക്കൊള്ളുന്നതുമായ വിജ്ഞാനമയകോശം നില്ക്കുന്നു. സുഖം ദുഃഖം, പുണ്യം പാപം, ജ്ഞാനം അജ്ഞാനം ഇത്യാദി ദ്വന്ദ്വങ്ങൾ അതിൻെറ ധർമ്മങ്ങളുമാണു്. രോഗാദിവികാരങ്ങളെക്കൊണ്ടു മനോമയകോശവും, സുഖദുഃഖാദിദ്വന്ദ്വങ്ങളെക്കൊണ്ടു് വിജ്ഞാനമയകോശവും ആത്മാവിനെ മറയ്ക്കുന്നു. അതുകൊണ്ടു് അവയ്ക്കും കോശശബ്ദം വാച്യമായി. വിജ്ഞാനമയകോശത്തിൻെറയും ഉള്ളിൽ അതിനേക്കാൾ എത്രയോ സൂക്ഷ്മമായി വളരെ വിശാലമായ പരിധിയോടുകൂടിയ ആനന്ദമയകോശം നില്ക്കുന്നു. ആനന്ദമയകോശമാവുമ്പോഴേയ്ക്കു് അതിൻെറ അതിർത്തി അഥവെങ്കിൽ വലിപ്പം നിർണ്ണയിക്കാൻതന്നെ വിഷമം. അത്ര അധികം വിശാലമായ പരിധിയോടുകൂടി നില്ക്കുന്നു ആനന്ദമയകോശം. അതിൻെറയും ഉള്ളിൽ അതിർത്തിയേ ഇല്ലാതെ എങ്ങും നിറഞ്ഞു് അപരിച്ഛിന്നപരിപൂർണ്ണമായും, സൂക്ഷ്മതകൊണ്ടു മനസ്സിനോ ബുദ്ധിക്കോ ഊഹിക്കാൻപോലും സാധിക്കാതെ അത്യന്തസൂക്ഷ്മമായും വിളങ്ങുന്നു ഏകവും അദ്വിതീയവുമായ ആത്മാവു്. സത്-ചിത്-ആനന്ദാത്മകമായ ആത്മാവിൻെറ സാന്നിദ്ധ്യംകൊണ്ടാണു് പറയപ്പെട്ട ജഡങ്ങളായ പഞ്ചകോശങ്ങൾക്കു പ്രകാശം, ചൈതന്യം, ശക്തി മുതലായവയുണ്ടാകുകയും, പഞ്ചകോശങ്ങൾ നിലനിൽക്കപ്പെടുകയും ചെയ്യുന്നതു്.

പറയപ്പെട്ട പഞ്ചകോശങ്ങളാണു് ജീവൻെറ ഉ

ധികരം. എപ്പോഴും അവയിൽത്തന്നെ ചുററിപ്പററി പലതരത്തിലുള്ള ഉപാധിധർമ്മങ്ങളെത്തന്നെ തൻെറ ധർമ്മങ്ങളായി അനുഭവിച്ചു വിഷമിച്ചുകൊണ്ടിരിക്കുന്നു ഓരോ ജീവനും. വാസ്തവത്തിൽ ജീവനെന്ന പ്രത്യേകം ഒരു വസ്തുവില്ല, താൻ ആത്മാവുതന്നെ. തനിക്കു ബന്ധമോ, ദുഃഖമോ, അജ്ഞാനമോ യാതൊന്നും സംഭവിച്ചിട്ടില്ല. സംഭവിക്കാൻ അർഹതയുമില്ല. എന്നിരുന്നാലും ഉപാധി സംബന്ധം ഹേതുവായിട്ടു് ആത്മാവിൽനിന്നു് അന്യമായ ഒരു താൻ ഉണ്ടായി എന്നും, താൻ പലതരത്തിലുള്ള അനുഭവങ്ങളും അനുഭവിക്കുന്നു എന്നുമുള്ളതോന്നൽതന്നെ അജ്ഞാനം അല്ലെങ്കിൽ മായ. അതെങ്ങിനെയുണ്ടായിഎന്നന്വേഷിച്ചിട്ടു പ്രയോജനമില്ല. എങ്ങിനെ ഇല്ലാതാവുമെന്നേ നോക്കേണ്ടതുള്ളൂ. അതാണു് അദ്ധ്യാത്മസാധന. അതിനെ നിരൂപിക്കാം.

ഉറങ്ങിക്കിടക്കുന്ന രാജാക്കു് ചുരുങ്ങിയ സമയത്തെ സ്വപ്നാവസ്ഥകൊണ്ടു് എപ്രകാരമാണോ അനവധി നീണ്ട സംവത്സരങ്ങൾപോലും കഴിഞ്ഞുപോവുന്നതു്, അതുപോലെയാണു് പഞ്ചകോശോപാധികളിൽ മായാമോഹനിദ്രയിലാണ്ട ജീവനു് ഒരു ക്ഷണനേരംകൊണ്ടു് എത്രയോ ആയിരക്കണക്കിനുള്ള ജന്മങ്ങളും യുഗങ്ങളുമൊക്കെ കഴിഞ്ഞുപോവുന്നതു്. പറയപ്പെട്ട പഞ്ചകോശങ്ങളിൽ അത്യന്തസ്ഥൂലവും ഏററവും പുറമേയുള്ളതും ആത്മാവിൽനിന്നു മററെല്ലാററിനെക്കാളും വളരെയധികം അകന്നതും, അതുകാരണത്താൽ ദുഃഖൈകസ്വരൂപവും, ഏററവും ചെറിയതുമായ അന്നമയകോശം മാത്രം ഇട

...ക്കുണ്ടാവുകയും ഇല്ലാതാകുകയും ചെയ്യുന്നു. അന്നമയ കോശമാകുന്ന ശരീരത്തിൽ ഞാനെന്ന അഭിമാനത്തോടു കൂടിയ മൂഢനായ ജീവന്നു് അതിൻെറ ഉല്പത്തിലയങ്ങൾ തൻെറ തന്നെ ജനനമരണങ്ങളായും അനുഭവപ്പെടുന്നു. മനസ്സിൻെറ സങ്കല്പം മാത്രമാണു് ശരീരത്തിൻെറ സത്ത യെന്ന കാരണത്താൽ ശരീരം ജനിക്കുന്നതും മരിക്കുന്ന തുമെല്ലാം മനസ്സിൽത്തന്നെ. കാലദേശങ്ങളുംമനസ്സിൻെറ കല്പനകൾ മാത്രമാണെന്ന കാരണത്താൽ നാനാകാലദേ ശങ്ങളിൽ നടക്കുന്ന നാനാരൂപത്തിലുള്ള ജനനമരണ ങ്ങളും അനുഭവങ്ങളുമെല്ലാം മനസ്സിന്നുള്ളിലെ സങ്കൽപ്പ ങ്ങൾ മാത്രമാണു്. സ്വപ്നാവസ്ഥയിലെ എല്ലാ അനുഭവ ങ്ങളും മനസ്സിന്നുള്ളിൽവെച്ചുമാത്രമാണു് നടക്കുന്നതെന്ന തെപ്രകാരമോ, അതുപോലെത്തന്നെഎല്ലാഅനുഭവങ്ങളും

പറയപ്പെട്ട പഞ്ചകോശങ്ങളിൽ ചുററിത്തിരിഞ്ഞു കൊണ്ടിരിക്കുന്ന ജീവന്നു് ഏതേതുകോശങ്ങളിൽ ആധി ക്യേനയുള്ള മമതയുണ്ടോ അതതു കോശങ്ങളുടെ ധർമ്മ ങ്ങൾ തൻെറ ധർമ്മങ്ങളായും, അതതിൻെറആവശ്യങ്ങൾ തനിക്കൊഴിക്കാൻ പാടില്ലാത്ത ആവശ്യങ്ങളായും പരി ണമിക്കുന്നു. ഭൂരിപക്ഷം ജീവന്മാരും അന്നപ്രാണമനസ്സു കളാകുന്ന മൂന്നു കോശങ്ങളിൽത്തന്നെ ചുററിത്തിരിയുന്ന വരാണു്. അതുകാരണത്താൽ അധികജീവന്മാരുടെയും ഓരോജീവിതത്തിലെയും ജീവിതലക്ഷ്യംതന്നെ അന്നപ്രാ ണമനോമയകോശങ്ങളുടെ ആവശ്യങ്ങളെ സാധിക്കലാ ണു്, ആഹാരം, വസ്ത്രം, ഔഷധം, നിദ്ര, അവയിലുള്ള ആഡംബരങ്ങൾ—ഇതാണു് അന്നമയകോശത്തിൻെറ

ആവശ്യങ്ങറം. അവയെസമ്പാദിക്കുന്നതിലും അനു...
ന്നതിലും മുഴുകുന്നുജീവിതത്തിൻെറ ഒരംശം. മറെറാരംശം
പ്രാണമയകോശത്തിൻെറ ആവശ്യമായകർമ്മവ്യായാമങ്ങ
ളിലും മുഴുകുന്നു. മൂന്നാമത്തെ അംശം മനോമയകോശത്തി
ൻെറ ആവശ്യമായ രാഗാദി വികാരങ്ങളുടെ വളർച്ചയ്ക്കും
നിവൃത്തിക്കുംവേണ്ടിയുംചിലവഴിക്കപ്പെടുന്നു. അതിൻെറ
യൊക്കെ ഉദ്ദേശമാകട്ടെസുഖം അല്ലെങ്കിൽആനന്ദവുമാണു്

ആനന്ദമയനായ ആത്മാവിനോടു് അടുക്കുംതോറും ആനന്ദനിർവൃതിയും, അകലുംതോറും ദുഃഖാനുഭൂതിയുമുണ്ടാവുന്നു. ആത്മാവിൽനിന്നു വളരെയധികം അകന്നതാണു് അന്നമയകോശമെന്ന കാരണത്താൽ ശരീരവും ശരീരത്തിൻെറ എല്ലാ അനുഭവങ്ങളും ദുഃഖൈകസ്വരൂപങ്ങളാണു്. രസരക്തമാംസമേദോസ്ഥിമജ്ജാശുക്ലങ്ങളാകുന്ന ഏഴു ധാതുക്കളും, വാതപിത്തകഫങ്ങളാകുന്ന മൂന്നു ദോഷങ്ങളും മലമൂത്രങ്ങളും ഇങ്ങിനെ പന്ത്രണ്ടുഘടകങ്ങളുടെ പിണ്ഡീഭൂതാവസ്ഥയാണു്ശരീരം. ഇതിൽ ഏതൊരു ഘടകവും ഒരു ജീവനേയും തൃപ്തിപ്പെടുത്തുകയാകട്ടെ, സുഖിപ്പിക്കുകയാകട്ടെ ചെയ്യുന്നില്ലെന്നു മാത്രമല്ല, വെറുപ്പും അസ്വാസ്ഥ്യവുമുണ്ടാക്കിത്തീർക്കുന്നുമുണ്ടു്. ശരീരത്തിനുള്ളിൽനിന്നു് ഏതു ദ്വാരത്തിൽക്കൂടെ പുറത്തുവരുന്ന ഏതുവസ്തുവും ആർക്കും ഹൃദ്യമല്ല. വളരെ നല്ലതെന്നു തോന്നുന്ന പദാർത്ഥങ്ങളും ശരീരത്തിലെ അവയവങ്ങളുമായി കൂടിയോജിച്ചാൽ മലിനമായി, പിന്നെ ആ പദാർത്ഥത്തെപ്പോലും മറെറാരുജീവൻ വെറുക്കുന്നു. ഇങ്ങിനെ ഏതുപ്രകാരത്തിൽ നോക്കിയാലും ശരീരം അല്ലെങ്കിൽ അ

...കോശംദുഃഖൈകസ്വരൂപമാണ്. ആത്മാവിൽ നി ...ള്ള അകൽച്ചയാണതിന്നു കാരണം. എന്നിട്ടും അതിനെ ആത്മാവായി തെററിദ്ധരിക്കുന്നതുകൊണ്ടാണ് മൂഢനായ ജീവൻ അതിനെ പ്രിയപ്പെട്ടുകയും, നിലനില്പിനായി ആഗ്രഹിക്കുകയും ചെയ്യുന്നതു്.

---

## അദ്ധ്യാത്മസാധനയിൽ യോഗസമന്വയം.

കർമ്മം, ഭക്തി, ജ്ഞാനം എന്നിങ്ങിനെ മൂന്നാണ് ആത്മസാക്ഷാല്ക്കാരത്തിന്നും ഈശ്വരപ്രാപ്തിക്കും വേണ്ടി സാധകന്മാർ ചെയ്തുവരുന്ന മുഖ്യസാധനാമാർഗ്ഗങ്ങൾ. ശാസ്ത്രനിർദ്ദിഷ്ടങ്ങളായ അവ മൂന്നും ഒരുപ്രകാരത്തിൽ പറയുമ്പോൾ പൂർണ്ണങ്ങൾതന്നെയാണെന്നും പറയണം. പ്രസ്തുത ഓരോമാർഗ്ഗത്തിൻെറ സുദൃഢമായ അനുഷ്ഠാനംകൊണ്ടുതന്നെ തത്വഗ്രഹണവും തത്വാനുഭൂതിയും സാദ്ധ്യമാണെന്നു ഭഗവാൻ ഗീതയിൽ സമർത്ഥിച്ചിട്ടുമുണ്ടു്. ആ സ്ഥിതിക്ക് അതിനെക്കുറിച്ച് കൂട്ടതൽ നിരൂപിക്കേണ്ട ആവശ്യവുമില്ല. എന്നിരുന്നാലും അദ്ധ്യാത്മസംസ്കാരത്തിന്നും തപസ്സിന്നും അതുവഴിക്കു സത്വശ്രദ്ധിക്കും സദാചാരങ്ങൾക്കുപോലും വളരെ മാന്ദ്യം സംഭവിച്ച ഇക്കാലത്തു് അനുഷ്ഠാനങ്ങളിൽ ശാസ്ത്രനിർദ്ദിഷ്ടമായദൃഢതയും ശ്രദ്ധിയുമുണ്ടാവാൻ വളരെ വിഷമം. ഇതിനുപുറമേ ശാസ്ത്രോക്തങ്ങളായ കർമ്മഭക്തിമാർഗ്ഗങ്ങൾ നിഷ്കൃഷ്ടമായ ജ്ഞാനത്തോടുകൂടിയവയുമാണ്. ഓരോ മാർഗ്ഗത്തെ ഉപന്യസിക്കുമ്പോഴും അതിനെ മാത്രമാണ് പറയുന്നതെ

ന്നിരുന്നാൽക്കൂടി ബാക്കി രണ്ടിനെയും കൂട്ടിക്കലർത്തിയാണ് പറയുന്നതെന്നു ശ്രദ്ധിച്ചാൽ മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടും കർമ്മഭക്തിജ്ഞാനങ്ങൾ അന്യോന്യാപേക്ഷയില്ലാത്ത സ്വതന്ത്രസാധനകളാണോ എന്നു സംശയിക്കുകതന്നെ വേണം. ശരീരം മനസ്സ് ബുദ്ധി ഇവമൂന്നും ജീവൻെറ ഉപാധികളാണ്. അവ മൂന്നും മൂന്നോ അഥവാ ഒന്നോ എന്ന കഥ പിന്നെ ചിന്തിക്കാം. ഇപ്പോൾ മൂന്നായിത്തന്നെ ധരിക്കാം. ശരീരത്തിൻെറ ധർമ്മമാണ് പ്രവൃത്തി. അതുതന്നെയാണല്ലോ കർമ്മം. ചെയ്യപ്പെടുന്ന കർമ്മം ഈശ്വരനോട് കൂട്ടിയോജിപ്പിച്ചാൽ കർമ്മയോഗമായി. ഇല്ലെങ്കിൽ വെറും കർമ്മം എന്നുമാത്രം പറയും. ഏതായാലും ശരീരത്തിൻെറ ധർമ്മമാണ് കർമ്മമെന്നു വ്യക്തമാണ്. മനസ്സിൻെറ ധർമ്മമാണ് ഭക്തി. വസ്തുവിനോട് രാഗസ്വരൂപേണ ബന്ധപ്പെടുന്നതാണല്ലൊ ഭക്തി. മനസ്സിൻെറ സ്വഭാവവും അതാണല്ലൊ. അതു വിഷയങ്ങളോടാണെങ്കിൽ രാഗമെന്നും ഈശ്വരനോടാണെങ്കിൽ ഭക്തിയെന്നും പറയും. എന്തായാലും മനസ്സിൻെറ ധർമ്മമാണ് അതെന്നു തീർച്ചയാണ്. അറിവു ബുദ്ധിയുടെയും ധർമ്മമാണ്. അറിവുതന്നെയാണല്ലൊ ജ്ഞാനം. സംസാരവ്യവഹാരത്തിൽതന്നെ ജീവൻെറ അറിവും ഭക്തിയും കർമ്മവും സാപേക്ഷമായോ നിരപേക്ഷമായോ ഇരിക്കുന്നതെന്നു പരിശോധിച്ചാൽത്തന്നെ എളുപ്പത്തിൽ കാര്യം ഗ്രഹിക്കാൻ സാധിക്കും. ഒരാൾ ഒരു പദാർത്ഥത്തെ അനുഭവിക്കുന്നു എന്നിരിക്കട്ടെ, എങ്ങിനെയാണ് ഭുജിക്കുന്നതു്? ആദ്യം അങ്ങിനെയൊ

രു പദാൎത്ഥമുണ്ടെന്നും അതു നല്ലതാണെന്നും ബോധിക്കുന്നു. അതു ബുദ്ധിയുടെ പ്രവൃത്തിയാണു്. അതാണു് ജ്ഞാനം. അതാണാദ്യമുണ്ടാവുന്നതു്. ഉടനെ മനസ്സു് ആ പദാൎത്ഥത്തെ ഇഷ്ടപ്പെടാനും പിന്നെയും പിന്നെയും ആഗ്രഹിക്കാനും തുടങ്ങുകയായി. അതു് ആ പദാൎത്ഥത്തോടുള്ള ഭക്തിയാണു്. ആഗ്രഹം വൎദ്ധിക്കുമ്പോൾ ആ പദാർത്ഥത്തെ കിട്ടാൻ ശരീരംകൊണ്ടു പ്രവൎത്തിക്കുകയായി. അതു കൎമ്മവും. പ്രവൎത്തിച്ചപ്പോൾ കിട്ടി. അപ്പോൾ അനുഭവിക്കാനും കഴിയുന്നു. ഇങ്ങിനെയാണു് സംസാരപദാർത്ഥങ്ങളുടെയൊക്കെ ലാഭവും ഭുക്തിയും നടക്കുന്നതു്. ഇതുപോലെയാണു് ഈശ്വരലാഭവുമെന്നല്ല ഇവിടെ സമൎത്ഥിക്കുന്നതു്. കർമ്മഭക്തിജ്ഞാനങ്ങൾ അന്യോന്യം സാപേക്ഷങ്ങളാണു്, നിരപേക്ഷങ്ങളല്ല എന്നുള്ളതാണിതുകൊണ്ടു സമർത്ഥിക്കുന്നതു്. സംസാര വസ്തുക്കളൊക്കെ തന്നിൽനിന്നന്യങ്ങളും ഭ്രാന്തിമാത്രസ്വരൂപങ്ങളുമാണു്. ഈശ്വരൻ സത്യവും തന്നിൽതന്നെ താനായിവിളങ്ങുന്നതത്വവുമാണു്. അതിനാൽ സംസാരവസ്തുക്കളുടെ ലാഭവും ഈശ്വരലാഭവുംഒരുപോലെയല്ല, തുലോംവ്യത്യാസമുണ്ടു് എന്നിരുന്നാലും കർമ്മഭക്തിജ്ഞാനങ്ങൾ അന്യോന്യസാപേക്ഷങ്ങളാണെന്ന അവസ്ഥ രണ്ടിലും തുല്യമാണെന്നു പറഞ്ഞാൽ തെററില്ലതാനും.

കർമ്മമാണു് ജീവന്നു ബന്ധത്തിനും ദുഃഖത്തിനും കാരണം. അതിനാൽ ദുഃഖനിവൃത്തിക്കു കർമ്മം ക്ഷയിക്കുകതന്നെ വേണമെന്നതു തൎക്കമററ സംഗതിയാണു്. ജന്മമുള്ളേടത്തോളം കാലം. കർമ്മം വളരാനല്ലാതെ ക്ഷയി

ക്കാൻ വയ്യ. കർമ്മം വളൎന്നുകൊണ്ടിരിക്കുമ്പോഴം ജന്മങ്ങളും വൎദ്ധിക്കയല്ലാതെ കുറയാൻ കാരണമില്ല. ആ സ്ഥിതിക്കു് കൎമ്മം ക്ഷയിച്ചു് എപ്പോഴാണു് ജീവനു് കൈവല്യപ്രാപ്തിയുണ്ടാവുന്നതു്? ജന്മവും ജീവിതവും ഉള്ളപ്പോഴംതന്നെ കൎമ്മം ക്ഷയിക്കണം. അതേനിവൃത്തിയുള്ളൂ. അതാണു് കൎമ്മയോഗാനുഷ്ഠാനംകൊണ്ടു് സാധിക്കുന്നഏററവും പാവനമായ ഫലവും. എന്നാൽ അങ്ങിനെചെയ്യുന്ന കൎമ്മങ്ങളൊന്നും തന്നെ ബാധിക്കാതെ അപ്പഴപ്പോഴംത്തന്നെ ദഹിച്ചു് ഇല്ലാതായിതീരണമെങ്കിൽ എത്രമാത്രം സമർപ്പണബുദ്ധിയും ഭാവനാശക്തിയുമുണ്ടായിരിക്കണം! സാധാരണ ഒരാൾ-ലൌകികനോ ആദ്ധ്യാത്മികനോ ആരെങ്കിലുമാവട്ടെ-ഒരു കർമ്മംചെയ്യാനൊരുങ്ങുന്നതുതന്നെ അതുകൊണ്ടുണ്ടാവുന്ന ഫലത്തെ കാംക്ഷിച്ചിട്ടാണു്. യാതൊരു ഫലത്തിലും അല്പംപോലും ഇച്ഛയില്ലാതെ കേവലം ഈശ്വരാർപ്പണത്തിന്നുവേണ്ടി മാത്രം എപ്പോഴും കൎമ്മം ചെയ്യാറാവണമെങ്കിൽ ആ ഈശ്വരങ്കൽ മറെറല്ലാററിനേക്കാളും നിരതിശയമായ പ്രേമമുണ്ടാവണം ഈശ്വരനെക്കാൾ പ്രിയപ്പെട്ട വസ്തു ഒന്നുംതന്നെ ലോകത്തിലുണ്ടാവരുതു്. എല്ലാം ഈശ്വരങ്കൽ അർപ്പിച്ചു് അവിടുത്തെ പ്രിയത്തെ മാത്രം കാംക്ഷിക്കുന്നവനാവണം. നിരതിശയമായ പ്രേമാതിരേകം കൊണ്ടു് ഒരു നിമിഷനേരമെങ്കിലും ആ ഈശ്വരനെ മറക്കാൻപോലും കഴിയാത്തവനാവണം. എങ്കിലേ എല്ലാകർമ്മങ്ങളും അവയുടെ ഫലങ്ങളും സമ്പൂൎണ്ണമാകുംവണ്ണം ഈശ്വരങ്കൽഅർപ്പിച്ചു് താൻ സർവ്വകൎമ്മബന്ധങ്ങളിൽനിന്നും വിട്ടുനി

ല്ലുന്നവനാവൂ എന്നുള്ളതു് ആലോചിച്ചാൽ അറിയാവുന്ന സംഗതിയാണു്. അപ്പോൾ നിഷ്കളങ്കയായ ഭക്തിയില്ലാതെ കർമ്മയോഗം എങ്ങിനെ സംശുദ്ധവും സമ്പൂർണ്ണവുമാവും? ഒരിക്കലും ആവാൻ വയ്യ. എന്നാൽ കർമ്മയോഗാനുഷ്ഠാനം സംശുദ്ധമാക്കാൻവേണ്ടി ഭക്തിയെ വളർത്തണമെന്നുമല്ല പറഞ്ഞതിൻെറ താല്പര്യം. ഭക്തിയുണ്ടാവുമ്പോൾ നിഷ്കൃഷ്ട കർമ്മയോഗവും, കർമ്മയോഗമുണ്ടാവുമ്പോൾ നിഷ്കളങ്കഭക്തിയും സ്വാഭാവികമായുണ്ടാവുമെന്നു താല്പര്യം. അവ രണ്ടും അന്യോന്യം സാപേക്ഷങ്ങളാണെന്നു ചുരുക്കം. ഭക്തന്നു ഭഗവാനുവേണ്ടിയല്ലാതെ ഒന്നും ചെയ്യാനില്ല; ഭഗവാനുവേണ്ടി പലതും ചെയ്യുന്നവന്നു് ഭക്തിയുണ്ടാവാതെയും വയ്യ. ഇതാണു്. സ്വഭാവം. പിന്നെ അവ രണ്ടുമെങ്ങിനെ വിയോജിച്ചുനില്ക്കും?

ശരി, എന്നാൽ ഭക്തിയും കർമ്മവും അന്യോന്യം സാപേക്ഷങ്ങളാണു്. എന്നാലും ജ്ഞാനത്തിൻെറ അപേക്ഷ പറയപ്പെട്ടരണ്ടുയോഗങ്ങൾക്കുമില്ലല്ലൊ എന്നാണെങ്കിൽ അതും ഉണ്ടു്. സാധാരണ ഭഗവാനെ ഭജിക്കുന്നവരിൽ ഭൂരിഭാഗവും എന്തെങ്കിലും ഫലോദ്ദേശത്തോടുകൂടിയവരാണു്.ഓരോരുത്തരുടെഉദ്ദേശംഓരോന്നായിരിക്കും എന്നേ വ്യത്യാസമുള്ളു. ചിലർക്കു് ഈ ലോകത്തിലുള്ള അനുഭവങ്ങളുടെ അപേക്ഷയാണെങ്കിൽ മററു ചിലർക്കു് സ്വർഗ്ഗാദിഅന്യലോകങ്ങളിലുള്ള അനുഭവങ്ങളുടെ അപേക്ഷയാണു്. പിന്നെ ചിലർക്കു് ഇഹപരങ്ങളായ ലോകങ്ങളിൽ ജനിക്കാനിടവരാതെ ഭഗവാനുമായി ഐക്യം

പ്രാപിക്കണേ എന്നാണുദ്ദേശം. ഏതായാലും ഒരുദ്ദേശവു മില്ലാതെ ഭജിക്കുന്നവർ വളരെ ചുരുക്കമാണു്. എന്താണ തിന്നു കാരണമെന്നു സൂക്ഷ്മമായി ചിന്തിച്ചാൽ അവരൊ ക്കെ സംസാരാനുഭവങ്ങളെയല്ലാതെ ഈശ്വരന്റെ മഹി മയെ അറിഞ്ഞിട്ടില്ലെന്നുള്ളതാണെന്നു വ്യക്തമായിബോ ധിക്കാൻ സാധിക്കും. ഈശ്വരമഹിമയെയും അതിന്റെ സത്യാത്മകതയേയും സംസാരത്തിന്റെ മിത്ഥ്യാത്വത്തേ യും അറിഞ്ഞിട്ടുണ്ടെങ്കിൽ പിന്നെ യാതൊരു ഫലത്തിനു വേണ്ടിയും ഈശ്വരനെ ഭജിക്കില്ല. കാരണം എല്ലാററി ലുംവെച്ചു പരമഫലം ഈശ്വരൻതന്നെ എന്നവനു ബോ ദ്ധ്യമായി. എന്നാൽ ഈശ്വരനെ കാംക്ഷിച്ചുകൂടേ എ ന്നാണെങ്കിൽ രണ്ടാമതൊന്നില്ലാതെ തന്നിൽ താനായ് ത്തന്നെ വിളങ്ങുന്ന ഈശ്വരനെ എന്താണ് കാംക്ഷിക്കു വാനുള്ളതു്? അനുഭവത്തിനുള്ള തടസ്ഥം നീങ്ങുകയേവേ ണ്ടു. ഭജിച്ചുകൊണ്ടിരിക്കുമ്പോൾ അതു നീങ്ങുന്നുമുണ്ടു്. പിന്നെയെന്താണ് കാംക്ഷിക്കേണ്ടതു്? അതിനാൽ തത്വ ത്തിന്റെ നിഷ്കൃമഷ്ടായ ജ്ഞാനമുണ്ടെങ്കിലേ നിത്യവും നിരതിശയവുമായ ഭക്തിയുണ്ടാവുകയും അതു വളൎന്നി ലനില്ക്കുകയും ചെയ്യു എന്നു കരുതണം. ഈ അവസ്ഥ ഗീതയിൽ ഭഗവാനും വ്യക്തമാക്കീട്ടുണ്ടു്. ആ സ്ഥിതക്കു് ഭക്തികർമ്മജ്ഞാനങ്ങൾ മൂന്നും ഒരുപോലെ അന്യോന്യ സാപേക്ഷങ്ങളാണെന്നുതന്നെ പറയണം. ജ്ഞാനമുണ്ടാ യാൽ ഭക്തിയുണ്ടാവാതിരിക്കാൻ വയ്യ. അതായതു വ സ്തുബോധമുണ്ടായാൽ അതിൽ പ്രിയവും അടുപ്പവുമുണ്ടാ വാതിരിക്കാൻ വയ്യ. അതുപോലെ ഭക്തിയുണ്ടാവു

മ്പോഠം ജ്ഞാനവുമുണ്ടാവാതിരിക്കില്ല. എന്നാൽ ജ്ഞാനമില്ലാത്ത—ഫലോദ്ദേശത്തോടുകൂടിയ— ഭക്തിയായാലും പോരേ? അതും വളൎന്നുവരുമ്പോഠം കാലംകൊണ്ടു് ജ്ഞാനമുണ്ടാവില്ലേ എന്നാണെങ്കിൽ അതു ശരിയല്ല. കാരണം ഫലോദ്ദേശത്തോടുകൂടി ഈശ്വരനെ ഭജിക്കുന്നവൎക്കു് ഈശ്വരങ്കലല്ല, അവരുടെ 'ഉദ്ദിഷ്ടഫലത്തിലാണു്. പ്രേമം നില്ക്കുന്നതു്. അതു സാധിക്കാൻവേണ്ടി ഈശ്വരനെ ആശ്രയിക്കുന്നു എന്നുമാത്രം. സാധിച്ചുകഴിഞ്ഞാൽ ഈശ്വരനുമായി ബന്ധമുണ്ടാവുമെന്നു കരുതാനുംവയ്യ. അതിനാൽ വസ്തുബോധത്തോടുകൂടി വളരുന്ന നിരതിശയ പ്രേമത്തിനെ ഭക്തിയെന്നു പറയാൻതന്നെ വാസ്തവത്തിൽ അൎഹതയുള്ളു. അതിനാൽ കൎമ്മഭക്തിജ്ഞാനങ്ങഠം സാപേക്ഷകങ്ങളാണു്. അവ മൂന്നും ഒന്നിച്ചുകൂടിച്ചേൎന്നേ നില്ക്കു.

ഈ ദൃഷ്ടിയിൽക്കൂടെ വീക്ഷിക്കുമ്പോഠം കൎമ്മിയെന്നും ഭക്തനെന്നും ജ്ഞാനിയെന്നുമുള്ള വ്യത്യാസം വ്യവഹാരത്തിലല്ലാതെ അനുഭവത്തിലില്ലെന്നു കരുതണം. ആ സ്ഥിതിക്കു് അദ്ധ്യാത്മസാധനയെന്നുപറഞ്ഞാൽ കൎമ്മഭക്തിജ്ഞാനങ്ങളാകുന്ന യോഗത്രയത്തിൻെറയും സമന്വയാഭ്യാസമാണെന്നു പറഞ്ഞാൽ തെററില്ല. കൎമ്മയോഗവും ഭക്തിയോഗവും ജ്ഞാനയോഗവും മൂന്നാഠംക്കുള്ളതോ, അല്ലെങ്കിൽ മൂന്നു സമയത്തേയ്ക്കുള്ളതോ-അല്ല; ഒരാഠംക്കു് ഒരേ സമയത്തുതന്നെ അനുഷ്ഠിക്കാനുള്ളതാണെന്നൎത്ഥം. ശാസ്ത്രനിൎദ്ദേശത്തിൻെറ ഈ രഹസ്യത്തെ അറിയാതെ ഏതെങ്കിലും ചിലതിനെമാത്രംസ്വീകരിച്ചും

താൻ സ്വീകരിക്കാത്തവയെ നിഷേധിച്ചും ചെയ്യുന്ന അനുഷ്ഠാനംകൊണ്ടു് പൂർണ്ണതയുണ്ടാവില്ലെന്നു മാത്രമല്ല; മിക്കപ്പോഴും വിപരീതാനുഭവങ്ങൾ സംഭവിക്കാൻ വിരോധമില്ലെന്നുപോലും ചൂണ്ടിക്കാണിച്ചുകൊണ്ടു് പല കഥകളും പുരാണങ്ങളിലും ഇതിഹാസങ്ങളിലും പറഞ്ഞിട്ടുമുണ്ടു്.

ഭക്തിയോ ജ്ഞാനമോ ഇല്ലാത്ത വെറും കർമ്മികളായിരുന്നു ദക്ഷപ്രജാപതിയും പ്രാചീന ബർഹിസ്സ്രാജാവും. അവരുടെ രണ്ടാളുടേയും ചരിത്രങ്ങളെ ഭാഗവതപുരാണത്തിൽ സരസമായി ചിത്രീകരിച്ചിട്ടുണ്ടു്. രണ്ടാളും അനേകം കഷ്ടങ്ങളെ അനുഭവിച്ചു് അവസാനം ഭക്തിജ്ഞാനങ്ങളെ ആദരിക്കുകയും സ്വീകരിക്കുകയും ചെയ്തു. അപ്പോൾ പൂർണ്ണതയിലേയ്ക്കെത്തുകയും ചെയ്തു. അതുപോലെ ഭക്തികർമ്മങ്ങളെ ആദരിച്ചും ജ്ഞാനത്തെ തള്ളിയും അനുഷ്ഠാനം ചെയ്തുവന്ന ഒരു തപസ്വിയായിരുന്നു ഇന്ദ്രദ്യുമ്നരാജാവു്. അദ്ദേഹവും വളരെ ക്ലേശങ്ങളനുഭവിച്ചു് അവസാനം ജ്ഞാനത്തെ സമ്പാദിച്ചു. അപ്പോൾ പൂർണ്ണതയിലേയ്ക്കെത്തി. ഇങ്ങിനെ അനേകം കഥകളുണ്ടു് പുരാണേതിഹാസങ്ങളിൽ ഭക്തികർമ്മജ്ഞാനങ്ങളുടെ സമന്വയപൂർവ്വമായ അനുഷ്ഠാനംകൊണ്ടേ സാധകനു പൂർണ്ണതയുണ്ടാവുന്നുള്ളുവെന്നു കാണിക്കാൻ. അദ്ധ്യാത്മസാധനയുടെ പരമാർത്ഥമായ രഹസ്യം ഇതാണെന്നിരിക്കെ ഭക്തിയെ നിഷേധിച്ചുകൊണ്ടുള്ള ജ്ഞാനമോ ജ്ഞാനത്തെ നിഷേധിച്ചുകൊണ്ടുള്ള ഭക്തിയോ, രണ്ടിനേയും നിഷേധിച്ചുകൊണ്ടുള്ള കർമ്മമോ എങ്ങിനെ

സാധകനെ ഫലാനുഭൂതിയിലേയ്ക്കുയർത്തും? ഏതുകാലത്തും അതുണ്ടാവാൻ പോവുന്നില്ല; ഇക്കാലത്തു പ്രത്യേകമായും അതുണ്ടാവാൻ പോവുന്നില്ല.

അതിനാൽ സാധകന്മാർ എപ്പോഴും ഉപനിഷത്തുക്കളേയോ വേദാന്തപ്രകരണങ്ങളേയോ മുൻനിർത്തികൊണ്ടുള്ള നിഷ്കൃഷ്ടമായ തത്വവിചാരം, ശ്രവണമനനങ്ങൾ, നിഷ്കളങ്കഭക്തിയോടുകൂടിയ ജപകീർത്തനധ്യാനപൂജാനമസ്കാരാദികൾ, നിഷ്കാമങ്ങളും ഈശ്വരാർപ്പണസ്വരൂപങ്ങളുമായ സൽക്കർമ്മങ്ങൾ എന്നീ മൂന്നുരൂപത്തിലുള്ള ചര്യകളേയും വളരെശ്രദ്ധയോടും ആദരവോടുംകൂടിചെയ്തുകൊണ്ടിരിക്കണം. ഒരിക്കലും അലസരോ അനർഹചാരികളോ ആവരുത്. ശരീരവും മനസ്സും ബുദ്ധിയുമാകുന്ന മൂന്നു കരണങ്ങളും എപ്പോഴുംപ്രവർത്തിച്ചുകൊണ്ടിരിക്കണം. അവയെല്ലാം ഈശ്വരമയവുമായിരിക്കണം. അതുതന്നെയാണ് സാധന. തത്വബോധത്തിൽ ദൃഢതവരുമ്പോൾ മാത്രമേ കരണങ്ങൾ ശാന്തങ്ങളാവൂ. അതുവരെ ഒരു നിമിഷവും ഇടവിടാതെ എല്ലാ കരണങ്ങളും നിരതിശയപ്രേമാവേശത്തോടുകൂടുംവണ്ണം ഈശ്വരോന്മുഖമായിപ്രവർത്തിച്ചുകൊണ്ടേ ഇരിക്കണം. വാദപ്രതിവാദങ്ങൾക്കോ മിഥ്യാവ്യവഹാരങ്ങൾക്കോ, ലോകവ്യവഹാരങ്ങൾക്കോ വേണ്ടി സമയത്തെ-ആയുസ്സിനെ-ദുർവ്യയം ചെയ്യരുത്. ജീവിതത്തിൻെറ സകലവശത്തെയും എപ്പോഴും ഈശ്വരാത്മകമാക്കിക്കൊണ്ടിരിക്കണം.

തപസ്വികളുടേയും ജ്ഞാനികളുടേയും സമ്പത്താണ് ഈശ്വരൻ. അതിനാൽ ഈശ്വരനെ ഭജിക്കലും അ

റിയലും പ്രാപിക്കലുമൊക്കെ അവരുടെ പണിയാണെന്നു ധരിക്കാറുണ്ടു്, ചിലർ. അതൊരിക്കലും ശരിയല്ല. എല്ലാ ജീവകോടികളുടെയും വിലമതിക്കാൻ കഴിയാത്ത സമ്പത്താണു് ഈശ്വരൻ. ഈശ്വരനെ ഭജിക്കലും പ്രാപിക്കലും എല്ലാവരുടേയും ഒഴിക്കാൻപാടില്ലാത്ത കത്തവ്യവുമാണു്. അതിനുവേണ്ടി മറെറല്ലാം ഉപേക്ഷിച്ചവരാണു് തപസ്വികളും സന്ന്യാസിമാരും എന്നേ അൎത്ഥമുള്ളു. ഗൃഹസ്ഥന്മാരും അവരുടെ ഗാർഹികവൃത്തിയെ ഈശ്വരനുമായി കൂട്ടിയോജിപ്പിച്ചു വേണ്ടപോലെ ഉപയോഗപ്പെടുത്തുന്നപക്ഷം അവൎക്കും ഈശ്വരജ്ഞാനത്തിനും ഈശ്വരപ്രാപ്തിക്കുമെല്ലാം അർഹതയുണ്ടു്. പക്ഷേ അതിനുതക്ക നിലയിലായിരിക്കണം ജീവിതം, ജീവിതത്തിൻെറ മുഖ്യലക്ഷ്യം ഈശ്വരപ്രാപ്തിയുമായിരിക്കണം എന്നു മാത്രമേയുള്ളു. തൻെറ ഗൃഹത്തെ ഈശ്വരൻെറ ആവാസകേന്ദ്രമാക്കുക, അവിടെചെയ്യുന്ന എല്ലാപ്രവൃത്തികളും അവിടുത്തെ പാദപൂജകളാക്കുക, അവിടെയുള്ള എല്ലാ വസ്തുക്കളും അവിടുത്തെ പൂജയ്ക്കുള്ള ഉപകരണങ്ങളാക്കുക; അവിടെയുള്ളവരെല്ലാം അവിടുത്തെ ദാസീദാസന്മാരുമാവുക; ഈശ്വരകീൎത്തനങ്ങളെക്കൊണ്ടും ഭഗവന്നാമോച്ചാരണങ്ങളെക്കൊണ്ടും ഗൃഹം എപ്പോഴും മുഖരിതമാക്കിക്കൊണ്ടിരിക്കുക–അങ്ങിനെയൊക്കെയായാൽ ആ ഗൃഹംതന്നെ സാക്ഷാൽ വൈകുണ്ഠസമാനമായി. അവിടെയുള്ളവൎക്കെല്ലാം സംതൃപ്തിയും സമാധാനവും സുലഭവുമാവും. ഒഴിവുസമയങ്ങളിൽ തത്വവിചാരവും സൽസംഗവും ശ്രവണമനനങ്ങളും കൂടിയുണ്ടെങ്കിൽ പിന്നെ പറയേണ്ടതുമില്ല.

കാലംകൊണ്ടു ജ്ഞാനവുമുണ്ടാവും. അങ്ങിനെ ഗൃഹസ്ഥന്മാക്കും കമ്മഭക്തിജ്ഞാനങ്ങളെ വളത്തി ഈശ്വരോന്മുഖരായി ജീവിച്ച് ഗാർഹിക ജീവിതംകൊണ്ടു തന്നെ കൈവല്യത്തെ പ്രാപിക്കാം.

ഏതായാലും കർമ്മഭക്തിജ്ഞാനയോഗങ്ങളുടെ സമന്വയാനുഷ്ഠാനമാണ് അദ്ധ്യാത്മസാധനയെന്നു വ്യക്തമായല്ലോ. അതു് ഇന്നവക്കെന്നോ, ഇന്ന കാലത്തെന്നോ, ഇന്നദേശത്തെന്നോ ഇല്ല; എല്ലാമനുഷ്യരും പ്രസ്തുത സാധനാനുഷ്ഠാനംകൊണ്ടു് കൈവല്യത്തെ പ്രാപിക്കണം. അതാണ് എല്ലാവരുടേയും ജീവിതത്തിൻെറ ഏകലക്ഷ്യം.

---

## ക്ഷേത്രദർശനം.

അതിപ്രധാനമായൊരു സാധനയും, വളരെവേഗത്തിൽ പാപം നശിച്ച പുണ്യം വദ്ധിക്കാനുള്ള ഒരു മഹിമയേറിയ തപസ്സുമാണ് ക്ഷേത്രദർശനം. ഭാരതഭൂമിയിൽ സേതുമുതൽ ഹിമാലയത്തിൻെറ മൂദ്ധാവുവരെ എണ്ണിയാലൊടുങ്ങാത്ത ക്ഷേത്രപരമ്പരകളെ നിർമ്മിച്ചിരിക്കുന്നതും അതിനുവേണ്ടിയാണ്. എത്രയോ ഭക്തന്മാർ ഇന്നും ക്ഷേത്രദർശനങ്ങളെക്കൊണ്ടുതന്നെ പാപം നശിച്ച ചരിതാത്ഥന്മാരായിക്കൊണ്ടിരിക്കുന്നുണ്ടു്. ഈശ്വരനിലും വൈദികധർമ്മങ്ങളിലും ശ്രദ്ധയും വിശ്വാസവും കുറ

ഞ്ഞതുകൊണ്ടാണ് ക്ഷേത്രദർശനത്തിൻെറ മഹിമയെ മറക്കാനിടയാവുന്നതു്. ഏതു ക്ഷേത്രത്തിൽ പോവുമ്പോഴും അവിടെ ഏതുപ്രതിഷ്ഠയായാലും തൻെറ ഇഷ്ടദേവതയായിട്ടുമാത്രം കണ്ടാൽ മതി. ഭക്തിശ്രദ്ധയോടെ ദിവസേന അങ്ങിനെ ചില ക്ഷേത്രങ്ങളിലെങ്കിലും ഇഷ്ടദേവതയെ പ്രത്യക്ഷമായി കണ്ടു വണങ്ങിപ്പോരുന്ന ഭക്തന്ന് തീർച്ചയായും തൻെറ ഇഷ്ടദേവതയുടെ ദർശനംലഭിക്കും. എന്നാൽ ക്ഷേത്രദർശനത്തിന്നു പോവുന്നതുതന്നെ അതിൻെറ നിയമപ്രകാരമായിരിക്കണം. എങ്കിലേ വേണ്ടത്ര പ്രയോജനമുണ്ടാവുകയുള്ളു. എന്താണ് നിയമം എന്നാണെങ്കിൽ പറയാം. ദേഹശുദ്ധിചെയ്തു ശുദ്ധവസ്ത്രം ധരിച്ചു ഭസ്മധാരണംചെയ്തു തൊഴുകയ്യോടും നാമജപത്തോടും കൂടി വേണം ക്ഷേത്രത്തിലേയ്ക്കു പുറപ്പെടാൻ. വാഹനത്തിൽ പോവരുതു്. എത്ര ദൂരമുണ്ടെങ്കിലും നടന്നുതന്നെ പോവണം. വഴിക്കുവെച്ചോ ക്ഷേത്രത്തിൽവെച്ചോ ദേവനെയും അവിടുത്തെ മഹിമകളെയുമല്ലാതെ അന്യകാര്യങ്ങളെ ചിന്തിക്കാനോ, ശ്രദ്ധിക്കാനോ പറയാനോ ഇടയാവരുതു്. ഒരു മഹാരാജാവിൻെറ സന്നിധിയിൽചെല്ലുമ്പോൾ എത്രത്തോളം ഭക്തിബഹുമാനങ്ങളും, ആദരവുമുണ്ടായിരിക്കണമോ അതിനേക്കാൾ എത്രയോ അധികം മടങ്ങു ഭയഭക്തിബഹുമാനാദരങ്ങളോടെയായിരിക്കണം ക്ഷേത്രത്തിൽ പ്രവേശിക്കുന്നതു്. ത്രൈലോക്യ ചക്രവർത്തിയും സർവ്വജീവകോടികളുടെയും രക്ഷിതാവുമായ ഭഗവാൻ കാരുണ്യത്തോടുകൂടുംവണ്ണം തനിക്കു ദർശനം തരാൻവേണ്ടി അവിടെ പ്രത്യക്ഷമായി എഴുന്നള്ളിയി

രിക്കുന്നുവെന്നു് പൂർണ്ണമായി വിശ്വസിക്കണം. അവിടു ത്തെ സന്നിധാനത്തിലെത്തുമ്പോൾ പുഷ്പം തുടങ്ങിയ എന്തെങ്കിലും ഉപഹാര പദാർത്ഥം തിരുമുമ്പിൽവെച്ചു വീ ണുനമസ്കരിച്ചു് ഒരു പിഞ്ചുപൈതലിനെപ്പോലെ കര ഞ്ഞുപ്രാർത്ഥിക്കണം, തൻെറ പാപങ്ങളെ നശിപ്പിച്ചുതര ണേ എന്നു്. അവിടുത്തെ പാദതീർത്ഥത്തെയും പ്രസാദ ത്തെയും വളരെ വിലപ്പിടിച്ച ദിവ്യവസ്തുവാണെന്നുബോ ധിച്ചു് ആദരവോടെ വാങ്ങി അനുഭവിക്കണം. അതോടെ താൻ ധന്യനും കൃതാർത്ഥനുമായെന്നു് വിശ്വസിക്കണം. അവിടുത്തെ ദർശനംകൊണ്ടുതന്നെ തൻെറ ജന്മജന്മാന്ത രങ്ങളിലെ എല്ലാദുരിതങ്ങളും നശിച്ചുവെന്നും വിശ്വസി ക്കണം. ഭക്തിയോടുകൂടി സ്തുതിച്ചു് വീണ്ടും നമസ്കരിച്ചു പതുക്കെ മടങ്ങിപ്പോരണം. ഇങ്ങിനെയാണു് ക്ഷേത്രദർശ നം ചെയ്യേണ്ടതു്. അങ്ങിനെ ദിവസേന ഏതാനും ചി ല ക്ഷേത്രങ്ങളിലെങ്കിലും ദർശനം ചെയ്തുവരുന്ന ഒരു ഭ ക്തനു് ആ ഒരൊററ സാധനകൊണ്ടുതന്നെ ക്രമേണ ഉയ ർച്ചയും ഭക്തിജ്ഞാനവൈരാഗ്യങ്ങളും ഭഗവദ്ദർശനംപോ ലുമുണ്ടാവും.

കരാറുകാരൻ ബദ്ധപ്പെട്ടു പണിതീക്കുംപോലെ ചി ലർ ബദ്ധപ്പെട്ടു് ഓടിക്കിതച്ചു രണ്ടും നാലും ക്ഷേത്രങ്ങ ളിൽ ചെന്നിറങ്ങിപ്പോരാറുണ്ടു്. അങ്ങിനെ ചെയ്യുന്നതു കൊണ്ടു് ചെയ്യുന്ന പ്രവൃത്തിയുടെഫലം പകുതിയും നഷ്ട പ്പെട്ടുപോവുന്നുണ്ടെന്നവരറിയുന്നില്ല. സമയമില്ലെങ്കിൽ അധികം ക്ഷേത്രങ്ങളിൽ പോവേണ്ടെന്നുവെച്ചാൽ മതി; ഒരു ക്ഷേത്രത്തിലെങ്കിലും വേണ്ടപോലെപോയി ദർശനം

ചെയ്കയാണു് വേണ്ടതു്. ക്ഷേത്രദർശനത്തിൻെറ എണ്ണം വർദ്ധിപ്പിക്കലല്ല ആവശ്യം. ഓരോ ദർശനംകൊണ്ടും പാപനിവൃത്തിയും പുണ്യവൃദ്ധിയുമാണുണ്ടാവേണ്ടിയിരിക്കുന്നതു്. പാപാധികൃംകൊണ്ടാണു് ഭക്തിജ്ഞാനവൈരാഗ്യങ്ങളും സുഖസമാധാനങ്ങളുമൊന്നുമുണ്ടാവാതിരിക്കുന്നതു്. തങ്ങളുടെ പാപഭാരത്തെ എങ്ങിനെയാണു് ക്ഷയിപ്പിക്കേണ്ടതെന്നു് സാധാരണ ജനങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ മറെറാന്നും കഴിയില്ലെങ്കിലും ഭക്തിയോടുകൂടി ക്ഷേത്രദർശനം ചെയ്താൽ മതി. അതുകൊണ്ടു തന്നെ എല്ലാ പാപവും നശിക്കും. ഇന്നിന്ന ക്ഷേത്രങ്ങളിൽ പോയി ദർശനം കഴിച്ചാലേ ഫലമുള്ളു എന്നു വിചാരിക്കരുതു്. ഭക്തിശ്രദ്ധയോടെയാണെങ്കിൽ ഏതു ക്ഷേത്രത്തിലെ ദർശനത്തിനും വളരെ വലിയ ഫലമുണ്ടു് ഭക്തിയും ശ്രദ്ധയും ഉണ്ടാവാൻവേണ്ടിയാണു് അടുത്തുള്ള ക്ഷേത്രങ്ങളെവിട്ടു് വിദൂരത്തുള്ള ക്ഷേത്രങ്ങളിൽപോയി ദർശനം ചെയ്യാൻ പറയുന്നതു്. ഭക്തിശ്രദ്ധകളുണ്ടെങ്കിൽ അടുത്തുള്ള ക്ഷേത്രത്തിൽ ദർശനം ചെയ്താലും മതി. വിദൂരത്തേയ്ക്കൊന്നും പോണമെന്നുമില്ല. ഭക്തിയും ശ്രദ്ധയുമാണു് കാര്യം.

എത്രയെത്ര ക്ഷേത്രങ്ങളാണു് ഇന്നു ജീർണ്ണിച്ചു നശിച്ചുപൊയ്ക്കൊണ്ടിരിക്കുന്നതു്. ക്ഷേത്രങ്ങളിൽ ഭക്തിയും, വിശ്വാസവും ശ്രദ്ധയുമില്ലാതായതിൻെറ മുഖ്യമായ തെളിവാണു് അതു്. എന്തെല്ലാം കാര്യങ്ങൾക്കു ജനങ്ങൾ പണം ചിലവാക്കുന്നില്ല? എന്നാൽ ഒരു ക്ഷേത്രമെങ്കിലും ജീർണ്ണോദ്ധാരണംചെയ്യാമെന്നാക്കും തോന്നുന്നില്ലല്ലോ!

കഷ്ടംതന്നെ. എത്രയോ ധൎമ്മസ്ഥാപനങ്ങളും സംഘടനകളുമൊക്കെ ഹിന്ദുക്കൾക്കുണ്ട്. അവയിലൊക്കെ പണവുമുണ്ട് എന്നാൽ ആരും ഒരുക്ഷേത്രത്തെയും ജീൎണ്ണോദ്ധാരണം ചെയ്യുന്നതായി കാണുന്നില്ല. ഇന്നു ഭാരതഭൂമിയുടെ ഏതുഭാഗത്തുകൂടെ സഞ്ചരിച്ചാലും അവിടെയൊക്കെ ധാരാളം ജീൎണ്ണിച്ചു നഷ്ടപ്രായങ്ങളായ ക്ഷേത്രങ്ങൾ കാണാം. ആൎക്കും അതിലൊരു ശ്രദ്ധയും കാണുന്നില്ല. ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയായിരുന്നു ഈ ക്ഷേത്രങ്ങളൊക്കെ നിലനിന്നിരുന്നതെങ്കിൽ അവയെല്ലാം നശിച്ചാൽ പിന്നെ എങ്ങിനെ ക്ഷേമമുണ്ടാവും?

കേരളത്തിലെ ക്ഷേത്രങ്ങൾക്ക് ഒരു വിശേഷതകൂടിയുണ്ട്. ഓരോ ക്ഷേത്രത്തിന്നടുത്തും ഓരോ നീണ്ട അഗ്രശാലകൂടി കാണാം. ആയിരക്കണക്കിൽ ആളുകൾക്കിരിക്കാവുന്ന അഗ്രശാലകൾ എത്രയെത്രയാണ് കേരളത്തിൽ! അവയിലൊക്കെ നിറയെ ആളുകളെയിരുത്തി വിഭവസമൃദ്ധമായ അന്നം കൊടുത്തിരുന്നു ഒരുകാലത്ത്. ഇന്ന് അവയിലൊക്കെ പട്ടികൾ മേയുകയാണ്. ദാരിദ്ര്യമാണത്രെ ഇങ്ങിനെയൊക്കെയാവാൻ കാരണം. എന്തിന്റെ ദാരിദ്ര്യം? ധൎമ്മത്തിന്റെ, ഭക്തിയുടെ, ശ്രദ്ധയുടെ, വിശ്വാസത്തിന്റെ, ആസ്തിക്യബുദ്ധിയുടെ, വൈദികസംസ്കാരത്തിന്റെ, സദാചാരത്തിന്റെ, സൎവ്വോപരി മനുഷ്യത്വത്തിന്റെ ദാരിദ്ര്യം തന്നെ അല്ലാതെ സമ്പത്തിന്റേതല്ല. അവയുടെയെല്ലാം ദാരിദ്ര്യംതീൎന്ന് അഭിവൃദ്ധിയുണ്ടാവുമ്പോൾ ക്ഷേത്രങ്ങളും അഗ്രശാലകളുമെല്ലാം വീണ്ടും പുനരുദ്ധരിക്കപ്പെട്ടുമെന്നു കരുതാം. ക്ഷേത്രാധിഷ്ഠിതദേവന്മാരും അവരുടെ ഭക്തന്മാരും അനുഗ്രഹിക്കട്ടെ.

38102

# അനന്യശരണയായ പാഞ്ചാലി.

പാണ്ഡവന്മാരാകുന്ന പഞ്ചപ്രാണങ്ങളുടെ സമാഹാരശക്തി അല്ലെങ്കിൽ മുഖ്യപ്രാണനാണ് പാഞ്ചാലിയെന്നു പറയാറുണ്ട് താത്വികദൃഷ്ടിയിൽക്കൂടെ നോക്കുന്നവർ. അതെന്തായാലും ഭക്തിഭാവത്തിന്റെ നാനാവശങ്ങളെ പ്രകടമാക്കിക്കാണിക്കാൻ അനവധി ചിത്രങ്ങളെ വരച്ചുകാണിച്ച വ്യാസാചാര്യന്റെ ചിത്രശാലയിലെ മായാത്ത ചിത്രമാണു പാഞ്ചാലിയെന്നു പറയണം. ധ്രുവൻ, പ്രഹ്ലാദൻ, വിദുരൻ, അക്രൂരൻ, ഉദ്ധവൻ, ഗോപികൾ എന്നിവയൊക്കെ പേരുകേട്ട ചിത്രങ്ങളാണ്, ഭക്തിഭാവത്തെ പരാമർശിക്കുന്ന ഏതൊരാൾക്കും എടുത്തുപറയാനുള്ളതുമാണ്. എന്തൊക്കെയായാലും പാഞ്ചാലിയാകുന്ന ചിത്രം ആരുടെ ഹൃദയത്തിലും ഒരിക്കൽ പതിഞ്ഞാൽ പിന്നെ ഒരു കാലത്തും മായാൻ വയ്യ. അത്രമാത്രം ഹൃദയസ്പൃക്കാണ്, പാഞ്ചാലിയുടെ അനന്യതാഭാവം. ഏതവസരത്തിലും ഏതുവലിയ ആപത്തിന്റെ മദ്ധ്യത്തിലും തന്നെ ഭഗവാൻ രക്ഷിക്കുമെന്ന പൂർണ്ണവിശ്വാസം, ഭഗവാനെയൊഴിച്ചു മററാരെയും ആശ്രയിക്കില്ലെന്നുള്ള ദൃഢനിശ്ചയം, ഏതവസരത്തിലും പരിഭ്രമലേശമില്ലാതെ ആത്മധൈര്യത്തോടെ ഭഗവാനെ പൂർണ്ണമായി വിശ്വസിച്ചാശ്രയിക്കൽ തുടങ്ങിയ ഭക്തിയുടെ മർമ്മപ്രധാനങ്ങളായ വശങ്ങൾ പാഞ്ചാലിയിലെന്നപോലെ മററു ചിത്രങ്ങളിൽ ഇത്രത്തോളം തെളിഞ്ഞുപ്രകാശിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ദുർവ്വാസ

സ്സമഹഷിയും ശിഷ്യഗണങ്ങളും ആഹാരത്തിന്നു ക്ഷണിക്കപ്പെട്ടു കുളിക്കാൻ പോയപ്പോഴും, ദുശ്ശാസനൻ സഭാമദ്ധ്യത്തിൽവെച്ചു വസ്ത്രമഴിച്ചവമാനിക്കാൻ മുതിർന്നപ്പോഴും കാണിച്ച ആത്മധൈൎയ്യവും ഈശ്വരവിശ്വാസവും ആരെയാണാശ്ചൎയ്യപ്പെടുത്താത്തതു്?

അജ്ജുനൻെറ അഭ്യാസബലവും പൌരുഷവും കണ്ടു പൊറുക്കാൻ കഴിയാതിരുന്ന പാഞ്ചാലരാജാവു്, അജ്ജുനനെ തൻെറ സ്വന്തമാക്കാൻവേണ്ടി അർജ്ജുനന്നു വരിക്കത്തക്ക എല്ലാ ഗുണങ്ങളും തികഞ്ഞ ഒരു പുത്രിയുണ്ടാകണമെന്ന പ്രാൎത്ഥനയോടെ ചെയ്തയാഗത്തിൻെറ ഫലമാണു് പാഞ്ചാലി. എല്ലാംകൊണ്ടും കുന്തീപുത്രന്നനുരൂപിണിയാണെന്നു ചെറുപ്പത്തിൽതന്നെ പിതാവിന്നു ബോദ്ധ്യമായി. കൌന്തേയനൊഴിച്ചു മററാരും തൻെറ പുത്രിയെ വരിക്കാതിരിക്കാനുള്ള തന്ത്രമാണു് പിന്നീടാലോചിച്ചതു്. അതാണു് യാന്ത്രികമത്സ്യഭഞ്ജനം വിവാഹത്തിന്നു വീരപണമാക്കിത്തീർച്ചപ്പെടുത്തിയതു്. ആഗ്രഹിച്ചപോലെ അജ്ജുനൻതന്നെ വീരപണത്തെ സാധിച്ചു കന്യകയെ വിവാഹം കഴിക്കുകയും ചെയ്തു. അതിന്നുശേഷമാണു് പാഞ്ചാലിയുടെ ജീവിതം ആരംഭിച്ചതെന്നു പറയണം. വിവാഹാനന്തരമാണു് പാഞ്ചാലിയെ കാണുകയും അനന്യസാധാരണങ്ങളായ ഗുണങ്ങളെ അറിയുകയും ചെയ്യുന്നതു്.

രാജപുത്രിയായി ജനിച്ചു; അരമനയിലെ അന്തഃപുരത്തിൽ വളൎന്നു; വീരനായ ക്ഷത്രിയൻെറ പത്നിയായി

എന്നാൽ എപ്പോഴാണു് വാസ്തവത്തിൽ പാഞ്ചാലി ഭഗവാനെ ആശ്രയിച്ച—അവിടത്തെ ആശ്രയംകൊണ്ടു സുരക്ഷിതയായ—ഒരു ദാസിയെന്നതിൽ കവിഞ്ഞൊരു ഭാവമുണ്ടായതു്? അരമനയിലിരുന്നപ്പോഴും കാട്ടിൽ കല്ലിലും മുള്ളിലും തെണ്ടിനടന്നപ്പോഴും പിന്നീടു പട്ടമഹിഷിയായിതീർന്നപ്പോഴും തുല്യഭാവമല്ലാതെ അല്പംപോലും വ്യത്യാസം കാണാൻ കഴിയില്ല. ഏതവസരത്തിലും താൻ ചരിതാൎത്ഥയും സന്തുഷ്ടയുമാണെന്നു പല പ്രകാരത്തിൽ വെളിപ്പെടുത്തിട്ടുണ്ടു്. ആപത്തുകൾ പലപ്പോഴും വന്നു എന്നാൽ ഒരാപത്തിലെങ്കിലും പാണ്ഡവന്മാൎക്കു പാഞ്ചാലിയെ രക്ഷിക്കേണ്ടിവന്നിട്ടില്ല. നേരേമറിച്ചു പലപ്പോഴും പാണ്ഡവന്മാരെ പാഞ്ചാലി രക്ഷിക്കുകയുംചെയ്തു. കാട്ടിൽ ആഹാരത്തിന്നു ഗതിയില്ലാതായപ്പോൾ അക്ഷയപാത്രം വാങ്ങിയതു പാഞ്ചാലിയാണു്. ദുൎവാസസ്സു ശപിക്കാതെ കഴിച്ചതു പാഞ്ചാലിയാണു്. ഭാരതയുദ്ധം നടത്തിയതും കൗരവരെ മുഴുവൻ കൊന്നുമുടിച്ചതുകൂടിയും പാഞ്ചാലിയാണെന്നു പറയണം. വ്യാസാചാൎയ്യൻതന്നെ ഒരിടത്തീരഹസ്യം വെളിപ്പെടുത്തിട്ടുണ്ടു്. “കചസ്പൎശക്ഷതായുഷഃ”എന്നിങ്ങനെ, അതായതു്, അൎജ്ജുനന്റെ തീക്ഷ്ണങ്ങളായ ബാണങ്ങളല്ല, പാഞ്ചാലിയുടെ അഴിച്ചിട്ട തലമുടിയാണു് കൌരവരെ കൊന്നതു് എന്നു്.

സുഖദുഃഖങ്ങളെയോ, ഇഷ്ടാനിഷ്ടങ്ങളേയോ സ്മരിക്കപോലും ചെയ്യാതെ എല്ലാററിനേയും എല്ലാരെയും ഭഗവൽഭാവത്തോടെമാത്രം വീക്ഷിച്ചും ധൎമ്മത്തിൽ അടിയുറച്ചും പതറാത്ത ഈശ്വരാശ്രയത്തിൽക്കൂടെ മുന്നോട്ടു

ത്വരിതഗമനംചെയ്തു ജീവിതത്തെ തികച്ചും വിജയത്തിലെത്തിച്ച ധീരയുവതികളുടെ മുന്നണിയിലാണ് പാഞ്ചാലി നില്ക്കുന്നതെന്നു പറയണം. തൻെറ സ്വന്തം പുത്രന്മാരെ നീചമാകുംവണ്ണം വെട്ടിക്കൊന്ന ഘാതകനെ പിടിച്ചുകെട്ടിക്കൊണ്ടു വന്ന അൎജ്ജുനനെ ആക്ഷേപിക്കുകയും അശ്വത്ഥാമാവിനെ കെട്ടഴിച്ചുവിടാൻ നിൎബ്ബന്ധിക്കുകയും ചെയ്ത പാഞ്ചാലിയെ ആ രാജസദസ്സിലുണ്ടായിരുന്ന സർവ ജനങ്ങളും പുകഴ്ത്തി. അൎജ്ജുനൻ കൊല്ലാനൊരുങ്ങിയ തൻെറ പുത്രഘാതകനായ ദ്രോണപുത്രനിൽ ദ്രൌപതി ശത്രുതയെ കണ്ടില്ല. അവിടെയും ഈശ്വരഭാവം മാത്രമാണ് പാഞ്ചാലിയിൽനിന്നൊഴുകിയതു്. പുത്രഘാതകനായ ദ്രൌണിയെപ്പോലും പാഞ്ചാലി ഈശ്വരനായിക്കണ്ടു. തന്നെ ഭയങ്കരമാംവണ്ണം അപമാനിച്ച ദുശ്ശാസനനെ ഒരു വാക്കുകൊണ്ടുകൂടി ആക്ഷേപിച്ചില്ല. തന്നെ അപമാനിക്കുന്ന ദുശ്ശാസനനേയും ഈശ്വരനായിക്കണ്ടു. ആ ഈശ്വരനെത്തന്നെ പ്രസ്തുത അപമാനത്തിൽനിന്നു തന്നെ രക്ഷിക്കാനായി ശരണം പ്രാപിച്ചു. അതേ ഈശ്വരൻതന്നെ പാഞ്ചാലിയെ ആ അപമാനഭാരത്തിൽനിന്നു രക്ഷിക്കുകയും ചെയ്തു.

അത്യന്തഭിന്നങ്ങളായ സംസ്കാരങ്ങളോടുകൂടിയ പാണ്ഡവന്മാരുടെ അഞ്ചാളുടേയും പ്രീതിക്കു് ഒരുപോലെ പാത്രമായിതീൎന്നു എന്നുള്ളതുതന്നെ പാഞ്ചാലിയുടെ നിഷ്കാമവും ത്യാഗപൂൎണ്ണവും ഈശ്വരാത്മകവുമായ പുണ്യജീവിതത്തിനു് ഉത്തമോദാഹരണമാണ്. ഏതൊരു ദശയിലും വ്യത്യാസമില്ലാത്ത ഈശ്വരഭാവംകൊണ്ടു ഹൃദയം

നിറഞ്ഞു ക്ഷുദ്രങ്ങളായ പ്രപഞ്ചഭാവങ്ങൾ സ്ഫുരിക്ക പോലും ചെയ്യാതിരുന്ന പരിപാവനങ്ങളായിരുന്നു പാഷ്തിയുടെ ജീവിതത്തിലെ ഓരോനിമിഷങ്ങളും. ഭക്തന്മാരുടെയൊക്കെത്തന്നെയും ജീവിതം മിക്കവാറും ഈ തോതിലാണെങ്കിലും എല്ലാ നിമിഷങ്ങളും ഇങ്ങനെയായിത്തീർന്നതു പാഞ്ചാലിയുടേതുമാത്രമാണ്.

---

## തപോഭൂമി.

ഭാരതവർഷം മുഴുവൻതന്നെയും തപോഭൂമിയാണെന്നാണ് പഴയകാലത്തെ സിദ്ധാന്തം. ആര്യാവർത്തം പ്രത്യേകമായും തപോഭൂമിയും പുണ്യഭൂമിയുമാണെന്നാണ് ഇന്നും അഭിജ്ഞജനങ്ങളുടെ അഭിപ്രായം. കന്യാകുമാരി മുതൽ ഹിമാലയംവരെ നീണ്ടുകിടക്കുന്ന ഭാരതഭൂമിയുടെ നേരെ മദ്ധ്യത്തിൽ വിലങ്ങനെ കിടക്കുന്ന വിന്ധ്യപർവ്വതമാണ് ആര്യാവർത്തത്തിൻെറ അതിർത്തിയെന്നാണ് പറഞ്ഞുവരുന്നത്. വിന്ധ്യപർവ്വതത്തിന്നും ഹിമാലയപർവ്വതത്തിന്നും മദ്ധ്യത്തിലുള്ള ഭൂമി ആര്യാവർത്തവും വിന്ധ്യപർവ്വതത്തിന്നു തെക്കു സമുദ്രപര്യന്തമുള്ള ഭൂമി ദക്ഷിണാപഥവും എന്നാണ് പഴയകാലത്തു പറയപ്പെട്ടുവന്നിരുന്നതു്. ആര്യാവർത്തം ജ്ഞാനഭൂമിയും, ദക്ഷിണാപഥം കർമ്മഭൂമിയുമാണ്. കർമ്മശുദ്ധിക്കു ദക്ഷിണാപഥത്തിലും ജ്ഞാനശുദ്ധിക്ക് ആര്യാവർത്തത്തിലും കുറെകാലമെങ്കിലും താമസിക്കണമെന്നാണ് നിയമം. ഇന്നും അതിൻെറ ഏ

താനും ചില ലക്ഷണങ്ങൾ കാണാൻ സാധിക്കും. ഉത്തരപ്രദേശത്തുള്ള തപോഭൂമികളിൽ അധിവസിക്കുന്ന തപസ്വികളും ജ്ഞാനികളുമായ മഹാത്മാക്കളിൽ അധികം പേരും ജനനംകൊണ്ടു ദക്ഷിണാപഥക്കാരാണെന്നു പരിശോധിച്ചാൽ അറിയാൻ കഴിയും. ജന്മഭൂമിയിൽവെച്ചാചരിച്ച കർമ്മയോഗത്തിൻെറയും ക്രിയായോഗത്തിൻെറയും ഫലമായിക്കിട്ടിയ ചിത്തശുദ്ധിയാണു് അവരുടെ ജ്ഞാനത്തിനും തപസ്സിന്നും ആസ്പദമെന്നു വ്യക്തമാണു്. എന്നാൽ ചിത്തശുദ്ധി വന്നു ജ്ഞാനസമ്പാദനത്തിന്നർഹതവന്നപ്പോൾ അവർ സ്വയമേവ ഉത്തരപ്രദേശത്തേക്കുനീങ്ങി. പിന്നീടവിടെത്തന്നെ തപോനുഷ്ഠാനങ്ങളിൽ മുഴുകിക്കഴിയാനും തുടങ്ങി. ഈ നിലയിലാണു് നാമധികംപേരെയും ഇന്നു ഹിമാലയപ്രാന്തങ്ങളിലും സമതലത്തിലുള്ള ഗംഗാതീരങ്ങളിലും തപസ്വികളായി കണ്ടുവരുന്നതു്. എന്തുകൊണ്ടു് അവർക്കൊക്കെ സ്വദേശത്തിൽതന്നെ ഇരുന്നു ജ്ഞാനികളോ തപസ്വികളോ ആയിക്കൂടാ? ജ്ഞാനത്തിൻെറ അനുഭൂതിക്കുശേഷവും അങ്ങിനെയുള്ള മഹാത്മാക്കൾ ദക്ഷിണാപഥഭൂമിയിലേയ്ക്കിറങ്ങി വരുന്നതു വളരെ ചുരുക്കമായേ കാണാറുള്ളു. അതിൻെറ കാരണമെന്തെന്നു സൂക്ഷ്മമായി പരിശോധിക്കുമ്പോഴാണു് ആദ്യം പറഞ്ഞ നിയമം തികച്ചും ശരിയാണെന്നു ബോദ്ധ്യം വരുന്നതു്.

തപസ്സിന്നു് അന്തരീക്ഷശുദ്ധി അത്യന്താപേക്ഷിതമാണു്. വൈഷയികവികാരങ്ങളോ വിഷയാലുക്കളായ ജനങ്ങളോ ഇല്ലാത്ത പാവനമായ ഒരു പ്രദേശത്തിരുന്നാ

യിരിക്കണം തപസ്വി തന്റെ സാധനാനുഷ്ഠാനമാരംഭി ക്കുന്നതു്. പരമ്പരയായി തപോനുഷ്ഠാനങ്ങൾക്കുമാത്രം ഉപയോഗിച്ചുവരുന്നതും തപോമയമായ ദിവ്യഭാവംകൊണ്ടു് ആരുടേയും ചിത്തത്തെ ശുദ്ധീകരിക്കുന്നതും, വിഷയികളായ ജനങ്ങൾ താമസിക്കാറില്ലാത്തതുമായ പുണ്യപ്രദേശത്തെയാണു് തപോഭൂമിയെന്നു പറഞ്ഞുവരുന്നതു്. അങ്ങിനെയുള്ള പുണ്യസ്ഥലങ്ങൾ ആര്യാവത്തത്തിൽധാരാളവും ദക്ഷിണാപഥത്തിൽ വിരളവുമാണു്. കൂടാതെ ജനങ്ങൾക്കു ജ്ഞാനികളിലും ജ്ഞാനത്തിന്റെ ആചരണങ്ങളിലും ശ്രദ്ധയും ഭക്തിയും വിശ്വാസവുമുണ്ടായിരിക്കുക എന്നതും ആര്യാവത്തത്തിലാണു്. ദക്ഷിണാപഥത്തിലെ ജനങ്ങൾക്കു കമ്മികളിലും കമ്മത്തിന്റെ അനുഷ്ഠാനങ്ങളിലുമാണു് കൂടുതൽ ശ്രദ്ധയും ഭക്തിയും വിശ്വാസവുംനിലനിന്നുവരുന്നതു്. ഇതും ജ്ഞാനകമ്മസംസ്കാരങ്ങളെ തെളിയിക്കുന്ന ഒരു ലക്ഷണമാണു്. ഇതിനുപുറമെ തീത്ഥനദികൾ മിക്കവാറും ആര്യാവത്തത്തിലാണു്. ഈവക കാരണങ്ങളെക്കൊണ്ടു് ആര്യാവത്തം ഇന്നും തപോഭൂമിയായിത്തന്നെ വിളങ്ങുന്നു. എത്രയോ തപസ്വികളും ജ്ഞാനികളും സിദ്ധന്മാരും അവരുടെ ദിവ്യചൈതന്യംകൊണ്ടു് ഇന്നും ആര്യാവത്തത്തെ പരിപാവനമാക്കിക്കൊണ്ടിരിക്കുന്നു.

എത്രയോ ആയിരം കൊല്ലങ്ങളായി അസംഖ്യം ഋഷീശ്വരന്മാരുടേയും തപസ്വികളുടേയും സിദ്ധന്മാരുടേയും ജ്ഞാനികളുടേയും ദിവ്യപ്രഭാവംകൊണ്ടും തപശ്ശക്തികൊണ്ടും ജ്ഞാനപ്രകാശംകൊണ്ടും പരമപവിത്രവും അ

ത്യന്തദിവ്യവുമായിത്തീർന്നിട്ടുള്ളതാണ് ഹിമാചലപ്രദേശം മുഴവൻ. ആ പുണ്യാന്തരിക്ഷത്തിലെത്തുന്ന ഒരു കൊടുംപാപിപോലും പരിശുദ്ധനായിത്തീരുന്നു. കാട്ടിലെപക്ഷിമൃഗാദികൾ പോലും തപസ്വികളെ ഭക്തിബഹുമാനങ്ങളോടെ ആദരിക്കുകയും തപശ്ചര്യകളിൽ മുഴുകുകയും ചെയ്യുന്നു. ചപലവൃത്തികളായ വാനരങ്ങൾപോലും പ്രാതസ്സ്നാനാദിഅനുഷ്ഠാനങ്ങളെ ചെയ്യുന്നു. പ്രാകൃതമനുഷ്യർപോലും സത്യാഹിംസാദിധർമ്മങ്ങളെ നിഷ്ഠയോടെ പരിപാലിക്കുന്നു. യാതൊരു വിദ്യാഭ്യാസവുമില്ലാത്ത സ്ത്രീകൾപോലും ബ്രഹ്മതത്വത്തെ പ്രസംഗിക്കുന്നു. വഞ്ചന, ലോഭം, അത്യാഗ്രഹം എന്നീ ചിത്തദോഷങ്ങൾ മൂഢന്മാരിൽപ്പോലും വികസിക്കുന്നില്ല. ഈവക ദിവ്യഭാവങ്ങൾ ഇന്നും അവിടങ്ങളിൽ സുലഭമായി കാണാമെന്നുവന്നാൽ ആയതു് ആ ഭൂമിയുടെ മാഹാത്മ്യമല്ലാതെ മററെന്താണ്? അങ്ങിനെയുള്ള തപോഭൂമിയാണ് തപസ്സിന്നും ജ്ഞാനസാധനയ്ക്കും പററിയ പ്രദേശമെന്നു പറയുന്നതിലെന്താണ് തെററു? മററെവിടെവച്ചാണൊരാൾക്കു സംസാരത്തെ ജയിക്കാൻ സാധിക്കുന്നതു്? ബ്രഹ്മജ്ഞാനം ഉറവെടുത്തതും പ്രവഹിച്ചതുംതന്നെ ആദ്യമായി ഹിമവൽഭൂമിയിൽ നിന്നാണത്രേ. അതുകൊണ്ടാണ് ബ്രഹ്മവിദ്യാദേവിക്കു് ഹിമവൽപുത്രിയെന്നും ഹൈമവതിയെന്നും പേരുണ്ടായതെന്നുപോലും പറയാറുണ്ടു്. ആചാര്യൻ ജ്ഞാനോപദേശം ചെയ്തുകഴിഞ്ഞാൽ ശിഷ്യനോടു മനനനിദിദ്ധ്യാസങ്ങൾക്കു ഹിമാലയത്തിലേയ്ക്കു പോവാനാണ് പറയാറ്. ഭഗവാൻ ഉദ്ധവരു ജ്ഞാനം ഉപദേശിച്ച

ശേഷം ഹിമാലയത്തിലുള്ള ബദരികാശ്രമത്തിൽ പോയി താമസിക്കാനാണ് നിർദ്ദേശിച്ചത്. മററാചാര്യന്മാരും ഇങ്ങിനെ ചെയ്തതായി കാണാം.

ഇത്രയും പറഞ്ഞതിൽനിന്നു്, ഭാരതത്തിൽജനിച്ച മുമുക്ഷുവായ മനുഷ്യൻ ദക്ഷിണാപഥത്തിലിരുന്നു കർമ്മ സാധനകൊണ്ടു ചിത്തശുദ്ധിവരുത്തി പാവനമായ ഹിമാലയപ്രാന്തത്തിൽ ഗംഗാതീരത്തിരുന്നു് തപോനുഷ്ഠാനങ്ങളിൽക്കൂടെ ജ്ഞാനം സമ്പാദിച്ച് സംസാരത്തെ വിട്ടു മുക്തനാവണം എന്നുള്ളതാണ് ഭാരതത്തിലെ അനാദിയായ ആർഷസംസ്കാരത്തിൻെറ കാതൽ എന്നാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. അതു സാധിച്ചവൻ ധന്യധന്യനായി.

# ജീവൻെറ ത്രൈവിദ്ധ്യം

ഗുണാത്മകനായ ജീവൻ മൂന്നുസ്വരൂപത്തിലാണ് സംസാരത്തിൽ വ്യാപരിക്കുന്നതു്. ഒന്നു വിട്ടാൽ മറെറാന്നെന്ന നിലയിൽ പ്രസ്തുത മൂന്നു ഭാവങ്ങളും വിട്ടസന്ദർഭം എപ്പോഴുമില്ല. അതിനാൽ എപ്പോഴും ഗുണസ്വരൂപനും സംസാരിയുമായിതന്നെ ഇരിക്കുന്നു. അങ്ങിനെയുള്ള സമയത്തു് ഈശ്വരനുമായടുക്കാനും സാദ്ധ്യമല്ല. സ്വതസിദ്ധമായ മൂന്നുഭാവങ്ങളെയും വിട്ടുനില്ക്കുമ്പോഴും മാത്രമേ ഈശ്വരന്നഭിമുഖമായിത്തീരാനോ, ഈശ്വരനുമായടുക്കാനോ കഴിയുന്നുള്ളൂ. അങ്ങിനെയുള്ള അവസ്ഥ സാധാര

ണ്ണജീവന്മാക്കു സംഭവിക്കാറില്ലെന്ന കാരണത്താൽ ജീവിതത്തിൽ മിക്കവാറും ഈശ്വരാഭിമുഖമായ നിലയോ, ഈശ്വരനോട്ട് അടുപ്പമോ സംഭവിക്കുന്നില്ലെന്നു തന്നെ പറയണം. ജീവൻെറ പ്രസ്തുത ത്രിവിധ ഭാവങ്ങളെ വീണ്ടും വീണ്ടും സൂക്ഷ്മസൂക്ഷ്മമായി വിചാരം ചെയ്തറിയുമ്പോഴം മാത്രമേ പതുക്കെപതുക്കെ അവയിൽനിന്നു വിട്ടുമാറിനില്ക്കാൻ സാധിക്കു. അതിനാൽ അദ്ധ്യാത്മസാധനചെയ്യുന്ന മുമുക്ഷുക്കറം എപ്പോഴം ഏകാന്തതയിൽ ഇരുന്നു ജീവൻെറ സംസാരഗതിയെക്കുറിച്ചു വിചാരം ചെയ്യേണ്ടതത്യാവശ്യമാണു്. എത്രതന്നെ വേദശാസ്ത്രങ്ങളെ പഠിച്ചാലും മുറിവില്ലാത്ത വിചാരധാരകൊണ്ടുമാത്രമേ ഉണ്ടായിത്തീരൂ.

---

ജാഗ്രത്തും സ്വപ്നവും സുഷുപ്തിയുമാകുന്ന മൂന്നവസ്ഥകളാണല്ലോ ജീവൻെറ സംസാരവ്യാപാരത്തിന്നുള്ള ഉപാധികറം. പറയപ്പെട്ട അവസ്ഥകറം മൂന്നും ബുദ്ധിവൃത്തികളാണു്. താനുമായി യാതൊരുസംബന്ധവുമില്ല. എന്നിരുന്നാലും അതാതവസ്ഥയിലെത്തുമ്പോറം അതുമായി താദാത്മ്യത്തെ പ്രാപിക്കുന്നു. അതോടെ ആ അവസ്ഥയിലെ എല്ലാ ധമ്മങ്ങളും തൻേറതായും താനായും അഭിമാനിക്കാൻ തുടങ്ങുകയായി. സ്ഥൂലപ്രപഞ്ചത്തിൻെറയും സ്ഥൂലശരീരത്തിൻെറയും പ്രതീതിയുണ്ടാവുന്ന സമയമാണു് ജാഗ്രദവസ്ഥ. ജാഗ്രദവസ്ഥയിലെത്തേണ്ട താമസം അതുവരെ ഓമ്മപോലും ഇല്ലാതിരുന്ന ശരീരാദികളെയൊക്കെ താനായും തൻേറതായും അഭിമാനിക്കാൻ തുടങ്ങുകയായി. ശരീരംകൊണ്ടും തൃപ്തിപ്പെടാതെ പ്രപഞ്ചം മുഴ

വൻ പാഞ്ഞുനടക്കുന്നു. കാണുന്ന സകലവസ്തുക്കളെയും ആഗ്രഹിക്കുന്നു. കിട്ടാൻവേണ്ടി പ്രയത്നിക്കുന്നു. കിട്ടീയില്ലെങ്കിൽ ക്രോധിക്കുന്നു. എന്നുവേണ്ട, താനാരെന്ന ചിന്ത അല്പംപോലും ചെയ്യാതെ എന്തെല്ലാം വ്യവഹാരങ്ങളാണ് ബാഹ്യപ്രപഞ്ചത്തിൽ ചെയ്യുന്നതെന്നതിന്നു കയ്യും കണക്കുമില്ല. പ്രപഞ്ചത്തെയും സ്ഥൂലശരീരത്തെയും പരമസത്യമായും തൻേറതായും താനായും വിശ്വസിക്കുന്ന അതേ ജീവൻ തന്നെ അല്പംമുമ്പ് താൻ സത്യബുദ്ധിയോടെ അനുഭവിച്ച സ്വപ്നാനുഭവങ്ങളെ ഓർമ്മിക്കുന്നുണ്ട്. പക്ഷെ ആസമയത്തു് അതൊക്കെ മിത്ഥ്യയായിരുന്നു; ഏതോ ഭ്രാന്തികൊണ്ട് തോന്നപ്പെട്ടവയായിരുന്നുവെന്നാണ് വിചാരിക്കുന്നതു്. എന്നാൽ ഇപ്പോൾ സത്യമെന്നു വിശ്വസിക്കുന്ന ഈ സ്ഥൂലപ്രപഞ്ചവും മിത്ഥ്യയാണ്. ഏതോ ഭ്രാന്തികൊണ്ടുമാത്രം ഇപ്പോൾ സത്യമായി തോന്നപ്പെടുകമാത്രമാണ് ചെയ്യുന്നതു്. ഈ സന്ദർഭം കഴിഞ്ഞാൽ ഇതും സത്യമല്ലെന്നു ബോധ്യമാവും എന്നു വിചാരിക്കുന്നില്ലതാനും. അങ്ങിനെ വിചാരം ചെയ്യാനുള്ള ക്ഷമതന്നെ അപ്പോൾ മനസ്സിനില്ല. അത്രമാത്രം മുഴുകുന്നു സംസാരത്തിൽ. ഇങ്ങിനെ ജാഗ്രദവസ്ഥയിൽ സ്ഥൂലശരീരത്തെ ഞാനെന്നഭിമാനിച്ച ശരീരത്തിൻെറ സുഖത്തിന്നും രക്ഷയ്ക്കും നിലനില്പിന്നും വേണ്ടി സർവ്വപ്രകാരേണ പ്രവർത്തിച്ചും സ്ഥൂലപ്രപഞ്ചത്തിൽ വ്യാപരിച്ചുംകൊണ്ടിരിക്കുന്ന ജീവസ്വരൂപത്തെ 'വിശ്വ'നെന്നു പറയുന്നു. വിശ്വൻ സ്ഥൂലശരീരത്തെ അഭിമാനിക്കുന്നു; ദൃക്കിൽ അധിവസിക്കുന്നു; ബാഹ്യപ്രപഞ്ചത്തിലേയ്ക്കഭി

മുഖമായുമിരിക്കുന്നു. സ്ഥൂലവിഷയങ്ങളിലാണു് തൃപ്തി; ബാഹ്യപ്രപഞ്ചത്തിലാണു് വ്യാപാരവും. അതിനാൽ ജാഗ്രദവസ്ഥയിൽ പ്രപഞ്ചത്തെയും ശരീരത്തെയും മറക്കാൻവയ്യ. അവയെ മറക്കാൻ വയ്യാത്തതുകൊണ്ടു് ആത്മസ്വരൂപിയായിരിക്കുന്ന ഈശ്വരനെ ഓർമ്മിക്കാനും വയ്യ.

സ്വപ്നാവസ്ഥയിലാകട്ടെ ബാഹ്യപ്രപഞ്ചത്തെയും സ്ഥൂലശരീരത്തെയും കേവലം മറക്കുന്നു. മനസ്സിലാണധിവസിക്കുന്നതു്. വാസനാസ്വരൂപേണ മനസ്സിൽ അടിഞ്ഞുകിടക്കുന്ന സൂക്ഷ്മവിഷയങ്ങളെ തൻെറ പ്രകാശംകൊണ്ടു വികസിപ്പിച്ചനുഭവിക്കുന്നു. സ്വപ്നാവസ്ഥയിലെ പ്രസ്തുത ജീവസ്വരൂപത്തെ തൈജസനെന്നു പറയുന്നു. ഒരേ ജീവൻതന്നെയാണു് വിശ്വനും തൈജസനുമാകുന്നതെങ്കിലും സംസ്കാരംകൊണ്ടു് അത്യന്ത വിരുദ്ധമാണു് ഭാവവും അനുഭവവും. വിശ്വൻ ബാഹ്യമായ സ്ഥൂലപ്രപഞ്ചത്തെയാണു് സത്യമെന്നു വിശ്വസിച്ചതെങ്കിൽ തൈജസൻ സൂക്ഷ്മമായ അന്തഃപ്രപഞ്ചത്തെയാണു് സത്യമെന്നു വിശ്വസിക്കുന്നതു്. സ്ഥൂലവിഷയങ്ങളെക്കൊണ്ടാണു് വിശ്വൻ തൃപ്തിപ്പെടുന്നതെങ്കിൽ സൂക്ഷ്മവിഷയങ്ങളെക്കൊണ്ടാണു് തൈജസൻ തൃപ്തിപ്പെടുന്നതു്. ശരീരത്തിനു പുറമെയാണു് വിശ്വൻ വ്യാപരിക്കുന്നതെങ്കിൽ ശരീരത്തിന്നന്തർഭാഗത്താണു് തൈജസൻ വ്യാപരിക്കുന്നതു്. സ്ഥൂലശരീരത്തെയാണു് വിശ്വൻ അഭിമാനിക്കുന്നതെങ്കിൽ സൂക്ഷ്മശരീരത്തെയാണു് തൈജസൻ അഭിമാനിക്കുന്നതു്. ഇങ്ങിനെ എല്ലാംകൊണ്ടും അന്യോന്യവിരുദ്ധമാണു്. വിശ്വതൈജസന്മാരുടെ സംസ്കാരമെങ്കിലും

രുകാര്യംകൊണ്ടു് ഐകരൂപ്യമുണ്ടു്. അതായതു ജാഗ്രദവസ്ഥയിൽ വിശ്വൻ സ്ഥൂലശരീരാഭിമാനവും ബാഹ്യപ്രപഞ്ചവും എപ്രകാരം ആത്മസാക്ഷാല്ക്കാരത്തിന്നു തടസ്ഥമായിരുന്നുവോ, അതുപോലെ സ്വപ്നാവസ്ഥയിൽ തൈജസനും സൂക്ഷ്മശരീരാഭിമാനവും അന്തഃപ്രപഞ്ചവും ആത്മസാക്ഷാല്ക്കാരത്തിന്നു പ്രബലമായ തടസ്ഥംതന്നെയാണു്. അതിനാൽ സ്വപ്നാവസ്ഥയിൽ തൈജസനായിരിക്കുമ്പോഴും തന്നിൽ ആത്മസ്വരൂപേണ വിളങ്ങിക്കൊണ്ടിരിക്കുന്ന ഈശ്വരനെ അറിയാനോ സാക്ഷാൽക്കരിക്കാനോ കഴിയുന്നില്ല.

സുഷുപ്തിയിലാകട്ടെ പറയപ്പെട്ട രണ്ടു രൂപത്തിലുമല്ല; മൂന്നാമതൊരുതരത്തിലാണു് ജീവൻെറ സംസ്ഥാരം. ബാഹ്യവും ആഭ്യന്തരവുമായ, അല്ലെങ്കിൽ സ്ഥൂലവും സൂക്ഷ്മവുമായ, രണ്ടുരൂപത്തിലുള്ള പ്രപഞ്ചത്തെയും ശരീരങ്ങളെയും വിട്ടും വിസ്മരിച്ചും അവയ്ക്കു രണ്ടിന്നും കാരണമായ മൂലാജ്ഞാനത്തിൽ, അല്ലെങ്കിൽ തമസ്സിൽ മുഴുകുന്നു. ഒന്നിൻെറയും അറിവില്ല; തന്നെയും അറിയുന്നില്ല. കട്ടിയായ വെറും അജ്ഞാനം; ഗാഢമായ തമസ്സ്. ഇതാണു് സുഷുപ്തിയിലെ സംസ്ഥാരം. ഹൃദയമാണു് ആ സമയത്തു് ആവാസസ്ഥാനം. ഒന്നിൻെറയും അറിവില്ലാത്തതിനാൽ ഒന്നിലും അഭിമാനമില്ല. അങ്ങിനെ കേവലം അജ്ഞാനമയനായിരിക്കുന്ന സുഷുപ്തിയിലെ ജീവസ്വരൂപത്തെ പ്രാജ്ഞനെന്നു പറയുന്നു. പ്രാജ്ഞന്നു ബാഹ്യാഭ്യന്തരങ്ങളായ പ്രപഞ്ചത്തിൻെറയോ, കർമ്മങ്ങളുടെയോ, അഭിമാനങ്ങളുടെയോ ഒന്നും തടസ്ഥമില്ല ആത്മസാക്ഷാൽക്കാരത്തി

ന്നു്. എന്നിരുന്നാലും തൻെറ അജ്ഞാനം ഏററവുംപ്രബലമായ തടസ്ഥമാണെന്നതിനാൽ അപ്പോഴും ആത്മസാക്ഷാല്ക്കാരത്തിന്നഹ്തയുണ്ടാവുന്നില്ല. ഇങ്ങിനെ മൂന്നുരൂപത്തിലല്ലാതെ നാലാമതൊരു സംസ്ക്കാരം ജീവന്നുസംസാരത്തിലില്ലതാനും. ജനനം മുതൽ മരണംവരെയും പ്രസ്തുത മൂന്നു രൂപത്തിൽതന്നെ മാറിമാറിക്കളിക്കമാത്രമാണു് ചെയ്യേണ്ടതെന്നതിനാൽ എപ്പോഴും ആത്മസാക്ഷാൽക്കാരത്തിന്നുള്ള അവസരംതന്നെ കിട്ടുന്നില്ല. അങ്ങിനെ ആയുസ്സും ശരീരങ്ങളും നഷ്ടപ്പെട്ടുകൊണ്ടേ ഇരിക്കുന്നു.

വേദശാസ്ത്രങ്ങളെ പഠിച്ച ജീവൻെറ സംസാരഗതിയെക്കുറിച്ചുപന്യസിക്കുന്നവരെയും കാണാം. അവരുടേയും അനുഭവം മിക്കവാറും ഇങ്ങിനെതന്നെ. എത്രതന്നെ പഠിച്ചാലും, കേട്ടാലും ജീവൻെറ ഗതിമാററം വരാൻ വയ്യ. പഠിക്കുന്നതും കേഠംക്കുന്നതും വിചാരം ചെയ്യാറാവാൻവേണ്ടിയാണു്. വീണ്ടുംവീണ്ടും വിചാരംചെയ്തു ജീവസ്വരൂപത്തെ പ്രത്യക്ഷമായറിയണം. അനന്തരം ബാഹ്യാഭ്യന്തരങ്ങളോ അല്ലെങ്കിൽ സ്ഥൂലസൂക്ഷ്മങ്ങളോ ആയ എല്ലാ പ്രപഞ്ചങ്ങളും ജീവൻെറ മിത്ഥ്യാസങ്കല്പം മാത്രമാണെന്നു ബോദ്ധ്യംവരണം. സംസാരം മുഴുവൻ ഒരു നീണ്ട ദുസ്സ്വപ്നം മാത്രമാണെന്നു ബോദ്ധ്യം വരുമ്പോഠം തനിക്കീ ലോകത്തിൽ കത്തവ്യങ്ങളോ പ്രാപ്തവ്യങ്ങളോ ഇല്ലെന്നു ദൃഢമായി ബോധിക്കും. കത്തവ്യപ്രാപ്തവ്യങ്ങഠം കേവലം ഇല്ലാതായി സംസാരത്തിൽനിന്നു നിശ്ശേഷംവിട്ടുമ്പോഠം ആത്മസ്വരൂപിയായ ഈശ്വരനെ അന്വേഷിക്കാനും അറിയാനും സേവിക്കാനുമുള്ള അവസരമായി.

ആ നിലയിൽ പുണ്യവിശേഷത്താലും ഈശ്വരാനുഗ്രഹത്താലും എത്തിച്ചേർന്ന വിരക്തനും മുമുക്ഷുവുമായ സുകൃതി കാലംകൊണ്ടു തന്നിൽ വിളങ്ങുന്ന ഈശ്വരനെ മുഖത്തോടുമുഖം കണ്ടു ചരിതാൎത്ഥനായി പ്രാരബ്ധാവസരത്തിൽ ജന്മസാഫല്യമായ കൈവല്യത്തെ പ്രാപിക്കുന്നു.

## ബ്രഹ്മവിദ്യയുടെ രണ്ടു രൂപങ്ങൾ.

വിജ്ഞാനമൂൎത്തിയും കൈവല്യസ്വരൂപനുമായ ഭഗവാൻ ശ്രീപരമേശ്വരൻെറ ആവാസഭൂമിയാണു് ഹിമാലയം എന്നു പറയാറുണ്ടു്. ശ്രീകൈലാസമാണു് ഭഗവാൻെറ അധിഷ്ഠാനകേന്ദ്രമെന്നാണല്ലോ പുരാണങ്ങളും പറയുന്നതു്. കൈലാസമാകട്ടെ ഹിമവാൻെറ ഒരു കൊടുമുടിയുമാണു്. ആ സ്ഥിതിക്കു് ഭഗവാൻെറ നിത്യസാന്നിദ്ധ്യമുള്ളപുണ്യഭൂമിയാണു് ഹിമാലയപ്രദേശങ്ങളെന്നു പറഞ്ഞാൽ തെററില്ല. ഈ കാരണത്താൽത്തന്നെയായിരിക്കണം അനാദിയായ കാലംമുതല്ക്കുതന്നെ ഭഗവത്സാക്ഷാല്ക്കാരത്തിൽ ശ്രദ്ധയും തൃഷ്ണയുമുള്ളവർ ഹിമാലയത്തിലേയ്ക്കു വന്നിരുന്നതു്. ഇന്നും ആ പാരമ്പൎയ്യം നിലനിന്നുകൊണ്ടേ ഇരിക്കുന്നു. എന്നാൽ ഭഗവത്സാക്ഷാല്ക്കാരത്തിന്നുവേണ്ടി ഹിമാലയത്തിലേയ്ക്കു വന്നിട്ടുള്ളവരൊക്കെ ഭഗവാനെ കണ്ടിട്ടുണ്ടോ എന്നുചോദിച്ചാൽ ഉവ്വെന്നു പറയാൻ വയ്യ. എങ്കിലും എത്രയോ അസംഖ്യം ആളുകൾ അനാദിയായ കാലംമുതല്ക്കുതന്നെ ഹിമാലയ

ത്തിൽവെച്ചു ഭഗവാനെ പലപ്രകാരത്തിൽ കാണുകയും അറിയുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്പോഴും ചെയ്തുവരുന്നുമുണ്ടു്.

ശ്രീപരമേശ്വരനെ കാണാൻ അല്ലെങ്കിൽ അറിയാൻ ഉള്ള കണ്ണിൻെറ, അല്ലെങ്കിൽ അറിവിൻെറ, വേരാണു് ബ്രഹ്മവിദ്യ. അതെപ്പോഴും ഭഗവൽസന്നിധാനത്തിൽ ഭഗവാനോടു കൂടിച്ചേൎന്നുതന്നെ ഇരിക്കുന്നു. എപ്പോഴും ഭഗവാനോടു കൂടിച്ചേൎന്നിരിക്കുകയും സ്ത്രീലിംഗവാച്യശബ്ദമാവുകയും ചെയ്തുകൊണ്ടു് ബ്രഹ്മവിദ്യ ഭഗവാൻെറ ഭാൎയ്യയാണെന്നു പറയാൻ തുടങ്ങി. അതിനെ കേട്ട അവിവേകികൾ നിൎഗ്ഗുണസ്വരൂപനും, വിജ്ഞാനമയനുമായ ഈശ്വരൻ ഭാൎയ്യയോടുകൂടിയ ഗൃഹസ്ഥനാണെന്നു വിചാരിക്കാൻ തുടങ്ങി. മാത്രമല്ല, ദയാമയനായപരമേശ്വരൻ ലോകാനുഗ്രഹത്തിന്നുവേണ്ടി തൻെറ വിജ്ഞാനമാകുന്ന വിദ്യയെ സൂക്ഷ്മവും, സ്ഥൂലവുമാകുന്ന രണ്ടു രൂപത്തിൽ പ്രവഹിപ്പിക്കാൻ തുടങ്ങി ഹിമാലയത്തിലെന്നുവന്നപ്പോൾ ഭഗവാനു രണ്ടു ഭാൎയ്യമാരുണ്ടെന്നും പറയാൻ തുടങ്ങി. എപ്പോഴും രണ്ടു ഭാൎയ്യമാരെയും തൻെറ ശരീരത്തിൽത്തന്നെ വെച്ചുകൊണ്ടിരിക്കുന്നു. എന്നും പറയാൻ തുടങ്ങി. ഒന്നു തലയിലാണെങ്കിൽ മറേറതു മടിയിൽ. അതാണു് ഗംഗയും ശ്രീപാൎവ്വതിയും. പാൎവ്വതി ബ്രഹ്മവിദ്യയുടെ സൂക്ഷ്മരൂപവും ഗംഗ സ്ഥൂലരൂപവുമാണു്. പൎവ്വതത്തിൻെറ പുത്രി എന്നൎത്ഥത്തിലാണു് പാൎവ്വതിയെന്നു പേരുണ്ടായതു്. ഹിമാലയപൎവ്വതത്തിൽ വന്നു് ഏകാന്തതപോനുഷ്ഠാനം ചെയ്യുന്നവൎക്കു മാത്രം കിട്ടാവുന്നതെന്നൎത്ഥം. മേനാ

ദേവിയിൽ ഹിമവാനുണ്ടായ സുതയാണ് പാർവ്വതി. (മേ=എന്റെതായിട്ട്. ന=ഒന്നുമില്ല) ഞാനോ എന്റേ തോ ആയ ഒന്നുമില്ലെന്നും ജഗത്ത് ഈശ്വരചൈതന്യ ത്തിൽ സ്ഫുരിക്കുന്ന സങ്കല്പവിശേഷം മാത്രമാണ് എ ന്ന ദൃഢമായ അറിവുതന്നെ മേനാദേവി. പ്രസ്തുത അറി വും ഹിമാലയത്തിലെ തപോനുഷ്ഠാനവും കൂടിച്ചേരുമ്പോ ഠം ഉണ്ടാവുന്ന അറിവത്രേ സൂക്ഷ്മമായ ബ്രഹ്മവിദ്യ അല്ലെ ങ്കിൽ പാൎവ്വതീദേവി. അതേ അറിവിന്റെ അല്ലെങ്കിൽ പാർവ്വതീദേവിയുടെ സ്ഥൂലമായ പ്രവാഹമാണ് ഗംഗ. സ്ഥൂലസൂക്ഷ്മഭാവങ്ങഠം രണ്ടും ഒന്നിച്ചുകൂടിച്ചേരുമ്പോഠം വളരെ വേഗത്തിൽ അനുഭൂതിയുണ്ടാവുന്നു. അതായത്, ഹിമാലയപ്രാന്തത്തിൽ ഗംഗാതീരത്തു താമസിച്ചു നിര ന്തരം ഗംഗാസേവനവും നിരഭിമാന സ്വരൂപേണ ആ ത്മോപാസനയും ചെയ്യുന്നവർക്കു വളരെ വേഗത്തിൽ ത ന്നിൽ ആത്മസ്വരൂപേണ വിളങ്ങുന്ന ശ്രീപരമേശ്വര ന്റെ സാക്ഷാൽക്കാരമുണ്ടാവുന്നു.

## ഗുരുപൂർണ്ണിമാസന്ദേശം.

അദ്ധ്യാത്മസാധകന്മാൎക്ക് അതിപ്രധാനമായൊരു പുണ്യദിവസമാണ് ആഷാഢമാസത്തിലെ പൌൎണ്ണമി. അതിനെ ഗുരുപൂൎണ്ണിമയെന്നു പറഞ്ഞുവരുന്നു. ഗുരുനാഥ ന്മാർ ശിഷ്യന്മാരെ ഉപനയിക്കുന്നതും സന്യാസദീക്ഷയെ വരിപ്പിക്കുന്നതും മന്ത്രദീക്ഷയെ വരിപ്പിക്കുന്നതും ഒക്കെ അന്നാണ്. അദ്ധ്യാത്മജ്ഞാനസമ്പാദനത്തിനുള്ള സാ

ധനാനുഷ്ഠാനത്തിന്റെ ഒരു പ്രാരംഭദിവസമാണു് ഗുരുപൂ
ൎണ്ണിമ. സാധകന്മാർ അന്നാണു് ചാതുൎമ്മാസ്യദീക്ഷയാരം
ഭിക്കുന്നതു്. അദ്ധ്യാത്മജ്ഞാനശാസ്ത്രത്തിന്റെ ഉച്ചകോ
ടിയിൽ നില്ക്കുന്ന ബ്രഹ്മസൂത്രം എഴുതാനും അതിന്റെ ഭാ
ഷ്യം നിൎമ്മിക്കാനും ആരംഭിച്ചതു ഗുരുപൂൎണ്ണിമദിവസമാ
ണെന്നാണൈതിഹ്യം. പഴയകാലത്തു ഗൃഹസ്ഥന്മാരും
സന്യാസിമാരും ചാതുൎമ്മാസ്യദീക്ഷയെ വരിച്ചിരുന്നു.
ഗൃഹസ്ഥനായിരുന്ന ശ്രീരാമചന്ദ്രൻ ഋശ്യ മൂകാചലത്തി
ൽവെച്ചു് ചാതുൎമ്മാസ്യത്തെ അനുഷ്ഠിച്ചുവെന്നു് അദ്ധ്യാ
ത്മരാമായണത്തിൽ പറയുന്നുണ്ടു്. എന്നാൽ ഇന്നു സ
ന്യാസിമാരിൽത്തന്നെ തുലോം വിരളമാണു് ചാതുൎമ്മാസ്യ
ദീക്ഷയും ശ്രവണമനനനിദിദ്ധ്യാസങ്ങളും മററുസാധനാ
നുഷ്ഠാനങ്ങളുമൊക്കെ. അതുകൊണ്ടുതന്നെയാണു് വിജ്ഞാ
നപ്രകാശം മങ്ങി അജ്ഞാനക്കരിങ്കാറുകൾ പടൎന്നുപിടി
ച്ചു് അന്തരീക്ഷം ദിവസംപ്രതി മലിനമായിക്കൊണ്ടിരിക്കു
ന്നതും.

സമാധാനത്തിനും സംതൃപ്തിക്കും ശാന്തിക്കുംവേണ്ടി
മനുഷ്യൻ ഓടിനടക്കുന്ന കാലമാണു് ഇതു്. പക്ഷെ ഓ
ടിനടന്നതുകൊണ്ടോ എന്തെങ്കിലും ചെയ്തതുകൊണ്ടോ ഒ
ന്നും കിട്ടാവുന്ന ഒന്നല്ല സംതൃപ്തിയും സമാധാനവും. ആ
ത്മജ്ഞാനംകൊണ്ടും ത്യാഗസമ്പൂൎണ്ണമായ ജീവിതംകൊ
ണ്ടും മാത്രമേ സംതൃപ്തിയും സമാധാനവും കിട്ടാൻ പോവു
നുള്ളൂ. അതിനാൽ സമ്പാദിക്കേണ്ടിയിരിക്കുന്നവ ആ
ത്മജ്ഞാനവും ത്യാഗമഹിമയുമാണു് ധനം കുടുംബം
ഗൃഹം എന്നിവയൊക്കെ ഒരുമനുഷ്യന്നാവശ്യവും ഈ

ലോകത്തോടു ബന്ധപ്പെട്ടവയുമാണെന്നിരുന്നാലും ആത്മാവുമായി യാതൊരു സംബന്ധവുമില്ലാത്തവയാണ്. വ്യക്തികളൊന്നും ശരീരമല്ല, ആത്മാവാണ്. അതിനാൽ ആത്മവിഭൂതികൊണ്ടു മാത്രമേ ഒരാൾക്ക സംതൃപ്തിയുണ്ടാവാൻ വയ്യൂ. ആത്മാവിൻെറ വിഭൂതികളാണ് ജ്ഞാനവും ത്യാഗവും.

ജ്ഞാനസമ്പാദനത്തിന്നേററവും പററിയ കാലമാണ് ചാതുർമ്മാസ്യകാലം. പ്രാപ്തന്മാരായ ആചാര്യന്മാരെ സമീപിച്ചു നിഷ്ഠയോടുകൂടി ജീവിച്ചു ജ്ഞാനശാസ്ത്രത്തെ ശ്രദ്ധയോടെ ശ്രവിക്കണം. ശ്രവിച്ച തത്വത്തെ മനനംചെയ്തുറപ്പിച്ചും അനുസന്ധാനംചെയ്തു ബോധിച്ചും കുറെദിവസങ്ങൾതന്നെ കഴിച്ചുകൂട്ടണം. ജ്ഞാനതൃഷ്ണയുള്ളവർ കുറച്ചുകാലം അങ്ങിനെ ചെയ്യുന്നപക്ഷം പാരോക്ഷികജ്ഞാനമെങ്കിലുംമുണ്ടാവുമെന്നതു് തക്കമെററ സംഗതിയാണ്. അതുകൊണ്ടുതന്നെ ലോകത്തിൽ മറെറാന്നുകൊണ്ടും കിട്ടാത്ത അസാധാരണസംതൃപ്തി കിട്ടുമെന്നതും തക്കമെററസംഗതിയാണ്. അനാദിയായ കാലംമുതൽക്ക നാനാകാലദേശങ്ങളിൽ നാനായോനികളിൽ ജനിച്ചും മരിച്ചും വിവിധ യാതനയനുഭവിച്ചുകൊണ്ടു കർമ്മപ്രവാഹത്തിൽക്കൂടെ ഒഴുകുന്ന ജീവന് എപ്പോഴെങ്കിലുമൊരിക്കലൊണ് വിവേകവും സ്വാതന്ത്ര്യവുമുള്ള മനുഷ്യജന്മം കിട്ടുന്നത്. അപ്പഴെങ്കിലും ജ്ഞാനസമ്പാദനം ചെയ്യുന്നില്ലെങ്കിൽ പിന്നെ എപ്പഴാണ്? ആയിരക്കണക്കിലുള്ള തീർത്ഥങ്ങളെക്കൊണ്ടും തപോഭൂമികളെക്കൊണ്ടും തപസ്വികളെക്കൊണ്ടും ജ്ഞാനികളെക്കൊണ്ടും

സന്യാസിമാരെക്കൊണ്ടും ക്ഷേത്രങ്ങളെക്കൊണ്ടും വേദങ്ങളെക്കൊണ്ടും ഉപനിഷത്തുക്കളെക്കൊണ്ടും ശാസ്ത്രങ്ങളെക്കൊണ്ടും പുരാണങ്ങളെക്കൊണ്ടും ഋഷീശ്വരന്മാരെക്കൊണ്ടും ആചാര്യന്മാരെക്കൊണ്ടും അത്യന്തപവിത്രമായ ഈ ഭാരതഭൂമിയിൽ ആസ്തികൃബുദ്ധിയുള്ള മനുഷ്യനായി ജനിച്ച സജ്ജനങ്ങളുടെ ഇടയിൽ ജീവിച്ചിട്ടും വേദശാസ്ത്രങ്ങളെ ശ്രവിച്ചിട്ടുംകൂടി ഒരാൾക്കു സംതൃപ്തിക്കും സമാധാനത്തിന്നും കാരണമായ ആത്മജ്ഞാനമുണ്ടായി വിശ്രാന്തി കിട്ടുന്നില്ലെങ്കിൽ പിന്നെ എപ്പോൾ കിട്ടാനാണ്? അതിനാൽ ഈ സന്ദർഭം ഒരിക്കലും നഷ്ടപ്പെടാതെ വേണ്ടപോലെ പ്രയോജനപ്പെടുത്താൻതന്നെ ശ്രമിക്കണം. മരണം ഓരോ നിമിഷത്തിലും ഓരോരുത്തരേയും തുറിച്ചുനോക്കുന്നുണ്ട്. അതു എപ്പോൾ ആരെ വിഴുങ്ങുമെന്നാർക്കും അറിഞ്ഞുകൂടാ. അതിനാൽ മരണത്തിൻെറ പിടിയിൽ പെടുന്നതിന്നു മുമ്പുവേണം എന്തുതന്നെയും ചെയ്യാൻ. ആവശ്യം ചെയ്തുതീർക്കേണ്ടതിനെ ചെയ്യാൻ കാലതാമസം വരുത്താൻ പാടില്ലാത്തതാണ്.

അജ്ഞാനം മാത്രമാണ് ജീവൻെറ എല്ലാവിധ ദുഃഖങ്ങൾക്കും ക്ലേശങ്ങൾക്കും ഏകകാരണം. ജ്ഞാനംകൊണ്ടു മാത്രമെ അതു നിവൎത്തിക്കു. ജ്ഞാനമാകട്ടെ നിഷ്ഠയോടും ത്യാഗത്തോടുംകൂടിയ ജീവിതംകൊണ്ടും വേദാന്തവിചാരംകൊണ്ടും മാത്രമേ ഉണ്ടാവാൻ പോവുന്നുള്ളു. ജീവിതത്തിൽ കുറച്ചുകാലമെങ്കിലും അതൊക്കെ ചെയ്തിട്ടില്ലെങ്കിൽ അവസാനം പശ്ചാത്തപിക്കേണ്ടിവരു

മെന്നതു് തക്മെററസംഗതിയുമാണ്. അതിനാൽ സന്ദർഭം കിട്ടുമ്പോഴെങ്കിലുംഭാവിയെ ശോഭനമാക്കിത്തീക്കുന്ന സൽകൃത്യങ്ങറം ചെയ്യാനൊരുങ്ങേണ്ടതാണ്. ഏററവും പററിയ സന്ദർഭമാണ് ഈ ചാതുർമ്മാസ്യകാലം.

അതിനാൽ 1960 ജൂലായി 8-ാംനു- ഗുരുപൂർണ്ണിമ ദിവസം ആരംഭിക്കുന്ന ചാതുർമ്മാസ്യകാലം ഈ പുതിയ കൊല്ലമെങ്കിലും നിങ്ങളുടെയെല്ലാം സാധനാകാലമായിത്തീരട്ടെ. ജപം കീർത്തനം ധ്യാനം ഉപനിഷൽപഠനം തത്വവിചാരം പുരാണപാരായണം വ്രതനിഷ്ഠ മന്ത്രപുരശ്ചരണം എന്നിങ്ങിനെ നാനാപ്രകാരത്തിൽ സാധനാനുഷ്ഠാനങ്ങളെ ചെയ്ത ജ്ഞാനത്തേയും പരിശുദ്ധിയേയും സമ്പാദിക്കാൻ ഈശ്വരൻ നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ ചാതുർമ്മാസ്യകാലത്തു സാധനാനുഷ്ഠാനം ചെയ്യുന്ന സുകൃതികറംക്കു എല്ലാ ഋഷികളുടെയും ആചാര്യന്മാരുടേയും അനുഗ്രഹവുമുണ്ടാവുമെന്നു പറയാറുണ്ടു്. അതിനാൽ എല്ലാ ഋഷികളുടേയും ആചാര്യന്മാരുടേയും അനുഗ്രഹവും ഈ ചാതുർമ്മാസ്യകാലത്തു സാധനാനുഷ്ഠാനം ചെയ്യുന്ന നീങ്ങറംക്കെല്ലാവക്കുമുണ്ടായിത്തീരുമാറാകട്ടെ. നിങ്ങടെയെല്ലാവരുടേയും ആദ്ധ്യാത്മസാധനാനുഷ്ഠാനം സമ്പൂർണ്ണവിജയത്തിലെത്തിച്ചേരുമാറാകട്ടെ!

---

## ഭഗവൽസാക്ഷാൽക്കാരം

ശരീരവും, മനസ്സും, ബുദ്ധിയുമാകുന്ന മൂന്നുകാരണങ്ങളാണ് ജീവൻെറ സമ്പത്തു്. നല്ലതു ചെയ്യാനും, ചീത്തചെയ്യാനും, നല്ലവനാവാനും, ദുഷ്ടനാവാനും, എ

ല്ലാററിന്നുമുള്ള ഉപകരണങ്ങൾ പറയപ്പെട്ട മൂന്നുകാരണങ്ങളാണ്. അവനന്നായാൽ മനുഷ്യൻ നല്ലവനായി. അവ ദൂഷിച്ചാൽ മനുഷ്യനും ദൂഷിച്ചു. ശരീരത്തിൻെറ ധർമ്മം പ്രവൃത്തിയും മനസ്സിൻെറ ധർമ്മം വിചാരവും, ബുദ്ധിയുടെ ധർമ്മം അറിവുമാണ്. കരണങ്ങൾ നന്നാവുകയെന്നു പറഞ്ഞാൽ അവയുടെ ധർമ്മങ്ങളായ പ്രവൃത്തിയും, വിചാരവും അറിവും നന്നാവുകയെന്നത്ഥമാണ്. അവ ദൂഷിച്ചിട്ടാണ് ഒരാൾ ദുഖിയും ബദ്ധനുമായിരിക്കുന്നതു്. അവ നന്നാവുമ്പോൾ സുഖിയും മുക്തനുമായ്ത്തീരുകയും ചെയ്യും. സൽക്കർമ്മങ്ങളും, സദ്വിചാരങ്ങളും, സത്യമായ അറിവുംഉള്ള ഒരാൾ ലോകത്തിൽ ആരാദ്ധ്യനായിത്തീരുന്നു. ദുഷ്കർമ്മങ്ങളും ദുർവ്വിചാരങ്ങളുമുള്ളൊരാൾ പൊതുവെ നിന്ദ്യനായും കാണപ്പെടുന്നു. അതിനാൽ കരണത്രയത്തിൻെറ ശുദ്ധി തന്നെ ഒരു വ്യക്തിയുടെ ഉയർച്ച. (വേണമെങ്കിലും വേണ്ടെങ്കിലും എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കയെന്നതു ശരീരത്തിൻെറയും എന്തെങ്കിലും വിചാരിച്ചുകൊണ്ടിരിക്കയെന്നതു മനസ്സിൻെറയും എന്തെങ്കിലും ഓർമ്മിച്ചുകൊണ്ടിരിക്കയെന്നതു ബുദ്ധിയുടേയും പ്രകൃതിയാണ്.) അവയെ നിയന്ത്രിച്ചു നല്ലവയാക്കിത്തീർക്കുകയാണ് ഒരാൾക്കു വിവേകംകൊണ്ടും ശിക്ഷണംകൊണ്ടും സാധിക്കാനുള്ളതു്. അതിനെയാണ് കർമ്മവും ഉപാസനയും ജ്ഞാനവുമാകുന്ന കാണ്ഡത്രയത്തിൽക്കൂടെ ശ്രുതിദേവി ഉൽബോധിപ്പിക്കുന്നതു്. വേദമാതാവിൻെറ അതേ ഉൽബോധനത്തെതന്നെ ശാസ്ത്രങ്ങൾ കർമ്മയോഗവും

ഭക്തിയോഗവും ജ്ഞാനയോഗവുമാകുന്ന യോഗത്രയാകാരേണ ഉപന്യസിച്ചുപദേശിക്കുന്നു. അവയെ വേണ്ട പോലെ ഗ്രഹിച്ചു പ്രായോഗികദശയിൽ വരുത്തുന്നവക്കു വളരെ വലിയ പ്രയോജനങ്ങളുണ്ടാവാറുമുണ്ട്.

എന്നാൽ സാധാരണ ജനമദ്ധ്യത്തിൽ ഭക്തികർമ്മജ്ഞാനങ്ങളാകുന്ന യോഗത്രയം അതാതിന്റെ അധികാരികൾക്കുള്ളതാണു്; തന്റെ അധികാരത്തിന്നനുസരിച്ചു് അവയിൽ ഏതെങ്കിലും ഒന്നിനെ സ്വീകരിച്ചനുഷ്ഠിച്ചാൽ മതി എന്നൊക്കെ ചില ധാരണയുള്ളതായിക്കാണാം. പക്ഷെ അതു ശരിയല്ല. ഭക്തികർമ്മജ്ഞാനങ്ങളാകുന്ന യോഗങ്ങൾ മൂന്നും ഒരാൾക്കുള്ളതുതന്നെയാണ്; അല്ലാതെ മൂന്നാളുകൾക്കുള്ളതല്ല. കർമ്മയോഗം കൊണ്ടു് ശരീരവും, ഭക്തിയോഗംകൊണ്ടു മനസ്സും, ജ്ഞാനയോഗംകൊണ്ടു ബുദ്ധിയും പാവനങ്ങളായിത്തീരും. കരണങ്ങൾ സംശുദ്ധങ്ങളായിത്തീരുമ്പോൾ ഭഗവൽസാക്ഷാൽക്കാരത്തിന്നുള്ള സാദ്ധ്യത വളരെ വേഗത്തിൽ വന്നുകൂടുകയും ചെയ്യും. കുറച്ചുകാലം ഏതെങ്കിലും ചില യോഗസാധനകളൊക്കെചെയ്തു ഭഗവൽസാക്ഷാൽക്കാരത്തിന്നു ബന്ധപ്പെടുന്ന സാധകന്മാരേയും കാണാം. യോഗസാധനങ്ങൾ ഭഗവാനെകാണിച്ചുതരുന്ന കണ്ണാടിയോ മറേറാ ആണെന്നു തെററിദ്ധരിച്ചാണ് അങ്ങിനെയുള്ള ബദ്ധപ്പാടും മററമുണ്ടാവുന്നതു്. അങ്ങിനെതന്നെ മററചില സാധകന്മാർ ഭഗവൽസാക്ഷാൽക്കാരത്തിന്നു പല മാർഗ്ഗങ്ങളേയും മനസ്സിലും ബുദ്ധിയിലും അന്വേഷിച്ചു ബുദ്ധിമുട്ടാറുണ്ടു്. പിന്നെ ചിലർ ജ്ഞാനം മതിയാ

വാത്സല്യംകൊണ്ടാണെന്നു കരുതി വീണ്ടും പലതരത്തിലുള്ള അറിവുകളെ സമ്പാദിച്ചു മനസ്സിനേയും ബുദ്ധിയേയും കൂടുതൽ വികസിപ്പിക്കാറുമുണ്ട്. ശരീരമനോബുദ്ധികളാകുന്ന പ്രസ്തുത കരണങ്ങളെക്കൊണ്ടും ഭഗവൽസാക്ഷാൽക്കാരത്തെ അനുഭവിക്കാമെന്നാണവരൊക്കെ തെററിദ്ധരിക്കുന്നതു്. എന്നാൽ അതു സാദ്ധ്യമല്ല. ശരീരമനോബുദ്ധികൾ ജീവന്നു് ഈശ്വരസാക്ഷാൽക്കാരത്തിന്നുള്ള ഉപകരണങ്ങളല്ല; വിഷയഭോഗത്തിന്നുള്ള ഉപകരണങ്ങളാണ്. അതിനാൽ ഈശ്വരസാക്ഷാൽക്കാരത്തിന്നവ വികസിക്കയല്ല, സങ്കോചിക്കയാണ് വേണ്ടതു്. വിഷയവാസനകളെക്കൊണ്ടും കർമ്മസംസ്കാരങ്ങളെക്കൊണ്ടും ജന്മജന്മാന്തരങ്ങളായി ദൂഷിച്ചു് മലിനങ്ങളായി കിടക്കുന്ന കരണങ്ങൾ യോഗസാധനകളെക്കൊണ്ടു കർമ്മസംസ്കാരങ്ങളും വിഷയവാസനകളുമകന്നു സംശുദ്ധങ്ങളാവുമ്പോൾ എല്ലാ നാമരൂപങ്ങളിൽനിന്നും വിട്ടു തന്നത്താൻ ലയിക്കും. അതാണ് പറയപ്പെട്ട എല്ലാ യോഗങ്ങളുടെയും അനുഷ്ഠാനംകൊണ്ടും സാധിക്കേണ്ടിയിരിക്കുന്ന മഹത്തായ കാര്യവും.

ഈശ്വരൻ എല്ലാ കരണങ്ങൾക്കും അതീതനാണു്. അതിനാൽ കരണങ്ങളെക്കൊണ്ടു പ്രാപ്തവ്യനല്ല ഈശ്വരൻ. മാത്രമല്ല, പറയപ്പെട്ട കരണങ്ങളാണ് ഈശ്വരനെ മറച്ചിരിക്കുന്നതെന്നുപോലും പറയണം. മറയ്ക്കപ്പെട്ട വസ്തു മറവു നീങ്ങുമ്പോഴല്ലാതെ എങ്ങിനെ പ്രകാശിക്കും? ജഡങ്ങളായ എല്ലാ കരണങ്ങൾക്കും ചൈതന്യം, വീര്യം, അറിവു തുടങ്ങിയ മഹിമകളെല്ലാം ഈശ്വ

രങ്കൽനിന്നാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ജീവൻ അറിവു തുടങ്ങിയ ഈശ്വരമഹിമകളെ അനുഭവിക്കുന്നുണ്ടെങ്കിലും അതൊക്കെ കരണങ്ങളിൽക്കൂടെയാണ്. അതിനാൽ അവയുടെ നൈസർഗ്ഗികമായ നിർവൃതിയോ മഹാത്മ്യമോ അനുഭവിക്കാൻ പാടുന്നില്ല. കരണങ്ങളടങ്ങുമ്പോൾ നിരുപാധികമായിത്തന്നെ അവയെല്ലാം അനുഭവിക്കാൻ കഴിയുന്നു. ഇന്ദ്രിയമനോബുദ്ധികളാകുന്ന കരണങ്ങളടങ്ങുമ്പോൾ പ്രകാശിക്കുന്ന നിരുപാധികവും അനന്തവുമായ ജ്ഞാനമാണ് ജീവനെ ഈശ്വരങ്കലേയ്ക്കുടുപ്പിക്കുന്നത്. പ്രസ്തുത നിരുപാധികജ്ഞാനത്തെത്തന്നെയാണ് ഈ കാരണത്താൽ ബ്രഹ്മവിദ്യയെന്നും ബ്രഹ്മജ്ഞാനമെന്നും പറയുന്നത്. ഉപാധികളടങ്ങാത്തവർക്ക് അതെങ്ങിനെയുണ്ടാവും? അതിനാൽ മനോബുദ്ധിന്ദ്രിയങ്ങളടങ്ങി നിരുപാധികമായ ജ്ഞാനം പ്രകാശിക്കാൻവേണ്ടിത്തന്നെ എല്ലാ സാധനങ്ങളും അനുഷ്ഠാനങ്ങളും അപ്പോൾ മനോബുദ്ധികളെ വികസിപ്പിക്കലല്ല, സങ്കോചിപ്പിക്കലാണാവശ്യം.

ഭൌതികജ്ഞാനം വർദ്ധിക്കുന്തോറും മനോബുദ്ധികൾ കൂടുതൽ വികസിച്ചുകൊണ്ടിരിക്കും. അവ വികസിക്കുംതോറും അജ്ഞാനവും കർമ്മവും വർദ്ധിച്ചുകൊണ്ടിരിക്കും. അതിൻെറ ഫലം ജീവനു നിത്യദുഃഖമാണെന്നു പറയേണ്ടതില്ലല്ലോ. അപ്പോൾ ഭൌതികജ്ഞാനം വർദ്ധിക്കലല്ല, ചുരുങ്ങലാണ് ആത്മസാക്ഷാൽകാരത്തിന്നാവശ്യമെന്നു വരുന്നു. എന്നാൽ ഭൌതിക വിദ്യാഭ്യാസം അസ്ഥാനത്തല്ലെ എന്നു ചോദിക്കാം. അസ്ഥാന

ത്താണെന്നുപറഞ്ഞുകൂടാ. ആത്മസാക്ഷാൽക്കാരമുണ്ടാവുന്നതുവരെയെങ്കിലും ഒരാൾ തികച്ചും ഭൌതികനാണ്. അയാൾക്ക ജനമദ്ധ്യത്തിൽ ജീവിക്കുമ്പോൾ ഭൌതികങ്ങളായ പല അറിവുകളുടേയും ആവശ്യമുണ്ടാവാം. ആ നിലയ്ക്കും കൂടാതെ ഭൌതികപ്രപഞ്ചത്തിൽനിന്നു തനിക്കൊന്നും നേടിനില്ലെന്നു ബോദ്ധ്യംവന്നു തീവ്രവൈരാഗ്യത്തോടെ ജഗത്തിൽനിന്നു പിൻതിരിയാതിരിക്കുംകാലത്തോളവും ഭൌതികജ്ഞാനം ആവശ്യമാണെന്നു പറയാം. അതിൽക്കവിഞ്ഞ് ആത്മസാക്ഷാൽക്കാരത്തിന്നു ഭൌതികജ്ഞാനംകൊണ്ടു പറയത്തക്ക നേട്ടമൊന്നുമില്ലെന്നതന്നെ പറയണം. പറഞ്ഞോളൂ

കർമ്മങ്ങളേയും വിചാരങ്ങളേയും ഓർമ്മകളെയും മുഴുവൻ പാവനങ്ങളാക്കി നിഷ്കാമരൂപേണ ഈശ്വരാർപ്പണം ചെയ്യിക്കുക എന്നതാണ് പറയപ്പെട്ട ത്രിവിധയോഗങ്ങളെക്കൊണ്ടു സാധിപ്പിക്കുന്നത്. എല്ലാററിന്നും പരമകാരണവും, പരമാവലംബവും, സർവ്വാന്തര്യാമിയുമായ ഈശ്വരനെ മറന്നു 'ഞാനെ'ന്നും 'എന്റെ'തെന്നുമുള്ള ഭാവത്തിൽക്കൂടെ സർവ്വത്തെയും വീക്ഷിക്കുകയും പ്രവർത്തിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിനാൽ അനുനിമിഷം വളൎന്നുകൊണ്ടിരിക്കുന്ന ജീവന്റെ നാനാമുഖങ്ങളായ ഭ്രാന്തിപടലങ്ങൾ മുഴുവൻ ഈശ്വരാർപ്പണസ്വരൂപമായ നിഷ്കാമ ജീവിതംകൊണ്ടകന്നു ശുദ്ധികിട്ടും. ജീവന്റെ ബാഹ്യാഭ്യന്തരങ്ങളും, ഇഹപരങ്ങളുമായ എല്ലാചേഷ്ടാവിശേഷങ്ങളെയും ഈശ്വരാർപ്പണ സ്വരൂപങ്ങളാക്കി ജീവനെ നിഷ്കാമനാക്കി മാററുകയാണ്

പ്രസ്തുത യോഗത്രയംകൊണ്ടു ശ്രുതിദേവി സാധിക്കുന്നതു്. അനാദികാലംമുതൽ വളൎന്നുകൊണ്ടിരിക്കുന്ന കാമകൎമ്മങ്ങളുടെ പ്രവാഹം അടങ്ങുമ്പോൾതന്നെ മിക്കവാറും ശുദ്ധി കിട്ടും. കിട്ടട്ടെ.

പ്രത്യേകങ്ങളായ ചില പ്രവൃത്തികൾ ചെയ്തുകൊണ്ടുള്ളജീവിതമാണു് കൎമ്മയോഗം. അല്ലെങ്കിൽ ചില പ്രത്യേകവൃത്തികൾക്കുടെ ജീവിതത്തിലുൾക്കൊള്ളിച്ചാൽ കൎമ്മയോഗിയായിഎന്നുംമററും തെററിദ്ധരിച്ചവരുമുണ്ടു്. എന്നാൽ കൎമ്മയോഗത്തിൻെറ അടിസ്ഥാനം ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ ആകൃതിയോ ഉച്ചനീചത്വങ്ങളോ അല്ല. ആകൃതികൊണ്ടു് എത്രതന്നെ ശ്രേഷ്ഠമെന്നു തോന്നപ്പെടുന്ന പ്രവൃത്തിയായാലും ഈശ്വരാർപ്പണസ്വരൂപമാവുന്നില്ലെങ്കിൽ ആ പ്രവൃത്തി കൎമ്മയോഗത്തിൻെറ ഘടകമാവുന്നില്ല. ഒരാൾ കൎമ്മയോഗിയായിത്തീരാൻ പ്രത്യേകമായി ഒരു പ്രവൃത്തി ചെയ്യണമെന്നില്ല. ഇതുവരെ എന്തെല്ലാം ചെയ്തിരുന്നുവോ, അതൊക്കെച്ചെയ്തുകൊണ്ടു തന്നെ കർമ്മയോഗിയായിത്തീരാൻ കഴിയും. സാധാരണ ഒരാൾ തനിക്കൊ തൻെറ കുടുംബങ്ങൾക്കോ സ്നേഹിതന്മാൎക്കോ അല്ലെങ്കിൽ ലോകത്തിനോ വേണ്ടിയാണു് പ്രവൎത്തിക്കുന്നതു്. ചെയ്യുന്ന ഓരോ പ്രവൃത്തിയെയും നിരൂപിച്ചുനോക്കിയാൽ ഇങ്ങിനെ ഏതെങ്കിലും ഒന്നിനെ മുൻനിൎത്തിയാണു് ചെയ്യുന്നതെന്നു കാണാൻ കഴിയും. എന്നാൽ ഈശ്വരനുവേണ്ടി മാത്രം കർമ്മംചെയ്യുന്നവനാണു് കർമ്മയോഗി. തന്നെയും, കുടുംബത്തെയും ലോകത്തെയും എന്നുവേണ്ട മറെറല്ലാററിനേയും മറന്നു് ഈ

ശ്വരനുവേണ്ടി മാത്രം കർമ്മംചെയ്യുക, ഈശ്വരനൊഴിച്ചു മററാൎക്കുവേണ്ടിയും തനിക്കൊന്നും ചെയ്യാനില്ല; ഈശ്വരനുവേണ്ടി പലതും ചെയ്യാനുണ്ടു് എന്നഭാവം ദൃഢപ്പെട്ടു വിശ്രമമോ വിരാമമോ കൂടാതെ എപ്പോഴും ത്രിവിധ കരണങ്ങളെക്കൊണ്ടും സൽക്കർമ്മങ്ങളെ ചെയ്യുക, അതിൽ ഒന്നുപോലും തനിക്കുവേണ്ടിയല്ലാതിരിക്കുക, മുഴുവൻ ഈശ്വരാർപ്പണസ്വരൂപമായിരിക്കുക, തനിക്കു സാധിക്കേണ്ടതു് ഈശ്വരപ്രീതിമാത്രം, എന്ന ഉറച്ച ഭാവനയോടെ പരമനിഷ്കാമനായിരിക്കുക. യാദൃച്ഛികമായി വന്നുചേരുന്ന അനുഭവങ്ങളെ ഭഗവൽപ്രസാദബുദ്ധിയോടെ അനുഭവിച്ചു തൃപ്തനാവുക, എപ്പോഴും ഒന്നിലും ആവലാതിയോ വൈമനസ്യമോ ഇല്ലാതെ സന്തുഷ്ടനായിരിക്കുക. ഇങ്ങിനെയുള്ള പുണ്യ ജീവിതമാണു് കർമ്മയോഗത്തിൻെറ സാമാന്യരൂപം. അതുള്ളവൻ കർമ്മയോഗിയുമായി. കർമ്മയോഗംകൊണ്ടു ജീവനു്, അവസാനമില്ലാത്ത കർമ്മഗതിയിൽനിന്നു നിവൃത്തി കിട്ടും. ചെയ്യുന്ന ഒരു കർമ്മവും അവനെ ബാധിക്കില്ല. കർമ്മംചെയ്യുന്നതിനാൽ അവൻെറ ആവശ്യങ്ങൾ നിറവേറും. ലക്ഷ്യം ഈശ്വരനാകയാൽ ബന്ധത്തിൽനിന്നൊഴിവാകുകയുംചെയ്യും.

ഒരാൾ ഇങ്ങിനെ കർമ്മയോഗിയായിരിക്കുന്ന സമയത്തുതന്നെ ഭക്തയോഗിയാവാം, ആവുകയുംവേണം. സ്നേഹം അല്ലെങ്കിൽ പ്രേമമാണു് ഭക്തിയുടെ സാമാന്യരൂപം ഒരാൾ ലോകത്തിൽ പലരെയും സ്നേഹിക്കുന്നുണ്ടു്; പലതിനേയും സ്നേഹിക്കുന്നുണ്ടു്. ഏററക്കുറച്ചിലുണ്ടാവാമെന്നുമാത്രം. അങ്ങിനെ ആരെയെല്ലാം അല്ലെങ്കിൽ എന്തി

നെയെല്ലാമാണ് സ്നേഹിക്കുന്നതെന്നു സൂക്ഷ്മമായി വിശകലനം ചെയ്തുനോക്കിയാൽ ഈശ്വരനെ മാത്രം സ്നേഹിക്കുന്നില്ലെന്നും മററു പലതിനെയും മററു പലരെയും സ്നേഹിക്കുന്നുണ്ടെന്നും കാണാം. ഈ അവസ്ഥ നേരേമറിച്ചായി തീരുന്നതുതന്നെ ഭക്തി ഈശ്വരനെയൊഴിച്ചു മററാരെയും തനിക്കു സ്നേഹിക്കാനില്ല, ഈശ്വരൻ മാത്രമാണ് തൻെറ ഏകബന്ധു—തന്നെ ഓരോ നിമിഷവും രക്ഷിക്കുന്നതും തനിക്കു സർവസ്വവും തരുന്നതും ആ ബന്ധുവാണ്—എന്ന ഉറച്ച വിശ്വാസത്തോടെ ഒരു നിമിഷമെങ്കിലും ആ ഈശ്വരനെ മറക്കാൻ വയ്യാത്ത നിലയിൽ സ്നേഹിക്കുക, തനിക്കേററവും പ്രിയപ്പെട്ട ഈശ്വരങ്കൽ തൻെറസർവ്വസ്വത്തെയും തന്നെയും അർപ്പിക്കുക, തൻെറ പ്രിയതമനായ ഭഗവാൻെറ മഹിമകളെ എപ്പോഴും ഓർമ്മിക്കുക, അവയെത്തന്നെ കീർത്തിക്കുക, അവയിൽ ആനന്ദമത്തനാവുക, പ്രിയപ്പെട്ട ഭഗവാൻെറ ദർശനം കിട്ടാത്തതുകൊണ്ടു് അസഹ്യമായ വ്യസനഭാരത്തെ അനുഭവിക്കുക, അതു ഹേതുവായി പൊട്ടിക്കരയുക, ഭഗവദ്ദർശനമില്ലാത്ത അധന്യമായ ജീവിതത്തെ വെറുക്കുക. എന്നീ രൂപത്തിൽ പല പ്രകാരത്തിൽ ഭഗവാനിലേയ്ക്കു വഴിഞ്ഞൊഴുകുന്ന പ്രേമപ്രവാഹത്തിൽ എപ്പോഴും മുഴുകിയിരിക്കുക, ഒരു നിമിഷനേരമെങ്കിലും ഈ അവസ്ഥയ്ക്കു കുറവുവരാതെ സൂക്ഷിക്കുക, ഈ ഭാവനാവിശേഷത്താൽ മറെറല്ലാം മറക്കപ്പെടുക, എന്നിങ്ങനെയുള്ള ധന്യജീവിതമാണ് ഭക്തിയോഗത്തിൻെറ സാമാന്യരൂപം. അതുള്ളവൻ ഭക്തിയോഗിയും. ഭക്തിയോഗംകൊണ്ടു് ചിത്തത്തി

ൻെറ സകല മാലിന്യങ്ങളുമകന്നു് വളരെ വേഗത്തിൽ പരമ പരിശുദ്ധികിട്ടും കിട്ടട്ടെ

കർമ്മയോഗിയും, ഭക്തയോഗിയുമായിരിക്കുന്ന അതേസമയത്തുതന്നെ ഒരാൾക്കു ജ്ഞാനയോഗിയുമാവാം ആവുകയും വേണം. ഓരോരുത്തർക്കും നാനാമുഖങ്ങളായ അറിവുണ്ടു് ലോകത്തിൽ. പലതിനെക്കുറിച്ചും സൂക്ഷ്മമായും സ്ഥൂലമായുമുള്ള അറിവു് പലർക്കുമുണ്ടു്. എന്നാൽ ധാരാളം അറിവുള്ള പലരുടേയും അറിവിനെ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം അവരൊക്കെ പലതിനെയും അറിഞ്ഞിട്ടുണ്ടെങ്കിലും ഒന്നിനെ അറിഞ്ഞിട്ടില്ലെന്നുകാണാം—ഈശ്വരനെ. അപ്പോൾ ഈശ്വരനെ ഒഴിച്ചു മറെറല്ലാററിനെയും അറിയുന്നവരാണു് സാധാരണ ജനങ്ങൾ. ഈശ്വരനെ മാത്രം അറിയുന്നില്ല. ഈ നില നേരേ മറിച്ചായിത്തീരുന്നതുതന്നെ ജ്ഞാനയോഗം. ഗുരുമുഖേനയോ ശാസ്ത്രാഭ്യാസത്തിൽക്കൂടെയോ തത്വവിചാരം ചെയ്തു്, ഈശ്വരൻെറ സർവ്വാത്മഭാവത്തെയും അദ്വിതീയാവസ്ഥയേയും വേണ്ടപോലെ ബോദ്ധ്യപ്പെട്ടു്, ഘടശരാവാദിവസ്തുക്കളെ മണ്ണായും കടകകുണ്ഡലാദ്യാഭരണങ്ങളെ സ്വർണ്ണമായും കാണുംപോലെ, ദൃഷ്ടമായ ആ ജഗത്തിലെ സകലനാമരൂപങ്ങളേയും എന്നുവേണ്ട ഗ്രാഹ്യങ്ങളായ എല്ലാററിനെയും ബ്രഹ്മവിക്രിയകളായിമാത്രം കാണാറാവുക, എല്ലാററിനെയും ഒന്നായിമാത്രം അറിയാറാവുക; ഒന്നിലും ഭേദബുദ്ധി അല്പംപോലും ഇല്ലാതായിത്തീരുക എന്ന നിലവരുന്നതു ജ്ഞാനയോഗത്തിൻെറ സാമാന്യരൂപമാണു്. അതുണ്ടായിക്കഴിഞ്ഞാൽ ഭേദബു

ദ്ധിയും ഗുണഭാവവും കേവലം വിട്ടു അദ്വിതീയമായ അഭേദഭാവത്തിൽക്കൂടെമാത്രം എല്ലാററിനെയും വീക്ഷിക്കാൻ തുടങ്ങും. ഈശ്വരനെയല്ലാതെ മററൊന്നിനെയും ഏതു സമയത്തും അറിയുന്നില്ലെന്ന നിലവരും. സാധാരണജനങ്ങൾ ഈശ്വരനെമാത്രം അറിയുന്നില്ല; മറെറല്ലാററിനെയും അറിയുന്നു. എന്നാൽ ജ്ഞാനി ഈശ്വരനെമാത്രമേ അറിയുന്നുള്ളു; മററൊന്നിനെയും അറിയുന്നില്ല. ഈ ദശയിൽ എല്ലാ കന്മഷങ്ങളും, ഭേദഭാവങ്ങളും, ദ്വന്ദ്വങ്ങളും, കാമകർമ്മങ്ങളും നിശ്ശേഷം അകന്നു ബുദ്ധി പരമപരിശുദ്ധിയായിത്തീരും. തീരട്ടെ

ഇങ്ങനെ പറയപ്പെട്ട കർമ്മഭക്തിജ്ഞാനങ്ങളാകുന്ന യോഗത്രയത്തിൻെറ നിഷ്കൃഷ്ടമായ അനുഷ്ഠാനംകൊണ്ടു മൂന്നു കരണങ്ങളും പരമപാവനങ്ങളായി ലയിക്കുമ്പോൾ നിരുപാധികമായ ജ്ഞാനം പ്രകാശിക്കും. അതുതന്നെ ബ്രഹ്മജ്ഞാനം, അല്ലെങ്കിൽ ബ്രഹ്മവിദ്യ. ബ്രഹ്മവിദ്യാപ്രകാശത്തിൽ ആത്മസ്വരൂപിയായ ഈശ്വരനെ മുഖത്തോടുമുഖം കണ്ടു ചരിതാർത്ഥനായി, താനും ഈശ്വരനും രണ്ടല്ലെന്നു ബോദ്ധ്യംവന്നു് അഭേദമായ കൈവല്യാനുഭൂതിയിൽ ലയിക്കുന്നു. ഇതുതന്നെ മനുഷ്യജന്മത്തിൻെറ പരമലക്ഷ്യം. അതു സാധിച്ചവൻ ധന്യധന്യനായി.

# വേദാന്തവും നിത്യജീവിതവും

സംസാരത്തിൽ തീവ്രവൈരാഗ്യംവന്നു ഗൃഹകുടുംബാദികളെ ഉപേക്ഷിച്ച സന്യസിച്ച തത്വവിചാരവും, ധ്യാനനിഷ്ഠയുമായി ഏകാന്തജീവിതം നയിക്കുന്ന വിരക്തന്മാർക്കുള്ളതാണ് വേദാന്തം; അല്ലാതെ സംസാരികളായ ഗൃഹസ്ഥന്മാർക്കുള്ളതല്ല. ഗൃഹസ്ഥന്മാർ വേദാന്തവിചാരം ചെയ്താൽ അവരുടെ ജീവിതം അപകടമായിത്തീരുമെന്നുപോലും പലരും ധരിച്ചുവശായിട്ടുണ്ട്. എന്നാൽ വാസ്തവത്തിൽ അതു ശരിയല്ല. വേദാന്തം ഒരാൾക്കോ ഒരു വർഗ്ഗത്തിനോ മാത്രമുള്ളതല്ല. മനുഷ്യസമുദായത്തിന്നൊട്ടാകെയുള്ളതാണ്. എല്ലാവർക്കും അതു പ്രായോഗികവുമാണ്. പക്ഷെ ഓരോപ്രകാരത്തിലാണെന്നുമാത്രം. മനസ്സിൻെറ നിഷ്കൃഷ്ടമായ അടക്കമാണ് വേദാന്തത്തിലെ ഏതുരൂപത്തിലുള്ള അനുഷ്ഠാനംകൊണ്ടും വന്നുചേരുന്ന അനുഭൂതി അതാകട്ടേ എല്ലാവർക്കും അത്യാവശ്യവുമാണ്. മനസ്സ് അടങ്ങുംതോറും മനുഷ്യൻെറ ശക്തി കൂടിക്കൊണ്ടിരിക്കും. ഈ ലോകകാര്യങ്ങളെ വേണ്ടപോലെ ചെയ്യുകയും, ജീവിതംവിജയത്തിലെത്തുകയും വേണമെങ്കിൽ തീർച്ചയായും മനസ്സിന്നു് അടക്കം വേണം. എത്രത്തോളം അടക്കമുണ്ടോ മനസ്സിന്ന്, അത്രത്തോളം വിജയമാണ് ജീവിതം. തീരെ അടക്കമില്ലാതെ എപ്പോഴും ചപലമായ മനസ്സുള്ളവരുടെ ജീവിതമാകട്ടേ കേവലം പരാജയവുമാണ്. പലരും ജീവിതത്തിൻെറ വിജയത്തിൻെറ വിജയത്തിന്നുവേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടും വി

ജയത്തിലെത്താതെ പരാജയത്തിലവസാനിക്കുന്നതു കേവലം മനസ്സിന്നടക്കമില്ലാഞ്ഞിട്ടുമാണു്. ഏതെങ്കിലും ഒരുപ്രകാരത്തിലുള്ള വേദാന്തസാധനകൊണ്ടേ മനസ്സിന്റെ അടക്കം കിട്ടാനും പോവുന്നുള്ളു. ആ സ്ഥിതിക്കു് ആക്കാണു് വേദാന്തം ആവശ്യമോ ആസേവ്യമോ അല്ലാത്തതു്.

അനവധി യന്ത്രവിഭാഗങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രശാലയിൽ പെട്ടെന്നു വിദ്യുച്ഛക്തി നില്ക്കുന്നപക്ഷം ഏപ്രകാരം എല്ലാം ഒരുപോലെ നില്ക്കാനിടയായിത്തീരുമോ, ഇതുപോലെ ഈ സംസാരത്തിലെ സകല പ്രവർത്തനങ്ങളും നടത്തുന്നതും നിർത്തുന്നതും മുഴുവൻ മനസ്സാകുന്ന ഒരേഒരു ശക്തിയാണു്. മനസ്സു നിന്നാൽ എല്ലാം നിന്നു; മനസ്സു ചലിച്ചാൽ എല്ലാം നടക്കാനും തുടങ്ങി. മനസ്സടങ്ങിയാൽ അദ്വൈതവും, ദിവ്യദിവ്യവുമായ മോക്ഷാനുഭൂതികൂടിയുണ്ടാവാമെങ്കിൽ തുച്ഛമായ ഈ സംസാരാനുഭവങ്ങളിൽ ഏതാണു സാധിച്ചുകൂടാത്തതു്? പ്രപഞ്ചംതന്നെ മനോമയമാണു്. പ്രപഞ്ചത്തിലുള്ളതെല്ലാം മനസ്സിൽനിന്നു വന്നതും, മനസ്സിലുള്ളതുമാണു്. മനസ്സിലില്ലാത്തതൊന്നും പ്രപഞ്ചത്തിലുമില്ല. എന്നുവന്നാൽ മനസ്സിന്റെ സ്വാധീനതകൊണ്ടു പ്രപഞ്ചത്തിലെ ഏതുകാര്യമാണു സാധിക്കാത്തതു്? അതുപോലെ ഈ ജഗത്തിൽ ഓരോരുത്തരും എന്തൊക്കെ പ്രവർത്തിക്കുന്നതും അവരവരുടെ മനശ്ശക്തികൊണ്ടാണു്. മനസ്സു വികസിക്കാതെ ആക്കും ഒന്നും പ്രവർത്തിക്കാൻ കഴിയില്ലെന്നതു പ്രത്യക്ഷമാണു്. അങ്ങിനെ പലരിലും പല രൂപത്തിൽ

പ്രവൎത്തിക്കുന്ന മനസ്സ പലതാണെന്നു തോന്നാമെങ്കിലും വാസ്തവത്തിൽ പലതല്ല; ഒന്നാണ്. പല ഘടകങ്ങളായി പ്രവൎത്തിക്കുന്ന മനസ്സ വാസ്തവത്തിൽ ഒന്നുമാത്രമാണെങ്കിൽ ഒരു ഘടകത്തിൽ അതിൻെറ മുഖ്യശക്തിയെ കേന്ദ്രീകരിപ്പിക്കുമ്പോൾ ഏതു ഘടകത്തെ ഏതുരൂപത്തിലാണ് നിയന്ത്രിക്കാൻ കഴിയാത്തതു്! സുപ്രസിദ്ധങ്ങളായ എല്ലാ യോഗസിദ്ധികളുടേയും അടിസ്ഥാനവും മനോനിയന്ത്രണം മാത്രമാണ്. ചുരുക്കത്തിൽ മനസ്സിൻെറ നിയന്ത്രണംകൊണ്ടു സാധിക്കാൻകഴിയാത്ത ഒന്നുംതന്നെ ലോകത്തിലില്ലെന്നു പറയണം. എന്നാൽ എന്തുകൊണ്ടു് എല്ലാവൎക്കും അങ്ങിനെയുള്ള കാൎയ്യങ്ങളൊന്നും മനോനികന്ത്രണംകൊണ്ടു സാധിക്കുന്നില്ല എന്നാണെങ്കിൽ അങ്ങിനെയുള്ള മനോനിയന്ത്രണം എളുപ്പമല്ല. വളരെ വിഷമമുള്ളതാണ്, അതുതന്നെ. പക്ഷെ സാധാരണ പരിമിതമായതോതിലുള്ള ജീവിതവിജയത്തിനു് അത്രമാത്രം നിയന്ത്രണമാവശ്യമില്ല. അതിനാൽ സുഗമമായ മാൎഗ്ഗത്തിൽ ചിട്ടപ്പെടുത്തപ്പെട്ട ഒരു ജീവിതംകൊണ്ടു സാമാന്യമായ മനോനിയന്ത്രണം സാദ്ധ്യമാണ്. സാധാരണ ജീവിതത്തിനു് അത്രമാത്രമേ ആവശ്യമുള്ളു.

മിക്കവാറും ലൌകിക ജീവിതത്തിൽ മനസ്സിനെ ലാളിക്കാനുള്ള പരിചയമാണ് വളൎത്തിവരാറ് നല്ലതോ ചീത്തയോ ആയ ഏതൊരാഗ്രഹവും മനസ്സിൽപൊന്തിയാൽ ഉടനെ അതു സാധിക്കാനുള്ള മാൎഗ്ഗമെന്തെന്നന്വേഷിക്കലെല്ലാതെ അങ്ങിനെ ഒരാഗ്രഹം പൊന്താനുള്ള കാരണമെന്തെന്നന്വേഷിക്കാറില്ല. മനസ്സ് ഒരാഗ്രഹ

ത്ത പ്രകടിപ്പിച്ചാൽ എത്ര സാഹസപ്പെട്ടും അതിനെ സാധിക്കാനുള്ള പ്രയത്നം തുടങ്ങുകയായി. അങ്ങിനെയുള്ളവൎക്കൊരുകാലത്തും മനോനിയന്ത്രണം സാദ്ധ്യമല്ലെന്നു പറയണം. എത്രത്തോളം മനസ്സിനോടെതിൎക്കാൻ കഴിയുന്നുവോ, അത്രത്തോളമാണ് അതു കീഴൊതുങ്ങുന്നതു്. എപ്പോഴും വാശിപിടിക്കുന്ന ഒരു കുട്ടി ആവശ്യപ്പെടുന്ന സാധനങ്ങളൊക്കെ കൊടുത്തുകൊണ്ടേ ഇരുന്നാൽ എപ്പോഴും അവൻ വാശിപിടിച്ചുകൊണ്ടേ ഇരിക്കുമെന്നല്ലാതെ ഒരിക്കലും പ്രസാദിക്കലില്ല. പറഞ്ഞൊതൊന്നും അനുസരിക്കലുമില്ല. ഇതുപോലെതന്നെയാണ് മനസ്സും. വാശിപിടിക്കുമ്പോൾ രണ്ടടി കൊടുത്താൽ പിന്നെ കുട്ടി വാശിപിടിക്കലില്ല; പറഞ്ഞതനുസരിക്കുകയും ചെയ്യും. അതുപോലെതന്നെയാണ് മനസ്സും. വാശിപിടിക്കുന്നതൊക്കെ കൊടുത്തുകൊണ്ടിരുന്നാൽ എപ്പോഴും വാശിപിടിക്കുമെന്നല്ലാതെ ഒരിക്കലും പ്രസാദിക്കലില്ല; പറഞ്ഞൊതൊന്നും അനുസരിക്കലുമില്ല. നേരെമറിച്ചു വാശിപിടിക്കുന്നതിനെയൊക്കെ നിഷേധിച്ചുകൊണ്ടിരുന്നാൽ കുറെ കഴിയുമ്പോൾ ഒന്നിലും വാശിയില്ലാതാവുകയും അപ്പോൾ സ്വയം പ്രസാദിക്കുകയും പിന്നീട് പറഞ്ഞൊതൊക്കെ അനുസരിക്കാൻ തുടങ്ങുകയും ചെയ്യും. അതാണ് ആത്മനിയന്ത്രണത്തിന്നു തീവ്രവൈരാഗ്യം അത്യാവശ്യമാണെന്നു പറയുന്നതു്.

തത്വവിചാരംചെയ്തു ജഗത്തു മിത്ഥ്യയാണെന്നു ബോധിക്കുകയും, മനസ്സിൻെറ സങ്കല്പംമാത്രമാണ് ജഗത്തിൻെറ സത്തയെന്നു ബോധിക്കുകയും, ആ വഴിക്കു

ജഗത്തിനെസ്സംബന്ധിച്ച സത്യബുദ്ധിയെ ഉപേക്ഷിക്കു കയും, സങ്കല്പമാത്രങ്ങളായ പദാൎത്ഥങ്ങളിൽ ആഗ്രഹം തോന്നാനിടവരാതെ മനസ്സിനെ നിയമിക്കുകയുമൊക്കെ ആക്കും ചെയ്യാവുന്നതാണ്. തിരമാലകളെക്കൊണ്ടു ആവിലമായ സമുദ്രത്തിൽ തിരമാലകളടങ്ങിയാൽ പ്രശാന്തവും അപാരവുമായ സമുദ്രജലം പ്രകാശിക്കുന്നതുപോലെ പലതരത്തിലുള്ള നാമരൂപസങ്കല്പങ്ങളാകുന്ന തിരമാലകൾ അടങ്ങുമ്പോൾ പ്രശാന്തവും അപാരവുമായ മനസ്സിൻെറ സത്ത സ്വയം പ്രകാശിക്കും. ക്ഷണികങ്ങളും ഇല്യാത്തവയുമായ എല്ലാ നാമരൂപസങ്കല്പങ്ങളുടേയും സത്യം അതാണ്. അതിൽനിന്നാണ് എല്ലാ നാമരൂപങ്ങളും പൊന്തുന്നതു്. അതിലാണെല്ലാം അടങ്ങുന്നതും. അതിനാൽ എപ്പോഴുമുള്ളതും ക്ഷയവൃദ്ധികളില്ലാത്തതും സത്യവും അതുതന്നെ. അതിനെ അറിയുമ്പോൾ സങ്കല്പങ്ങളാകുന്ന തിരമാലകളടങ്ങി താനേ പ്രശാന്തമാവും. അതിനാൽ തത്വവിചാരംകൊണ്ടതിനെ അറിയുന്നതത്യാവശ്യമാണ്.

തത്വവിചാരംകൊണ്ടു സത്യത്തെ അറിഞ്ഞുകഴിഞ്ഞാൽ പിന്നെ മനസ്സിനെ ശാന്തമാക്കാൻ പരിശ്രമിച്ചു തുടങ്ങണം. അറിയാതിരിക്കുംകാലത്തോളം പ്രയത്നവും അസ്ഥാനത്താണ്. തത്വവിചാരംകൊണ്ടേ അറിയൂ. അതിനാൽ ആദ്യത്തിൽ തത്വവിചാരം ചെയ്യണം. തത്വവിചാരം ആക്കുംചെയ്യാം. തത്വവിചാരംകൊണ്ടു പരമതത്വത്തെ ബോധിച്ചുകഴിഞ്ഞാൽ അതിനെ മറച്ചു നിൽക്കുന്ന നാമരൂപസങ്കല്പങ്ങളെ നീക്കി മനസ്സിനെ

പ്രശാന്തവും ഏകാഗ്രവുമാക്കാൻ പരിശ്രമിക്കുകയും വേണം. പല നാമരൂപങ്ങളിൽ പലപ്രകാരത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന മനസ്സിനെ ആദ്യം അവയിൽനിന്നെല്ലാം അഴിച്ചുകൂട്ടി ഒന്നിൽമാത്രമാക്കി നിത്താൻ പരിശ്രമിക്കണം. അതാണ് ഉപാസനകൊണ്ടു സാധിക്കുന്നതു്. ഉപാസന നാമത്തേയോ, രൂപത്തേയോ, അഥവാ രണ്ടിനേയുമോ മുൻനിത്തിയുമാവാം. രൂപത്തെ മുൻനിത്തിയുള്ള ഉപാസനയ്ക്കു ധ്യാനമെന്നും, നാമത്തെ മുൻനിത്തിയുള്ള ഉപാസനയ്ക്കു നാമസ്മരണമെന്നും പറയും. രണ്ടും കൂടിയതിന്നു ജപധ്യാനമെന്നും പറയും. പറയപ്പെട്ട ഏതുരൂപത്തിലുമുള്ള ഉപാസനയായാലും മനസ്സിനെ നാനാത്വത്തിൽനിന്നു ഏകത്വത്തിലേയ്ക്കു കൊണ്ടുവരികയെന്നത്ഥമാണ്. പലതിലും കൂടിനിൽക്കുന്ന മനസ്സിനെ പലതിൽനിന്നു വിട്ടുത്തി ഒന്നിൽ മാത്രമാക്കിത്തീത്താലേ കാലംകൊണ്ടു ഒരു സ്വരൂപവും ഇല്ലാതാക്കാൻ പററു. അതിനാൽ തത്വബോധം വന്നുകഴിഞ്ഞാൽ ഉപാസനം അവശ്യം ചെയ്യേണ്ടതാണ്.

പക്ഷെ പലതിലും ഒട്ടിപ്പററി നില്ക്കുന്ന മനസ്സ് അവയിൽനിന്നൊക്കെ വിട്ടുപോരണമെങ്കിൽ അവയിലൊന്നും അല്പംപോലും ആഗ്രഹമില്ലാതാവണം. അങ്ങിനെ പലതിലുമുള്ള ആഗ്രഹമില്ലാതാവണമെങ്കിൽ അവയൊക്കെ ഇല്ലാത്തവയാണെന്നും തൻെറ സങ്കല്പമാത്രംകൊണ്ടു ഉള്ളതായി തോന്നപ്പെടുകമാത്രമാണ് ചെയ്യുന്നതെന്നും അവയിലുള്ള ആഗ്രഹംകൊണ്ടു തനിക്കു അന

ത്ഥംമാത്രമെ ഉണ്ടാവുന്നുള്ളവെന്നും ബോധ്യംവരണം. മാത്രമല്ല, ഒന്നിൽമാത്രം മനസ്സ് ഒട്ടിപ്പററിനില്ക്കണമെങ്കിൽ ആ വസ്തു ഉള്ളതാണെന്നും, അതേ ഉള്ളതായിട്ടുള്ളവെന്നും അതിന്മേലുള്ള ആഗ്രഹംകൊണ്ടു തനിക്കു നിരതിശയമായ സുഖമുണ്ടാവുമെന്നും ബോദ്ധ്യം വരികയും വേണം. ആവക ബോദ്ധ്യങ്ങളൊക്കെ തത്വവിചാരംകൊണ്ടുണ്ടാവും. ബോധ്യം വന്നുകഴിഞ്ഞാലും അനുഭവിച്ചിട്ടില്ലാത്ത വസ്തുവിൽ സുഖാനുഭൂതിയുടെ വിശ്വാസത്തോടെ പ്രേമം വളരണം. അതാണ് ഭക്തി. ഉള്ളതായ സത്യത്തിന്റെ അല്ലെങ്കിൽ ഈശ്വരന്റെ പ്രതീകമായി ഏതെങ്കിലും ഒരു വസ്തുവിനെ—അവതാരസ്വരൂപങ്ങളേയോമററോ—നിരന്തരം ഉപാസിക്കുകയും അതിൽ നിരതിശയപ്രേമസ്വരൂപിണിയായ ഭക്തിയെ വളൎത്തുകയും വേണം. ഈശ്വരന്റെ പലപ്രകാരത്തിലുള്ള മഹിമകളുടേയും ലീലകളുടേയും സ്മരണംകൊണ്ടും, ആ കീൎത്തനങ്ങളെക്കൊണ്ടും ക്രമേണ ഭക്തിയും വിശ്വാസവും വളരും. അവ വളൎന്നാൽ വളരെ വേഗത്തിൽ മനസ്സിന് ഏകാഗ്രതയും ശുദ്ധിയും കിട്ടും.

എന്നാൽ ഇങ്ങിനെയൊക്കെയാവണമെങ്കിൽ ആദ്യം ജീവിതത്തിന്നുതന്നെ ചില ചിട്ടകളൊക്കെവേണം; സത്യം, ധൎമ്മം, ലോകമൎയ്യാദ എന്നിവയെ മാനിച്ചുകൊണ്ടു ജീവിക്കാൻ തുടങ്ങണം. സൎവ്വജീവരാശികൾക്കും ഹിതവും ധാൎമ്മികവുമായ പുണ്യജീവിതത്തെ നയിക്കുക, ദുഷ്കൎമ്മങ്ങൾ ചെയ്യാതിരിക്കുക, സൽക്കൎമ്മങ്ങൾ യഥാശക്തി ചെയ്യുക; മനസാ വാചാ കൎമ്മണാ ഒരു ജീവി

ക്കളും അഹിതമായി പ്രവൃത്തി ചെയ്യാതിരിക്കുക തുടങ്ങിയതൊക്കെവേണം. സദാചാരനിഷ്ഠമായ പ്രസ്തുതജീവിതംകൊണ്ടുതന്നെ മനസ്സിന്നു സംതൃപ്തിയും, സമാധാനവും, സന്തോഷവും വർദ്ധിച്ചുകൊണ്ടിരിക്കും. അങ്ങിനെ പാവനമായ സുഖജീവിതത്തിൽകൂടെ വേദാന്തം എളുപ്പത്തിലാർക്കും പ്രായോഗികമാക്കാം.

സദാചാരനിഷ്ഠമായ ജീവിതംകൊണ്ടു വേദാന്തത്തെ സ്വജീവിതത്തിൽ പ്രായോഗികമാക്കിത്തീർക്കാവുന്നതുകൊണ്ടു മോക്ഷേച്ഛയൊന്നുമില്ലെങ്കിൽകൂടി ഈ ലോകജീവിതം വമ്പിച്ച വിജയമായിത്തീരുമെന്നതു് തർക്കമററ സംഗതിയാണ്. കൂടാതെ, ജീവിതം പുണ്യഭൂയിഷ്ഠമായിത്തീരുന്നതിനാൽ എപ്പോഴും സംതൃപ്തിയും സമാധാനവും ഉണ്ടാവുകയും ചെയ്യും.

പഴയകാലത്തെ തപസ്വികളായ ഋഷികൾക്കൊക്കെ ഭാര്യയും പുത്രന്മാരുംഉള്ളതായി നമുക്കു പുരാണങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിയും. അപ്പോൾ അവരാരും സന്യാസിമാരായിരുന്നില്ലെന്നു കരുതണം. എങ്കിലും അതേസമയത്തു് അവർ മഹാതാപസികളും, പരമജ്ഞാനികളും, നിഗ്രഹാനുഗ്രഹശക്തിയുള്ളവരുമായിരുന്നുവെന്നും തെളിയുന്നു. അതിൻെറ അർത്ഥം വേദാന്തം ഏതു ദശയിലുള്ള ഒരാൾക്കും തൻെറ ജീവിതത്തിൽ പ്രായോഗികമാക്കിത്തീർക്കാമെന്നാണ്. വേദാന്തജ്ഞാനംകൊണ്ടു സംസ്കാരസമ്പന്നനും ഉൽകൃഷ്ടനുമായിത്തീരുന്നു മനുഷ്യൻ. പഴയകാലത്തെ ജീവിതചര്യകളൊക്കെയും ജീവിതം വേദാന്തജ്ഞാനംകൊണ്ടു പ്രകാശമാനമാക്കിത്തീ

ക്കുവാൻ പറയുന്ന തോതിൽ കെട്ടിപ്പടുക്കപ്പെട്ടതാണ്. അതിനെ അറിഞ്ഞു് ആ തോതിൽ ആചരിക്കുന്നവക്കു ഇന്നും അതു പ്രായോഗികമാണുതാനും.

## ഗുരുകുലവിദ്യാഭ്യാസം

പഴയകാലത്തു ഭാരതത്തിൽ നാമിന്നു കാണുമ്പോലെ അവിടവിടെ സ്കൂളുകളൊ കോളേജുകളോ ഉണ്ടായിരുന്നില്ല. എങ്കിലും അന്നും വിദ്യാഭ്യാസം നടന്നിരുന്നു. അതൊക്കെ ഗുരുകുലങ്ങൾമുഖേനയായിരുന്നു. ശിഷ്യന്മാരൊക്കെ ഗുരുവിനോടൊന്നിച്ചു താമസിച്ചുതന്നെയാണ് വിദ്യാഭ്യാസം നടന്നിരുന്നതു്. വിദ്യാൎത്ഥി വിദ്യാഭ്യാസകാലം കഴിയുന്നതുവരെ ഗൃഹത്തിൽ താമസിക്കാൻ പാടില്ലെന്നതു് നിബ്ബന്ധമായിരുന്നു. രാജകുമാരനായാലും വേണ്ടില്ല, വിദ്യാൎത്ഥിജീവിതം ഗുരുഗൃഹത്തിൽ തന്നെ കഴിച്ചുകൂട്ടണം. അങ്ങിനെ ഏതാനും ഗുരുനാഥന്മാരും കുറെ ശിഷ്യന്മാരുംകൂടി താമസിച്ചു വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലത്തിൻെറ അല്ലെങ്കിൽ സ്ഥാപനത്തിൻെറ പേരാണ് 'ഗുരുകുല'മെന്നതു്. വാസ്തവത്തിൽ സ്ഥാപനമെന്നുപറയാൻ പാടില്ല; സ്ഥലമെന്നുതന്നെയാണ് പറയേണ്ടതു്. എന്തുകൊണ്ടെന്നാൽ സ്ഥാപനമെന്നു കേൾക്കുമ്പോൾ അതിൻെറ വകയായി എന്തെങ്കിലും ചില സ്വത്തുക്കളുണ്ടെന്നു ധരിക്കാനിടവരും. എന്നാൽ വാസ്തവത്തിൽ അതില്ല യാതൊരു സ്വത്തോ പ്രതിഫലമോ ഇല്ലാതെയായിരുന്നു ഗുരുകുല

ങ്ങളൊക്കെ പഴയകാലത്തു നടന്നുവന്നിരുന്നതു്. ഗുരുനാഥൻ പരമവിരക്തനും, തപസ്വിയുമായിരിക്കും. അദ്ദേഹത്തിന്നു വിശേഷിച്ചൊന്നും ആവശ്യമില്ല. ഓലമേഞ്ഞ പൎണ്ണശാലകളിലൊ മരച്ചുവട്ടിലൊ ആയിരിക്കും താമസം. മാൻതോൽ, മരവിരി, മൺപാത്രങ്ങൾ ഇവയായിരിക്കും അവിടെയുള്ള ഉപകരണങ്ങൾ. ആഹാരം ഭിക്ഷകൊണ്ടാണ്. ഓരോദിവസവും അടുത്തുള്ള ഏതെങ്കിലും ഗ്രാമത്തിലേക്കു ശിഷ്യന്മാരിൽ ചിലർ ഭിക്ഷയ്ക്കുപോണം. അവർ കൊണ്ടുവരുന്ന പദാൎത്ഥം കൊണ്ടാണ് ഗുരുവിന്നും ശിഷ്യന്മാൎക്കും അന്നത്തെ ആഹാരം. ഇന്നത്തെ മാതിരി പുസ്തകങ്ങളോ എഴുത്തുസാമഗ്രികളൊ അന്നാവശ്യമില്ല. താലപത്രത്തിലും, ഭൂൎജ്ജപത്രത്തിലുമാണ് അന്നത്തെ എഴുത്ത്. അതു കാട്ടിൽ ഇഷ്ടംപോലെ കിട്ടും. എഴുതാൻ ഇരുമ്പുകൊണ്ടുള്ള ഒരെഴുത്താണിമാത്രമെ ആവശ്യമുള്ളു. പിന്നെ ഇന്നത്തെമാതിരി കൂടുതൽ എഴുതേണ്ട ആവശ്യവും അന്നുണ്ടായിരുന്നില്ല ഒന്നാമതു് ഒരിക്കൽകേട്ടാൽ ഓൎമ്മവെക്കാവുന്ന ബുദ്ധിശക്തിയുണ്ടായിരുന്നു ശിഷ്യന്മാൎക്ക്. പിന്നെ വായിച്ചുപഠിക്കലല്ല; ചൊല്ലിപഠിക്കലൊണ് അക്കാലത്തധികവും. അപ്പോൾ പിന്നെ ഗുരുകുലത്തിൽ സ്വത്തിന്റെ ആവശ്യമെന്താണ്? അപ്പോൾ ഗുരുകുലമെന്നുപറഞ്ഞാൽ ഗുരുവും ശിഷ്യന്മാരുംകൂടി താമസിക്കുന്ന സ്ഥലം എന്നേ അൎത്ഥമാക്കേണ്ടതുള്ളു.

വിദ്യകൾ ആകെ പതിനാലെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. നാലു വേദങ്ങൾ, നാലുപവേദങ്ങൾ, ആറ

[illegible] ജനിച്ചു. പ്രസ്തുത പതിനാലു വിദ്യകളെ
യും പഠിക്കലോടുകൂടി വിദ്യാഭ്യാസത്തിന്റെ പരി
സമാപ്തി. പിന്നെ പ്രവേശിക്കേണ്ടതു ഗാർഹസ്ഥ്യത്തിലേ
ക്കു [illegible] പ്രവേശിച്ചിരിക്കണമെന്നില്ലയത്രെ. പതിനാ
ലു വിദ്യകൾ പഠിച്ചുകഴിഞ്ഞാൽ ഒന്നാമത്തെ വിദ്യാഭ്യാസം
കഴിഞ്ഞു. ഇപ്പോഴ് വിദ്യാഭ്യാസം [illegible]
പിന്നെ ആത്മവിദ്യമാത്രമേ പഠിക്കാൻ [illegible]
കവേദാന്തശാസ്ത്രങ്ങളിൽ [illegible] സംസാരത്തിൽ
നിന്നു നിവൃത്തനായി [illegible] ഉപേക്ഷിച്ചു സ
ന്യസിച്ചു ആത്മവിദ്യയും പഠിക്കാം. സന്യാസത്തി
ന്നർഹനായില്ലെങ്കിൽ വിദ്യാർത്ഥിജീവിതത്തിൽനിന്നു
നിവർത്തിച്ചു വിവാഹം കഴിച്ചു ഗൃഹസ്ഥനാവാം. പി
ന്നെ വേദാന്തശാസ്ത്രങ്ങൾ [illegible] ഉപേക്ഷി
ച്ചു സന്യസിക്കുകയുമാവാം. വിദ്യാഭ്യാസം [illegible]
പ്പിച്ചു [illegible]
[illegible]
[illegible]
കാരണത്താൽ [illegible] ആയി
ല്ല. ഇനി വേറെ ഒന്നു പറയട്ടെ. [illegible]
സമ്പ്രദായം വളരെ [illegible]
പഠിക്കാൻ [illegible] വിദ്യാ
ഭ്യാസകാലത്ത [illegible]
പ്രതിഫലം.

പതിനാലു വിദ്യകളെ പഠിക്കലാണ് അന്നത്തെ
വിദ്യാഭ്യാസമെങ്കിലും [illegible] സംസ്കൃതി [illegible]

ന്റെ അധികാരമാണ്. അതാണ് ഗുരുകുലത്തിൽ ചേരുന്ന ബ്രഹ്മചാരിയുടെ പ്രഥമകർത്തവ്യം ... ബ്രഹ്മചര്യം പരിശീലിപ്പിക്കുന്നത് ഗുരുപരിചര്യയിലൂടെ ... ണ്. ശിഷ്യന്മാർക്കു ഉപാസകരും മാതൃകാജീവിതം നയിക്കുന്ന ഗുരുനാഥന്മാരാണ്. ധനവാനെന്നോ, ദരിദ്രനെന്നോ, രാജപുത്രനെന്നോ, ദാസപുത്രനെന്നോ ഉള്ള വ്യത്യാസം ഗുരുകുലത്തിലില്ല. എല്ലാവരും ഒരേ ജീവിതമാണ്. ത്യാഗം, ബ്രഹ്മചര്യം, സ്നേഹം, ഔദാര്യം, വിശ്വാസം, ഭക്തി എന്നീ ഗുണങ്ങൾ ശിഷ്യൻ അഭ്യസിക്കുകതന്നെ വേണം. ഇപ്പോഴത്തെ പാഠശാലകളിലെ പഠിക്കുന്നതിനേക്കാൾ എത്രയോ വലിയ കാര്യമാണ് ജീവിത സമ്പ്രദായത്തിൽ ഗുണങ്ങളിലും ദോഷങ്ങളിലും സംഭവിക്കുന്ന മാറ്റങ്ങൾ. ഒരു കുടുംബത്തിലെ എന്നപോലെ കഴിയുന്ന ഒരു വിദ്യാർത്ഥിക്ക് ഗുരുകുലത്തിൽനിന്ന് ലഭിക്കുന്നതുപോലെ മറ്റെങ്ങുമില്ല. അതിനാൽ ഒരു ഗുരുവിനാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ശിഷ്യൻ പിന്നെ മറ്റൊരുത്തനെ ഗുരുനാഥനായി സ്വീകരിക്കാൻ പാടില്ല. ഗുരുവിന്റെ ആജ്ഞ രാജശാസനത്തെക്കാൾ വലിയതാണ്. അതിനെ ലംഘിക്കുവാൻ ഇഹത്തിലും പരത്തിലും ആരുമില്ല. ഗുരുശിഷ്യത്തിൽനിന്ന് രാജാവിനു പോലും രക്ഷിക്കാൻ വയ്യ. ഇതാണ് ഗുരുകുലത്തിലെ അദ്ധ്യയനരീതിയുടെ സമ്പ്രദായം.

ആത്മജ്ഞാനമാകുന്ന ഭാരതീയരിൽനിന്ന് കിട്ടിപ്പെട്ടിട്ടുള്ളതാണ് എല്ലാ വേദങ്ങളും ശാസ്ത്രങ്ങളും. അധ്യാത്മജ്ഞാനത്തോട് ബന്ധപ്പെടുത്താത്ത ഒരു ശാസ്ത്ര

വുമില്ല. അവയെയാണ് പഠിക്കുന്നതു്. അതിനാൽ അദ്ധ്യാത്മജ്ഞാനത്തിന്നു് ആവശ്യകങ്ങളായ ത്യാഗവൈരാഗ്യാദികഠം അവശ്യം അഭ്യസിക്കണം. മിതമായ ആഹാരം, മിതമായ നിദ്ര, പരിമിതമായ മററുപകരണങ്ങഠം ഈ തോതിലാണ് ജീവിതം. എല്ലാവരും നിലത്തുകിടക്കണം. ഒററവസ്ത്രമേ ധരിക്കാവൂ. ഭിക്ഷകൊണ്ടാഹാരം കഴിക്കണം. എല്ലാവരും ഭിക്ഷയ്ക്കു പോണം. നിത്യേന ബ്രാഹ്മമുഹൂർത്തത്തിൽ സ്നാനം, മന്ത്രജപം, ദേവപൂജ, അഗ്നിപൂജ, ഗുരുവന്ദനം ഇവയൊക്കെ നിർബ്ബന്ധമാണ്. പന്ത്രണ്ടു കൊല്ലകാലമാണ് അന്നത്തെ വിദ്യാർത്ഥിജീവിതത്തിൻെറ കാലനിർണ്ണയം. ചിലർക്കൊക്കെ അതിന്നുമുമ്പുതന്നെ അവസാനിപ്പിക്കാൻ കഴിഞ്ഞേക്കാം. ചിലർക്കൊന്നും ആ കാലംകൊണ്ടായില്ലെന്നും വന്നേയ്ക്കാം. അതു ഓരോരുത്തരുടേയും ബുദ്ധിശക്തിക്കനുസരിച്ചിരിക്കും. ഏതായാലും വിദ്യാർത്ഥിജീവിതം കഴിഞ്ഞുമടങ്ങി ഗൃഹത്തിൽ വരുമ്പോഴേക്ക് എല്ലാംകൊണ്ടും ഒരുത്തമപൌരനായിത്തീരാനുള്ള എല്ലാ സംസ്കാരങ്ങളും വേണ്ടത്ര വികസിച്ചിട്ടുണ്ടാവും. എല്ലാ വിഷയത്തെക്കുറിച്ചും പൂർണ്ണമായ അറിവുമുണ്ടായിരിക്കും. ഒരാഠംക്കെന്തെല്ലാം അറിയണമോ, അല്ലെങ്കിൽ ഈ ലോകത്തിൽ മനുഷ്യനറിയത്തക്കതായി എന്തെല്ലാമുണ്ടോ, അതൊക്കെ അറിയുകയും ചെയ്യാം. അതിനാൽ അവനെ വിദ്വാനെന്നു പറയുന്നു.

ഉപനയനം കഴിച്ചാണ് ഗുരു ശിഷ്യനു വിദ്യോപദേശം ചെയ്തുതുടങ്ങുന്നത്. വിദ്യാഭ്യാസം കഴിഞ്ഞാൽ

സമാവത്തനം കഴിച്ച് ഗൃഹത്തിലേക്കു മടക്കി അയയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഗുരുകുലങ്ങൾ ഭാരതത്തിൻെറ നാനാമൂലകളിലുമുണ്ടായിരുന്നു പഴയ കാലത്തു്. ജനമദ്ധ്യത്തിൽ നിന്നു വിട്ടു വിജനമായ വനമദ്ധ്യത്തിലോ പവ്വതസാനുക്കളിലോ ആയിരിക്കും മിക്കവാറും ഗുരുകുലങ്ങളൊക്കെ. രാമായണപ്രസിദ്ധനായ ഭരദ്വാജമഹർഷിക്കു ഒരു വലിയ ഗുരുകുലമുണ്ടായിരുന്നുവത്രെ. വളരെയധികം ശിഷ്യന്മാരെ അവിടെ അദ്ധ്യയനം ചെയ്യിച്ചിരുന്നു എന്നാണൈതിഹ്യം. ഭരദ്വാജമഹർഷിയുടെ ഗുരുകുലം ഉണ്ടായിരുന്ന സ്ഥലത്താണത്രേ ഇന്നത്തെ അലഹബാദ് സവ്വകലാശാല നില്ക്കുന്നതു്.

അങ്ങിനെയുള്ള പരിപാവനമായ വിദ്യാഭ്യാസത്തിൻെറയും അതുമുഖേന കിട്ടുന്ന മാതൃകാപരമായ ജീവിതത്തിൻെറയും അഭാവമാണ് ഇന്നു ഭാരതത്തെ ബാധിച്ചിരിക്കുന്ന ഏററവും വമ്പിച്ച വിപത്തു്. സംസ്കാരമാണ് മനുഷ്യൻെറ ജീവിതമെന്നുപറഞ്ഞാൽ. അതാകട്ടെ നന്നാവുന്നതും വികസിക്കുന്നതും വിദ്യാഭ്യാസംകൊണ്ടുമാണ് അതിനാൽ ഏററവും നല്ല വിദ്യാഭ്യാസമാണ് ഒരു രാജ്യത്തിൻെറയും ഒരു വ്യക്തിയുടേയും ഏററവും മികച്ച സമ്പത്തു്.

# ദേവയാനം

മാനസികമായ സംസ്കാരത്തിൻെറ രണ്ടു രൂപ ത്തിലുള്ള പ്രവാഹമാണ് ദേവയാനവും, പിതൃയാനവും. പിതൃയാനം ദുരിതത്തിൽക്കൂടിയുള്ള അധഃപതനമാണെ ങ്കിൽ ദേവയാനം സുകൃതത്തിൽക്കൂടെയുള്ള ഉയൎച്ചയാ ണ്. പിതൃയാനത്തിൻെറ സ്വരൂപം ഇതേ പംക്തിക ളിൽക്കൂടെത്തന്നെ വായിച്ചതായി വായനക്കാർ ഓൎക്കുന്നു ണ്ടായിരിക്കുമല്ലൊ. പിതൃയാനത്തിൻെറ മറുവശമായ ദേവയാനത്തെ ചിത്രീകരിക്കാൻ ശ്രമിക്കാം ഇപ്രാ വശ്യം.

സത്വരജസ്തമസ്സുകളുടെ സംഘാതമാണ് ചിത്തം അല്ലെങ്കിൽ അന്തഃകരണം. അന്തഃകരണം ചലനാത്മ കമാണ്. എപ്പോഴും ചലിച്ചുകൊണ്ടിരിക്കും. ചലി ക്കുമ്പോൾ പലതരത്തിലുള്ള പരിണാമവിശേഷങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു നിമിഷത്തിൽത്ത ന്നെ എത്രയോ പരിണാമങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. പരിണാമങ്ങൾ അത്യന്തസൂക്ഷ്മങ്ങളാണെങ്കിലും അവ കുറെ അധികം ഒന്നിച്ചുചേരുമ്പോൾ പ്രസ്പഷ്ടങ്ങളാവു ന്നു. അങ്ങിനെ അപ്പഴപ്പോൾ വ്യക്തമായിത്തിരുന്ന പരിണാമവിശേഷങ്ങളെയാണ് നാം വികാരങ്ങളെന്നു പറയുന്നത്. കാമം, ക്രോധം, ലോഭം, മോഹം ഇത്യാ ദി വികാരങ്ങൾ വൎദ്ധിക്കുമ്പോൾ വിചാരങ്ങളാവുന്നു. വിചാരങ്ങൾ പ്രവൃത്തികളായും, പ്രവൃത്തികൾ അനുഭവ ങ്ങളായും മാറുന്നു. അനുഭവങ്ങളിൽക്കൂടെയാണ് ജീവൻ

KOTTAYAM

സുഖദുഃഖങ്ങളെ അനുഭവിക്കുന്നതെന്നാണ്, സാധാരണ ജനങ്ങളുടെ ബോധം. എന്നാൽ അനുഭവങ്ങളെക്കാൾ മുമ്പുള്ള കർമ്മങ്ങളും, വിചാരങ്ങളും, വികാരങ്ങളും, പരിണാമങ്ങളും ചലനങ്ങളുമെല്ലാം ജീവന്നു സുഖദുഃഖകാരണങ്ങളാണ്. എന്നാൽ അവ ഉത്തരോത്തരം സൂക്ഷ്മസൂക്ഷ്മങ്ങളാണെന്ന കാരണത്താൽ സൂക്ഷ്മദൃഷ്ടിയില്ലാത്തവർ അറിയുന്നില്ലെന്നുമാത്രം.

ചലനപരിണാമങ്ങളെക്കൊണ്ട് അന്തഃകരണത്തിലെ സത്വാദിഗുണങ്ങൾ വദ്ധിക്കുകയും ചുരുങ്ങുകയും ചെയ്യുന്നുണ്ട്. ഗുണങ്ങളുടെ ഏററക്കുറവു നിമിത്തം വികാരവിചാരങ്ങൾക്കും, കർമ്മാനുഭവങ്ങൾക്കുമൊക്കെ മാററം സംഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. സത്വഗുണം വദ്ധിക്കുമ്പോൾ ഈശ്വരനിലും ശാസ്ത്രങ്ങളിലും വിശ്വാസവും സജ്ജനങ്ങളിൽ ബഹുമാനവും സത്യാഹിംസാദിധർമ്മങ്ങളിൽ ശ്രദ്ധയും ദുരാചാരങ്ങളിൽ വെറുപ്പുമുണ്ടാവുന്നു എന്നാൽ രജോഗുണം വദ്ധിച്ചാൽ ലോകവിഷയങ്ങളിലും അവയെ സമ്പാദിക്കാനുള്ള കർമ്മങ്ങളിലും ശ്രദ്ധയും, സത്യാഹിംസാദികളിലും സജ്ജനങ്ങളിലും ഈശ്വരനിലും അശ്രദ്ധയും ഉണ്ടാവുന്നു. രാഗാദിവികാരങ്ങളും അവയെ മുൻനിർത്തിയുള്ള വിചാരങ്ങളും വദ്ധിച്ചു കർമ്മങ്ങളിൽ മുഴുകുന്നു. എല്ലാററിലുംവെച്ചു വലുതു കർമ്മങ്ങളാണെന്നും, കർമ്മംകൊണ്ടേ ശ്രേയസ്സുള്ളു എന്നും ബോധിക്കുന്നു. തമോഗുണം വളരുമ്പോൾ മൂഢത വദ്ധിച്ചു ഒന്നിൻെറയും സത്യം തിരിച്ചറിയാൻ കഴിയാതാവുന്നു. വിഷയങ്ങളിൽ അത്യാഗ്രഹമുണ്ടാവും. എന്നാൽ

ഒരു കൎമ്മവും ചെയ്യാനിഷ്ടമില്ല. ത്യാഗംകൊണ്ടല്ല; ആലസ്യംകൊണ്ട്. വൎദ്ധിച്ച രാഗദ്വേഷങ്ങളെക്കൊണ്ടും മദമത്സരങ്ങളെക്കൊണ്ടും പീഡിതനായിത്തീരും. ആഹാരനിദ്രാദി ശരീരധൎമ്മങ്ങൾതന്നെ ജീവിതത്തിലെ മുഖ്യകാൎയ്യങ്ങൾ. അങ്ങിനെ ഉദയാസ്തമിതപ്രായനായി ആയുസ്സിനെ ഉന്തിതള്ളി നീക്കി മരണത്തിൻെറ വായിലെത്തും.

ഒരിക്കൽ തമോഗുണമാണ് വൎദ്ധിക്കുന്നതെങ്കിൽ അതിൻെറ ഫലമായി അധോയോനികളിൽ പതിക്കാനും, രജോഗുണമാണ് വൎദ്ധിക്കുന്നതെങ്കിൽ വീണ്ടും അതേ നിലയിലുള്ള ജീവിതംതന്നെ കിട്ടാനും, സത്വഗുണമാണ് വൎദ്ധിക്കുന്നതെങ്കിൽ ഊൎദ്ധ്വയോനിയിലേയ്ക്കു പോവാനും ഇടയായിത്തീരുന്നു. വീണ്ടും അതാതു ജീവിതത്തിലെ സംസ്കാരത്തിൻെറ വളൎച്ചയ്ക്കനുസരിച്ച് ഊൎദ്ധ്വാധോയോനികളിൽ മാറി മാറി ജനിച്ചും മരിച്ചും കഴിഞ്ഞുകൂടും. സത്വഗുണം വൎദ്ധിക്കുമ്പോൾ ജാഗ്രദവസ്ഥയും, രജോഗുണം വൎദ്ധിക്കുമ്പോൾ സ്വപ്നാവസ്ഥയും, തമോഗുണംവൎദ്ധിക്കുമ്പോൾ സുഷുപ്ത്യവസ്ഥയും വൎദ്ധിക്കുന്നു. മരണസമയത്തു സത്വഗുണത്തിന്നാണാധിക്യമെങ്കിൽ ജാഗ്രദവസ്ഥയിൽക്കൂടെയും, രജോഗുണമാണ് വൎദ്ധിച്ചിരിക്കുന്നതെങ്കിൽ സ്വപ്നാവസ്ഥയിൽക്കൂടെയും, തമോഗുണമാണ് വൎദ്ധിച്ചിരിക്കുന്നതെങ്കിൽ സുഷുപ്ത്യവസ്ഥയിൽക്കൂടെയുമാണ് മരിക്കുന്നതു്. സുഷുപ്തിയിൽക്കൂടി മരിച്ച ജീവൻ അധോയോനിയിലേയ്ക്കും, ജാഗ്രത്തിൽക്കൂടെയാണെങ്കിൽ ഊൎദ്ധ്വയോനിയിലേയ്ക്കും,

സ്വപ്നത്തിൽക്കൂടെയാണെങ്കിൽ മദ്ധ്യമമായ യോനിയിലേയ്ക്കുമാണ് പോവുന്നതെന്നു കരുതണം. മരണം പുനർജ്ജന്മമാകുന്ന വൃക്ഷത്തിൻെറ ബീജമാണ്. വിത്തു കണ്ടാൽ അതിൽനിന്നുണ്ടാവുന്ന വൃക്ഷം എങ്ങിനെയുള്ളതാവുമെന്നു ഊഹിക്കാൻ കഴിയുന്നതുപോലെ മരണം കൊണ്ടു ആ ജീവൻെറ പുനർജ്ജന്മത്തിൻെറ സ്വരൂപത്തെയും ഊഹിച്ചറിയാൻ കഴിയുന്നു. എന്നാൽ ഇതൊക്കെ പിതൃയാനത്തിൻെറ പലതരം വകഭേദങ്ങളിൽ ചിലതുമാത്രമാണ്. ദേവയാനമാകട്ടെ പിന്നീടു ജനിക്കാൻ അർഹതയില്ലാത്ത തോതിലുള്ള ജീവിതവും, മരണവും, മരണാനന്തരം ഊർദ്ധ്വയോനികളിൽക്കൂടെ ഉയന്നുകൊണ്ടുള്ള പോക്കുമാണ്. ദേവയാനത്തിലെത്തിയ ഒരാൾ മുക്തനായി എന്നർത്ഥമില്ല. മുക്തനാവാൻ പിന്നെയും വളരെ കാലം വേണ്ടിവന്നേയ്ക്കാം. എന്നാൽ വിട്ടുപോയ ലോകങ്ങളിലേയ്ക്കു രണ്ടാമതു മടങ്ങിവരേണ്ടതില്ലെന്നു വിശ്വസിക്കാം. ആയതു് എങ്ങിനെയെന്നു നിരൂപിക്കാം.

ഓരോ ജന്മത്തിലും തുടർച്ചയായുള്ള സൽക്കർമ്മങ്ങളെക്കൊണ്ടും, സജ്ജനസംസർഗ്ഗംകൊണ്ടും ക്രമേണ സംസ്കാരവും ഏറ്റവും നിർമ്മലമായിത്തീരുമ്പോൾ സത്വഗുണത്തിൻെറ പൂർണ്ണതയോടുകൂടിയ ഒരു പുണ്യജന്മം കിട്ടുന്നു. അപ്പോൾ നിഷ്കാമനായും ത്യാഗിയായും ജീവിക്കാൻ സാധിക്കുന്നു. അങ്ങിനെയൊരു ജന്മം കിട്ടുകയെന്നതെളുപ്പമല്ല. ഈശ്വരകാരുണ്യംകൊണ്ടും സുകൃതാതിരേകംകൊണ്ടുംതന്നെ വേണം അങ്ങിനെയുള്ളൊരു ജ

ന്മവും ജീവിതവും കിട്ടാൻ. ഏതായാലും കിട്ടിക്കഴി ഞ്ഞാൽ വലിയകാൎയ്യമാണ്. ഈശ്വരനിലും വേദശാസ്ത്ര ങ്ങളിലും സജ്ജനങ്ങളിലും, സജ്ജനാചാരങ്ങളിലും പര മാൎത്ഥമായ ശ്രദ്ധയും ഭക്തിയും വിശ്വാസവുമുണ്ടാവുന്നു. ജഗത്തു മിത്ഥ്യയാണെന്നും, ഈശ്വരൻമാത്രമാണ് സ ത്യമെന്നും, വിഷയങ്ങൾ ദുഃഖൈകസ്വരൂപങ്ങളാണെ ന്നും, സംസാരം മരുമരീചികപോലെ കേവലം ഭ്രാന്തി മാത്രമാണെന്നും ബോദ്ധ്യം വരുന്നു. തന്റെ അജ്ഞാന ഭ്രാന്തിയുടെ രൂപംമാത്രമായ സംസാരത്തിൽനിന്നു നിവ ൎത്തിക്കുകയും, സത്യസ്വരൂപനായ ഈശ്വരനോടു ചേരു കയും ചെയ്യുമ്പോൾ മാത്രമേ സമാധാനം കിട്ടാൻ പോ വുന്നുള്ളുവെന്നും തീൎച്ചയായി. അതിനാൽ അതുമാത്ര മാണ് ജീവിതത്തിലെ ഒരേ ഒരു ലക്ഷ്യം. മററൊന്നും സാധിക്കാനില്ല ജീവിതത്തിൽ. ത്യാഗവൈരാഗ്യങ്ങ ളെക്കൊണ്ടു സംസാരത്തിൽനിന്നു നിവൎത്തിക്കലും, ഭക്തിജ്ഞാനങ്ങളെക്കൊണ്ടു ഭഗവാനോടു ചേരലും മാത്ര മാണ് ജീവിതത്തിൽ തനിക്കു സാധിക്കാനുള്ള ഏക ലക്ഷ്യം. അതിനുവേണ്ടിയല്ലാതെ മററൊന്നിനു വേ ണ്ടിയും തനിക്കൊന്നും ചെയ്യാനില്ല. താൻ ആരോടും ബന്ധപ്പെട്ടിട്ടില്ല. ആരും തന്നോടും ബന്ധപ്പെട്ടിട്ടില്ല. ഓരോ ജീവന്മാരും അവരവരുടെ പ്രാരബ്ധം അനുഭവി ക്കാൻവേണ്ടി ജനിച്ചിരിക്കുന്നു; അതിനെ അനുഭവിക്കു കയും ചെയ്യുന്നു. അതിന്നു മററാരും ഒന്നും ചെയ്യേണ്ട തില്ല എന്നൊക്കെ ബോദ്ധ്യംവന്നു സംസാരത്തിൽനിന്നു നിവൃത്തനാവാൻ ബദ്ധപ്പെട്ടുതുടങ്ങും. "ക്രമേണ സംസാ

രധമ്മത്തിലും, ശരീരധമ്മങ്ങളിലും വെറുപ്പും, ആത്മധമ്മങ്ങളിൽ ആസക്തിയും വർദ്ധിച്ചു തുടങ്ങും. അതിൻെറ ഫലമായി ലോകവ്യവഹാരങ്ങളിലൊന്നും ഇടപെടാതെ, ഗൃഹകുടുംബാദികളിൽപോലും ബന്ധിക്കാതെ ഈശ്വരഭജനം, ക്ഷേത്രദർശനം, തീർത്ഥാടനം, വ്രതാനുഷ്ഠാനം, സ്വാദ്ധ്യായം, ജപകീർത്തനങ്ങൾ, സൽസംഗം തുടങ്ങിയവയിൽത്തന്നെ എപ്പോഴും മുഴുകിയും, ശരീരധമ്മങ്ങളിൽപ്പോലും ശ്രദ്ധയില്ലാതെയും കഴിയാൻ തുടങ്ങും. അങ്ങിനെകാലംകൊണ്ടു സംസ്കാരത്തിന്നു അത്യന്തപരിപക്വതയുണ്ടാവുമ്പോൾ ഒരു പുണ്യസന്ദർഭത്തിൽ ചിത്തത്തിലെ ഗുണപ്രവാഹത്തെത്തടഞ്ഞു് ആത്മബോധം പ്രകാശിപ്പിക്കാൻ പ്രാപ്തിയുള്ള ഈശ്വരസ്വരൂപിയായ ആചാര്യനെ കണ്ടുകിട്ടാനിടയാവും. ഉടനെ സംസാരത്തെ മുഴുവൻ ഉപേക്ഷിച്ചു സവ്വസംഗപരിത്യാഗംചെയ്തു സന്യസ്തനായി ആചാര്യനിൽനിന്നു തത്വത്തെ ഗ്രഹിച്ചു കൃതകൃത്യനാവും. വിജനപ്രദേശത്തു് ഏകാന്തവാസമോ പരിവ്രാജകവൃത്തിയോ അംഗീകരിച്ചു ഗ്രഹിക്കപ്പെട്ട ആത്മതത്വത്തെ മനനംകൊണ്ടു നിസ്സംശയമാക്കി നിദിദ്ധ്യാസംകൊണ്ടു സാക്ഷാൽകരിക്കും. അതോടെ അറിയേണ്ടതറിഞ്ഞു്, കിട്ടേണ്ടതു കിട്ടി കൃതകൃത്യനായി. എല്ലാ കാരണങ്ങളും അത്യന്തപ്രശാന്തങ്ങളായി പിന്നെ സംസാരത്തിൻെറ ചിന്തപോലുമില്ലാതെ പലപ്പോഴും ശരീരത്തെപോലും മറന്നു് ആത്മൈകസ്വരൂപനായി പ്രാരബ്ധാവശേഷത്തെയും കാത്തുകൊണ്ടിരിക്കും. തന്നെക്കൊണ്ടു ലോകത്തേയ്ക്കോ ലോകത്തിൽ

നിന്നു തനിയ്ക്കോ യാതൊരുപ്രകാരത്തിലുമുള്ള നന്മയും തിന്മയുമില്ലാതെ കേവലം ലോകബാഹ്യനായിത്തന്നെ പ്രാരബ്ധാന്ത്യംവരെ ദേഹധാരണവും ചെയ്തുകൊണ്ടിരിക്കും. സന്ദർഭം വരുമ്പോൾ ജാഗ്രദാദി അവസ്ഥാത്രയത്തെയും, ശരീരാദികരണത്രയത്തെയും അതിക്രമിച്ച നിർവ്വികല്പാവസ്ഥയിൽ ഇരുന്നുകൊണ്ടു സംസാരത്തേയൊ, ശരീരത്തെയോ അറിയാതെ പരഗതിയെ പ്രാപിക്കും. വൃക്ഷത്തിൽനിന്നു കൊഴിയുന്ന ഇലയെന്നപോലെ അറിയാതെ ശരീരം വീണുപോവും.

എന്നാൽ ഇത്രമാത്രംകൊണ്ടു പ്രസ്തുതമഹാത്മാവ് മുക്തനായെന്നർത്ഥമില്ല. എങ്കിലും പിന്നീട് ശരീരത്തോടുകൂടി ഭൂമിയിൽ ജനിക്കേണ്ട ആവശ്യമില്ല. സ്ഥൂലശരീരംകൊണ്ടു് ഈ ലോകത്തിൽനിന്നു സമ്പാദിക്കേണ്ടിയിരിക്കുന്ന സംസ്കാരം കിട്ടിക്കഴിഞ്ഞു. ഇവിടെ ഒന്നിനോടും ബന്ധപ്പെട്ടിട്ടുമില്ല. അതിനാൽ വീണ്ടും ഭൂമിയിലേക്കു വരേണ്ട ആവശ്യമില്ല. എങ്കിലും സൂക്ഷ്മശരീരംകൊണ്ടു സാധിക്കേണ്ടിയിരിക്കുന്ന പല സംസ്കാരങ്ങളും പിന്നെയും സാധിക്കുകയുംവേണം. സിദ്ധ-സാദ്ധ്യ-വിദ്യാധര-യക്ഷ-കിന്നര ഗുഹ്യകദേവാദിയോനികളിൽ അതിനുവേണ്ടി ചിരകാലം ജീവിക്കുകയും അവിടെ വെച്ചു സമ്പാദിക്കേണ്ട തപസ്സിനേയും സംസ്കാരത്തേയും സമ്പാദിക്കുകയും വേണം. പ്രസ്തുതദേവയോനികളെല്ലാംതന്നെ സൂക്ഷ്മശരീരമാത്രങ്ങളാകയാൽ അപ്പോഴൊന്നും സ്ഥൂലശരീരത്തിൻെറ അപേക്ഷയില്ല. അതിനാൽ സ്ഥൂലശരീരത്തിൽനിന്നു് മിക്കവാറും മുക്തരായ ഒരു

38102

നിലതന്നെയാണ്. അങ്ങിനെ ഊൎദ്ധ്വയോനികളിൽക്കൂടെ ക്രമേണ മേലോട്ടുയൎന്നുയൎന്ന്, ദ്വൈതഭാവന കേവലം നീങ്ങി അഭേദഭാവം പൂൎണ്ണമായിത്തീരുമ്പോൾ ആദിത്യമണ്ഡലത്തെ ഭേദിച്ചു കൈവല്യത്തെ പ്രാപിക്കുകയും ചെയ്യും. ദേവയാനത്തിലെത്തിയ ഒരു മഹാത്മാവ് ദിവ്യഭാവങ്ങളിൽക്കൂടിയും, ദിവ്യയോനികളിൽക്കൂടിയും, ദിവ്യലോകങ്ങളിൽക്കൂടിയും ഉയൎന്ന് ക്രമേണ കൈവല്യത്തെ പ്രാപിക്കുന്ന സമ്പ്രദായം ഏതാണ്ടിങ്ങിനെയാണ്. ഈ സമ്പ്രദായത്തിന്നു ക്രമമുക്തിയെന്നു പറയും.

സ്ഥൂലശരീരത്തിൽ ഇരിക്കുമ്പോൾത്തന്നെ പരമജ്ഞാനംകൊണ്ടു ഭേദഭാവനയും ശരീരബോധവും നിശ്ശേഷം അടങ്ങിയ ദുൎല്ലഭം ചില മഹാത്മാക്കൾക്കു സ്ഥൂലശരീരപാതാനന്തരം പിന്നെ മറ്റൊരു സംസ്കാരവും സാധിക്കേണ്ടതില്ലാത്ത രൂപത്തിൽ പൂൎണ്ണത വന്നിട്ടുണ്ടെങ്കിൽ അതോടെത്തന്നെ ആദിത്യമണ്ഡലത്തെ ഭേദിച്ചു കൈവല്യപ്രാപ്തിയുണ്ടാവാം. ആ സമ്പ്രദായത്തിന്നു സദ്യോമുക്തിയെന്നും പറയും.

സിദ്ധാദി ദിവ്യയോനിയിലെത്തിയാലും ചിലപ്പോൾ ദുൎല്ലഭം ചില മഹാത്മാക്കൾക്കു ചില സന്ദൎഭങ്ങളിൽ ഭൂമിയിൽ ജനിക്കേണ്ടിവന്നേക്കാം. അങ്ങിനെ വരുന്നത് അവശിഷ്ടമായ ഏതെങ്കിലും കൎമ്മവാസനയെ അനുഭവിച്ചുതീൎക്കാൻ വേണ്ടിയോ, അല്ലെങ്കിൽ കാരുണ്യംകൊണ്ടു മററുള്ളവരെ ഉദ്ധരിക്കാൻവേണ്ടിയോ, അതുമല്ലെങ്കിൽ വല്ലവരുടേയും ശാപംകൊണ്ടോ ആയിരിക്കും. എങ്കിലും അങ്ങിനെയുള്ളവരുടെ ജന്മം ആവ-

38102

ത്തിക്കപ്പെടുന്നില്ല. അതോടെ അവസാനിച്ചു വീണ്ടും അവർ ദിവ്യയോനിയിലേക്കുതന്നെ പോവുകയും ചെയ്യു ന്നു. കബീർ, തുളസീദാസൻ തുടങ്ങിയവർ ഈ വകു പ്പിൽപ്പെട്ടവരായിരുന്നു. അവരെ ഭഗവാൻതന്നെ ലോകോദ്ധാരണത്തിനുവേണ്ടി അയച്ചതായിരുന്നു. വൃ ത്രാസുരൻ ശാപംകൊണ്ടു ജനിക്കേണ്ടിവന്നതാണ്. വിദുരൻ, ഭീഷ്മൻ തുടങ്ങിയവരും ശാപംകൊണ്ടു ദിവ്യ യോനിയിൽനിന്ന് ഇറങ്ങി മനുഷ്യയോനിയിൽ ജനി ക്കേണ്ടിവന്നവരാണ്.

ദേവയാനവും പിതൃയാനവുമാകുന്ന സംസ്കാരത്തി ന്റെ ഈരണ്ടു രൂപത്തിലുള്ള പ്രവാഹത്തെ തിരിച്ചറിയു ന്നവൻ ഒരിക്കലും സംസാരത്തിൽ മുഗ്ദ്ധനായി ഉഴലാ നിടവരില്ല. അതിനെ തിരിച്ചറിയാത്തതുകൊണ്ടാ ണ് പലതരത്തിലുള്ള വ്യാമോഹങ്ങളിൽ മുഴകിത്താന്ന സംസാരപ്രവാഹത്തിൽനിന്നു കയറാനിടവരാതെ വിഷ മിക്കേണ്ടിവരുന്നതു്. വൈദികജ്ഞാനംകൊണ്ടു് ഒരാ ൾക്കു കിട്ടേണ്ടിയിരിക്കുന്നതും പ്രസ്തുത സംസ്കാരങ്ങളുടെ തിരിച്ചറിവാണ്. പല പേരുകളിൽക്കൂടിയും പല രൂപത്തിൽക്കൂടിയും വൈദികസാഹിത്യം ഈ സംസ്കാ രങ്ങളെ പ്രകാശിപ്പിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരു സ്വ രൂപത്തിൽ അറിഞ്ഞാൽത്തന്നെ ഭാഗ്യമായി. അത്ര മാത്രംകൊണ്ടുതന്നെ അവൻ ധന്യനും അവന്റെ ജന്മം സഫലവുമാവും.

# പഞ്ചവടി

അഞ്ചു് വടവൃക്ഷങ്ങൾ ഒരിടത്തു ഒന്നിച്ചുകൂടിച്ചേൎന്നു നില്ക്കുന്നതുകൊണ്ടാണത്രേ പ്രസിദ്ധമായ സീതാരാമാശ്രമത്തിന്നു പഞ്ചവടിയെന്ന പേരുണ്ടായതു്. ഇന്നും അവിടെ അഞ്ചു് വടവൃക്ഷങ്ങളുണ്ടു്. എന്നാൽ അവ പഴയകാലത്തെ പ്രസിദ്ധങ്ങളായ വടവൃക്ഷങ്ങളാണോ എന്നു സംശയമാണു്. അവയുടെ വലുപ്പംകൊണ്ടും പ്രായംകൊണ്ടും നോക്കുമ്പോൾ പിന്നീടു വെച്ചുപിടിപ്പിച്ചവയാണെന്നു തോന്നുന്നുണ്ടു്. പൂനാ-ബോംബെ ലൈനിൽ കല്യാൺ ജങ്ഷനിൽനിന്നാണു് പഞ്ചവടിയിലേയ്ക്കുള്ള വണ്ടിതിരിയുന്നതു്. ആ ലൈൻ മന്മാഡിലേയ്ക്കു പോവുന്നതാണു്. കല്യാണിൽനിന്നു സുമാറു അറുപത്തുനാഴിക പോയാൽ നാസിക്കു്റോഡെന്ന സ്റ്റേഷനിലെത്തും. അവിടെ ഇറങ്ങി അഞ്ചു്നാഴിക വടക്കുകിഴക്കായി നടന്നാൽ പഞ്ചവടിയിലെത്തും. ഗോദാവരീനദിയാണു്, നാസിക്കിനേയും പഞ്ചവടിയേയും വേർതിരിച്ചിരിക്കുന്നതു്. നദിയുടെ കിഴക്കേക്കരെ പഞ്ചവടിയും, പടിഞ്ഞാറെക്കരെ നാസിക്കും.

ഏറ്റവും പാവനമായൊരു തീൎത്ഥാടനകേന്ദ്രമാണു് പഞ്ചവടി. പഴയകാലംമുതൽക്കുതന്നെ അതിൻെറ മഹിമ ഭാരതത്തിൽ സൎവ്വത്ര വിദിതമാണു്. ഇന്നവിടെ പാവനമായ ഗോദാവരീതീൎത്ഥത്തിന്നുപുറമെ ഗോദാവരീദേവിയെ പ്രതിഷ്ഠിച്ചു് അഭിഷേകവും പൂജയും നടത്തിവരുന്ന ഒരു ക്ഷേത്രവുമുണ്ടു്. എത്രയോ ജനങ്ങൾ

ഭാരതഭൂമിയുടെ നാനാമൂലകളിൽനിന്നും വന്ന ഗോദാവരിയിൽ പ്രസിദ്ധമായ രാമകുണ്ഡമെന്ന സ്ഥലത്തു സങ്കല്പപൂർവ്വം സ്നാനംചെയ്തു ഗോദാവരീദേവിയെ ആരാധിച്ചു തങ്ങളുടെ വംശപരമ്പരയിൽ ഗതികിട്ടാതെ അലഞ്ഞു നടക്കുന്ന എല്ലാ പിതൃക്കളേയും പ്രേതങ്ങളേയും ആവാഹിച്ചു വരുത്തി കർമ്മംകൊണ്ടു സന്തർപ്പണംചെയ്തു ഗതി വരുത്തുന്നു. ഈ സമ്പ്രദായം എത്രയോ ആയിരക്കണക്കിലുള്ള കൊല്ലങ്ങളായി നടന്നുവരുന്നു. ഈ സമ്പ്രദായത്തിൽ ജനങ്ങൾക്കു വിശ്വാസം വരാൻവേണ്ടിയോ എന്നുതോന്നുമാറ് തീർത്ഥക്കരയിൽത്തന്നെ ഒരു ശിവക്ഷേത്രമുണ്ട്. കപാലധാരിയായ പരമേശ്വരനാണ് അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. ബ്രഹ്മഹത്യാദോഷംകൊണ്ടു ബ്രഹ്മകപാലവും ധരിച്ചു ഭിക്ഷാടനം ചെയ്യേണ്ടിവന്ന ശ്രീപരമേശ്വരനു ഗോദാവരീതീർത്ഥസ്നാനംകൊണ്ടു ബ്രഹ്മഹത്യാപാപത്തിൽനിന്നു മുക്തി കിട്ടിയെന്നു ബോധിപ്പിക്കയാണ് ആ പ്രതിഷ്ഠകൊണ്ടും ക്ഷേത്രംകൊണ്ടും ഉദ്ദേശിച്ചിരിക്കുന്നതെന്നാണൈതിഹ്യം.

പഞ്ചവടിയിലെ പ്രസിദ്ധമായ 'കാളരാമ്' (ശ്രീരാമക്ഷേത്രം ആരെയും അമ്പരിപ്പിക്കുന്ന അത്ഭുതകരമായൊരു ശില്പസമ്പത്തുതന്നെ. കട്ടത്ത പാറക്കല്ലിനെ ഇങ്ങിനെ പാകപ്പെടുത്താനും, ഇത്രയും സുന്ദരങ്ങളായ ഹർമ്മ്യങ്ങളാക്കി മാററാനും കഴിയുമെന്ന കഥ ഓർക്കാൻ പോലും സാദ്ധ്യമല്ല. എത്രയോ ആയിരം കൊല്ലങ്ങൾക്കു മുമ്പാണതു് നിർമ്മിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഇന്നും

ആരുടേയും കണ്ണിനേയും കരളിനേയും കവരുന്ന പുതിയൊരു മാതൃകാവസ്തുവായിത്തന്നെ പരിലസിക്കുന്നു. ക്ഷേത്രസൗധങ്ങളെ നിർമ്മിച്ച അസുലഭമായ കരകൌശലത്തിൻെറ മഹിമയേയോ, ക്ഷേത്രാന്തർഗ്ഗതനായ ഭഗവാൻെറ മഹിമയേയോ ഏതിനെയാണ് വാഴ്ത്തേണ്ടതെന്നു സംശയംതോന്നാം പ്രസ്തുത രാമക്ഷേത്രത്തിൽ ചെല്ലുന്ന ഒരാൾക്ക്. ദേവസൌധത്തിൻെറ പുരോഭാഗത്തുള്ള വിശാലമായ മണ്ഡപത്തിൻെറ മുകൾത്തട്ടിലേക്കു നോക്കുമ്പോൾ കാണുന്ന വികസിച്ച താമരപുഷ്പത്തെ ഒരിക്കൽ ഒരു നോക്കുകണ്ട ഒരാൾക്കു പിന്നീട്ട അതിനെ മറക്കാൻ വയ്യാ. ഓരോ ഭക്തൻെറയും ഹൃദയത്തിലെ വാടാമലരായിത്തീരുന്നുണ്ട്, പ്രസ്തുത താമരപുഷ്പം. അതൊന്നുമാത്രംമതി ഭാരതീയശില്പകലയുടെ യശസ്സിനെ അനശ്വരമാക്കിത്തീർക്കാൻ. ഇങ്ങനെ എത്രയോ ശില്പവിരുതുകളുടെ കേന്ദ്രമാണ് പ്രസ്തുത ശ്രീരാമക്ഷേത്രം.

രാമായണപ്രസിദ്ധങ്ങളായ കഥകൾ നടന്ന ചരിത്രപ്രസിദ്ധമായ പുണ്യസ്ഥലമാണ് പഞ്ചവടിയെന്ന കാരണത്താൽ വേറേയും അധവധി ദൃശ്യങ്ങളും സ്മാരകങ്ങളും അവിടെയുണ്ട്. അവയൊക്കെ ഇന്നും തീർത്ഥാടകരുടേയും ഭക്തന്മാരുടേയും ശ്രദ്ധയെ ആകർഷിക്കുന്നുമുണ്ട്. ശ്രീരാമചന്ദ്രൻ ഖരദൂഷണത്രിശിരസ്സുകളേയും മററു രാക്ഷസന്മാരേയും കൊന്നതായസ്ഥലം; ലക്ഷ്മണൻ സീതാദേവിയെ ഒളിപ്പിച്ചതായസ്ഥലം; ശൂർപ്പണഖയുടെ നാസാച്ഛേദം ചെയ്തതായ സ്ഥലം; ഇങ്ങിനെ ഭക്ത

ന്മാരുടെ ശ്രദ്ധയെ ആകർഷിക്കുന്ന അനവധി സ്മാരക സ്ഥലങ്ങൾക്കുപുറമെ അക്കാലത്തു അവിടെ തപോവാനിഷ്ഠയിൽ കഴിച്ചുകൂട്ടിയിരുന്ന ഋഷികളുടെ പുണ്യാശ്രമങ്ങളും ദൃശ്യങ്ങളായിട്ടുണ്ട്.

പഞ്ചവടിയിൽനിന്നു പതിനെട്ടുനാഴിക വടക്കുപടിഞ്ഞാറുമായി ത്ര്യംബകഗിരിയെന്നു പറയുന്ന മലയിൽനിന്നാണ് ഗോദാവരീനദി ആരംഭിക്കുന്നതു്. ഭക്തന്മാർ അവിടെയും പോയി മലകയറി സ്നാനദർശനങ്ങൾ ചെയ്യാറുണ്ട്. മലയുടെ അടിവാരത്തു ഗ്രാമത്തിൽ ത്ര്യംബകനാഥൻെറ ഒരു ക്ഷേത്രവുമുണ്ട്. പ്രസിദ്ധങ്ങളായ പന്ത്രണ്ടു ജ്യോതിർല്ലിംഗങ്ങളിൽ ഒന്നാണ് ത്ര്യംബകനാഥക്ഷേത്രത്തിലെ ശിവലിംഗമെന്നു പറയപ്പെട്ടിരുന്നു. അവിടെയും ധാരാളം തീർത്ഥാടകർ നിത്യേന ചെന്നു ദർശനം കഴിച്ചുവരുന്നു.

എത്രയോ ലക്ഷക്കണക്കിൽ ഉറപ്പിക ചിലവഴിച്ചു അസംഖ്യം ജനങ്ങളുടെ ചിരകാലത്തെ പരിശ്രമത്തിൻെറ ഫലമായിട്ടുള്ളവയും, ഒരുകാലത്തും കേടുവരാത്തവിധം ഉറപ്പിൽ കെട്ടപ്പെട്ടവയുമായ ഭാരതത്തിലെ പുണ്യക്ഷേത്രങ്ങൾ, വിശിഷ്യ തീർത്ഥക്കരകളിലെ പുണ്യക്ഷേത്രങ്ങൾ, ഏതു കാലത്തുള്ള ജനങ്ങൾക്കും —അവരെത്ര മൂഢന്മാരായാൽപ്പോലും അദ്ധ്യാത്മലോകത്തേക്കു കേറാനുള്ള സോപാനങ്ങളാണ്. ഭക്തിശ്രദ്ധയോടെ അവിടെപ്പോയി സ്നാനദർശനങ്ങൾ ചെയ്യുന്ന സുകൃതിക്കു് അതുകൊണ്ടുതന്നെ അവാച്യമായൊരു നിവൃതി അനുഭവിക്കാൻ കഴിയുന്നു. കൂടാതെ അങ്ങിനെ

യുള്ള സ്ഥലങ്ങളിൽ താമസിച്ച് അദ്ധ്യാത്മസാധനകളെ അഭ്യസിക്കുകകൂടിചെയ്യുന്നുവെങ്കിൽ പറയേണ്ടതില്ല; വളരെ വേഗത്തിൽ അവൻെറ എല്ലാ പ്രതിബന്ധങ്ങളും നീങ്ങി ആത്മസാക്ഷാല്ക്കാരമുണ്ടാവുന്നു. പഴയകാലത്തെ തപസ്വികളധികവും തീൎത്ഥങ്ങളെ കേന്ദ്രമാക്കിയാണ് താമസിച്ചുവന്നിരുന്നതു്. അതിനാൽ അവക്കു ഇന്നുള്ളതപസ്വികളേക്കാറം വളരെ വേഗത്തിൽ ആത്മസിദ്ധി അനുഭവിക്കാൻ കഴിഞ്ഞിരുന്നു. ഇന്നുള്ള തപസ്വികളിലും പട്ടണങ്ങളെ കേന്ദ്രമാക്കാതെ തീർത്ഥക്കരകളെ കേന്ദ്രമാക്കി തപോനുഷ്ഠാനങ്ങളിൽകൂടികഴിയുന്നവർ മററുള്ളവരേക്കാറം കൂടുതൽ ആത്മീയതയും, ജ്ഞാനാഭിവൃദ്ധിയും, ആത്മസിദ്ധിയും ഉള്ളവരായിരിക്കുന്നുണ്ട്. തീൎത്ഥങ്ങളുടേയും ക്ഷേത്രങ്ങളുടേയും മാഹാത്മ്യമാണതിന്നു കാരണം. തപസ്വികളല്ലെങ്കിലും തീൎത്ഥങ്ങളിലും ക്ഷേത്രങ്ങളിലും ഭക്തിയും വിശ്വാസവും ഉണ്ടാവുകയും ഇടയ്ക്കൊക്കെ പുണ്യതീർത്ഥങ്ങളിലും മഹാക്ഷേത്രങ്ങളിലും സ്നാനദർശനങ്ങറം നടത്തുകയും ചെയ്യുന്നപക്ഷം ആക്കും ആത്മശുദ്ധിയും വൈരാഗ്യവുമുണ്ടാവുമെന്നതു് തക്കമററ സംഗതിയാണ്. അതാണ് നമ്മുടെ തപസ്സിൻെറ ഒരു ഘടകമായി തീൎത്ഥാടനത്തെ വിധിക്കാൻ കാരണം. അതിനെ ഭക്തിശ്രദ്ധകളോടെ മാനിക്കുന്ന സുകൃതികറംക്കു് ഇന്നും പ്രയോജനപ്പെടുന്നുമുണ്ട്.

# ആത്മാനാത്മവിവേകം

ആത്മാവെന്നും അനാത്മാവെന്നുമുള്ള രണ്ടു ശബ്ദ ങ്ങൾ അതിപ്രധാനങ്ങളാണ്. വേദശാസ്ത്രത്തിൽ ചുരുക്ക ത്തിൽ അവയെ രണ്ടിനേയും തിരിച്ചറിഞ്ഞാൽ മററൊ ന്നും അറിയാനില്ലെന്നുകൂടിപ്പറയണം. പ്രസ്തുത രണ്ടു തത്വങ്ങൾക്കും പല ലക്ഷണങ്ങളേയും പറഞ്ഞിട്ടുമുണ്ട്, ശാസ്ത്രങ്ങളിൽ ലക്ഷണങ്ങളെ നിരൂപിച്ചാണ് ക്രമേണ ആത്മാവിനേയും അനത്മാവിനേയും തിരിച്ചറിയേണ്ട തു് എന്നുമാണ് ശാസ്ത്രസിദ്ധാന്തം. ആചാര്യന്മാർ ശിഷ്യന്മാരെ തത്വവിചാരം ചെയ്യിച്ചു ആത്മബോധി കളാക്കിത്തീർക്കുന്നതും അങ്ങിനെതന്നെ. വിഷമംപിടി ച്ച പ്രസ്തുത സമ്പ്രദായത്തിലെ ഏററവും എളുപ്പമുള്ള ഒരു മാർഗ്ഗത്തെ പ്രകാശിപ്പിക്കലൊണ് ഈ ലേഖനോ ദ്ദേശം.

തന്നെയാണ് ആത്മാവെന്നു പറയുന്നതെന്നും ആത്മാവെന്നു പറഞ്ഞാൽ താനെന്നെർത്ഥമാണെന്നും താനല്ലാത്തതിനെയാണ് അനാത്മാവെന്നു പറയുന്ന തെന്നും പ്രായേണ തത്വവിചാരത്തിൻെറ പ്രാരംഭദശ യിൽത്തന്നെ അറിഞ്ഞിരിക്കുന്നതു് വളരെ പ്രയോജന മാണ്. ഏതേതു വസ്തുക്കളെ താനെന്നഭിമാനിക്കുന്നു വോ, അവയൊക്കെ ആത്മാവും ഏതിനെയൊക്കെ ത ന്നിൽനിന്നന്യനായി അഭിമാനിക്കുന്നുവോ അവയൊ ക്കെ അനാത്മാക്കളുമാണെന്നു പ്രസ്തുതഅറിവിൽക്കൂടെ എളുപ്പത്തിൽ ബോധിക്കാൻ കഴിയും. അപ്പോൾ

പ്രപഞ്ചവും പ്രപഞ്ചത്തിലുള്ള സവ്വവസ്തുക്കളും താനല്ലെന്നു ബോധിക്കാനും അവയെ മുഴുവൻ അനാത്മാക്കളെന്നു പൂണ്ണമായി സമ്മതിച്ചു തള്ളിക്കളയാനും വളരെ എളുപ്പത്തിൽ സാധിക്കും. പ്രപഞ്ചവസ്തുക്കളും അവയ്ക്കു കാരണങ്ങളായ പഞ്ചഭൂതങ്ങളും മുഴുവൻ അനാത്മതേന ബോധിച്ചു തള്ളപ്പെട്ടുകഴിഞ്ഞാൽ പിന്നെ ശരീരവും, ഇന്ദ്രിയാദികരണങ്ങളുമാണു് ശേഷിക്കുന്നതു്. ജനനമരണങ്ങളെ ഓമ്മിക്കുകയും, നിരൂപിക്കുകയും ചെയ്യുമ്പോൾ ശരീരം താനല്ലെന്നും അതിനാൽ അനാത്മാവാണെന്നും വളരെ വേഗത്തിൽ ബോധിക്കാൻ കഴിയും. അനാദിയായ കാലം മുതൽക്കിങ്ങോട്ടുള്ള അനുഭവങ്ങളെ വിചാരിക്കുമ്പോൾ എത്രയോ ശരീരങ്ങളെ താൻ സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. അങ്ങിനെയുള്ള ശരീരങ്ങളെയൊന്നും ഇന്നു കാണുന്നില്ല. അവയെല്ലാം നശിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ താൻ ഇപ്പോഴും ഓജസ്സോടുകൂടിയിരിക്കുന്നു. തനിക്കു യാതൊന്നുകൊണ്ടും യാതൊരു കുറവും സംഭവിച്ചിട്ടില്ല. എന്നു വരുമ്പോൾ എത്രായിരം ശരീരങ്ങൾ ഉണ്ടായാലും നശിച്ചാലും തൻെറ നിലനില്പിന്നു വിശേഷിച്ചു മാററമൊന്നും വരാനില്ലെന്നും താൻ ശരീരമല്ലെന്നും ബോദ്ധ്യമാവാൻ മററെന്താണു് വേണ്ടതു്? അങ്ങനെ ദൃഗാദി ഇന്ദ്രിയങ്ങളുടെ വിഷയഭുക്തിയും തന്നിൽനിന്നു് വേറെയായിരിക്കുന്നു. കാരണം ഇതിനുമുമ്പു് എത്രയോ അസംഖ്യം കണ്ണുകളും ചെവികളും മററും തനിക്കുണ്ടായി. അവയൊക്കെ എത്രയോ അസംഖ്യം

വിഷയങ്ങളെ സ്വീകരിക്കുകയും ഭുജിക്കുകയും ചെയ്തു. എന്നാൽ അവയൊന്നും ഇന്നില്ല. എല്ലാം നശിച്ചു. എന്നാൽ തനിക്കാകട്ടെ യാതൊരു മാററമോ ഏററക്കുറച്ചിലോ കൂടാതെ ഇപ്പോഴും താൻ ഓജസ്സോടുകൂടിയിരിക്കുന്നു. ഇപ്പോഴും ചില കണ്ണും ചെവിയുമൊക്കെയുണ്ടു്. അവയും അടുത്തുനശിച്ചേക്കാം. എന്നാൽ തനിക്കു യാതോരു നാശവുമില്ലെന്നു് ഇതുവരത്തെ അനുഭവം കൊണ്ടു വ്യക്തമായിരിക്കുന്നു. അതിനാൽ താൻ ഇന്ദ്രിയങ്ങളുമല്ല. തനിക്കു മാററമോ ഏററക്കുറിച്ചിലോ ഉണ്ടായിട്ടില്ലെങ്കിൽ ഇതുവരെ പലപ്രകാരത്തിൽ പലപ്പോഴും ജനിച്ചതും വളർന്നതും മരിച്ചതും ഒക്കെ ആരായിരുന്നു? താനല്ലെന്നു വ്യക്തമല്ലെ. ശരീരത്തിൽക്കൂടെയാണു് ജനനമരണങ്ങൾ ജഗത്തിൽ ബോധിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്. അപ്പോൾ എത്രയോ അസംഖ്യം ജനനവും മരണവുമൊക്കെയുണ്ടായതു ശരീരത്തിനും ഇന്ദ്രിയങ്ങൾക്കുമായിരിക്കണം. എന്നാൽ പിന്നെ തനിക്കെന്തുണ്ടായി? എന്നുപരിശോധിക്കുമ്പോൾ യാതൊന്നുമുണ്ടായിട്ടില്ല. ജനിക്കുകയോ, മരിക്കുകയോ, ക്ഷയിക്കുകയോ, വദ്ധിക്കുകയോ, രോഗംപിടിക്കുകയോ, ആരോഗ്യത്തോടുകൂടിയിരിക്കുകയോ യാതൊന്നും ഉണ്ടായിട്ടില്ല. അവയെല്ലാം ഉണ്ടായതു ശരീരത്തിന്നാണ്. ശരീരത്തിലുള്ള ആത്മബുദ്ധികൊണ്ടായിരുന്നു അവയൊക്കെ തനിക്കുണ്ടായെന്നും, താനനുഭവിച്ചവെന്നും വിചാരിച്ചിരുന്നതു്. വാസ്തവത്തിൽ തനിക്കു യാതൊരു മാററവും ഉണ്ടായിട്ടില്ല. യാതൊന്നും അനു

ഭവിച്ചിട്ടുമില്ല. എന്നാൽ അങ്ങിനെയുള്ള താൻ അല്ലെങ്കിൽ ആത്മാവ് ആരാണ്? മനസ്സോ, ബുദ്ധിയോ, ജീവനോ ആണോ? നിരൂപിക്കണം. പിന്നെയും മനസ്സ് തുടങ്ങിയ തത്വങ്ങളെക്കുറിച്ചു നിരൂപിക്കുമ്പോൾ അവയുമല്ലെന്നു ബോദ്ധ്യമാവും.

ശരീരവും ഇന്ദ്രിയങ്ങളും കഴിഞ്ഞാൽ പിന്നെ മനസ്സും, ബുദ്ധിയും, ജീവനുമാണ് ആത്മതേ്വന ബോധിക്കാനുള്ള തത്വങ്ങൾ. മനസ്സിൽ പലതരത്തിലുള്ള ഭാവങ്ങളും വികാരങ്ങളുമുണ്ട്. അവ അപ്പപ്പോൾ ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നുവെന്നത് പ്രത്യക്ഷമാണ്. അപ്പഴൊന്നും താൻ ഉണ്ടാവുകയൊ നശിക്കുകയോ ചെയ്യുന്നില്ലെന്നും വ്യക്തമാണ്. ആ സ്ഥിതിക്ക് അവയൊന്നും താനാവാൻ വയ്യ. എന്നാൽ മനസ്സോ എന്നാണെങ്കിൽ, മനസ്സും ഇടക്കിടയ്ക്കു ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നുണ്ട്. സുഷുപ്തിയിൽ മനസ്സു കേവലം ലയിക്കുന്നു. വീണ്ടും ജാഗ്രത്തിൽ ഉണ്ടാവുന്നു. സുഷുപ്തിയിലും ജാഗ്രത്തിലും താൻ നശിക്കുകയും ഉണ്ടാവുകയും ചെയ്യുന്നില്ലന്ന കാരണത്താൽ മനസ്സും താനല്ല. അതുപോലെ ബുദ്ധിയും പലപ്പോഴും ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നുണ്ട്. അപ്പഴൊന്നും താൻ ഉണ്ടാവുകയോ നശിക്കുകയൊ ചെയ്യുന്നില്ല. അതിനാൽ താൻ ബുദ്ധിയും ആവാൻ വയ്യ. എന്നാൽ ജീവനൊ എന്നാണെങ്കിൽ, ജീവനും ഉദയാസ്തമനങ്ങളോടുകൂടിയിരിക്കുന്നുവെന്നും, അവതനിക്കില്ലാത്തതാണെന്നും ബോധിക്കുമ്പോൾ ജിവത്വവുമല്ല തൻെറ

സ്വരൂപമെന്നു പറയേണ്ടിവരും. അത്രമാത്രം ചുഴിഞ്ഞു പരിശോധിക്കുമ്പോൾ ജീവിതത്തിന്നു സത്ത തന്നെ ഉണ്ടോയെന്നു് സംശയം തോന്നും. എന്നാൽ അങ്ങിനെ സത്തയില്ലാത്തതോ ഉണ്ടെന്നു സങ്കല്പിക്കേണ്ടിയിരിക്കുന്നതോ ആയ വസ്തുവല്ലതാൻ; വാസ്തവത്തിലുള്ള ഒരു വസ്തുവിനെ പിന്നെ ഉണ്ടെന്നോ ഇല്ലെന്നോ സങ്കൽപിക്കേണ്ട ആവശ്യമില്ലല്ലോ. സങ്കല്പിച്ചതുകൊണ്ടു വിശേഷവും ഉണ്ടാകാൻപോവുന്നില്ല. സ്വതവേ ഉള്ളതിന്നു് ഒരു മാററം വരുത്താൻവയ്യ. അതിനാൽ താൻ സങ്കല്പമല്ല, സത്യമാണു്. ജീവിതം സങ്കൽപമാണു്, സത്യമല്ല. അതിനാൽ താൻ ജീവനുമല്ല. എന്നാൽ എപ്പോഴും ഉള്ളതും ഒരിക്കലും മുറിവില്ലാത്തതും മാററമോ ഏററക്കുറച്ചിലോ ഇല്ലാത്തതുമായ ഒരു വസ്തുവുണ്ടു്— പ്രാണൻ. അതല്ല, എന്തുകൊണ്ടെന്നാൽ പ്രാണനെ തന്നിൽ അടക്കിനിർത്തി തനിക്കിരിക്കാൻ കഴിയുന്നുണ്ടു് അപ്പോൾ പ്രാണനില്ലെങ്കിലും താനുണ്ടെന്നും, തന്നിൽനിന്നാണു് പ്രാണനുണ്ടായതെന്നും, അതു തന്നിൽത്തന്നെ അടങ്ങുന്നുവെന്നും വ്യക്തമാവുന്നുണ്ടല്ലോ. അതിനാൽ പ്രാണനുമല്ല താൻ അല്ലെങ്കിൽ ആത്മാവു.

ഇത്രയും തത്വങ്ങളെ നിരൂപിച്ച നിഷേധലക്ഷണങ്ങളെക്കൊണ്ടു തള്ളിക്കളഞ്ഞാൽ പിന്നെ സ്വരൂപലക്ഷണങ്ങളെക്കൊണ്ടു, ആത്മാവിനെ ബോധിക്കാം. സത്യത്വം; നിത്യത്വം, ജ്ഞാനാത്മകത്വം, ആനന്ദാത്മകത്വം തുടങ്ങി ആത്മാവിന്റെ സ്വരൂപലക്ഷണങ്ങളെ നിരൂപിക്കണം. സത്യമായവസ്തു ഏതാണു്? ഇടയ്ക്കിടയ്ക്കു

ണ്ടാവുകയും നശിക്കുകം ചെയ്യുന്ന വസ്തു സത്യമാവാൻ വയ്യല്ലോ. അങ്ങിനെയല്ലാതെ ഒരിക്കലും ഉണ്ടാവാതേയും എപ്പോഴും നശിക്കാതേയും എപ്പോഴും ഉള്ള വസ്തു ഏതാണ് ഏതിന്റെ സാന്നിദ്ധ്യംകൊണ്ടാണ് അറിവും ആനന്ദവും ജഡങ്ങളായ കരണങ്ങൾകൂടി അനുഭവിക്കുന്നതു്? എന്നിങ്ങിനെ നിരൂപിക്കുമ്പോൾ ക്രമേണ ശരീരാദിബാഹ്യാഭ്യന്തരങ്ങളായ എല്ലാ കരണങ്ങൾക്കും അപ്പുറത്തു്, കാരണങ്ങളേയും, അവയുടെ വൃത്തികളേയും ഞാനെന്നും എന്റേതെന്നും അഭിമാനിക്കുന്ന ജീവനും അപ്പുറത്തു് എല്ലാററിന്നും കാരണമായി, എല്ലാററിന്നും സാക്ഷിയായി, സത്താമാത്രമായി, സത്-ചിത് ആനന്ദമയമായി ഇന്നപ്രകാരത്തിലുള്ളതെന്നു വാക്കിന്നോ മനസ്സിന്നോ രൂപീകരിക്കാൻ കഴിയാത്ത നിരതിശയജ്ഞാനാനന്ദാമൃതമയമായ ആത്മസ്വരൂപത്തെ ബോധിക്കാൻ കഴിയും. ഉപാധിതോറും വിളങ്ങിക്കൊണ്ടിരിക്കുന്ന പ്രസ്തുത ആത്മസ്വരൂപം ഒന്നോ അഥവാ പലതോ എന്നും നിരൂപിച്ച് ഉപാധികളുടെ നാനാത്വംകൊണ്ടു പലതായി തോന്നപ്പെടുകമാത്രമാണ് ചെയ്യുന്നതെന്നും വാസ്തവത്തിൽ ഉപാധികളുടെ നാനാത്വംകൊണ്ടു പലതായി തോന്നപ്പെടുകമാത്രമാണ് ചെയ്യുന്നതെന്നും വാസ്തവത്തിൽ ഉപാധികൾക്കാണ് നാനാത്വം, ഉപഹിതമായ ആത്മാവിന്നല്ലെന്നും ബോധിക്കുമ്പോൾ ആത്മാവിന്റെ ഏകവും അദ്വിതീയവുമായ ഭാവവും ബോധ്യപ്പെടും.

ഇങ്ങിനെ തന്നെത്താനായോ, ഗുരുമുഖേനയോ, സജ്ജനങ്ങളോടുകൂടിയോ നടത്തിയ തത്വവിചാരംകൊണ്ടു

ബോദ്ധ്യപ്പെട്ട ആത്മസ്വരൂപത്തെ വീണ്ടും വീണ്ടും മന നംചെയ്തുറപ്പിക്കണം. മനനംകൊണ്ടു ബോധത്തിന്നു ദൃഢത കിട്ടുമ്പോൾ ആത്മാനാത്മാക്കളുടെ വിവേകമുണ്ടാ യെന്നു പറയാം. വിവേകത്തിന്നു ദൃഢതയുണ്ടാകുമ്പോൾ അനാത്മവസ്തുക്കളിലുള്ള ആത്മഭാവംകൊണ്ടും, അവയു ടെ ധർമ്മങ്ങളെ ആത്മധർമ്മത്വേന അനുഭവിക്കുന്നതുകൊ ണ്ടുമാണ് താനെപ്പൊഴും ദുഃഖിക്കുകയും, ദുഃഖകാരണങ്ങ ളായ ജനനമരണങ്ങളും, സംസാരഭ്രാന്തിയും അനുഭവി ക്കേണ്ടിവരികയും ചെയ്യുന്നതെന്നു ബോദ്ധ്യമാവും. ആ ബോധമുണ്ടാവുമ്പോൾ അനാത്മവസ്തുക്കളെ വിട്ട് ആത്മാവായ ആത്മാവായിത്തന്നെ തീരണമെന്നും തോ ന്നാൻതുടങ്ങും. അപ്പോൾ സ്വാഭാവികമായിത്തന്നെ നിരന്തരമായ ആത്മാനുസന്ധാനം ചെയ്യാൻ തുടങ്ങും. ചിത്തം ലോകവസ്തുക്കളിലൊ, അവയുടെ അനുഭവങ്ങളി ലോ രമിക്കാതെ ആത്മാവിൽമാത്രം രമിക്കാൻതുടങ്ങും. ആത്മാവൊഴിച്ചു ബാക്കിയെല്ലാം ദുഃഖസ്വരൂപമാണെന്നു പൂർണ്ണമായനുഭവപ്പെടും. അതിനാൽ വൈഷയികപദാർത്ഥ ങ്ങളിൽ ഒന്നിനേപ്പോലുംഇഷ്ടപ്പെടാതായിത്തീരുംചിത്തം. ഭക്തിജ്ഞാനവൈരാഗ്യങ്ങൾ വളർന്നു സമ്പൂർണ്ണതയെ പ്രാ പിക്കാൻ തുടങ്ങും. ആ സമയത്തു് അതുവരെയുണ്ടായി രുന്ന അനുസന്ധാനം നിദിദ്ധ്യാസമായിട്ടു മാറും. ഇട യ്ക്കിടയ്ക്കു മുറിവോടുകൂടിയ ആത്മചിന്തനത്തെയാണു്. അ നുസന്ധാനമെന്നു പറയുന്നതു്. അല്പംപോലും മുറിവി ല്ലാതെ നിരന്തരമായ ആത്മചിന്തനം പ്രവാഹരൂപേണ എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നതുതന്നെ നിദിദ്ധ്യാസം.

ഈ നിലയിൽ എത്തിയ ഒരാഠം തികച്ചും ലോകബാഹ്യനും, മിക്കവാറും അനുഭൂതിസ്വരൂപനുമായെന്നു പറയണം.

തത്വവിചാരം ആത്മാനുസന്ധാനവുമൊക്കെ ചെയ്യുന്നവരുടെയിടയിൽക്കൂടി മിക്കപ്പോഴും അനുഭൂതിക്കുപ്രാബല്യംകാണാതിരിക്കുന്നുണ്ടെങ്കിൽ അതു വിപരീതചര്യകളെക്കൊണ്ടാണ്. വിഷയങ്ങളിൽ ഇച്ഛയും സുഖബോധവുമുള്ളടത്തോളംകാലം ഒരാളിൽ ആത്മഭാവമോ ആത്മാനുഭൂതിയോ സ്ഫുരിക്കാൻവയ്യ. അതിനാൽ തീവ്രവൈരാഗ്യത്തോടുകൂടെത്തന്നെ വേണംആത്മീയ സാധനകളൊക്കെത്തന്നേയും ചെയ്യാൻ. പത്ഥ്യാചരണമില്ലാത്ത ഔഷധസേവനംപോലെയോ ഊഷരപ്രദേശത്തുള്ള കൃഷിപോലെയോ തീവ്രവൈരാഗ്യമില്ലാത്തആത്മസാധന വേണ്ടത്ര ഫലപ്രദമാവാൻ വയ്യ. എന്നാൽ വൈരാഗ്യത്തോടും ദൃഢമായ നിഷ്ഠയോടുംകൂടിയാണെങ്കിൽ ഫലപ്രദമാവാതിരിക്കാനുംവയ്യ.

---

## അവസ്ഥാത്രയവും ജീവനും

ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി ഇവയാണ് അവസ്ഥാത്രയം. ജനനത്തിനുമുമ്പും മരണത്തിനുശേഷവും, ജീവിതകാലം മുഴുവനും എന്നുവേണ്ട എപ്പോഴും ജീവൻ അവസ്ഥാത്രയത്തിൽനിന്നു വേർപെട്ടിരിക്കുന്നില്ല. ചുരുക്കത്തിൽ ജീവൻെറ അവസ്ഥാത്രയത്തിൽ മുഴുകിക്കൊണ്ടുള്ള നിലയാണ് സംസാരമെന്നുപോലും പറ

യണം. ഒരേ ജീവൻതന്നെയാണ് മൂന്നവസ്ഥകളേയും മാറിമാറി അനുഭവിക്കുന്നതെങ്കിലും അതു മൂന്നു സംസ്കാരത്തിലാണ്. ജാഗ്രദവസ്ഥയിലെ സംസ്കാരത്തോടു കൂടിയ ജീവനെ വിശ്വനെന്നും, സ്വപ്നാവസ്ഥയിലെ സംസ്കാരത്തോടുകൂടിയ ജീവനെ തൈജസനെന്നും, സുഷുപ്തിയിലെ സംസ്കാരത്തോടുകൂടിയ ജീവനെ പ്രാജ്ഞനെന്നും പറയുന്നു. ഒരേ ജീവൻെറതന്നെ പേരാണ് വിശ്വൻ, തൈജസൻ, പ്രാജ്ഞനെന്ന മൂന്നു ശബ്ദങ്ങൾ. മൂന്നു വ്യക്തിത്വംകൊണ്ടല്ല, ഒരേ വ്യക്തിത്വത്തിന്നുതന്നെ മാറിമാറി വികസിക്കുന്ന മൂന്നു സംസ്കാരം കൊണ്ടാണ് പ്രസ്തുത മൂന്നു പേരുകളുണ്ടായതു്. അവസ്ഥാത്രയമാണ് സംസാരമെന്നു പറഞ്ഞാൽപോലും തെററില്ല. സ്ഥൂലപ്രപഞ്ചവും, സ്ഥൂലശരീരവും, അവയിൽ രമിക്കുന്ന വിശ്വനും പ്രകാശിക്കുന്ന സമയമാണ് ജാഗ്രദവസ്ഥ. സൂക്ഷ്മശരീരവും, സൂക്ഷ്മപ്രപഞ്ചവും, അവയിൽ രമിക്കുന്ന തൈജസനും വികസിക്കുന്ന സമയമാണ് സ്വപ്നാവസ്ഥ. പ്രസ്തുത രണ്ടുതരം പ്രപഞ്ചത്തിന്നും കാരണമായ മൂലാജ്ഞാനവും, അതിൽ രമിക്കുന്ന പ്രാജ്ഞനും വികസിക്കുന്ന സമയം സുഷുപ്ത്യവസ്ഥയും. അവസ്ഥാത്രയത്തിൽ ഒതുങ്ങിയതാണ് സംസാരം. അവസ്ഥാത്രയം വിട്ടു സംസാരത്തിന്നു വ്യാപ്തിയോ സത്തയോ ഇല്ല. പ്രസ്തുത അവസ്ഥാത്രയം കേവലം ബുദ്ധിയുടെ വൃത്തികൾമാത്രമാണ്. ബുദ്ധിവൃത്തികളിൽ മുഴുകിയ ജീവന്നു് അതാതവസ്ഥയിൽ സത്യബുദ്ധിയും, താദാത്മ്യവും ഉണ്ടാവുന്നു എന്നുമാത്രം

അവസ്ഥകളിൽ ഓരോന്നിലും താദാത്മ്യമുണ്ടാവുന്നതു കൊണ്ടു് അതാതവസ്ഥയിൽ അതാതു സംസ്കാരമാണു് ജീവനു്. ഈ സംസ്കാരവ്യത്യാസംകൊണ്ടാണു് മൂന്നു പേരുണ്ടായതും. അവസ്ഥാത്രയത്തിൽ ഒതുങ്ങിയതാണ് സംസാരമെന്നും, അവസ്ഥാത്രയം സത്യമല്ല, ബുദ്ധിവൃത്തികൾമാത്രമാണെന്നും കണ്ടുവല്ലോ. ജാഗ്രദാദ്യവസ്ഥകൾ ചിത്തത്തിന്റെ വൃത്തികൾമാത്രമാണെങ്കിൽ അവസ്ഥാന്തർഗ്ഗതമായ സംസാരം എവിടെയാണ് നില്ക്കുന്നത്? ചിത്തത്തോടുകൂടാതെ അവസ്ഥകളോ, അവസ്ഥകളോടുകൂടാതെ സംസാരമോ ഇല്ല. എന്നു വന്നാൽ സംസാരം മുഴുവൻ എവിടെ നിൽക്കുന്നു? ചിത്തത്തിലാണെന്നു പറയണം. ഇതാണ്, ചിത്തമാണ് സംസാരമെന്നും ചിത്തമടങ്ങിയാൽ സംസാരമടങ്ങിയെന്നും പറയാൻ കാരണം.

കർത്താവും ഭോക്താവുമായ ജീവൻ തന്റെ ചിത്തസംസ്കാരത്തെ സ്ഥൂലരൂപത്തിൽ ശരീരത്തിൽനിന്നു പുറമെ ബഹിഷ്പ്രജ്ഞനായനുഭവിക്കുന്ന സമയമാണ് ജാഗ്രദവസ്ഥ. അതിനെത്തന്നെ മറെറാരുപ്രകാരത്തിൽ സൂക്ഷ്മരൂപേണ ശരീരത്തിന്നകത്തുവെച്ചനുഭവിക്കുന്ന സമയമാണ് സ്വപ്നാവസ്ഥ. അപ്പോൾ ജീവനെ അന്തഃപ്രജ്ഞനെന്നു പറയുന്നു. പ്രസ്തുത രണ്ടു രൂപത്തിലുള്ള ഭക്തിയേയും വിട്ടു രണ്ടിന്നും കാരണമായ മൂലാജ്ഞാനത്തിൽ മുഴുകുമ്പോൾ ഘനീഭൂതപ്രജ്ഞനെന്നും പറയുന്നു. ഈ മൂന്നു സമയത്തും ജീവൻ തന്നെയോ തന്റെ സ്വരൂപത്തേയോ അറിയുകയോ അനുഭവിക്കു

കയോ ചെയ്യുന്നില്ല. തന്നിൽ നിന്നാന്യങ്ങളായ പല ദൃശ്യങ്ങളിലും ഭ്രമിച്ച് അലയുകയാണ്. അവയെല്ലാം വാസ്തവത്തിൽ തൻെറതന്നെ സങ്കല്പങ്ങളല്ലാതെ മറെറാന്നുമല്ല എന്നിരുന്നാലും അവയിലൊക്കെ സത്യബുദ്ധിയുണ്ട്. ജാഗ്രദവസ്ഥയിൽ സ്ഥൂലപദാൎത്ഥങ്ങളിലാണ് വിശ്വാസം. സ്വപ്നദൃഷ്ടങ്ങളോ സ്വപ്നാനുഭൂതങ്ങളോ ആയ എല്ലാ സൂക്ഷ്മപദാൎത്ഥങ്ങളിലും തികഞ്ഞ അസത്യബുദ്ധിയാണ് ജാഗ്രദവസ്ഥയിലുള്ളതു്. സ്ഥൂലപദാൎത്ഥങ്ങളിൽ മാത്രമാണ് അപ്പോഠം സത്യബുദ്ധിയുള്ളതു്. എന്നാൽ സ്വപ്നാവസ്ഥയിലെത്തുമ്പോഠം സ്ഥൂലപദാർത്ഥങ്ങളിലുള്ള സത്യബുദ്ധി നി ശ്ശേഷം നശിച്ചു. സൂക്ഷ്മപദാർത്ഥങ്ങളിലാണ് അപ്പോഠം സത്യബുദ്ധി. സുഷുപ്തിയിലെത്തുമ്പോഠം സ്ഥൂലസൂക്ഷ്മങ്ങളായ രണ്ടുതരം പദാർത്ഥങ്ങളിലുള്ള വിശ്വാസവും നിശ്ശേഷം നശിച്ചു. രണ്ടിന്നും കാരണമായ മൂലാജ്ഞാനത്തിൽമാത്രമാണ് അപ്പോഠം വിശ്വാസവും സത്യബുദ്ധിയും. ഇങ്ങിനെ മാറിമാറി വിശ്വസിക്കപ്പെടുന്ന എല്ലാംതന്നെയും ക്ഷണികങ്ങളും, സങ്കല്പമാത്രങ്ങളും, ദുഃഖമാത്രങ്ങളുമാണെന്നും അറിയുന്നുമുണ്ടു്. എന്നാലും അതാതവസ്ഥയിൽ തത്തൽപദാർത്ഥങ്ങളെ വിശ്വസിക്കാതിരിക്കാൻ കഴിയുന്നില്ല. ഇതാണ് ജീവൻെറ സംസാരഭുക്തിസ്വരൂപമായ സംസ്കാരത്തിൻെറ സാമാന്യരൂപം.

ജാഗ്രദവസ്ഥയിൽ സുഖിയും, പണ്ഡിതനുമായ ഒരാഠം സ്വപ്നാവസ്ഥയിൽ ദുഖിയും, മൂഢനുമായി

മാറുന്നു. രണ്ടിനേയും അതാതവസ്ഥയിൽ സത്യമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. രണ്ടുംകൂടി സത്യമായിത്തീരാൻ വയ്യെന്നും തനിക്കുതന്നെ അറിയാം. എന്നാലും അജ്ഞാതമായ ഏതോ ഒരിന്ദ്രജാലപ്രഭാവത്താൽ രണ്ടിനേയും സത്യമായി ധരിക്കുകയും ചെയ്യുന്നു. അന്യോന്യവിരുദ്ധങ്ങളായ പ്രസ്തുത രണ്ടനുഭവങ്ങളും ഒരേ സമയത്തു സത്യമാവാൻ വയ്യ. എന്നാൽ ഏതാണ് സത്യം എന്നു പരിശോധിക്കുമ്പോൾ രണ്ടും സത്യമല്ലെന്നും വ്യക്തമാവും. എന്നാലും പൂണ്ണമായ അസത്യബുദ്ധിയോടെ രണ്ടിനേയും തള്ളിക്കളയാൻ ധൈയ്യവുമില്ല. ഇങ്ങിനെ നിരൂപിക്കുംതോറും വിചിത്രമാണ് ജീവന്റെ സംസ്ഥാരമെന്നു കാണാൻ കഴിയും. ക്ഷണികങ്ങളും, അത്യന്തവിചിത്രങ്ങളും, കേവലം അസത്യങ്ങളുമായ ഏതോ ചില ഇന്ദ്രജാലപ്രകടനങ്ങളിൽക്കൂടെ വട്ടം ചുററിക്കൊണ്ടിരിക്കുന്നു ജീവൻ. ഒരിക്കലെങ്കിലും സത്യത്തിന്റെ ഗന്ധംപോലും അറിയുന്നില്ല. ശരീരത്തെ പ്രാപിക്കുന്നതിന്നുമുമ്പോ, ശരീരത്തിൽ ഇരിക്കുമ്പോഴോ, ശരീരത്തെ വിട്ടാലോ എപ്പോഴുമില്ല സത്യത്തിന്റെ അറിവും, അനുഭവവും. എന്നാൽ അപ്പഴപ്പോൾ അറിയുന്നതിനേയും, അനുഭവിക്കുന്നതിനേയുമൊക്കെ സത്യമെന്നു് വിശ്വസിക്കുകയും ചെയ്യും.

കേവലം അസത്യങ്ങളും, മൂന്നു കാലത്തുമില്ലാത്തവയുമായ ജാഗ്രദാദി മൂന്നവസ്ഥകളിൽനിന്നും വിട്ടുമ്പോൾ മാത്രമേ സത്യത്തിന്റെ രൂപത്തെക്കുറിച്ചു ഊഹിക്കാൻ

പോലും പററ. അങ്ങിനെയൊരു സന്ദർഭം എപ്പോഴും കിട്ടുന്നുമില്ല. ജാഗ്രത്തിൽനിന്നു സ്വപ്നസുഷുപ്തികളിലേയ്ക്കും, അവയിൽനിന്നു് ജാഗ്രത്തിലേക്കും മാറിമാറി ക്കളിയ്ക്കുയല്ലാതെ എപ്പോഴും അവസ്ഥാത്രയം വിട്ട അവസരമേ ഇല്ല. അതിനാൽ എപ്പോഴും അസത്യമയവും, സങ്കല്പസ്വരൂപവുമായ സംസാരത്തിൽ മുഴുകിത്തന്നെ കഴിയുന്നു ജീവൻ. ഓരോ അവസ്ഥയിലുമുള്ള അനുഭവങ്ങളോടും പദാർത്ഥങ്ങളോടും സംബന്ധമില്ലായ്മയും, അസത്യബുദ്ധിയുമുണ്ടായിത്തീരുന്നത് അതാതവസ്ഥകളിൽനിന്നു വിട്ടുപോരാൻ സൌകര്യമാണ്. പക്ഷെ അങ്ങിനെ സംഭവിക്കാറില്ല. ജാഗ്രത്തിൽ മതിവന്നിട്ടല്ല സ്വപ്നസുഷുപ്തികളിലേക്കു് പോകാറ്. അവിടേയ്ക്കു പോവാനുള്ള ബദ്ധപ്പാടുകൊണ്ടു പോവുന്നു എന്നു മാത്രം. അങ്ങിനെതന്നെ സ്വപ്നസുഷുപ്തികളിൽ മതിവന്നിട്ടില്ല ജാഗ്രത്തിലേയ്ക്കും വരുന്നതു്. മൂന്നവസ്ഥയിലും ഒരുപോലെ വെറുപ്പോ, സംബന്ധമില്ലായ്മയോ എപ്പോഴും സംഭവിക്കുന്നില്ല. അതിനാൽ അവയിൽത്തന്നെ മാറിമാറി ചുററിത്തിരിയുന്നു. ഇതാണ് പണ്ഡിതൻേറയും, പാമരൻേറയും ഒക്കെ സംസ്കാരം.

ജാഗ്രദവസ്ഥയിൽ ശരീരത്തിൻെറ എല്ലാ ഭാഗത്തും സാമാന്യമായി വ്യാപിക്കുന്നുണ്ടെങ്കിലും ദൃക്കിലാണ് പ്രത്യേകമായി ജീവൻ അധിവസിക്കുന്നതു്. സ്വപ്നസുഷുപ്തികളിലേയ്ക്കു പോവുമ്പോൾ ദൃക്കുകളടയും. ജാഗ്രത്തിലേയ്ക്കു വന്നാൽ ദൃക്കുകൾ തുറക്കുകയും ചെയ്യും. ഒരു ഗൃഹസ്ഥൻ വീടു വിട്ടു പോവുമ്പോൾ

മുഖ്യമായ വാതിൽ പൂട്ടി കാവൽക്കാരനെ ഏല്പിച്ചു പോവുകയും, ഗൃഹസ്ഥൻ ഗൃഹത്തിലേയ്ക്കുതന്നെ തിരിച്ചുവന്നാൽ മുഖ്യമായ വാതിൽ തുറക്കുകയും ചെയ്യാറുണ്ടല്ലോ. ഇതുപോലെ ജീവനാകുന്ന ഗൃഹസ്ഥൻ ശരീരമാകുന്ന ഗൃഹത്തിൽനിന്നു സൂക്ഷ്മശരീരമാകുന്ന തൻെറ മറെറാരു ഗൃഹത്തിലേയ്ക്കു പോവുമ്പോഠം കണ്ണുകളാകുന്ന മുഖ്യവാതിലടച്ചു പ്രാണനാകുന്ന കാവൽക്കാരനെ ഏല്പിച്ചുപോവുന്നു. വീണ്ടും തിരിച്ചുവന്നാൽ കണ്ണുകളാകുന്ന മുഖ്യവാതിലുകഠം തുറക്കുകയും ചെയ്യും. സ്വപ്നാവസ്ഥയിൽ മനസ്സിലും, സുഷുപ്തിയിൽ ഹൃദയാകാശത്തുമാണു് ജീവൻ അധിവസിക്കുന്നതു്. സ്ഥാനങ്ങഠം അപ്പഴപ്പോഠം മാറിമാറിപ്പോവാനും വരാനും ഇഷ്ടംപോലെ ഉപയോഗിക്കുന്ന ഒരു വാഹനമുണ്ടു്, ഉദാനവായു. കണ്ഠത്തിൽ എപ്പോഴും സമയവും നോക്കി നില്ക്കുന്നുണ്ടാവും. ആവശ്യമായാൽ വാഹനം വന്നു. അതിൽ കേറി എത്തേണ്ടിടത്തു പോയിച്ചേരുകയും ചെയ്യും. അങ്ങിനെ ഈ ശരീരത്തിലുള്ള സ്ഥാനമാററങ്ങഠംക്കുമാത്രമല്ല, ഈ ശരീരത്തിലേയ്ക്കു വന്നതും, ഇനി ഇതിൽനിന്നു പോവുന്നതും മറെറാരു ശരീരത്തിലെത്തുന്നതുമെല്ലാം ഇതേ വാഹനത്തിൻെറ സഹായത്തിൽക്കൂടെയാണു്.

പ്രസിദ്ധങ്ങളായ ശരീരത്തിലെ പഞ്ചവായുക്കളിൽ പ്രാണൻ മുഖത്തും, അപാനൻ ശരീരത്തിൻെറ അധോഭാഗത്തും, സമാനൻ മദ്ധ്യപ്രദേശത്തും, വ്യാനൻ സർവ്വാവയവങ്ങളിലും— എല്ലാ നാഡി ഞരമ്പുക

ളിലും—ഒരുപോലെ വ്യാപിച്ചും, ഉദാനൻ കണ്ഠത്തിലും നില്ക്കുന്നു. പുറമെയുള്ള ശബ്ദാദിപഞ്ചവിഷയങ്ങളെ ഇന്ദ്രിയങ്ങളിൽക്കൂടെ അകത്തേയ്ക്കുൾക്കൊള്ളുന്നതു പ്രാണനും, ആവശ്യമില്ലാത്തവയെ അധോദ്വാരങ്ങളിൽക്കൂടെ പുറംതള്ളുന്നതു് അപാനനുമാണു്. ശരീരത്തിൻെറ നിലനില്പിന്നു് ആവശ്യമായി സ്വീകരിച്ച പാകം വരുത്തിയ വസ്തുക്കളെ അതാതവയവങ്ങളിലേയ്ക്കു പങ്കുവെച്ചു കൊടുക്കുന്നതു സമാനനാണു്. അങ്ങിനെ അതാതവയവങ്ങളിലേയ്ക്കും, സ്ഥാനങ്ങളിലേയ്ക്കും പങ്കുവെച്ചു വേർതിരിച്ച പദാൎത്ഥങ്ങളെ അതാതു സ്ഥാനങ്ങളിൽ എത്തിക്കുന്നതു വ്യാനനുമാണു്. ശരീരമാകുന്ന ഈ മഹാഗൃഹത്തിൻെറ ഉടമസ്ഥനും, ഭോക്താവുമായ ജീവനാകുന്ന ഗൃഹസ്ഥനെ അങ്ങിങ്ങു കൂട്ടിക്കൊണ്ടുപോവാനും, കൊണ്ടുവരാനും വാഹനമായി സേവനം ചെയ്യുന്നു ഉദാനൻ. മനസ്സു്, ചിത്തം, ബുദ്ധി, അഹങ്കാരം, ഇന്ദ്രിയങ്ങൾ എന്നിവ ജീവൻെറ യാത്രയിൽ അകമ്പടി സേവിക്കുകയും ചെയ്യുന്നു. ആകപ്പാടെ നോക്കിയാൽ വലിയ പദവിയും, സ്ഥിതിയുമാണു് ജീവനെന്നു വന്നാലും സത്യത്തിൻെറ ബോധമില്ലായ്മകൊണ്ടു പലതരം തെററിദ്ധാരണകൾ വളൎന്ന സംസ്കാരംകൊണ്ടു് ഏററവും ദൂഷിച്ചിരിക്കയാണു് അതാണു് ദുഃഖാനുഭവങ്ങളുടെ അടിസ്ഥാനം. സത്യത്തിൻെറ അറിവുണ്ടാവുമ്പോൾ അതു തീരുകയും ചെയ്യും.

എല്ലാ കരണങ്ങൾക്കും മിക്കവാറും സ്വാതന്ത്ര്യമുണ്ടെന്നു കരുതപ്പെടുന്ന സമയമാണു് ജാഗ്രദവസ്ഥ

അതിനാൽ ജാഗ്രദവസ്ഥയിൽ വേണം സത്യത്തിന്റെ അന്വേഷണം. ജാഗ്രദവസ്ഥയിൽ ഇരുന്നുകൊണ്ടു് എത്ര അന്വേഷിച്ചാലും ഒരാൾ സത്യത്തെ കാണ്മാനോ അറിയാനോ ഇല്ല. എങ്കിലും ജാഗ്രദവസ്ഥയിൽ സത്യാന്വേഷണം ചെയ്യണം. ഇതു സത്യമല്ലെന്നു ബോധിക്കാൻവേണ്ടി. ജാഗ്രദവസ്ഥയും, സ്ഥൂലശരീരവും, സ്ഥൂലപ്രപഞ്ചവും, സത്യമല്ലെന്നും, കേവലം ഭ്രാന്തിമാത്രമാണെന്നും ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ സ്വപ്നസുഷുപ്തികളും കേവലം അസത്യങ്ങളാണെന്നു് എളുപ്പത്തിൽ ബോദ്ധ്യപ്പെടാൻ സാധിക്കും. ഈ ബോദ്ധ്യപ്പെടലിനു വേണ്ടിയാണു് ജാഗ്രദവസ്ഥയിൽ അന്വേഷിക്കണമെന്നു പറഞ്ഞതു്. സത്യാന്വേഷണം വളരെ സൂക്ഷ്മവും, അത്യന്തതീവ്രവുമായിത്തീരുമ്പോൾ ജാഗ്രദാദിമൂന്നവസ്ഥകളും, അവയിൽ പ്രകാശിക്കുന്ന പദാൎത്ഥങ്ങളും, കരണങ്ങളും, കൎത്താവും ഭോക്താവുമായിരിക്കുന്ന ജീവനും കേവലം അസത്യങ്ങളും, ഭ്രാന്തിമാത്രസ്വരൂപങ്ങളുമാണെന്നു ബോദ്ധ്യമാവും. അങ്ങിനെയാണെങ്കിൽ അവയെ വിശ്വസിച്ചതുകൊണ്ടും, അനുഭവിച്ചതുകൊണ്ടും എന്താണു് പ്രയോജനം? ഒന്നുമില്ലെന്നും, അതുകൊണ്ടു ദുഃഖം മാത്രമാണു് ഫലമെന്നും തീർച്ചയാവും. അപ്പോൾ ജാഗ്രദാദി അവസ്ഥകളേയും, അവയിൽ പ്രകാശിക്കുന്ന പ്രപഞ്ചത്തേയും നിശ്ശേഷം വിട്ടുമാറാൻ തയ്യാറാവും. കേവലം അവയെ വിട്ടുമാറുമ്പോൾ ഉള്ളതായ സത്യം പ്രകാശിക്കുകയും ചെയ്യും.

എപ്പോഴും ശബ്ദാദി പഞ്ചവിഷയങ്ങൾക്കും വൈഷയികപദാർത്ഥങ്ങൾക്കും അഭിമുഖമായിത്തന്നെ പ്രവർത്തിച്ചും അനുഭവിച്ചും കഴിഞ്ഞുകൂടുന്ന ജീവനു സൽസംഗംകൊണ്ടോ, ശാസ്ത്രാഭ്യാസംകൊണ്ടോ, ജന്മാന്തരസുകൃതംകൊണ്ടോ എന്തുകൊണ്ടെങ്കിലും ചഞ്ചലങ്ങളും ക്ഷണികങ്ങളുമായ വിഷയങ്ങൾ സത്യവസ്തുക്കളല്ലെന്നും കേവലം ഭ്രാന്തിമാത്രപദാർത്ഥങ്ങളാണെന്നും ബോദ്ധ്യം വരണം. മൃഗതൃഷ്ണ തുടങ്ങിയ പദാർത്ഥങ്ങൾ എപ്രകാരം ദുഃഖത്തിനുമാത്രം കാരണമാവുന്നുവോ, ഇതുപോലെ അസത്യങ്ങളും ക്ഷണികങ്ങളുമായ വിഷയപദാർത്ഥങ്ങൾ ദുഃഖത്തിന്നു മാത്രമേ കാരണമാവുന്നുള്ളു എന്നു ബോദ്ധ്യം വരുമ്പോൾ അവയെ വിട്ടു സത്യത്തെ അറിയാനും, അനുഭവിക്കാനുമുള്ള തൃഷ്ണ വളരും. അത്യന്തജിജ്ഞാസയോടെ എപ്പോഴും സത്യത്തെ അന്വേഷിച്ചും, മിത്ഥ്യയെ തള്ളിക്കളഞ്ഞും ജീവിക്കുമ്പോൾ കാലംകൊണ്ടു സത്യജ്ഞനായ ഒരാളിൽനിന്നു സത്യത്തെ പരമാർത്ഥമാകുംവണ്ണം അറിയാനിടവരും; അപ്പോൾ മിത്ഥ്യയായ അവസ്ഥാത്രയസംസ്കാരം നീങ്ങി ജീവൻ സത്യസ്വരൂപാവസ്ഥയെ പ്രാപിക്കും. അപ്പോൾ കൃതകൃത്യനുമായ്ത്തീരും.

ഏകവും അദ്വിതീയവുമായ ബ്രഹ്മം അല്ലെങ്കിൽ ആത്മാവു മാത്രമാണ് സത്യം, ബാക്കിയെല്ലാം മിത്ഥ്യയാണ്; ഏവം ഭ്രാന്തിമാത്രമാണ്. അഖണ്ഡവും, സച്ചിദാനന്ദപരിപൂർണ്ണവുമായ ബ്രഹ്മമാകട്ടെ അവസ്ഥാത്രയത്തിൽനിന്നും അത്യന്തഭിന്നവും അതീതവുമാണ്.

KOTTAYAM.

എന്നുവന്നാൽ അവസ്ഥാത്രയത്തിലും, കരണത്രയത്തിലുമുള്ള അന്വേഷണംകൊണ്ടു സത്യം വെളിപ്പെടാൻ പോവുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും അവയാകുന്ന ഉപാധികളിലും അവയുടെ ധർമ്മങ്ങളിലും കുടുങ്ങിയ ജീവന് അവയെ വിട്ടു സത്യത്തെ അന്വേഷിക്കാനോ, അറിയാനോ ഉള്ള കഴിവില്ല. അതിനാൽ ആദ്യം അവയെ അസത്യമെന്നു ബോധിച്ചു സത്യമാകുന്ന തൻെറ ലക്ഷ്യത്തെ അവയിൽക്കൂടെത്തന്നെ അന്വേഷിക്കുകയും അവയിൽക്കൂടെത്തന്നെ സത്യത്തെ പ്രാപിക്കുകയും വേണം.

അപ്പോൾ സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം ഇത്യാദി സാത്വികധർമ്മങ്ങളുടെ പരിപാലനം കൊണ്ടു ബാഹ്യാഭ്യാന്തരശുദ്ധിവരുത്തി ജപം, കീർത്തനം, ധ്യാനം, പൂജ, സൽസംഗം, സ്വാദ്ധ്യായം എന്നീ അനുഷ്ഠാനങ്ങളെക്കൊണ്ടു ഭക്തിയേയും വളർത്തി തത്വവിചാരംകൊണ്ടു ജഗത്തു മിഥ്യയാണെന്നു ബോദ്ധ്യംവരുമ്പോൾ ജ്ഞാനമുണ്ടാവും. ജ്ഞാനംകൊണ്ടു സത്യത്തെ അറിയുകയും പ്രാപിക്കുകയും ചെയ്യാം. അപ്പോൾ ജന്മസാഫല്യം വന്നു ചരിതാർത്ഥനമാവാം.

# മതവും മനുഷ്യനും

എത്രയോ അസംഖ്യം ജീവവർഗ്ഗങ്ങളുണ്ടു് ഭൂമിയിൽ. അതിൽ മനുഷ്യനുമാത്രമേ മതമെന്ന ഉപാധിയുള്ളു. മറ്റു ജീവികൾക്കൊന്നും അങ്ങിനെയൊരുപാധിയുള്ളതായറിയപ്പെടുന്നില്ല. വിവേകവും, വിജ്ഞാനവും മനുഷ്യനേ ഉള്ളു എന്നതുകൊണ്ടായിരിക്കാം അങ്ങിനെ വന്നതു്. വിവേകവും വിജ്ഞാനവും ഉള്ളവക്കേ മതം ആവശ്യമുള്ളു. അല്ലെങ്കിൽ പ്രയോജനപ്പെടുകയുള്ളു എന്നു് അതേ കാരണംകൊണ്ടുതന്നെ വ്യക്തമാവുകയും ചെയ്യുന്നുണ്ടു്. എന്നാൽ എന്തിനാണീ മതം? മനുഷ്യേതരജീവികൾക്കൊന്നും മതമില്ലാത്തതുകൊണ്ടു ജീവിതത്തിനു പ്രത്യേക തടസ്ഥമൊന്നുമില്ലല്ലോ. മനുഷ്യനും ആഹാരനിദ്രാദി ശരീരധർമ്മങ്ങളുടേയോ ഭൗതികാവശ്യങ്ങളുടേയോ നിവ്വഹണത്തിനു മതത്തിൻെറ അത്യാവശ്യമില്ല. അതിൽനിന്നു കൂടുതലായി വല്ല അറിവോ അനുഭവമോ ആവശ്യമുണ്ടെങ്കിലേ മതത്തേ അപേക്ഷിക്കേണ്ടതുള്ളു. അതാകട്ടെ മതത്തെ അവലംബിക്കാതെ സാദ്ധ്യവുമല്ല എന്തുകൊണ്ടെന്നു പരിശോധിക്കാം.

ജനനശേഷം തടിച്ചു പുളച്ചു് ആഹാരനിദ്രാദികളെക്കൊണ്ടു വളൎന്നു ഭോഗിച്ചു ഈ ശരീരമല്ല വ്യക്തി. ഈ ശരീരമുണ്ടാകുന്നതിനുമുമ്പും, ശരീരം നശിച്ചതിനുശേഷവും വ്യക്തി ശേഷിക്കുന്നുണ്ടു്. ബീജമില്ലാത്ത ഒരു വൃക്ഷമുണ്ടാവാൻ വയ്യെന്നു പ്രത്യക്ഷമാണല്ലോ. ഇതുപോലെ ഈ ശരീരമാകുന്ന വൃക്ഷത്തിനും ഒരു ബീജം

വേണ്ടേ? അതു് അമ്മയച്ഛന്മാരുടെ രജഃശ്ശുക്ലങ്ങളാണെന്നു പറയാം. പക്ഷെ പറഞ്ഞതുകൊണ്ടായില്ലല്ലോ. ജഡങ്ങളായ രജഃശ്ശുക്ലങ്ങളിൽനിന്നു സചേതനമായ ജീവചൈതന്യം വികസിക്കുകയെന്നതു സംഭാവ്യമാവുമെന്നു പറയാൻ വയ്യ. അതിനാൽ രജഃശ്ശുക്ലങ്ങൾക്കു പുറമേ ഒരുചൈതന്യംകൂടി അതിൽ ചേരേണ്ടിയിരിക്കുന്നു. അങ്ങിനെതന്നെ രജഃശ്ശുക്ലനിർമ്മിതമായ ശരീരം യാതൊരു കേടുംകൂടാതെ ഇവിടെ കിടക്കേത്തന്നെ അതിൽനിന്നു് ഏതോ ഒരു ചൈതന്യം വിട്ടുപോകുന്നതുകൊണ്ടാണല്ലോ മൃത്യു സംഭവിച്ചു എന്നറിയപ്പെടുകയും ശരീരം നശിക്കുകയും ചെയ്യുന്നതു്. അപ്പോൾ ഏതോ ഒരു ചൈതന്യം ശരീരത്തിലേക്കു വരികയും പോകയും ചെയ്യുന്നുണ്ടെന്നു വിശ്വസിക്കാതിരിക്കാൻ വയ്യ. മാത്രമല്ല, ജീവിച്ചിരിക്കുമ്പോൾത്തന്നെ ശരീരം ഇന്ദ്രിയങ്ങൾ മനസ്സു് ബുദ്ധി എന്നീ ഉപാധികളെ അവലംബിക്കാതെതന്നെ വ്യക്തി നിലനില്ക്കുന്നതായും കാണുന്നു സുഷുപ്ത്യവസ്ഥയിൽ. ശരീരാദിഉപാധികൾക്കു് ഉദയാസ്തമനങ്ങൾ കാണപ്പെടുന്നുണ്ടു്. വ്യക്തിക്കാകട്ടെ അതൊട്ടില്ലതാനും. ഈവക തെളിവുകളിൽക്കൂടെ നോക്കുമ്പോൾ ശരീരമല്ല വ്യക്തിയെന്നു ബോദ്ധ്യപ്പെടാതിരിക്കാൻ വയ്യ.

ഞാനെന്ന വ്യവഹാരത്തിന്നാസ്പദമായ വ്യക്തി കാണപ്പെടുന്ന ഈ ശരീരമല്ലെങ്കിൽ ശരീരത്തിന്റെമാത്രം അറിവുകൊണ്ടും അനുഭവംകൊണ്ടും തൃപ്തിപ്പെടാൻ വയ്യെന്നുവരും. ശരീരത്തേയും ശരീരത്തിൽ

കൂടെ അനുഭവിക്കാവുന്ന വിഷയങ്ങളേയും, സംബന്ധിച്ചല്ലാതെ ഭൌതികജീവിതത്തിൽ ഒന്നും അറിയാനോ അനുഭവിക്കാനോ സാദ്ധ്യമല്ലെന്നു് വ്യക്തമാണു്. അപ്പോഠം ഞാനാകുന്ന വ്യക്തിയെ അറിയുകയോ അനുഭവിക്കുകയോ ചെയ്യണമെങ്കിൽ ഈ ഭൌതികജ്ഞാനവും ഭൌതികജീവിതവുംമാത്രം പോരെന്നുവരുന്നു. അവിടെയാണു് മതം ആരംഭിക്കുന്നതു്

ഞാൻ ശരീരമല്ല; ആത്മാവാണു്. ആത്മാവു പലതല്ല; ഒന്നാണു്. ആത്മാവു ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല; എപ്പോഴും ഉള്ളതാണു്. ഇതാണു് മതത്തിൻെറ സന്ദേശം. അതിനെ അനുഭവിച്ചു ബോദ്ധ്യപ്പെട്ടുകൃതാർത്ഥതപ്പെടാനുള്ളതാണു് മററു് ആചരണങ്ങളെല്ലാം. ഞാൻ ജനിക്കുകയോ ജീവിക്കുകയോ മരിക്കുകയോ ഒന്നുംതന്നെ ഉണ്ടായിട്ടില്ലെങ്കിൽ പിന്നെ എന്തുണ്ടായി എന്ന ജിജ്ഞാസ വളരുന്നു. ഒന്നും ഉണ്ടായിട്ടില്ല; ഒരു ദീർഘസ്വപ്നം കാണൽമാത്രമാണുണ്ടായതു്; വേറെയൊന്നും സംഭവിച്ചിട്ടില്ല. കണ്ടതെല്ലാം വെറും സ്വപ്നം മാത്രമാണു്. ഭാഗ്യംകൊണ്ടു് ഇപ്പോഠം അതിൽനിന്നുണരാനും കഴിഞ്ഞു എന്നറിയാറാവുന്നു. ഈ അറിവു് അനുഭവസ്വരൂപേണ ബോദ്ധ്യപ്പെട്ടുമ്പോഠം ജനനത്തേയും, ജീവിതത്തേയും, മരണത്തേയും സംബന്ധിച്ചുള്ള എല്ലാ കുഴപ്പങ്ങളും, ഭയങ്ങളും എന്നന്നേയ്ക്കുമായവസാനിച്ചു. സകല പരിഭ്രമങ്ങളും തീൎന്നു. ശാന്തനും സംതൃപ്തനും കൃതാൎത്ഥനുമായി വ്യക്തി. ഈ അവസ്ഥ മുക്തിയും. ഇതാണു് മതത്തിൽ

നിന്നു കിട്ടുന്ന രത്നച്ചുരുക്കമായ അറിവും അനുഭവവും. ഈ അറിവും അനുഭവവും മനുഷ്യന്നാവശ്യമുണ്ടോ? ഉണ്ടെങ്കിൽ മതത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല.

പലതരത്തിലുള്ള കഴപ്പങ്ങളെക്കൊണ്ടു് എപ്പോഴും അസംതൃപ്തമാണു് ഓരോരുത്തരുടേയും ഭൗതികജീവിതം. അതിൽനിന്നു രക്ഷപ്പെടാനും സംതൃപ്തിയുള്ള ഒരു ധന്യജീവിതം കിട്ടാനും ഓരോരുത്തരും ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. അതിന്നുവേണ്ടി പല പരിശ്രമങ്ങളും ചെയ്തുകൊണ്ടുമിരിക്കുന്നുണ്ടു്. പക്ഷേ മിക്കപ്പോഴും പലർക്കും സഫലമാവുന്നില്ലെന്നേ ഉള്ളു. ഭൗതികജീവിതത്തിന്റെ ക്ലേശവും അസ്വാസ്ഥ്യവും അനുഭവിച്ചു മടുത്തിട്ടാണു് ശാന്തിയും സംതൃപ്തിയും നിറഞ്ഞൊരു ധന്യജീവിതത്തെ ഒരാൾ അന്വേഷിക്കുന്നതു്. അതു ഭൗതികാനുഭവങ്ങളിൽനിന്നു കിട്ടാൻ വയ്യെന്നു പറയേണ്ടതില്ലല്ലോ. ഭൗതികാനുഭവങ്ങളിൽനിന്നു സംതൃപ്തി കിട്ടാൻ വയ്യെങ്കിൽ മനുഷ്യന്നു സംതൃപ്തിക്കും സമാധാനത്തിന്നും മതത്തെയല്ലാതെ മറെറന്തിനെയാണാശ്രയിക്കേണ്ടതു്.? മറെറന്തിനേയും ആശ്രയിക്കാനില്ല. എന്നാൽ മതത്തെ ആശ്രയിച്ചവർക്കൊക്കെ സമാധാനം കിട്ടീട്ടുണ്ടോ എന്നു പരിശോധിക്കുന്നപക്ഷം ഭൗതികാനുഭവത്തേക്കാൾ ഭേദമാണു് മതമെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ തെളിയും. പരമാത്ഥമായി ആരെല്ലാം മതത്തെ ആശ്രയിച്ചിട്ടുണ്ടോ അവർക്കെല്ലാം ശാന്തിയും സമാധാനവും കിട്ടിയതായും കാണാൻ കഴിയും.

പരമാത്ഥമായി മതത്തെ ആശ്രയിക്കുകയെന്നതു്

അത്ര എളുപ്പമല്ല. കാരണം മതപരമായ ആദ്ധ്യാത്മീകജീവിതവും, ജഡമായ ഭൌതികജീവിതവും അന്യോന്യവിരുദ്ധമാണു്. അവ രണ്ടും കൂട്ടിയിണക്കി ചേർത്തുകൊണ്ടു പോകയെന്നതു വിഷമംപിടിച്ച ഒരു പണിയാണു്. മനുഷ്യന്നാഗ്രഹം മുഴവൻ ഭൌതികാനുഭവങ്ങളിലാണു്. പ്രയത്നവും അതിനുള്ളതാണു്. എന്നാൽ ലക്ഷ്യം ശാന്തിയും സമാധാനവുമാണു്. പക്ഷെ അതു ഭൌതികാനുഭവങ്ങളെക്കൊണ്ടു കിട്ടാൻ വയ്യ. ഭൌതികവിഷയങ്ങളെ അനുഭവിക്കുകയും വ്യാപരിക്കുകയും ചെയ്യുന്തോറും അസംതൃപ്തിയും ക്ലേശവും വർദ്ധിക്കലാണു് ഫലം. അപ്പോൾ ശാന്തിക്കും സംതൃപ്തിക്കും വേണ്ടി പ്രവർത്തിക്കുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ശാന്തിയിൽനിന്നും സംതൃപ്തിയിൽനിന്നും അകന്നുപോവുന്നതായിക്കാണാം. എങ്കിലും ഇച്ഛ സ്വാഭാവികമായി ഭൌതികാനുഭവങ്ങളിൽ കെട്ടിക്കിടക്കുന്നതിനാൽ അതിനെ വിടാൻ വയ്യ. സമാധാനത്തിന്നാവശ്യമുള്ളതിനാൽ അദ്ധ്യത്മജീവിതത്തെ പ്രാപിക്കാൻ ബദ്ധപ്പാടുമുണ്ടു്. ഇതാണു് അധികമാളുകളുടേയും നില.

എന്നാൽ ഭൌതികാനുഭവങ്ങളിൽനിന്നു നിശ്ശേഷം വിടാതെ ഒരാൾക്കു മതത്തെ പരമാർത്ഥമായി ആശ്രയിക്കാൻ വയ്യ. ഭൌതികാനുഭവങ്ങളെ നിശ്ശേഷം വിടാൻ അവയിലുള്ള ആഗ്രഹം തടസ്ഥമായി വിലങ്ങടിച്ചു നില്ക്കുകയും ചെയ്യുന്നു. അദ്ധ്യാത്മജീവിതത്തിൽ ബദ്ധപ്പാടുണ്ടതാനും. ആ നിലയിൽ ചില അദ്ധ്യാത്മധർമ്മങ്ങളെയൊക്കെ ചെയ്തെന്നു വരാം. പക്ഷേ അ

ത്രമാത്രംകൊണ്ടു് അദ്ധ്യാത്മാനുഭവങ്ങളൊന്നുമുണ്ടവാൻ വയ്യ. ഇതാണു് മതത്തെ ആശ്രയിച്ചുവെന്നു പറയപ്പെട്ടുന്നവരിൽക്കൂടിയും പരമാൎത്ഥമായ അദ്ധ്യാത്മാനുഭവങ്ങളൊന്നും കാണാതിരിക്കാൻ കാരണം. അപ്പോൾ പരമാൎത്ഥത്തിൽ മതത്തെ ആശ്രയിക്കുകയെന്നതു ഭൌതികാനുഭവങ്ങളുടെ സമ്പൂൎണ്ണനീരസത്തോടുകൂടി വേണ്ടതാണെന്നും അതു സാധാരണ ജനങ്ങളെ അപേക്ഷിച്ചു വിഷമംപിടിച്ച ഒന്നാണെന്നും വ്യക്തമായല്ലോ. എന്നാൽ അത്രമാത്രംകൊണ്ടു സാധാരണ ജനങ്ങൾക്കു മതം പ്രായോഗികമല്ല. അതുകൊണ്ടു് അവൎക്കു് ആവശ്യമില്ല. ദുൎല്ലഭം ചിലൎക്കേ പ്രയോജനപ്പെടുന്നുള്ളു; അവൎക്കേ മതം ആവശ്യമുള്ളു എന്നു വരുന്നില്ല. കാരണം, മതത്തിൻെറ ഏററവും ഒടുവിലത്തെ പടിയുടെ രത്നച്ചുരുക്കമായ താല്പൎയ്യത്തെയാണു് ആദ്യം സന്ദേശമായി വിവരിച്ചതു്. പക്ഷെ ചോട്ടിലെ അനവധി പിടികളിൽക്കൂടെ കേറീട്ടുവേണം ഒരാൾക്കവിടെയെത്താൻ. ഒരുദിവസംകൊണ്ടു് ആരും പെട്ടന്നവിടെ എത്താറില്ല. അതിനാൽ ചോട്ടിലുള്ള ഒരോ പടികളിൽക്കൂടി സാവകാശത്തിൽത്തന്നെ പോവേണ്ടിയിരിക്കുന്നു. അതിനു കാലദൈൎഘ്യവും പിടിച്ചേയ്ക്കും. അപ്പോൾ ജീവിതത്തിൻെറ ആദ്യകാലത്തു പരിശ്രമിച്ചാൽ മാത്രമേ അന്ത്യത്തിലെങ്കിലും പ്രസ്തുത ലക്ഷ്യത്തിൽ ഒരാളെത്തലുള്ളു. അതിനാൽ മതം എല്ലാവൎക്കും അത്യാവശ്യമാണെന്നതു നിസ്സംശയമാണു്.

ജീവിതത്തിൽ സമാധാനവും സംതൃപ്തിയും ആവ

ശ്യമുള്ളേടത്തോളംകാലം ആക്കും മതത്തെ അവഗണി ക്കാൻ വയ്യ. പ്രക്ഷുബ്ധവും ജഡവുമായ ജഗത്തി ൻെറ സമ്പത്തല്ല സംതൃപ്തിയും സമാധാനവും. അവ ദിവ്യങ്ങളും അഭൌമങ്ങളുമായ സമ്പത്തുകളാണ്. അ അതിനാൽ അവ ജഡങ്ങളായ ഭൌതികാനുഭവങ്ങളിൽ നിന്നു കിട്ടാവുന്നവയല്ല. ദിവ്യമായ ആത്മജ്ഞാനത്തി ൽനിന്നേ കിട്ടു. അതിനാൽ അവശ്യം മതം ആദരിക്ക പ്പെട്ടുകതന്നെ വേണം.

എല്ലാ മതങ്ങളുടേയും സാമാന്യനില ഇതുതന്നെ. മനുഷ്യൻെറ ഒഴിക്കാൻ പാടില്ലാത്ത ആവശ്യങ്ങളായ സംതൃപ്തിയും സമാധാനവുമാകുന്ന അടിത്തറയിലാണ് എല്ലാമതങ്ങളും കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു് അതി നാൽ ഏതൊരു മതത്തിൻെറയും അടിയിലേയ്ക്കാഞ്ഞി റങ്ങി ചെല്ലുന്ന ഒരാൾക്കു സംതൃപ്തിയും സമാധാനവും കിട്ടുമെന്നതു തർക്കമെററ സംഗതിയാണ്.

മതമെന്നാൽ ചില ഗ്രന്ഥങ്ങളുടെയോ അല്ലെങ്കിൽ ഏതാനും ചില തത്വങ്ങളുടെയോ അതുമല്ലെങ്കിൽ ചി ലരുടെ അഭിപ്രായങ്ങളുടെയോ പേരല്ല; ആത്മാവിൻെറ യും, അനുഭൂതിയുടെയും വികാസമാണ്. അതിനാൽ ആത്മതൃഷ്ണയും, അനുഭൂതിദാഹമുള്ള എല്ലാവരെയും അ താകർഷിച്ചുകൊണ്ടിരിക്കുന്നു. ചിലർക്കിന്നു് ആത്മതൃ ഷ്ണയില്ലെങ്കിൽ അതിനുള്ള പാകത വരാത്തതുകൊണ്ടു മാത്രമാണ്. ഇന്നു പാകത വന്നിട്ടില്ലെങ്കിൽ അവർക്കും നാളെ പാകത വരാൻ പോകുന്നു. അപ്പോൾ ഇന്നു മ തം ആവശ്യമില്ലാത്തവക്കും നാളെ ആവശ്യമായിത്തീ

രുകയും ചെയ്യും. ആ സ്ഥിതിക്കു് ഏതുകാലത്തും ദേശത്തും ഏതൊരാൾക്കും മതം ആവശ്യമില്ലാതാവുന്നില്ല. അതിനാൽ മനുഷ്യനും മതവും അഭേദ്യങ്ങളായ ഘടകങ്ങളാണു്. വേർപിരിച്ചാലും പിരിയാതെ മനുഷ്യനും മതവും ഒന്നായിത്തന്നെ നില്ക്കുന്നു. മനുഷ്യനോടുകൂടാതെ മതത്തെ ഊഹിക്കാൻ കഴിയാത്തതുപോലെ മതത്തോടുകൂടാതെ മനുഷ്യനെയും ഊഹിക്കാൻ പോലും വയ്യ. ഏതെങ്കിലും ഒരു പ്രകാരത്തിൽ മതം മനുഷ്യനിൽ സ്വാധീനത ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ടു്. മനുഷ്യനുള്ളേടത്തോളംകാലം അതു നിലനിൽക്കുകയും ചെയ്യും. വിചാരമെന്ന മാനസികപ്രവൎത്തനം മനുഷ്യനേ ഉള്ളു. അതിൽനിന്നാണു് മതമുണ്ടായതു്. അതുള്ളേടത്തോളംകാലം മനുഷ്യനും മതവും തമ്മിൽ ബന്ധപ്പെട്ടുതന്നെ ഇരിക്കും.

## വിശ്വാസം

ലോകത്തിൽത്തന്നെ ചെയ്യപ്പെടുന്ന ഓരോ പ്രവൃത്തിയുടേയും വിജയം അതിലർപ്പിക്കപ്പെടുന്ന വിശ്വാസത്തെ അപേക്ഷിച്ചാണിരിക്കുന്നതു്. അജ്ഞന്മാരുടെ ദൃഷ്ടിക്കു് അദൃശ്യനായ ഈശ്വരനും, ഈശ്വരീയങ്ങളായ ധൎമ്മങ്ങളുമെല്ലാം കേവലം വിശ്വാസമാകുന്ന ഒരേ ഒരടിത്തറയിലാണുറച്ചുനിൽക്കുന്നതു്. വിശ്വാസമാകു

ന്നു അടിത്തറയില്ലെങ്കിൽ ആത്മീയസാധനകളും നില നില്ക്കാനോ വിജയിക്കാനോ പോവുന്നില്ല. സാധന എത്ര ചെറുതായാലും അതിലർപ്പിക്കപ്പെടുന്ന വിശ്വാസം അനന്തമായിരിക്കണം. വിശ്വാസം വേണ്ടത്ര വളരാത്തപക്ഷം കുറെ വലിയതാണ് സാധനയെന്നു പറഞ്ഞതുകൊണ്ടും വിശേഷിച്ച പ്രയോജനമില്ല, അനുഭവമൊന്നുമുണ്ടാവാൻ വഴിയില്ല. ഗുരു, മന്ത്രം, ഔഷധം, ദേവൻ എന്നിവയുടെ വീര്യത്തെ വളരെയധികം വർദ്ധിപ്പിക്കാനും, ചുരുക്കാനും കഴിയും വിശ്വാസത്തിന്നു്. ഗുരു എത്രതന്നെ നിസ്സാരനായാലും ശിഷ്യൻെറ വിശ്വാസം അയാളെ ഉയർത്തും. അങ്ങിനെതന്നെ എത്ര യോഗ്യനായാലും ശിഷ്യനു വേണ്ടത്ര വിശ്വാസമില്ലെകിൽ ആ ഗുരുവിൽക്കൂടെ ശിഷ്യനുയരാനും സാധ്യമല്ല. ഇങ്ങിനെതന്നെയാണ് മന്ത്രാദികളുടേയും കഥ. ഏതു കാരിരുമ്പിനേയും വെള്ളമാക്കാനും, ഏതു തൃണത്തേയും കാരിരുമ്പാക്കാനും കഴിയും വിശ്വാസത്തിന്നു്. ഒരിക്കൽ ഒരു സാധുബ്രാഹ്മണൻെറ കൈകൊണ്ടു അറിയാതെ ഒരു പശു മരിക്കാനിടയായി. അദ്ദേഹത്തിന്നു വലിയ വ്യസനമായി താൻ പശുഹത്യ ചെയ്തുവല്ലൊ. എന്തൊരു പ്രായശ്ചിത്തംകൊണ്ടാണതിൻെറ ദുരിതം നീങ്ങുന്നതെന്ന വിചാരമായി. അതിനാൽ സംശയനിവൃത്തിക്കുവേണ്ടി ഒരു തപസ്വിയെ സമീപിക്കാൻ തീർച്ചപ്പെടുത്തി. അങ്ങിനെ അദ്ദേഹത്തിൻെറ ആശ്രമത്തിൽ ചെന്നപ്പോഠം നിർഭാഗ്യവശാൽ ഋഷി അവിടെ ഉണ്ടായിരുന്നില്ല. ഒരു ശിഷ്യൻമാത്രമേ അവിടെ

ഉണ്ടായിരുന്നുള്ളൂ. നിരാശനായി മടങ്ങാൻ തുടങ്ങു മ്പോൾ ആ ഋഷിബാലൻ ബ്രാഹ്മണനോടു കാര്യമെന്താണെന്നന്വേഷിച്ചു. ബ്രാഹ്മണൻെറ സംശയത്തെ കേട്ട ഋഷിബാലൻ വളരെ നിസ്സാരഭാവത്തിൽ ഇതിനാണോ ഗുരുവിനെ അന്വേഷിച്ചതു്? ഇതുമാത്രം. വലിയൊരു കാര്യമല്ല. ഇതിൻെറ പ്രായശ്ചിത്തം ഞാൻ തന്നെ പറഞ്ഞുതരാം. നാലു രാമനാമം ജപിച്ചേയ്ക്കൂ. എന്നാൽ മതി, എല്ലാ പാപങ്ങളും അതുകൊണ്ടു തീരും എന്നുപറഞ്ഞു. ബ്രാഹ്മണനാശ്ചര്യമായി. ഇത്രത്തോളം മഹാത്മ്യമുണ്ടു് രാമനാമത്തിനെന്നെനിക്കിതുവരെ അറിയാൻ കഴിഞ്ഞില്ലല്ലോ എന്നോർത്തു വ്യസനിക്കുകയും, എങ്കിലും ഇപ്പോഴെങ്കിലും അറിയാൻ കഴിഞ്ഞുവല്ലോ എന്നോർത്തു സന്തോഷിക്കുകയും ചെയ്തു. അവിടെവെച്ചുതന്നെ കുറെ രാമനാമം ജപിച്ചു കൃതാർത്ഥനായി ഗൃഹത്തിലേക്കു മടങ്ങിപ്പോരികയും ചെയ്തു. പിറെറ ദിവസമാണു് ആശ്രമത്തിലെ തപസ്വി തിരിച്ചുവന്നതു്. അദ്ദേഹം വന്ന ഉടനെ ശിഷ്യനോടു വല്ല ഭക്തന്മാരും തന്നെകാണാൻ വന്നിരുന്നുവോ എന്നന്വേഷിച്ചു. ശിഷ്യൻ തലേദിവസത്തെ ബ്രാഹ്മണൻെറ കഥയും താൻ അദ്ദേഹത്തോടുപദേശിച്ചതുമൊക്കെ വിസ്തരിച്ചു പറഞ്ഞു. അതുകേട്ടപ്പോൾ തപസ്വി കലശലായി ക്രോധിച്ചു ശിഷ്യനെ ശപിക്കയാണു് ചെയ്തതു്. കാരണം നിനക്കു വിശ്വാസമുണ്ടായിരുന്നെങ്കിൽ ഓരോ രാമനാമംകൊണ്ടുതന്നെ എന്തെന്തു മഹാപാതകമാണു് നശിക്കാത്തതു്! എന്നിരിക്കെ നാലുനാമം ജപിക്കണെ

മെന്നു പറഞ്ഞതു നിൻെറ മുഴുത്ത അവിശ്വാസത്തെയാണ് കാണിക്കുന്നതു്. അതിനാൽ നീ കാട്ടാളനാവട്ടെ എന്നായിരുന്നു തപസ്വിയുടെ ന്യായവും ശാപവും ആ ഋഷിബാലനാണത്രേ പിൽക്കാലത്തു വാത്മീകിയായിത്തീർന്നതു്. വിശ്വാസക്കുറവുകൊണ്ടാണ് അധികകാലം രാമനാമം ജപിക്കേണ്ടിവന്നതെന്നുമാണ് ഐതിഹ്യം.

വിശ്വാസം വസ്തുവിൻെറ വീര്യത്തെ എത്രമാത്രം വർദ്ധിപ്പിക്കുകയും ചുരുക്കുകയും ചെയ്യുന്നു എന്നീ കഥയിൽനിന്നു മനസ്സിലാക്കാം. എത്ര കുറച്ചായാലും സമ്പൂർണ്ണ വിശ്വാസത്തോടും ഭക്തിയോടുംകൂടി ചെയ്യപ്പെടുന്ന സാധന വളരെ വേഗത്തിൽ സാധകനെ ഉയർത്തും. വിശ്വാസം വേണ്ടത്രയില്ലെങ്കിൽ ഫലം മറിച്ചുമാണ്. ആരൊക്കെ ആത്മീയമാർഗ്ഗത്തിൽ ഉയർന്നിട്ടുണ്ടോ അവരുടെയൊക്കെ ചരിത്രം പരിശോധിച്ചാൽ അറിയാം; അവരൊക്കെത്തന്നെയും സമ്പൂർണ്ണവിശ്വാസംകൊണ്ടാണു് ഉയരാൻ ഇടയായതെന്നു്. അനുഭവമൊന്നുമില്ലാതെയുള്ള വിശ്വാസം അന്ധമല്ലേ? എന്നാണ് ചിലരുടെ ന്യായം. അതു പരമാർത്ഥമാണ്. വസ്തുബോധത്തിന്നാവശ്യമായ വിവേകം കിട്ടാതിരിക്കും കാലത്തോളം അന്ധമായി വിശ്വസിക്കയല്ലാതെ മറെറന്താണ് നിവൃത്തി? നാമൊരാളോട് ഒരിടത്തേക്കുള്ള വഴി ചോദിക്കുന്നു എന്നിരിക്കട്ടെ, തൻെറ പ്രാപ്യസ്ഥാനത്തെത്താനുള്ള മാർഗ്ഗം അറിയാഞ്ഞിട്ടല്ലേ ചോദിക്കുന്നതു്? ആരെങ്കിലും പറഞ്ഞാൽ

ണിച്ചുതരുന്ന മാർഗ്ഗം ശരിയാണെന്നെങ്ങിനെ വിശ്വസിക്കും? കാണിച്ചുതരപ്പെട്ട വഴിയിൽക്കൂടെ പോയിനോക്കിയാലല്ലേ അതു ശരിയായ മാർഗ്ഗമാണെന്നു ബോദ്ധ്യപ്പെടാൻ പററു. വിശ്വസിക്കാതെ എങ്ങിനെ പോവും? അപ്പോൾ ആദ്യം വിശ്വസിച്ചുതന്നെ പോണം. ഇതുപോലെതന്നെയാണു് ആത്മീയമാർഗ്ഗവും. അദ്ധ്യാത്മസാധകന്മാർക്കു മററെല്ലാററിനെക്കാളും ഉണ്ടായിരിക്കേണ്ട ഗുണമാണു് തൻെറ ഗുരുവിലും, തൻെറ അനുഷ്ഠാനത്തിലുമുള്ള സുദൃഢമായ വിശ്വാസം. പലപ്പോഴും പല സാധകന്മാരിലും കാണാറുള്ള ഏററവും വലിച്ച ദോഷമാണു് വിശ്വാസക്കുറവു്. അതുകാരണത്താൽ അവർക്കു സാധനമാർഗ്ഗത്തിൽ പല വ്യതിയാനങ്ങളും സംഭവിക്കാറുമുണ്ടു്. നമ്മുടെ വിശ്വാസം നമ്മളെ രക്ഷിക്കട്ടെ.

# ഭാഗവതത്തിലെ ഭക്തി

ഭക്തിശാസ്ത്രമാണു് ഭാഗവതമെന്നു പറയാറുണ്ടു് ചിലർ. അതു ശരിയാണോ എന്നറിഞ്ഞുകൂടാ. എന്നാൽ വളരെയധികം ഭക്തിശിരോമണികളുടെ പാവനചരിത്രങ്ങളെക്കൊണ്ടലംകൃതമാണു് ഭാഗവതം. ഇത്രയധികം ഭക്തന്മാരുടെ ചരിത്രങ്ങളേയും, ഭക്തിയുടെ ഉത്തേജന

ത്തേയും വ്യക്തമായി വരച്ചുകാണിച്ച മറെറാരു ഗ്രന്ഥം വൈദികസാഹിത്യത്തിലുണ്ടോ എന്നുപോലും സംശയമാണു്. പന്ത്രണ്ടു സ്കന്ധങ്ങളുള്ളതിൽ ഒരു സ്കന്ധത്തിലെങ്കിലും ഭക്തന്മാരുടെ ചരിത്രമോ ഭക്തിയുടെ ഉത്തേജനമോ വർണ്ണിക്കപ്പെടാതിരുന്നിട്ടില്ല. അങ്ങിനെതന്നെ ഇത്രയധികം ഭഗവൽസ്തുതികളും മറെറാരു ഗ്രന്ഥത്തിലുണ്ടോ എന്നു സംശയമാണു്. ഓരോന്നെടുത്തുനോക്കിയാലും ഏതേതാണു് അധികം നന്നായിരിക്കുന്നതെന്ന സംശയമേ ഉള്ളു. കവിതയുടെ ഗുണംകൊണ്ടോ, ശബ്ദഘടനകൊണ്ടോ, ചമൽക്കാരംകൊണ്ടോ, അലങ്കാരങ്ങളെക്കൊണ്ടോ, ഭഗവന്മഹിമാപ്രകാശനം കൊണ്ടോ, ഭക്തിപ്രവാഹംകൊണ്ടോ, തത്വവിചാരംകൊണ്ടോ എന്തുകൊണ്ടു നോക്കിയാലും അത്യന്തം ഊർജ്ജസ്വലമാണു് ഓരോ സ്തുതിയും. പ്രഥമസ്കന്ധത്തിൽ കുന്തീദേവിയുടെ സ്തുതികൊണ്ടാരംഭിച്ചു്, ദ്വാദശസ്കന്ധത്തിൽ മാക്കാണ്ഡേയമഹർഷിയുടെ സ്തുതികൊണ്ടവസാനിക്കുന്നതിന്നിടയിൽ എത്ര സ്തുതികളുണ്ടു്! ഒരേ ഈശ്വരനെ ഒരേ ഭക്തിപ്രവണതയോടെയാണോ ഓരോരുത്തരും സ്തുതിക്കുന്നതു്. ഓരോ സ്തുതിക്കും ഓരോ പ്രത്യേകരൂപവും, പ്രത്യേക ചമൽക്കാരവുമുണ്ടു് പ്രസ്തുത സ്തുതികളെ കേട്ടാൽമാത്രം മതി, ഒരുവന്നു ഭക്തിയും വിശ്വാസവുമുണ്ടാവാൻ. ഭാഗവതകർത്താവായ ഭഗവാൻ വേദവ്യാസമഹർഷിയെ ഒരു കവിയെന്ന നിലയ്ക്കുമാത്രം വീക്ഷിക്കുന്ന പക്ഷം ഇതുപോലൊരു കവി ഉണ്ടായിട്ടില്ലെന്നുതന്നെ പറയണം. ഒരു തത്വത്തെ ഇത്രയധികം സ്വരൂപങ്ങ

ലിൽക്കൂടെ ആവിഷ്ക്കരിക്കാൻ മറ്റേതെങ്കിലും കവികൾക്കിതുവരെ സാധിച്ചിട്ടുണ്ടോ എന്നു സംശയം.

അങ്ങിനെതന്നെ എണ്ണിയാൽ ഒടുങ്ങാത്ത് ഭക്തജനങ്ങളെയാണദ്ദേഹം നിരത്തിനിർത്തി അവരുടെ ഭക്തിപ്രവാഹംകൊണ്ട് ആകർഷകമായൊരമൃതസമുദ്രംതന്നെ സൃഷ്ടിച്ച് അതിൽ വക്താക്കളെയും ശ്രോതാക്കളെയും മുക്കി ആറാടിക്കുന്നത്! പന്ത്രണ്ടു സ്കന്ധങ്ങളും മുന്നൂററിമുപ്പത്തഞ്ചദ്ധ്യായങ്ങളുമുള്ളതിൽ ഏതു സ്കന്ധത്തിലെ ഏതദ്ധ്യായമെടുത്താലും വേണ്ടില്ല, മഹാത്മാവായ ഏതെങ്കിലും ഒരു ഭക്തനുമായി ബന്ധപ്പെട്ടതായിരിക്കും അതിലെ പ്രതിപാദ്യവിഷയം. ഒരു ഭക്തനെയെങ്കിലും കാണാത്ത ഒരു ശ്ലോകംപോലുമില്ല. അശ്രുഗൽഗദ്ഭരിതനായി തൊഴുകയ്യുമായിരിക്കുന്ന പടവൃക്ഷത്തിനെയും, സമാധിയിൽ മുഴുകിയും ഉണർന്നും രസിക്കുന്ന ശ്രീശുകനെയും ഓരോ ശ്ലോകത്തിലും കാണാതെ വയ്യല്ലോ. അതൊടൊപ്പം വിനയമൂർത്തം, ഭക്തിപാരവശനുമായ സൂതനേയും ബദ്ധാഞ്ജലിഹസ്തന്മാരായ ശൌനകാദി ഋഷികളെയും കാണാം. ഇതിനു പുറമെ കുന്തി, പാഞ്ചാലി ഭീഷ്മർ, യുധിഷ്ഠിരൻ, അർജ്ജുനൻ, നാരദൻ, ബ്രഹ്മാവ് സനകാദികൾ, സ്വായംഭുവൻ, കപിലൻ, ദേവഹൂതി, ധ്രുവൻ, സതീദേവി, പരമേശ്വരൻ, പൃഥു, പ്രാചീനബർഹിസ്സ്, ഋഷഭൻ, ഭരതൻ, അജാമിളൻ, വൃത്രൻ, പ്രഹ്ലാദൻ, ബലി, ഗജേന്ദ്രൻ, അംബരീഷൻ, വിദുരൻ, ഉദ്ധവൻ, ഗോപികൾ, അക്രൂരൻ എന്നിങ്ങനെ അവസാനമില്ലാത്ത നീണ്ട പട്ടികയിൽപ്പെട്ട ഭക്തന്മാരെ

പലതരെയും അവിടവിടെ കാണാം. ഓരോ പ്രകാര ത്തിലാണു് ഓരോരുത്തര്ൽനിന്നും നിർഗ്ഗളിക്കുന്ന ഭക്തിയുടെ അമൃതധാര.

അങ്ങിനെതന്നെ ഭക്തിക്കെത്ര വൈവിദ്ധ്യമുണ്ടോ അതു മുഴുവൻ ഭാഗവതത്തിൽ കാണാം. അതായതു ഭക്തി സ്വരൂപത്തിൽക്കൂടെ സ്വൈരവിഹാരം ചെയ്തു പരമോ ച്ചാവസ്ഥയിലെത്തിയ ഭക്തന്മാരെയും കാണാം. ഭീഷ്മനും, അക്രൂരനും, പ്രഹ്ലാദനും ധ്രുവനും, ഉദ്ധവനും കംസനും, ശിശുപാലനും ഒക്കെ ഭക്തന്മാരാണു്. പക്ഷെ ഓരോ രൂപത്തിലാണവരിൽ ഓരോരുത്തരുടേയും ഭക്തി രാധപോലെ സൈരന്ധ്രിയും, പാഞ്ചാലിയും, ഗോ പികളും, ദേവഹൂതിയും, കുചേലപത്നിയും ഒക്കെ ഭക്ത കളാണു്. പക്ഷെ അവരുടേയും ഭക്തിസ്വരൂപത്തി നു വൈവിദ്ധ്യമുണ്ടു്. ഭിന്നഭിന്നസ്വരൂപത്തിലുള്ള ഭക്തിയോടുകൂടിയ ഭക്തന്മാരെയും, ഭക്തകളുടേയും അനുഭൂതികളും ഈഷൽഭേദവ്യത്യാസമുള്ളതായി കാണാം. ഭക്തിശിരോമണിയായ ശ്രീ നാരദമഹർഷി തൻെറ ഭക്തിശാസ്ത്രഗ്രന്ഥത്തിൽ ഭക്തിയെ പതിനൊന്നു പ്രകാരത്തിലാണു് രൂപീകരിച്ചിരിക്കുന്നതു്. എന്നാൽ ഭാഗവതത്തിലാകട്ടെ പത്തുമല്ല, ഇരുപതുമല്ല, അസം ഖ്യപ്രകാരത്തിലാണു് ഭക്തിയെ രൂപീകരിച്ചിരിക്കു ന്നതു്. ഓരോരുത്തരുടെ ഭക്തിയും ഓരോ പ്രത്യേക സ്വരൂപത്തിലാണെന്നു പറയണം. ഗജേന്ദ്രൻെറ ഭക്തിപോലെയല്ല കുചേലൻേറതു്. കുചേലൻേറതു പോലല്ല പ്രഹ്ലാദൻെറ. പ്രഹ്ലാദൻേറതു പോലല്ല

സൈരന്ധ്രിയുടെ. സൈരന്ധ്രിയുടേതുപോലല്ല അക്രൂരൻെറ. ഉങ്ങിനെ നോക്കിയാൽ അസംഖ്യം ഭക്തിസ്വരൂപങ്ങളുടെ ആവിഷ്ക്കരണവും, അവതരണവുമാണ്. ഭഗവാൻ വ്യാസമഹർഷി ഭാഗവതത്തിൽക്കൂടെ ചെയ്തിരിക്കുന്നതു്.

ഭഗവാനാകുന്ന ഒരു തത്വത്തെ പലരും പലപ്രകാരത്തിൽ പ്രാപിക്കുകയും, ഒരേ വിഭൂതിയെത്തന്നെ പലപ്രകാരത്തിൽ അനുഭവിക്കുകയും ചെയ്യുന്ന സുന്ദരമായ കാഴ്ച ഭാഗവതത്തിൽക്കൂടെയല്ലാതെ മററൊരു ഗ്രന്ഥത്തിൽക്കൂടിയും ഇത്ര ഹൃദ്യമായി കാണാൻ കഴികയില്ല അങ്ങനെതന്നെയാണ് അനുഷ്ഠാനവൈവിദ്ധ്യവും. അംരീഷനും, ഗജേന്ദ്രനും, മുചുകുന്ദനും, ധ്രുവനും, ദേവഹൂതിയും, ദക്ഷനും, വൃത്രനും, കുചേലനും ഒക്കെ തപസ്സുകൊണ്ടു ഭഗവാനെ പ്രാപിച്ചവരാണ്. ഓരോരുത്തരുടെ തപസ്സും ഓരോ രൂപത്തിലാണ്. ഒരേ രൂപത്തിൽ രണ്ടാളുടെ തപസ്സിനെ വർണ്ണിച്ചിട്ടുണ്ടോ എന്നുപോലും സംശയമാണ്. ദേവന്മാരുടേയും, അസുരന്മാരുടേയും, മനുഷ്യരുടേയും തപസ്സിനെ വർണ്ണിച്ചിട്ടുണ്ടു്. മനുഷ്യരിൽത്തന്നെ വർണ്ണത്തിൻെറയും ആശ്രമത്തിൻെറയും വ്യത്യാസത്തിൽക്കൂടെ തപസ്സിൻെറയും അനുഷ്ഠാനത്തിൻെറയും വ്യത്യാസത്തെയും വർണ്ണിച്ചു കാണിച്ചിട്ടുണ്ടു്.

അവരവരുടെ സംസ്കാരത്തിന്നനുസരിച്ചു ഭഗവാൻെറ അനുഗ്രഹം ഓരോരുത്തരിലും ഭിന്നഭിന്നസ്വരൂപത്തിൽ പ്രതിഫലിക്കുന്നതിന്നെയും വളരെ സുന്ദരമാകുംവണ്ണം ഉപന്യസിച്ചു കാണിച്ചിട്ടുണ്ടു്. ഇങ്ങനെ പരിശോ

ധിക്കുന്നപക്ഷം ഭഗവൽഭക്തിയുടെ അത്യന്തവിശാലമായ പരിധിക്കുള്ളിൽ ഒരാൾക്കെന്തെല്ലാം കാണേണ്ടതുണ്ടോ, അതു മുഴുവൻ ഭാഗവതത്തിൽ കാണാൻ കഴിയും. ഭക്തിയെ സംബന്ധിച്ച ഭാഗവതത്തിലല്ലാത്ത ഒരു നവീനാശയം ഒരാൾക്കവതരിപ്പിക്കാൻ കഴിയുമെന്നു പറയാൻവയ്യ.

അങ്ങിനെയാണെങ്കിൽ ഭാഗവതത്തെ ഭക്തിശാസ്ത്രമെന്നോ, ഭക്തിയുടെ പ്രമാണഗ്രന്ഥമെന്നോ പറഞ്ഞുകൂടേ? അങ്ങിനെ പറയുന്നതു് അനർത്ഥമല്ലേ? എന്നു തോന്നാം. അതു പരമാർത്ഥമാണു്. ഭക്തിയുടെ ശാസ്ത്രവും പ്രമാണവുമാണു് ഭാഗവതം. സാംഖ്യശാസ്ത്രത്തിൻെറയും, വേദാന്തശാസ്ത്രത്തിൻെറയും വിഭിന്നദൃഷ്ടികൾ പ്രപഞ്ചഘടനയെ എങ്ങിനെ വീക്ഷിക്കുന്നു. ജഗത്തിൻെറ മൂലഘടകങ്ങൾ എന്തെല്ലാമാണു്, അവ എങ്ങിനെ ഉണ്ടായി, വ്യഷ്ടിയും സമഷ്ടിയും തമ്മിലുള്ള വ്യത്യാസമെന്തു്—എന്നീ വിഷയങ്ങളെ അത്ഭുതകരമാംവണ്ണം കൈകാര്യം ചെയ്തിട്ടുണ്ടു് ഭാഗവതം.

ഇതിന്നുപുറമേ കാലം, മായ, ജീവൻ, ഈശ്വരൻ എന്നീ തത്വങ്ങളുടെ അത്യന്ത സൂക്ഷ്മങ്ങളായ സ്വരൂപങ്ങളുടെ ആവിഷ്ക്കരണം, പുനർജ്ജന്മം, പൂർവ്വജന്മം, ദേവയാനം, പിതൃയാനം എന്നിവയുടെ യുക്തിപൂർവ്വമായ നിരൂപണത്തിൽക്കൂടെയുള്ള സമർത്ഥനം തുടങ്ങിയ സൂക്ഷ്മസൂക്ഷ്മങ്ങളും അത്യന്തപരോക്ഷങ്ങളുമായ കാര്യങ്ങൾ ഭാഗവതത്തിൽനിന്നു ഗ്രഹിക്കാൻ കഴിയുന്നതുപോലെ മററാരു ഗ്രന്ഥത്തിൽനിന്നു സാദ്ധ്യമാണോ

എന്നപോലും സംശയമാണ്. അനുഷ്ഠാനങ്ങളുടെ കാര്യവും അങ്ങിനെതന്നെ. സാംഖ്യം, യോഗം, ഭക്തി ജ്ഞാനം, എന്നിവയുടെ സ്വരൂപങ്ങളെയും, അവയുടെ വൈവിദ്ധ്യങ്ങളെയും, അനുഷ്ഠാന സമ്പ്രദായങ്ങളെയും വളരെ ഹൃദ്യമായി പ്രതിപാദിച്ചിട്ടുണ്ട്. ക്രിയായോഗത്തെയും, കർമ്മയോഗത്തെയും, വ്രതങ്ങൾ, തീർത്ഥാടനങ്ങൾ, സ്വാദ്ധ്യായം, വർണ്ണാശ്രമധർമ്മങ്ങൾ എന്നിവയേയും പറയാൻ വിട്ടുപോയിട്ടില്ല.

ഈ സ്ഥിതിക്ക ഭാഗവതം അദ്ധ്യാത്മധർമ്മങ്ങളിൽ ഏതിൻേറയാണ് പ്രമാണഗ്രന്ഥമല്ലാത്തതു്? എല്ലാററിൻേറയും ശാസ്ത്രഗ്രന്ഥവും, പ്രമാണഗ്രന്ഥവുമാണെന്നു പറയണം. അതാണ് ഭക്തിശാസ്ത്രം മാത്രമല്ലെന്നു പറഞ്ഞതിൻേറ താല്പര്യം. എല്ലാ തത്വങ്ങളെയും കഥാസ്വരൂപേണ ആവിഷ്ക്കരിച്ചിരിക്കുന്നതുകൊണ്ടു പുരാണങ്ങളുടെ വകുപ്പിൽപ്പെടുത്തി എന്നുമാത്രം. അനുഭവത്തിൽ വേദത്തിൻേറപോലും ഗൌരവമുണ്ടു് ഭാഗവതത്തിനെന്നു പറയണം. ഭക്തിയെ എത്രത്തോളം വർണ്ണിച്ചിട്ടുണ്ടോ അത്രതന്നെ മററു വിഷയങ്ങളെയും വർണ്ണിച്ചിട്ടുണ്ടു് ഭാഗവതത്തിൽ. ആദ്ധ്യാത്മികമായ എല്ലാധർമ്മങ്ങളും കൂടിച്ചേർന്ന സമ്പൂർണ്ണസ്വരൂപത്തെയാണ് 'ബ്രഹ്മവിദ്യ'യെന്നു പറയുന്നതെങ്കിൽ ആ ശബ്ദംകൊണ്ടാണ് ഭാഗവതത്തെ അഭിസംബോധനം ചെയ്യേണ്ടതെന്നു പറയണം. ബ്രഹ്മവിദ്യയെ അറിഞ്ഞാൽ എല്ലാം അറിഞ്ഞു എന്നു പറയാറുണ്ടു്. ഭാഗവതത്തെ അറിഞ്ഞാലും എല്ലാം അറിഞ്ഞു എന്നു പറയാം. ബ്രഹ്മവി

ദ്യയെന്ന അൎത്ഥത്തെ ഉള്ളിൽവെച്ചുകൊണ്ടുതന്നെയാണോ ആചാൎയ്യൻ ഭാഗവതമെന്നു നാമകരണം ചെയ്തതെന്നുപോലും സംശയിക്കണം. കാരണം ഭാഗവതശബ്ദത്തിന്നു ഭഗവാനെസ്സംബന്ധിച്ചതെന്നൎത്ഥമാണല്ലോ. അതാകട്ടെ ഭക്തി മാത്രമല്ലതാനും. ഭക്തിയെന്നപോലെ പിന്നെയും ഭഗവാനോടു ബന്ധപ്പെട്ട ധൎമ്മങ്ങൾ വേറെയും പലതുമുണ്ടു്. അവയെല്ലാം കൂടിച്ചേൎന്നതിനെയാണു്, ഭാഗവതമെന്നു പറയുന്നതു്. അതുതന്നെ ബ്രഹ്മവിദ്യയും.

## പഞ്ചകോശങ്ങൾ

ജീവന്റെ അനാദിയായ അജ്ഞാനത്തെ തുറന്നു കാണിക്കലാണു് വേദാന്തശാസ്ത്രത്തിലെ വലിയ ഒരു ഭാഗംകൊണ്ടു സാധിക്കുന്നതു്. ജീവേശപരജഗത്തുക്കളായും, ശരീരത്രയമായും, പഞ്ചകോശങ്ങളായും, ത്രിഗുണങ്ങളായും പല സ്വരൂപത്തിൽ ഒരേ അജ്ഞാനത്തെത്തന്നെയാണു് അപഗ്രഥിച്ചു കാണിക്കുന്നതു്. എല്ലാ അപഗ്രഥനങ്ങളും അത്യന്തസുന്ദരങ്ങളായിട്ടുണ്ടു്. അതിൽ ഒരു പ്രകാരത്തിലുള്ള ആവിഷ്കരണമാണു് പഞ്ചകോശങ്ങൾ. അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം,

ആനന്ദമയകോശം. എന്നീ അഞ്ചു രൂപത്തിലുള്ള കോശങ്ങളെ അല്ലെങ്കിൽ ആത്മാവിൻെറ അഞ്ചു രൂപത്തിലുള്ള ആവരണങ്ങളെയാണ് പഞ്ചകോശങ്ങളെന്നു പറയുന്നതു്. ആത്മചൈതന്യം പ്രസ്തുത പഞ്ചകോശങ്ങളാൽ ആവരണം ചെയ്യപ്പെടുകയും ജീവന്നു പഞ്ചകോശങ്ങളെ അതിക്രമിക്കാൻ കഴിവില്ലാതായിത്തീരുകയുംചെയ്തതിനാലാണ് ആത്മസാക്ഷാൽക്കാരം സുഗമമല്ലാതായിത്തീർന്നിരിക്കുന്നതു്. ആദിത്യങ്കൽനിന്നുണ്ടായ മേഘങ്ങൾ ആദിത്യനെത്തന്നെ മറക്കുംപോലെ ജീവൻെറ അജ്ഞാനസ്വരൂപങ്ങളായ പ്രസ്തുത പഞ്ചകോശങ്ങൾ ജീവന്നുതന്നെ മറവായിത്തീന്നു് ആത്മദർശനം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കയാണ്. സ്വർണ്ണത്തിൽ സ്വർണ്ണബുദ്ധിയില്ലാതായി ആഭരണബുദ്ധി മാത്രമുള്ളവക്കു് എപ്പോഴും സ്വർണ്ണദർശനം സാധിക്കാത്തതുപോലെ അഖണ്ഡമായ ആത്മചൈതന്യം എപ്പോഴും എങ്ങും വിളങ്ങുന്നുണ്ടെങ്കിലും അജ്ഞനായ ജീവന്നു പഞ്ചകോശങ്ങളേയും അവയുടെ വൃത്തികളേയുമല്ലാതെ ഒരിക്കലും ആത്മസ്വരൂപത്തെ ദർശിക്കാൻ കഴിയുന്നില്ല. കയറിൽ പാമ്പിനേയും കുററിയിൽ ഭൂതത്തേയും സൃഷ്ടിക്കുന്നതും അവയെക്കണ്ടു തന്നെ ഭയപ്പെടുത്തുന്നതും തന്നിലുള്ള അവിദ്യയാണെങ്കിലും മന്ദാന്ധകാരത്തിൽ പ്രസ്തുത അവിദ്യക്കു് വിധേയനാവേണ്ടിവരുന്നു. എന്നാൽ വിളക്കു കൊണ്ടുവന്നു നോക്കുന്നതോടെ പാമ്പും ഭൂതവും നഷ്ടപ്പെട്ടു യഥാർത്ഥ രൂപങ്ങളായ കയറും കുററിയും പ്രത്യക്ഷപ്പെടുകയും ചെയ്യു

ന്നു. ഇതുപോലെ തന്നിലുള്ള അവിദ്യകൊണ്ടു് അല്ലെങ്കിൽ അജ്ഞാനംകൊണ്ടാണു് ജീവൻ പഞ്ചകോശങ്ങളാൽ തടയപ്പെട്ടിരിക്കുന്നതെങ്കിലും വിജ്ഞാനപ്രകാശം കിട്ടാതിരിക്കുംകാലത്തോളം അതിനു വിധേയനായിത്തന്നെ ഇരിക്കുന്നു. അങ്ങിനെ തൻെറ തന്നെ അജ്ഞാനമയങ്ങളായ പഞ്ചകോശങ്ങളിലും അവയുടെ പ്രതിഫലനങ്ങളായ അവസ്ഥാത്രയത്തിലും മയങ്ങിക്കൊണ്ടുതന്നെ അവയിൽനിന്നു വിട്ടുപോരാൻ കഴിയാതെ ആയിരമായിരം ജനനമരണങ്ങളേയും മററനേകം ദുരന്തങ്ങളായ ദുഃഖപരമ്പരകളേയും അനുഭവിക്കുന്നു. എല്ലാ അനുഭവങ്ങളും കേവലം സ്വപ്നമാത്രങ്ങളും മൂന്നുകാലത്തും സംഭവിക്കാത്തവയുമാണെങ്കിൽക്കൂടി അവയെ ഭുജിക്കുന്ന വത്തമാനകാലത്തു പരമസത്യങ്ങളായി തോന്നപ്പെടുന്നതിനാൽ അജ്ഞാനമുള്ളടത്തോളം കാലം സത്യങ്ങൾതന്നെ. സ്വപ്നാവസ്ഥയിൽ അനുഭവിക്കുന്ന അനുഭവങ്ങൾ എന്തൊക്കെയായാലും ഏതേതു കാലദേശങ്ങളിൽ വെച്ചാണെന്നു തോന്നിയാലും തൻെറ മനസ്സിൽ മാത്രം വെച്ചാണെന്നുള്ളതെപ്രകാരമോ, അതുപോലെ ജീവൻെറ നാനാകാലദേശങ്ങളിലും നാനാ പരിതസ്ഥിതികളിലുമുള്ള എല്ലാ അനുഭവങ്ങളും പ്രസ്തുത പഞ്ചകോശങ്ങളിലും അവസ്ഥാത്രയത്തിലുംവെച്ചു മാത്രമാണു് നടക്കുന്നതു്. പഞ്ചകോശങ്ങളിലും അവസ്ഥാത്രയത്തിലുമുള്ള പരിഭ്രമണം തന്നെ ജീവൻെറ സംസാരഗതി. അതിൻെറ മൂലകാരണമാകട്ടെ തൻെറ അജ്ഞാനവും. അതു നശിച്ചാൽ സംസാരവും അവസാനിച്ചു. എന്നാൽ എന്താണീ പഞ്ച

കോശങ്ങളും അവസ്ഥാത്രയവും? എങ്ങിനെയാണവയു ണ്ടായതു്? എങ്ങിനെയാണവ ജീവന്നു് അയഥാർത്ഥങ്ങ ളായ ദുഃഖാനുഭവങ്ങൾക്കു കാരണമായതു്? എങ്ങിനെയാ ണവ ഇല്ലാതായിത്തീരുന്നതു്? എന്നുള്ള നിരൂപണം ജീവൻെറ അനാദിയായ അജ്ഞാനത്തിൻെറ നാശത്തി നും അതുവഴിക്കു കൈവല്യപ്രാപ്തിക്കും കാരണവുമാണു്. അതിനാൽ അവയെക്കുറിച്ചു നിരൂപിച്ചു ശരിയായിപ്പ ഠിക്കുന്നതു വളരെ അത്യാവശ്യവും ഓരോരുത്തരുടേയും ഒഴികാൻ പാടില്ലാത്ത കൎത്തവ്യവുമാണെന്നുകൂടിയും പറയാം.

നാനാകാലദേശങ്ങളിൽ നാനായോനികളിൽ ജനി ച്ചും മരിച്ചും കൎമ്മപ്രവാഹത്തിൽക്കൂടെ ഒഴുകിക്കൊണ്ടി രിക്കുന്ന ജീവന്നു് എപ്പോഴെങ്കിലുമൊരിക്കലൊന്നു് സുകൃ തവാസന ഹേതുവായി മനുഷ്യജന്മം കിട്ടുന്നതു്. മനുഷ്യ ജന്മം കിട്ടിയാലും വിവേകവൈരാഗ്യങ്ങളും സൽസംഗ വും അനുകൂലമായ പരിതസ്ഥിതിയുമില്ലാതെ തത്വവി ചാരം ചെയ്വാനോ, സ്വരൂപാവസ്ഥയെ അറിയാനോ സാദ്ധ്യമല്ല. മനുഷ്യയോനിയിൽത്തന്നെ സുകൃതവിശേ ഷത്താൽ അനേകം ജന്മങ്ങൾ കഴിയുമ്പോഴാണു് എല്ലാ സൌകൎയ്യങ്ങളും ഒത്തുചേൎന്നു തത്വവിചാരത്തിന്നുള്ള അവസരം കിട്ടുന്നതു്. സൌകൎയ്യങ്ങൾ പൂൎണ്ണമായിക്കഴി ഞ്ഞാൽ തത്വവിചാരത്തെ ചെയ്തു സ്വരൂപാവസ്ഥയെ അറിഞ്ഞു കൈവല്യത്തെ പ്രാപിക്കണമെന്നില്ല പിന്നെ പറയേണ്ടതില്ല. അതിന്നുള്ള വിവേകം അപ്പോൾ സ്വാ ഭാവികമായുണ്ടാവും. എന്നാൽ അപൂൎണ്ണമായ സൌകൎ

ഷ്യത്തിലാണു് അധികപേരും എപ്പോഴും നില്ക്കുന്നതു്. അവരോടാണു് പറയേണ്ടിവരുന്നതു്. സാഹചര്യങ്ങളുടെ ആനുകൂല്യത്തിന്നു മുഖ്യകാരണം പുരുഷപ്രയത്നമാണു്. അതിനാൽ തങ്ങടെ സാഹചര്യങ്ങളെ പൂർണ്ണങ്ങളും അനുകൂലങ്ങളുമാക്കിത്തീർക്കാനുള്ള പ്രയത്നം ഓരോരുത്തർക്കുമുണ്ടാവേണ്ടതാണു്. അജ്ഞാനമാണു് ബന്ധത്തിനും ദുഃഖത്തിനും കാരണം. ജ്ഞാനംകൊണ്ടു മാത്രമേ അതു നിവർത്തിക്കൂ. ജ്ഞാനമാകട്ടെ തത്വവിചാരംകൊണ്ടേ ഉണ്ടാവാനും പോവുന്നുള്ളൂ. അപ്പോൾ ആർക്കാണു് തത്വവിചാരം ആവശ്യമല്ലാത്തതു്? അതിനാൽ പറയപ്പെട്ട പഞ്ചകോശങ്ങളുടേയും അവസ്ഥാത്രയത്തിൻേറയും രൂപത്തിലും മററു സ്വരൂപങ്ങളിലും തത്വങ്ങളെ നിരൂപിച്ചറിഞ്ഞു് ആത്മതത്വത്തെ പ്രാപിക്കേണ്ടതാണു്. പഞ്ചകോശങ്ങളേയും അവസ്ഥാത്രയത്തേയും അവയുവഴിക്കു ജീവസ്വരൂപത്തേയും ആത്മാവിനേയും നിരൂപിക്കുന്ന ക്രമത്തെ ഇവിടെ പകർത്താൻ ശ്രമിക്കാം.

## അന്നമയകോശം.

അമ്മയച്ഛന്മാർ കഴിച്ച അന്നത്തിൻെറ പരിണാമവിശേഷമായിട്ടുണ്ടായതും അന്നംകൊണ്ടു നിലനില്ക്കുന്നതും അന്നമില്ലെങ്കിൽ നശിച്ചുപോകുന്നതും കരചരണാദ്യവയവങ്ങളോടുകൂടിയതും രസരക്തമാംസമേദോസ്ഥിമജ്ജാശുക്ലങ്ങളാകുന്ന സപ്തധാതുമയവും വാതപിത്തകഫസങ്കലിതവുമായ ഈ സ്ഥൂലശരീരത്തെയാണു് അന്നമയ

കോശമെന്നു പറയുന്നതു്. അന്നാത്മകമായതുകൊണ്ടു് അന്നശബ്ദവും, ബാല്യകൌമാര യൌവന വാർദ്ധക്യാദി ദശാവിശേഷങ്ങളാകുന്ന പരിണാമവിശേഷങ്ങളോടുകൂടിയതാണെന്ന കാരണത്താൽ മയശബ്ദവും ആത്മാവിൻെറ ആവരണമാണെന്ന കാരണത്താൽ കോശശബ്ദവും ഇതിന്നു വാച്യമായി. അതിൽ അന്നാത്മകത്വവും പരിണാമവിശേഷങ്ങളും പ്രത്യക്ഷമാണല്ലോ. ആത്മാവിന്നു് എങ്ങിനെ ആവരണമാവുന്നു എന്നുള്ളതിനെ നിരൂപിക്കാം. ജീവൻ അന്നമയകോശത്തെ അല്ലെങ്കിൽ സ്ഥൂലശരീരത്തെ അധിവസിക്കുകയും അതിനെ ഞാനെന്നും എൻെറതെന്നും അഭിമാനിക്കുകയും അതിൻെറ വികാരങ്ങൾക്കു വിധേയനായിത്തീരുകയും ചെയ്യുന്ന സമയത്തെയാണു് ജാഗ്രദവസ്ഥയെന്നു പറയുന്നതു്. ജാഗ്രദവസ്ഥയിൽ എത്രതന്നെ അറിവോ ആത്മതൃഷ്ണയോ ഉണ്ടെങ്കിൽകൂടി ശരീരത്തെ മറക്കാൻ കഴിയുന്നില്ല. മാത്രമല്ല, ശരീരത്തിൻെറ ശുശ്രൂഷയിലും സുഖദുഃഖങ്ങളിലും മുഴുകിയും ശരീരാഭിമാനത്തോടുകൂടി പല കർമ്മങ്ങളെ ചേഷ്ടിച്ചും വിഷയങ്ങളെ അനുഭവിച്ചുംതന്നെ കഴിയുന്നു. ശരീരത്തെയോ ശരീരധർമ്മങ്ങളെയോ വിസ്മരിച്ചുകൊണ്ടുള്ള ആത്മഭാവം ഒരു നിമിഷനേരംപോലും ജാഗ്രദവസ്ഥയിൽ കിട്ടുന്നില്ല. ജാഗ്രദവസ്ഥയിലെ ജീവൻെറ എല്ലാ സംസ്കാരങ്ങളും ഇച്ഛകളും കേവലം ശരീരത്തെ ആശ്രയിച്ചുകൊണ്ടുള്ളതും ശരീരസംബന്ധമില്ലാത്തതായ യാതൊരനുഭവത്തിൻെറയും സ്പർശംപോലും ഇല്ലാത്തതുമാണു്. എല്ലാവരുടേയും അനുഭവം ഇതാണു് ജാഗ്രദവ

സ്ഥയിലെന്നുള്ളതുകൊണ്ടാണ് ഈ സ്ഥൂലശരീരം അല്ലെങ്കിൽ അന്നമയകോശം ആത്മാവിന്നു് ഏററവും കനത്ത ആവരണമാണെന്നു പറയുന്നതു്. ജാഗ്രത്തും സ്വപ്നവും സുഷുപ്തിയുമാകുന്ന മൂന്നവസ്ഥകളുടെ സമുച്ചയമാകുന്ന ജീവിതത്തിലെ അതിപ്രധാനമായതും ജീവന് എല്ലാ കരണങ്ങളെയും ഇഷ്ടംപോലെ ഉപയോഗിക്കാൻ സ്വാതന്ത്ര്യമുള്ളതുമായ ജാഗ്രദവസ്ഥ മുഴുവൻതന്നെയും ശരീരപോഷണത്തിന്നും ശരീരധർമ്മത്തിന്നും ശരീരത്തിന്റെ സുഖദുഃഖാന്വേഷണത്തിന്നും ശുശ്രൂഷയ്ക്കുംവേണ്ടി പോവുന്നു എന്നാണ് വരുന്നതു്. അങ്ങിനെ ജാഗ്രദവസ്ഥയിൽ ഒരു നിമിഷമെങ്കിലും ആത്മഭാവത്തെ അനുഭവിക്കാൻ സമ്മതിക്കാതെ ശരീരഭാവം നിറഞ്ഞിരിക്കുന്നു. ഇതിൽപ്പരം എന്തു മറവാണ് ആത്മാവിന്നുണ്ടാവേണ്ടതു്?

ജാഗ്രദവസ്ഥയിൽ ജീവൻ സ്ഥൂലശരീരത്തിൽ ദൃഢാഭിമാനത്തോടുകൂടിയിരിക്കുന്നതിനാൽ അപ്പോൾ ജീവന്റെ വിജ്ഞാനവും ഏററവും സ്ഥൂലമാണ്. സ്ഥൂപ്രപഞ്ചത്തെയും സ്ഥൂലവിഷയങ്ങളെയും മാത്രമാണപ്പോൾ അറിയുന്നതും ഇഷ്ടപ്പെടുന്നതും. എത്രതന്നെ പ്രയത്നിച്ചാലും അപ്പോൾ വിജ്ഞാനം സ്ഥൂലപ്രപഞ്ചത്തെ മറന്നു സൂക്ഷ്മതയിലേക്കു പോവാൻ വിഷമം. മാത്രമല്ല, അപ്പോൾ വിജ്ഞാനത്തിന്റെ വ്യാപ്തിതന്നെ സ്ഥൂലപ്രപഞ്ചത്തിൽമാത്രമാണ്. ശരീരത്തിന്റെ അന്തർഭാഗത്തുപോലും ഇല്ലെന്നു പറയണം. സ്ഥൂലവിഷയങ്ങളെക്കൊണ്ടുമാത്രമേ ജാഗ്രദവസ്ഥയിൽ ജീവനു തൃ

പ്പിപ്പെടാൻ കഴിയൂ. സ്ഥൂലവിഷയങ്ങളുടെ ഭുക്തി സാധിച്ചില്ലെങ്കിൽ താൻ നശിച്ചുപോവുമെന്നു ഭയപ്പെടുക പോലും ചെയ്യും. ഇതേ ജീവനതന്നെ സ്വപ്നസുഷുപ്ത്യവസ്ഥകളിൽ സ്ഥൂലവിഷയങ്ങളുടെ യാതൊരപേക്ഷയോ ആവശ്യമോ ഉണ്ടാവുന്നില്ല. അതുകൊണ്ടു് അവിടെ യാതൊരു കുറവുമുണ്ടാകുന്നുമില്ല. ജാഗ്രദവസ്ഥയിലും സ്ഥൂലവിഷയങ്ങളുടെ ഭുക്തികൊണ്ടു ജീവനു വൃദ്ധിയോ ക്ഷയമോ ഒന്നുമുണ്ടാകുന്നില്ല. എങ്കിലും ആ സമയത്തെ ബോധം അങ്ങിനെയാണു്. അതിനാൽ ജാഗ്രദവസ്ഥയിൽ മുഴവൻ സ്ഥൂലവിഷയങ്ങളുടെ അന്വേഷണവും ഭുക്തിയും ശരീരശുശ്രൂഷയുംതന്നെ മുഖ്യമായ പ്രവൃത്തി. അവയ്ക്കു തടസ്ഥം നേരിടാത്ത രീതിയിൽ മററു ലോകവ്യവഹാരങ്ങളും. ഈ കാരണത്താൽ ജാഗ്രദവസ്ഥയിലെ ജീവസ്വരൂപത്തെ 'വിശ്വ'നെന്നാണു് പറഞ്ഞുവരുന്നതു്. വിശ്വമെന്നു പറഞ്ഞാൽ ലോകം അല്ലെങ്കിൽ സ്ഥൂലപ്രപഞ്ചമയനെന്ന അർത്ഥത്തിലാണു് ജീവനു ജാഗ്രദവസ്ഥയിൽ വിശ്വനെന്നു പേരുണ്ടായതു്. തൻെറ സ്വരൂപത്തെയും സംസ്കാരത്തെയും കേവലം മറന്നു കട്ടപിടിച്ച അജ്ഞാനത്തിൽ മുഴുകിയ രൂപത്തിലാണു് ജാഗ്രദവസ്ഥയെ അനുഭവിക്കുന്നതു്. ജാഗ്രത്തു വിട്ടു സ്വപ്നാവസ്ഥയിലേയ്ക്കു കടക്കുമ്പോഠം ഇതേ ജീവൻെറ ഇതേ അജ്ഞാനംതന്നെ മറെറാരു പ്രകാരത്തിൽ രൂപാന്തരപ്പെടുകയായി. അപ്പോഠം ആ നിലയിലുള്ള അറിവു സത്യമാണെന്നാണു് വിശ്വസിക്കുന്നതു്. അതനുസരിച്ചാണു് സ്വപ്നാവസ്ഥയിലെ വ്യാപാരങ്ങളെല്ലാം.

## പ്രാണമനോവിജ്ഞാനമയ കോശങ്ങൾ.

അത്യന്തജഡമായ അന്നമയകോശത്തെ അല്ലെങ്കിൽ സ്ഥൂലശരീരത്തെ എപ്പോഴും ചലിപ്പിച്ചുകൊണ്ടും വ്യാപരിപ്പിച്ചുകൊണ്ടും ശരീരത്തിന്നകത്തും പുറത്തും വ്യാപിച്ച ചലനാത്മകശക്തിസ്വരൂപമായ പ്രാണൻതന്നെ പ്രാണമയകോശം. ജീവികളുടെ ജീവിതത്തിന്നാധാരമാണെന്നതുകൊണ്ടു പ്രാണശബ്ദവും പലവിധ വികാരങ്ങളോടുകൂടിയതാണെന്നതുകൊണ്ടു മയശബ്ദവും ചലനംകൊണ്ടും ക്ഷുൽപിപാസാദി ധർമ്മങ്ങളെക്കൊണ്ടും ആത്മാവിന്നാവരണമാണെന്നതുകൊണ്ടു കോശശബ്ദവും അതിന്നു വാച്യമായി. ജീവികളുടെ ജീവിതത്തിന്നാധാരമാണ് പ്രാണനെന്നതു വ്യക്തമാണ്. എന്തിനെന്നാൽ ശരീരത്തിലെ കരചരണാദി അവയവങ്ങളോ കണ്ണു ചെവി തുടങ്ങിയ ഇന്ദ്രിയങ്ങളോ നഷ്ടപ്പെട്ടാലും മനസ്സു ബുദ്ധി എന്നീ അന്തഃകരണങ്ങൾ ലയിച്ചാലും ജീവിതം നിലനിൽക്കുന്നു. എന്നാൽ പ്രാണന്റെ ചലനം നിന്നാൽ ജീവിതം അവസാനിക്കുകയും ചെയ്യുന്നു. സുഷുപ്ത്യവസ്ഥയിൽ ശരീരബോധനവും ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയുമെല്ലാം നിശ്ശേഷം ലയിക്കുന്നു. എന്നാൽ പ്രാണൻ അപ്പോഴും ചലിക്കുന്നതുകൊണ്ടു ജീവിതം പിന്നെയും നിലനിൽക്കുന്നു. ജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെ മുറിവില്ലാതെ ചലിക്കുന്ന ഒരേ ഒരു ശക്തി പ്രാണൻ മാത്രമാണ്. ബാക്കി എല്ലാററിന്നും ഉദയാസ്തമനങ്ങളും പ്രവൃത്തിനിവൃത്തികളുമെല്ലാമുണ്ടു്. അതാണ് പ്രാണൻ ജീവി

കളുടെ ജീവിതത്തിന്നാധാരമാണെന്നു പറഞ്ഞതു്. പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ, ഉദാനൻ എന്നീ അഞ്ചു പ്രകാരത്തിലുള്ള വകഭേദങ്ങളും അവയുടെ വൃത്തികളുമെല്ലാം പ്രാണൻെറ വികാരങ്ങളാണു്. വൃത്തികളെക്കൊണ്ടാണു് ആത്മാവിനെ ആവരണം ചെയ്യുന്നതെന്നതുകൊണ്ടും ചലിക്കുമ്പോഴെല്ലാം വൃത്തികളുണ്ടെന്നതുകൊണ്ടും ചലനം എപ്പോഴുമുണ്ടെന്നതുകൊണ്ടും പ്രാണചലനമുള്ളേടത്തോളംകാലം ജീവനു് ആത്മസാക്ഷാൽക്കാരം വിഷമംതന്നെ. പ്രാണചലനം നിയന്ത്രിക്കപ്പെടുമ്പോൾ മാത്രമേ ജീവനു സ്വരൂപാവസ്ഥയുടെ അറിവോ അനുഭവമോ ഉണ്ടാകുന്നുള്ളു എന്നുതന്നെ പറയണം. പ്രാണൻ മുഖത്തും അപാനൻ അടിവയററിലും സമാനൻ മധ്യഭാഗത്തും വ്യാനൻ സർവ്വനാഡീഞരമ്പുകളിലും ഉദാനൻ കണ്ഠത്തിലും നിൽക്കുന്നു. പുറത്തുള്ള ശബ്ദാദിവിഷയങ്ങളെയും അന്നപാനീയങ്ങളെയും പഞ്ചേന്ദ്രിയദ്വാരങ്ങളിൽക്കൂടെ അകത്തേക്കു വലിച്ചെടുക്കുന്നു മുഖസ്ഥനായ പ്രാണൻ. പ്രാണൻ ഇന്ദ്രിയങ്ങളിൽക്കൂടെ വലിച്ചെടുക്കുന്ന വിഷയങ്ങളെയൊക്കെ മദ്ധ്യസ്ഥിതനായ സമാനൻ പരിശോധിച്ചു മനസ്സിലേക്കും ബുദ്ധിയിലേക്കും ഉദരത്തിലേക്കുമെല്ലാം അതതിൻെറ സ്ഥാനങ്ങളിലേക്കയയ്ക്കുന്നു. ഉദരത്തിലെത്തിയ അന്നപാനീയങ്ങളെ പചിച്ചു് ആവശ്യമുള്ളവയെ രസരക്താദി ധാതുക്കളിൽ വ്യാപിപ്പിക്കാൻ വ്യാനനെ ഏൽപ്പിച്ചു് ആവശ്യമില്ലാത്ത ചണ്ടിയെ മലമൂത്രങ്ങളാക്കി അധോദ്വാരങ്ങളിൽക്കൂടെ പുറത്തേക്കു തള്ളുന്നു അപാനൻ

വ്യാനൻ അന്നപാനീയരസങ്ങളെ എല്ലാ ധാതുക്കളി ലും നാഡിഞരമ്പുകളിലും വ്യാപിപ്പിക്കുന്നു. കണ്ഠസ്ഥി തനായ ഉദാനൻ ഒരു വാഹനമെന്നപോലെ ജീവനെ ആവശ്യമുള്ള സമയത്തൊക്കെ ആവശ്യമുള്ള സ്ഥല ത്തേയ്ക്കു നയിക്കുകയും ചെയ്യുന്നു. "ജാഗ്രദവസ്ഥയിൽ സ്ഥൂലശരീരത്തിലും, വിശിഷ്യ കണ്ണിലും സ്വപ്നാവസ്ഥ യിൽ മനസ്സിലും സുഷുപ്തിയിൽ ഹൃദയാകാശത്തിലുമാ ണു് ജീവൻ നിലനിൽക്കുന്നതു്. അപ്പഴപ്പോഴം അതാ തു സ്ഥാനങ്ങളിലേക്കു ജീവനെ കൊണ്ടുപോകുകയും കൊ ണ്ടുവരികയും ചെയ്യുന്നതു് ഉദാനനാണു്. ഇവയാണു് പ്രാണൻെറ പ്രധാനങ്ങളായ വൃത്തികൾ. ഇങ്ങിനെ അഞ്ചു രൂപത്തിലുള്ള പ്രധാനവൃത്തികളെക്കൊണ്ടു് ഈ ശരീരമാകുന്ന യന്ത്രത്തെ എപ്പോഴും പ്രവർത്തിപ്പിച്ചു കൊണ്ടിരിക്കുന്ന മുഖ്യശക്തി പ്രാണനാണു്. പ്രസ്തുത വൃത്തികളെപ്പോഴം നടക്കുന്നതിനാൽ ജീവൻ അവയ്ക്കു വിധേയനായിട്ടിരിക്കുന്നു. അതിനാൽ പ്രാണചലനമുള്ള പ്പോഴൊരിക്കലും ആത്മഭാവം അനുഭവപ്പെടുവാൻ വയ്യ. ഇതാണു് പ്രാണൻ വൃത്തികളെക്കൊണ്ടു് ആത്മാവിന്നാ വരണവുമാണെന്നു പറഞ്ഞതു്.

ശരീരത്തിൻെറ അകത്തും പുറത്തുമെന്നു വേണ്ട ജഗത്തു മുഴുവൻ തന്നെയും വ്യാപ്തവും മനനാത്മകവുമായ മനസ്സുതന്നെ മനോമയകോശം. മനനാത്മകമാണെന്ന തിനാൽ മനശ്ചാഞ്ചല്യവും രാഗാദിരൂപത്തിൽ വികാരാ ത്മകമാണെന്നതുകൊണ്ടു മയശബ്ദവും. ആത്മാവിന്നാ വരണമായതുകൊണ്ടു് കോശശബ്ദവും വാച്യമായി.

മനസ്സ് എപ്പോഴും നാമരൂപങ്ങളെ സംബന്ധിച്ച് മന
നാത്മകവും രാഗാദിഭാവങ്ങളെക്കൊണ്ടു വികാരാത്മക
വുമാണെന്നതു പ്രത്യക്ഷമാണ്. ജീവനെ രാഗാദിവികാ
രങ്ങൾക്ക് വിധേയനാക്കിത്തീർത്ത് എപ്പോഴും പല പ്ര
കാരത്തിലുള്ള നാമരൂപങ്ങളുമായി സംബന്ധപ്പെടുത്തി
ഒരിക്കലും സ്വതന്ത്രനാവാൻ സമ്മതിക്കാത്തതുകൊണ്ടും
ഇല്ലാത്ത കർത്തൃത്വഭോക്തൃത്വങ്ങളെ ജീവനിൽ ആരോ
പിക്കുന്നതുകൊണ്ടും, ആത്മാവിന്നാവരണമാണ്. അന്ന
മയകോശവും പ്രാണമയകോശവും എത്രമാത്രം കന
ത്ത ആവരണങ്ങളാണോ, അതിനേക്കാൾ എത്രയോ അ
ധികം ശക്തിമത്തായ ആവരണമാണ് മനോമയകോശം.

വിജ്ഞാനസ്വരൂപിണിയായ ബുദ്ധിയെയാണ്
വിജ്ഞാനമയകോശമെന്നു പറയുന്നത്. അറിവാകുന്ന
സ്വരൂപത്തോടുകൂടിയതുകൊണ്ടു വിജ്ഞാനശബ്ദവും
സുഖദുഃഖാദിദ്വന്ദ്വഭാവങ്ങളെക്കൊണ്ടു വികാരാത്മികയാ
ണെന്നതുകൊണ്ടു മയശബ്ദവും ആത്മാവിന്നാവരണമാ
യതുകൊണ്ടു കോശശബ്ദവും ഇതിന്നും വാച്യമായി.
വിജ്ഞാനമയകോശം വിജ്ഞാനസ്വരൂപവും വികാരാ
ത്മകവുമാണെന്നതു പ്രത്യക്ഷമാണ്. എന്നാൽ വി
ജ്ഞാനം മുഴുവൻ നാമരൂപാദികളേയും ഗുണകർമ്മങ്ങളേയും
കാലദേശങ്ങളേയും സംബന്ധിച്ചതാണെന്ന കാരണത്താൽ
പ്രസ്തുത വിജ്ഞാനം തന്നെ ആത്മാവിന്റെ ശക്തിമ
ത്തായ ആവരണം. പറയപ്പെട്ട നാലു കോശങ്ങളും
ഉള്ളിലുള്ളിലായി സ്ഥിതിചെയ്യുന്നു. അന്നമയകോശ
ത്തിനുള്ളിൽ പ്രാണമയവും അതിനുള്ളിൽ മനോമയവും

മനോമയകോശത്തിനുള്ളിൽ വിജ്ഞാനമയകോശവും ഇങ്ങിനെ. എന്നാൽ അന്നമയകോശത്തേക്കാൾ എത്രയോ അധികം വലിപ്പവും വ്യാപ്തിയുമുള്ളതാണ് പ്രാണമയകോശം. പ്രാണമയകോശത്തേക്കാൾ വളരെയധികം വലിപ്പവും വ്യാപ്തിയുമുണ്ട് അതിനുള്ളിലുള്ള മനോമയകോശത്തിന്. പ്രപഞ്ചം മുഴുവൻതന്നെയും മനസ്സിനുള്ളിലാണ് നില്ക്കുന്നതെന്നു പറയണം. അപ്പോൾ പ്രപഞ്ചത്തെ അതിക്രമിച്ചു വ്യാപിച്ചിരിക്കുന്നു മനോമയകോശമെന്നു പറയേണ്ടതില്ലല്ലോ. മനോമയകോശത്തിനുള്ളിലുള്ള വിജ്ഞാനമയകോശം അതിനെക്കാളും എത്രയോ അധികം വലിപ്പവും വ്യാപ്തിയുമുള്ളതാണ്. അനേകമനേകം ബ്രഹ്മാണ്ഡങ്ങൾപോലും വിജ്ഞാനമയകോശത്തിനുള്ളിലാണ് ഉല്പത്തിസ്ഥിതിലയങ്ങളെ പ്രാപിക്കുന്നതെന്നു പറയണം. വീട്ടിന്നു ചുററും കെട്ടിയ കനത്ത മതിലുകളെന്നപോലെ ആത്മാവിനെ ആവരണം ചെയ്ത കനത്ത മറകളാണ് പറയപ്പെട്ട നാലു കോശങ്ങളും അതിൽ അന്നമയം സ്ഥൂലശരീരമാണെന്നു പറഞ്ഞുവല്ലോ. ബാക്കിയുള്ള പ്രാണമയം, മനോമയം, വിജ്ഞാനമയം എന്നീ മൂന്നു കോശങ്ങൾ കൂടിച്ചേർന്നതാണ് ജീവൻെറ സൂക്ഷ്മശരീരം അല്ലെങ്കിൽ സൂക്ഷ്മോപാധി. ഇതിനെത്തന്നെ ലിംഗശരീരമെന്നും പറഞ്ഞുവരുന്നു. ജീവൻ അനേകാനേകം സ്ഥൂലശരീരങ്ങളെ സ്വീകരിക്കുന്നതും ഉപേക്ഷിക്കുന്നതും—ജനിക്കുന്നതും മരിക്കുന്നതു—മെല്ലാം ഈ സൂക്ഷ്മശരീരത്തിൽ ഇരുന്നുകൊണ്ടാണ്. പഞ്ചഭൂതങ്ങളുടെ

സൂക്ഷ്മമാത്രകളും തന്മാത്രകളും സൂക്ഷ്മേന്ദ്രിയങ്ങളുമെല്ലാം മനോമയകോശത്തിലുണ്ടെന്ന കാരണത്താൽ സൂക്ഷ്മശരീരത്തോടുകൂടി എവിടെപ്പോയാലും എപ്പോൾ വേണമെങ്കിലും സ്ഥൂലശരീരസൃഷ്ടിക്കോ സ്ഥൂലവിഷയാനുഭവങ്ങൾക്കൊ ഒന്നിനും വൈഷമ്യമില്ല. വിജ്ഞാനമയകോശമുള്ളതുകൊണ്ടു മിത്ഥ്യയായ ശരീരാദിവസ്തുക്കളിലും മററു വിഷയങ്ങളിലും അഭിമാനവും സത്യബുദ്ധിയും ഉണ്ടാവാതെയും വരില്ല. അങ്ങിനെ ഭ്രാന്തികൊണ്ടു കല്പിതങ്ങളായ നാനാകാലദേശങ്ങളിൽ പലപല യോനികളിൽ സ്ഥൂലശരീരങ്ങളെ സങ്കല്പമാത്രംകൊണ്ട് ഉണ്ടാക്കിയും അവയിലൊക്കെ തൻെറതന്നെ കർമ്മപ്രേരണയാൽ പാരതന്ത്ര്യത്തോടുകൂടുംവണ്ണം ഇരുന്നും പലവിധ കർമ്മങ്ങളെ ചേഷ്ടിച്ചും അവയുടെ നാനാമുഖങ്ങളായ ഫലങ്ങളെ അനുഭവിച്ചും സുഖിച്ചും ദുഃഖിച്ചും ജനിച്ചും മരിച്ചും കളിക്കുകയാണ് ജീവൻ. സ്വപ്നാവസ്ഥയാണ് പ്രസ്തുതസൂക്ഷ്മശരീരത്തിൻെറ പ്രതിഫലനസമയം. ജീവൻ സ്ഥൂലശരീരത്തെയും സ്ഥൂലപ്രപഞ്ചത്തെയും വിട്ടും മറന്നും സൂക്ഷ്മശരീരത്തെ അധിവസിക്കുകയും, അതിനെ ഞാനെന്നും എൻേറതെന്നും അഭിമാനിക്കുകയും ചെയ്യുന്ന സമയത്തെ സ്വപ്നാവസ്ഥയെന്നു പറയുന്നു.

## സ്വപ്നാവസ്ഥ

സ്വപ്നാവസ്ഥയിലെത്തുമ്പോഠം അല്ലെങ്കിൽ സ്ഥൂലശരീരത്തെ വിട്ടു സൂക്ഷ്മശരീരത്തിലേയ്ക്കെത്തുമ്പോഠം ജീവന്നു യാതൊരു മാററവും സംഭവിച്ചിട്ടില്ലെങ്കിലും സംസ്കാരവും വിജ്ഞാനവും വളരെ വ്യത്യാസപ്പെടാനിടയാവുന്നു. ജാഗ്രത്തിൽ താൻ ഇന്ന വീട്ടിലെ ആളാണെന്നും ഇന്ന വൎണ്ണത്തിലും ഇന്ന ആശ്രമത്തിലും പെട്ടവനാണെന്നും ഇന്നിന്നവരൊക്കെ തൻെറ ബന്ധുക്കളും സുഹൃത്തുക്കളുമാണെന്നും തനിക്കിന്നിന്ന ചുമതലകളുണ്ടെന്നുമൊക്കെ പൂൎണ്ണമായി വിശ്വസിച്ചിരുന്നുവെങ്കിലും ജാഗ്രദവസ്ഥയെ അല്ലെങ്കിൽ സ്ഥൂലശരീരത്തെ വിടുന്നതോടെ അവയെല്ലാം കേവലം അസത്യങ്ങളായിത്തീരുന്നു. ജാഗ്രത്തിലെ ചുമതലകളും അനുഭവങ്ങളുമെല്ലാം കേവലം ജീവന്നു ബാധകമല്ലാതായിത്തീരുന്നു. ആഠംക്കു മാററമില്ലെങ്കിലും ഭാവങ്ങഠംക്കു ഗണ്യമായ മാററം നേരിടുന്നു. സാധാരണ ലോകവ്യവഹാരത്തിൽ സ്വപ്നാവസ്ഥയെ ഉറക്കമെന്നാണു് പറഞ്ഞുവരുന്നതു്. എന്നാൽ ആരാണുറങ്ങുന്നതു് എന്നു പരിശോധിച്ചാൽ ജീവനല്ലെന്നു വ്യക്തമാണു്. ജാഗ്രദവസ്ഥയിൽ ശബ്ദാദിവിഷയങ്ങളെ എങ്ങിനെ കേഠംക്കുകയും കാണുകയും ചെയ്തിരുന്നുവോ, എങ്ങിനെ സംസാരവ്യവഹാരത്തെ നടത്തിയിരുന്നുവോ, എങ്ങിനെ സുഖദുഃഖങ്ങളേയും ഭയവ്യസനകോപാദികളെയും അനുഭവിച്ചിരുന്നുവോ, അതുപോലെയൊക്കെ ആതേ ജീവൻ സ്വപ്നത്തിലും

അനുഭവിക്കുന്നുണ്ടു്. ആ സ്ഥിതിക്കു് ഉറങ്ങിയെന്നെങ്ങിനെ പറയാം? സ്വപ്നാനുഭവങ്ങളെയെല്ലാം ജാഗ്രത്തിൽ ഓർമ്മിക്കുന്നുമുണ്ടു്. അതിനാൽ ദൃഢപ്രജ്ഞതയോടെയാണു് സ്വപ്നാവസ്ഥയിലെ അനുഭവങ്ങളെന്നും വ്യക്തമാവുന്നുണ്ടു്. അപ്പോൾ ജീവനല്ല സ്വപ്നാവസ്ഥയിൽ ഉറങ്ങുന്നതെന്നു പ്രത്യക്ഷമാണു്. ജീവന്റെ സ്ഥൂലവിഭൂതികളാണു് ഉറങ്ങുന്നതു്. സ്ഥൂലശരീരം സ്ഥൂലേന്ദ്രിയങ്ങൾ, സ്ഥൂലവിഷയങ്ങൾ എന്നിവി അതോടെ സൂക്ഷ്മവിഭൂതികളെല്ലാം ഉണൎന്നു പ്രവൎത്തിക്കുകയും ചെയ്യുന്നു. അതായതു ജീവചൈതന്യം സ്ഥൂലവിഭൂതികളിൽ വ്യാപിക്കുമ്പോൾ സൂക്ഷ്മവിഭൂതികളെല്ലാം ഉറങ്ങി, അല്ലെങ്കിൽ മൃതപ്രായങ്ങളായി. അതാണു് ജാഗ്രത്തു്. സൂക്ഷ്മവിഭൂതികളിൽ വ്യാപിക്കുമ്പോൾ സ്ഥൂലവിഭൂതികളെല്ലാം നഷ്ടപ്രായങ്ങളായി; അതാണു് സ്വപ്നം. പ്രസ്തുത രണ്ടു വിഭാഗത്തെയും വിട്ടു കാരണോപാധിയിൽ ജീവൻ ലീനനാവുമ്പോൾ രണ്ടു വിധവിഭൂതികളും മൃതപ്രായങ്ങളായി; അതാണു് സുഷുപ്തി അതിനെ ലോകവ്യവഹാരത്തിൽ ഗാഢനിദ്രയെന്നും പറയുന്നു.

സ്വപ്നാവസ്ഥയിൽ ജീവൻ അന്തഃപ്രജ്ഞനാണു്. അതായതു പ്രജ്ഞ മുഴുവൻ ശരീരത്തിന്റെ അന്തർഭാഗത്തു മാത്രമാണു് വ്യാപിക്കുന്നതു്. എല്ലാം അനുഭവങ്ങളേയും മനസ്സിൽവെച്ചാണനുഭവിക്കുന്നതും. എങ്കിലും എല്ലാ കാലദേശങ്ങളും നാമരൂപങ്ങളും കേവലം മനോമയമാണെന്ന കാരണത്താൽ എല്ലാ കാല

ത്തേയോ, ഏതു ദേശത്തേയോ, ഏതു രൂപത്തിലുള്ള അനുഭവത്തേയോ അനുഭവിക്കുന്നതിനും തടസ്ഥമില്ല. സ്ഥൂലോപാധിയില്ലാത്തതിനാൽ കാലദേശങ്ങളുടെ യാതൊരു തടസ്ഥവും ബാധിക്കാതെ ഏതു രൂപത്തിലുള്ള അനുഭവങ്ങളേയും ജാഗ്രത്തിലേക്കാൾ എത്രയോ സുഗമമായി അനുഭവിക്കുന്നു. സ്ഥൂലപദാൎത്ഥങ്ങൾകൊണ്ടും ആ സമയത്തു ജീവനെ തൃപ്തിപ്പെടുത്താൻ വയ്യ. സൂക്ഷ്മപദാർത്ഥങ്ങൾ മാത്രമാണ് സ്വപ്നാവസ്ഥയിൽ ജീവനെ സന്തർപ്പണം ചെയ്യുന്നതു്. സ്ഥൂലോപാധിയിലല്ല, സൂക്ഷ്മോപാധിയിലാണ് അപ്പോൾ അഭിമാനമെന്നതാണതിനു കാരണം.

ജാഗ്രത്തിലേയും സ്വപ്നത്തിലേയും എല്ലാ പദാൎത്ഥങ്ങളും അനുഭവങ്ങളും കേവലം കല്പനാമാത്രങ്ങളാണ്. സങ്കല്പമുള്ളപ്പോൾ മാത്രമേ അങ്ങിനെയുള്ള പദാൎത്ഥങ്ങളും അവയുടെ അനുഭവങ്ങളും നിലനില്ക്കുന്നുള്ളു. പൂർവ്വാപരകാലങ്ങളിൽ അവയുടെ യാതൊരു സത്തയുമില്ല. ജാഗ്രദ്വസ്തുക്കൾക്ക് അല്ലെങ്കിൽ സ്ഥൂലപദാൎത്ഥങ്ങൾക്ക കുറച്ചധികസമയം നിലനില്ക്കുന്നു എന്നുള്ളതും കാലദേശങ്ങളുടെ വ്യവസ്ഥയോടുകൂടിയിരിക്കുന്നു എന്നുള്ളതുമാണ് സ്വപ്നപദാൎത്ഥങ്ങളുമായുള്ള വ്യത്യാസം. രജ്ജുസർപ്പംപോലെ പൂർവ്വാപരകാലങ്ങളിൽ ഇല്ലായ്മയും കാരണരഹിതത്വവും രണ്ടിനും തുല്യമാണ്. അതിനാൽ എപ്രകാരം സ്വപ്നദൃഷ്ട പദാൎത്ഥങ്ങളുടേയും അനുഭവങ്ങളുടേയും മിഥ്യാത്വം ബോധിക്കാൻ കഴിയുന്നുവോ അതുപോലെ സ്ഥൂലാനുഭവ

ങ്ങളുടെയും മിഥ്യാത്വം ബോധിക്കാവുന്നതാണ്. സ്വപ്നാവസ്ഥ എപ്രകാരം ബുദ്ധിവൃത്തി മാത്രമാണോ, അതുപോലെ ജാഗ്രദവസ്ഥയും ബുദ്ധിവൃത്തി മാത്രമാണ്. അതിനാൽ പറയപ്പെട്ട രണ്ടവസ്ഥകളും അവയിലെ ഭിന്നഭിന്നങ്ങളെന്നു തോന്നപ്പെടുന്ന അനുഭവങ്ങളും ഭിന്നോപാധികളിൽക്കൂടെ അനുഭവിക്കപ്പെടുമ്പോളുണ്ടാവുന്ന വകഭേതങ്ങളല്ലാതെ മററു വിശേഷങ്ങളൊന്നുമില്ല. ജാഗ്രത്തിൽ വിശ്വനെന്നു വ്യവഹരിച്ച ജീവനെത്തന്നേ സ്വപ്നത്തിൽ സംസ്കാരവ്യത്യാസം ഹേതുവായി തൈജസനെന്നു പറയുന്നു. ഒരേ അജ്ഞാനംതന്നെ ഭിന്നഭിന്നോപാധികളിൽക്കൂടെ അനുഭവിക്കപ്പെടുമ്പോളുണ്ടായിത്തീരുന്ന വ്യത്യാസത്തെ മാത്രമാണ് പേരുകളെക്കൊണ്ടും രൂപങ്ങളെക്കൊണ്ടും അനുഭവങ്ങളെക്കൊണ്ടുമൊക്കെ പ്രകാശിപ്പിച്ചിരിക്കുന്നതു്.

## ആനന്ദമയകോശവും സുഷുപ്ത്യവസ്ഥയും

പറയപ്പെട്ട പ്രാണമനോവിജ്ഞാനമയങ്ങളാകുന്ന മൂന്നു കോശങ്ങളുടേയും ഉള്ളിൽ അവയെക്കാൾ വളരെയധികം വലിപ്പത്തോടും വ്യാപ്തിയോടുംകൂടിയ ആനന്ദമയകോശം സ്ഥിതിചെയ്യുന്നു. ആനന്ദാത്മകമായതിനാൽ ആനന്ദശബ്ദവും വികാരാത്മകമായതിനാൽ മയശബ്ദവും ആത്മാവിന്നാവരണമായതിനാൽ കോശശബ്ദവും അതിനു വാച്യങ്ങളായി. അവിദ്യയെന്നും മായ

യെന്നും തമസ്സെന്നും കാരണശരീരമെന്നുമൊക്കെ ഏതൊരജ്ഞാനതത്വത്തെപ്പറയുന്നുവോ, അതിനെത്തന്നെയാണ് ആനന്ദമയകോശമെന്നും പറയുന്നതു്. സുഷുപ്ത്യവസ്ഥയിലാണ് അതിൻെറ പ്രതിഫലനം. നാനാത്വമയങ്ങളും വിക്ഷേപസ്വരൂപങ്ങളുമായ സകല നാമരൂപങ്ങളേയും അവയ്ക്കാസ്പദങ്ങളായ എല്ലാ കരണങ്ങളേയും നിശ്ശേഷം തന്നിൽ ലയിപ്പിച്ചു് അനന്തവും തമോമയവുമായ ഒരന്തരീക്ഷത്തെ വ്യാപിപ്പിക്കലൊണതിൻെറ സ്വരൂപം. ആനന്ദമയനായ ആത്മാവിൻെറ ഏററവും അടുത്തുനില്ക്കുന്നതാണ് ആനന്ദമയകോശമെന്ന കാരണത്താൽ ആത്മാവിൻെറ ധമ്മമായ ആനന്ദം അതിൽ പ്രതിഫലിക്കുന്നു. അതിനാൽ ജീവൻ ആനന്ദമയതോശത്തിലെത്തുമ്പോഠം മററെല്ലാം മറന്നു് ആനന്ദനിർവൃതി അനുഭവിക്കുന്നു. എന്നിരുന്നാലും അവിദ്യാധർമ്മമായ അജ്ഞാനക്ലേശയും അതേസമയത്തു തന്നെ അനുഭവിക്കുന്നു. ആനന്ദമയകോശത്തിലെത്തുമ്പോഠം ജീവൻ തന്നെയോ മററുള്ളതിനെയോ, സത്യത്തെയോ, അസത്യത്തെയോ ഒന്നിനെയും അറിയുന്നില്ല. ഒന്നിനെയും അറിയായ്കയാണല്ലോ അജ്ഞാനത്തിൻെറ ഏററവും മൂത്തിമൽഭാവം. അതാണ് സുഷുപ്ത്യവസ്ഥയിലെ സംസ്കാരം. ഈ കാരണത്താൽ സുഷുപ്തിയിൽ ജീവനെ ഘനീഭൂതപ്രജ്ഞനെന്നു പറയുന്നു. അതായതു ജാഗ്രത്തിൽ ബാഹ്യപ്രപഞ്ചത്തിലും സ്വപ്നത്തിൽ ശരീരാന്തർഭാഗത്തും വ്യാപിച്ചിരുന്ന ജീവൻെറ പ്രജ്ഞ സുഷുപ്തിയിൽ തന്നിൽത്തന്നെ അടങ്ങി ഘനീ

ഭവിച്ചിരിക്കുകയാണു്. അതിനാൽ ആ സമയത്തു് ഒന്നും അറിയപ്പെടുന്നില്ല. ആ കാരണത്താൽ സുഷുപ്ത്യവസ്ഥയിലെ ജീവനെ പ്രാജ്ഞനെന്നു പറയുന്നു.

മുൻവിവരിച്ച സ്ഥൂലസൂക്ഷ്മോപാധികൾ ഓരോ ജീവനും പ്രത്യേകം വേറെവേറെയാണെങ്കിലും കാരണോപാധി എല്ലാ ജീവന്മാക്കും എല്ലാക്കാലത്തേയ്ക്കും ഒന്നുമാത്രമാണു്. ഓരേ കാരണോപാധിയിലാണു് അനേകം ജീവന്മാർ അസംഖ്യം പ്രാവശ്യം ഓരോ സൂക്ഷ്മോപാധിബദ്ധന്മാരായിട്ടു ജനിക്കുകയും മരിക്കുകയും പലവിധകർമ്മങ്ങളെച്ചെയ്കയും നാനാവിധഫലങ്ങളെ അനുഭവിക്കുകയുമെല്ലാം ചെയ്യുന്നതു്. പല യോനികളിൽ പല കാലദേശങ്ങളിൽ നാനാവിധ സ്ഥൂലശരീരങ്ങളിൽ ജനനമരണങ്ങളെ അനുഭവിക്കുമ്പോഴൊക്കെ സ്ഥൂലശരീരംമാത്രമേ മാറുന്നുള്ളു; സൂക്ഷ്മശരീരം മാറുന്നില്ല; ഒരേ സൂക്ഷ്മോപാധിബദ്ധനായിട്ടു് അനേകം സ്ഥൂലശരീരങ്ങളെ പ്രാപിക്കുകയും വിടുകയും ചെയ്യുന്നതെപ്രകാരമോ, അതുപോലെ ഒരേ കാരണശരീരത്തിൽ ബദ്ധനായിക്കൊണ്ടാണും അനേകമനേകം ജീവന്മാർ അനേകമനേകം ജനനമരണങ്ങളേയും മറ്റും പ്രാപിക്കുന്നതു്. ജനനമരണങ്ങളും മറ്റനുഭവങ്ങളുമെല്ലാം കേവലം സങ്കല്പമാത്രങ്ങളാകയാൽ അവയെ അനുഭവിക്കുന്നതിനു് എപ്പോഴും തടസ്ഥമില്ല. ശരീരമുണ്ടെങ്കിലും ഇല്ലെങ്കിലും ജീവനവയെയൊക്കെ അനുഭവിക്കാൻ കഴിയും. സ്വപ്നാവസ്ഥയിൽ ചിലപ്പോൾ ജനനമരണങ്ങളേയും എന്നുവേ

ണ്ട പലവിധ അനുഭവങ്ങളേയും അനുഭവിക്കാറുണ്ട ല്ലോ. അതിനൊന്നും ശരീരത്തിൻെറയോ മറെറാന്നി ൻെറയോ യാതൊരുവിധ തടസ്ഥങ്ങളുമില്ലതാനും.

ജാഗ്രദവസ്ഥയുടെ ഇങ്ങേ അററം മുതൽ സുഷുപ്തി യുടെ അങ്ങേ അററംവരെ നീണ്ടു നിൽക്കുന്ന പഞ്ച കോശങ്ങളാകുന്ന ശരീരത്രയത്തിൽ അല്ലെങ്കിൽ ഉപാ ധിത്രയത്തിൽ ഓരോന്നിനെ പ്രാപിക്കുമ്പോഴും അതാതു പാധിക്കനുരൂപമായ ഓരോ സംസ്കാരമാണ് ജീവനു കണ്ടുവരുന്നതു്. പ്രസ്തുതസംസ്കാരവിശേഷങ്ങളാൽ മാത്ര മാണ് വാസ്തവത്തിൽ അവസ്ഥാത്രയം തന്നെ. ഓ രോ അവസ്ഥയിലും ജീവൻെറ സംസ്കാരവും അനുഭവ വും ഓരോ പ്രകാരത്തിലാണ്. അതാണ് വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്നീ മൂന്നുപേരുകളുണ്ടാവാൻ തന്നകാരണം. വിശ്വത്വവും തൈജസത്വവും പ്രാജ്ഞത്വ വുമല്ല ജീവൻെറ സ്വന്തരൂപം; അവ മൂന്നും തത്തദു പാധിസംബന്ധംകൊണ്ടു വന്നുചേർന്നവയാണെന്നു വ്യ ക്തമാകുന്നുണ്ടു്. ഇങ്ങിനെ ഉപാധിസംബന്ധംകൊണ്ടു വന്നുചേർന്ന സ്വരൂപങ്ങളിൽത്തന്നെ എപ്പോഴും സ്ഥി തിചെയ്യുന്നു; ഒരിക്കലും സ്വസ്വരൂപത്തെ അറിയുക യോ പ്രാപിക്കയോ ചെയ്യാനിടയ വുന്നില്ല എന്നതാണ് ജീവൻെറയജ്ഞാനം അല്ലെങ്കിൽ സംസാരബന്ധം; അതു തന്നെ അനാദിയായ ദുഃഖവും. അതിൽനിന്നു രക്ഷപ്പെട്ടാ ൻ ഒരേ ഒരു മാർഗ്ഗമേ ഉള്ളു; സ്വരൂപപ്രാപ്തി. ഉപാധിക ളേയും ഉപാധിധർമ്മങ്ങളേയും വിട്ടു സ്വസ്വരൂപോപാ സനയെച്ചെയ്യുമ്പോൾ ക്രമേണ ഉപാധിസംബന്ധത്തെ വിട്ടു

38102

സ്വസ്വരൂപത്തെ പ്രാപിക്കാം. അതുതന്നെ മുക്തി. എന്നാൽ ചിരകാലമായി സ്വസ്വരൂപത്തെത്തന്നെ മറന്നു് ഉപാധിബദ്ധനായ ജീവനു സ്വസ്വരൂപത്തിൻെറ ഓർമ്മയോ അറിവോ ഇല്ലാതെ എങ്ങിനെ സ്വരൂപോപാസനം ചെയ്യാൻ കഴിയും? അതും വിഷമംതന്നെ. അപ്പോഴാണു് ഗുരുവിൻെറ ആവശ്യം നേരിടുന്നതു്. തൻെറ സ്വരൂപത്തെ അറിഞ്ഞു താനായിക്കഴിഞ്ഞ മഹാത്മാവിനു വളരെ എളുപ്പത്തിൽ സ്വരൂപസ്ഥിതിയെ ഉൽബോധിപ്പിക്കാൻ കഴിയും. അങ്ങിനെ ഉൽബോധിക്കപ്പെടുമ്പോഠം സ്വരൂപബോധം വന്നു് ഉപാസിക്കാനും സ്വസ്വരൂപത്തെ പ്രാപിച്ചു കൈവല്യസ്ഥിതനാവാനും കഴിയും. അതുതന്നെ ജന്മസാഫല്യം.

---

## സരസ്വതീപൂജ

സരസ്വതീപൂജയ്ക്കുള്ള ഉറവും പററിയ കാലമാണു് നവരാത്രി. എന്താണു് സരസ്വതി? എങ്ങിനെയാണു് പൂജ അല്ലെങ്കിൽ ഉപാസനം? ജ്ഞാനമാണു് സരസ്വതി. അതെ, ജ്ഞാനം; അറിവുതന്നെ സരസ്വതി. സാധാരണ ജനങ്ങളുടെ അറിവൊക്കെ പുസ്തകങ്ങളിലാണു്. അതിനാൽ അവർ പുസ്തകങ്ങളെ സരസ്വതിയായി കാണുന്നു. അതുകൊണ്ടു് അങ്ങിനു ചിന്തിച്ചിത

38102

റിയ പുസ്തകങ്ങളെയൊക്കെ പെറുക്കി ഒരിടത്തുവെച്ച് ദീപം കത്തിച്ച് സരസ്വതി എന്നു സങ്കല്പിച്ച് പുഷ്പാദികളെക്കൊണ്ടു പൂജിക്കുന്നു. അതും സരസ്വതീപൂജ തന്നെ; പക്ഷെ പ്രാകൃതന്മാരുടെ പൂജയാണ്.

ജ്ഞാനമാണ് സരസ്വതിയെന്നു പറഞ്ഞുവല്ലോ. ജ്ഞാനം ജ്ഞാതാവിനെ ആശ്രയിച്ചിരിക്കുന്നു. ജ്ഞാതാവും ജ്ഞാനവും രണ്ടല്ല; ഒന്നുതന്നെ. എന്നിരുന്നാലും ഭാവമുള്ളേടത്തോളംകാലം രണ്ടാണ്. രണ്ടായിരിക്കും കാലത്തോളം ജ്ഞാനം ജ്ഞാതാവിനെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ സ്വതന്ത്രമല്ല; പരതന്ത്രമാണ്. ആ കാരണത്താൽ സരസ്വതി സ്ത്രീയെന്നു പറയപ്പെട്ടുവരുന്നു. ജ്ഞാനം പ്രകടമായിത്തീരുന്നതു നാവേണ്ടങ്ങളിൽക്കൂടെയാണെന്നതിനാൽ സരസ്വതി വീണാധാരിണിയുമാണ്. ജ്ഞാനം പ്രകടമായിത്തീരുമ്പോൾ അവിദ്യ നശിച്ച് വിദ്യ പ്രകാശിക്കും. വിദ്യ പ്രകാശിക്കുമ്പോൾ സംസാരം നിവൎത്തിക്കാൻ തുടങ്ങും. ആ അവസ്ഥയിൽ സരസ്വതീദേവി ജപമാലാധാരിണിയുമാണ്. ജ്ഞാനാത്മികയായ സരസ്വതീദേവിയെയാണ് പൂജിക്കേണ്ടതു്, ഉപാസിക്കേണ്ടതു്.

ഇന്ദ്രിയങ്ങളിലും മനസ്സിലും ബുദ്ധിയിലും ബാഹ്യപ്രപഞ്ചത്തിലും ചിന്നിച്ചിതറിക്കിടക്കുന്ന ജ്ഞാനത്തെ അല്ലെങ്കിൽ സരസ്വതിയെ, ആദ്യംതന്നെ ഏകത്ര സ്വരൂപിക്കുക. അതുതന്നെ ആവാഹനം. അല്പംപോലും ജ്ഞാനം മറ്റൊന്നിലേയ്ക്കു ചോൎന്നുപോകാത്ത ഏകാഗ്രതയാകുന്ന പീഠത്തിൽ ആവാഹിക്കുക ശ്രദ്ധ.

യാകുന്ന ദീപം കത്തിക്കുക. ഭക്തിയാകുന്ന ജലംകൊണ്ടഭിഷേകം ചെയ്യുക. സംയമമാകുന്ന പുഷ്പംകൊണ്ടർച്ചിക്കുക. പ്രാണനാകുന്ന നിവേദ്യം നിവേദിക്കുക. അഹങ്കാരം—വ്യക്തിബോധം—ആകുന്ന കർപ്പൂരം ജ്വലിപ്പിക്കുക. മതി. അതുതന്നെ പൂജ. ഫലം—സദ്യഫലം—സ്വരൂപസ്ഥിതിയാകുന്ന സമാധിയും!

ശരീരമാകുന്ന ജംബൂദ്വീപത്തിൽ മനസ്സാകുന്ന ഭാരതഖണ്ഡത്തിൽ ഭ്രൂമദ്ധ്യമാകുന്ന ത്രിവേണീതീരത്തുവെച്ച് ഇതുവിധം ഒരു പ്രാവശ്യം സരസ്വതീപൂജ ചെയ്താൽ ഈ ജന്മവും നവരാത്രിയും സഫലമാവും. സരസ്വതി അനുഗ്രഹിക്കട്ടെ!

## ജീവൻെറ സംസാരപരിഭ്രമണം

ജനനവും മരണവുമാകുന്ന രണ്ടു കനത്ത മതില്പുകൾക്കിടയിലുള്ള ചെറിയ ദശാവിശേഷമാണ് ജീവിതം. ജനനത്തിൻെറ അപ്പുറത്തോ മരണത്തിൻെറ ഇപ്പുറത്തോ ഉള്ള സ്ഥിതിയെന്തെന്ന് അല്പംപോലും അറിയാൻ സാദ്ധ്യമല്ല. എന്നാൽ ജീവിതത്തെ അനുഭവിക്കുന്ന വ്യക്തിയുടെ വ്യക്തിത്വമാവട്ടെ ജനനത്തിൽ നിന്നാരംഭിക്കുകയോ മരണത്തിൽ അവസാനിക്കുകയോ അല്ല ചെയ്യുന്നതെന്നു വ്യക്തമാണ്. ജനനത്തിൽനി

ന്ന് അപ്പുറത്തേയ്ക്കും മരണത്തിൽനിന്നിപ്പുറത്തേയ്ക്കും നീണ്ടുനില്ക്കുന്ന വ്യക്തിത്വം. എങ്കിലും ജീവിതത്തിൽ ഇരുന്നുകൊണ്ടു് അതിനെ കാണാനൊട്ടു കഴിയുന്നുമില്ല. ജീവിതത്തിലെ ബാല്യകൌമാരയൌവനവാൎദ്ധക്യാദിഭേദവിശേഷങ്ങൾ ഏതുപ്രകാരം പരിണാമവിശേഷങ്ങളാണോ, ഇതുപോലെ ഏതോ ഒന്നിൻെറ പരിണാമവിശേഷം മാത്രമാണ് ഇന്നത്തെ ജീവിതം. പരിണമിക്കപ്പെട്ട വസ്തു ജ്ഞാനത്തിൽനിന്നപ്പുറത്താണ്, അതിനാൽ അതിനെ കാണാൻ വയ്യ. അതുപോലെ ഈ ജീവിതത്തിൻെറ പരിണതഫലമാണ് മരണത്തിന്നിപ്പുറത്തനുഭവപ്പെടാനും പോവുന്നതു്. അപ്പോൾ സുദീർഘമായൊരനുഭവപരമ്പരയുടെ ഒരു ചെറിയ അംശം മാത്രമാണ് ഇന്നത്തെ ജീവിതം എന്നുവരുന്നു. പ്രസ്തുത അനുഭവപരമ്പരകളുടെ പൂൎണ്ണതയാണ് ജീവൻെറ അല്ലെങ്കിൽ വ്യക്തിയുടെ സംസാരപരിഭ്രമണം. എന്താണതിൻെറ സ്വഭാവമെന്നൊന്നു പരിശോധിക്കാം.

ജനനത്തിനു മുമ്പും മരണത്തിനു ശേഷവുമുള്ള സ്ഥിതി എന്താണെന്നറിയാൻ സാദ്ധ്യമല്ലല്ലോ. പോട്ടെ; അവയുടെ രണ്ടിന്നും മദ്ധ്യത്തിലുള്ള ജീവിതത്തിൻെറ സ്വഭാവം എന്താണെന്നു പരിശോധിക്കാം. ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളിൽക്കൂടെയാണ് ഒരാൾ ജീവിതത്തെ അനുഭവിക്കുന്നതു്. ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണൻ, ബുദ്ധി എന്നീ കരണങ്ങളെല്ലാം ഉണർവ്വോടുകൂടി പ്രവൎത്തിക്കുന്ന സമയമാണ് ജാഗ്രദവസ്ഥ. ജീവൻ സ്ഥൂലേന്ദ്രിയങ്ങളിൽ

കൂടെ ബാഹ്യപ്രപഞ്ചത്തിലിറങ്ങി വ്യാപരിക്കുകയും സ്ഥൂലവിഷയങ്ങളെ ഭുജിക്കുകയും ചെയ്യലാണ് ജാഗ്രദവസ്ഥയിലെ സംസ്കാരം. ഓരോരുത്തർക്കും ഭിന്നഭിന്നങ്ങളായ പല ചുമതലകളും വ്യവഹാരങ്ങളും അനുഭവങ്ങളും ഉണ്ടെങ്കിൽക്കൂടെ സംസ്കാരം പ്രായേണ എല്ലാ ജീവന്മാരുടെയും ഒന്നാണ്. ബാഹ്യമായ സ്ഥൂലപ്രപഞ്ചമാണ് ജാഗ്രദവസ്ഥയിൽ എല്ലാ ജീവന്മാരുടെയും വ്യവഹാരരംഗം. അതിൽ ഭിന്നഭിന്നഭാവങ്ങളോടുകൂടി വ്യവഹരിക്കലാണ് എല്ലാ ജീവന്മാരും ചെയ്യുന്നത്. വ്യവഹാരവും അനുഭവവും ഭാവങ്ങളും ഓരോരുത്തരുടേയും വെവ്വേറെയാണെങ്കിലും അവസാനഫലം എല്ലാവർക്കും ഒന്നാണുതാനും—ദുഃഖം.

സ്ഥൂലശരീരത്തെയും സ്ഥൂലേന്ദ്രിയങ്ങളെയും സ്ഥൂലപ്രപഞ്ചത്തെയും വിട്ടു ജീവൻ സൂക്ഷ്മേന്ദ്രിയമായ മനസ്സുകൊണ്ടു ശരീരത്തിനകത്തുവെച്ചു സൂക്ഷ്മപ്രപഞ്ചത്തിൽ പല വ്യവഹാരങ്ങളെ ചെയ്യലും സൂക്ഷ്മവിഷയങ്ങളെ അനുഭവിക്കലുമാണ് സ്വപ്നാവസ്ഥ. പ്രസ്തുത രണ്ടുവിധ പ്രപഞ്ചങ്ങളെയും അവയിലെ വ്യവഹാരങ്ങളെയും വിട്ടു ജീവൻ തൻെറ അജ്ഞാനത്തിൽത്തന്നെ മുഴുകലാണ് സുഷുപ്തി. ഇങ്ങിനെ മൂന്നവസ്ഥകൾ മാത്രമേ ജീവിതത്തിലുള്ളു. ഓരോ ജീവൻെറയും അവസ്ഥ ഇതുതന്നെ ജാഗ്രത്തു വിട്ടാൽ സ്വപ്നം, അതു വിട്ടാൽ സുഷുപ്തി; അതിൽ നിന്നുണർന്നാൽ വീണ്ടും ജാഗ്രത്ത്. ഇങ്ങിനെ അവസ്ഥാത്രയമാകുന്ന കൂട്ടിനുള്ളിൽ പാവകളിക്കലാണ് ഓരോ ജീവനും ചെയ്യുന്നത്. മൂന്നാകളു

ള്ള ഒരു കൂട്ടിനുള്ളിൽ ഒരു മെരുവിനെ പിടിച്ചിട്ടാൽ എപ്രകാരം മൂന്നറകളിലേക്കും മാറി മാറി പാഞ്ഞുകൊണ്ടിരിക്കുമോ, അതുപോലെ അജ്ഞാനക്കൂട്ടിനുള്ളിലുള്ള അവസ്ഥാത്രയമാകുന്ന മൂന്നറകളിൽ മാറി മാറി പാഞ്ഞുകൊണ്ടിരിക്കുകയാണ് ഓരോ ജീവനും. ജാഗ്രദവസ്ഥയാകുന്ന അതിർത്തിയുടെ ഇപ്പുറത്തേയ്ക്കോ സുഷുപ്തിയാകുന്ന അതിർത്തിയുടെ അപ്പുറത്തേയ്ക്കോ കടക്കാൻ കഴിയുന്നില്ല. അതിനാൽ ഒരു വ്യക്തി എന്തൊക്കെ പഠിച്ചാലും എത്രയൊക്കെ അറിവുണ്ടായാലും ഒരാളുടെ അറിവു മുഴുവൻ അവസ്ഥാത്രയത്തിന്റെ ഉള്ളിലുള്ള അനുഭവങ്ങളെക്കുറിച്ചു മാത്രമാണ്. എന്നാൽ അതു സത്യമല്ലേ എന്നാണെങ്കിൽ അതിലെത്രത്തോളം സത്യമുണ്ടെന്നു പരിശോധിച്ചുനോക്കുകയും ചെയ്യാം.

ജാഗ്രദവസ്ഥയിൽ സ്ഥൂലപ്രപഞ്ചവും സ്ഥൂലശരീരവും സ്ഥൂലേന്ദ്രിയങ്ങളും എല്ലാം സത്യമാണ്. അവ മിഥ്യയാണോ എന്ന സംശയംപോലുമില്ല. എന്നാൽ സ്വപ്നാവസ്ഥയിൽ അവയെല്ലാം കേവലം മിഥ്യയാണ്. മൂന്നുകാലത്തും ഉണ്ടായിട്ടില്ലാത്തവയാണ്. സൂക്ഷ്മപ്രപഞ്ചവും സൂക്ഷ്മശരീരവുമൊക്കെയാണ് അപ്പോൾ സത്യമായിട്ടിരിക്കുന്നത്. സുഷുപ്തിയിലേയ്ക്കെത്തിയാൽ സ്ഥൂലസൂക്ഷ്മങ്ങളാകുന്ന രണ്ടുവിധ പ്രപഞ്ചങ്ങളും കേവലം മിഥ്യകളാണ്. വീണ്ടും ജാഗ്രത്തിലെത്തിയാൽ സ്വപ്നസുഷുപ്തികളിലെ അനുഭവങ്ങൾ കേവലം മിഥ്യകളാണ് ജാഗ്രദവസ്ഥയും അതിലെ അനുഭവങ്ങളുമാണ് അപ്പോൾ സത്യമായിട്ടിരിക്കു

ന്നതു്. ഇങ്ങിനെ ഓരോ അവസ്ഥയിലെ അനുഭവവും അതാതവസ്ഥയിൽ മാത്രമേ സത്യമായിട്ടിരിക്കുന്നുള്ളൂ. ജീവൻ അതാതവസ്ഥയെ വിടുംതോറും അതാതവസ്ഥയിലെ അനുഭവങ്ങളും ആ അവസ്ഥയെപ്പോലെതന്നെ ഇല്ലാത്തതായിത്തീരുന്നു. ഇങ്ങിനെയാണു് ജാഗ്രദാദി മൂന്നവസ്ഥകളുടേയും സ്ഥിതിയെന്നു പ്രത്യക്ഷമാണു്. ആ സ്ഥിതിക്കു് ഏതൊരവസ്ഥയേയും അനുഭവങ്ങളേയുമാണു് സത്യമെന്നു പറയേണ്ടതു്? വർത്തമാനകാലത്തു സത്യത്വവും, ഭൂതഭവിഷ്യൽക്കാലങ്ങളിൽ മിഥ്യാത്വവും മൂന്നവസ്ഥകൾക്കും തുല്യമാണു്. ഭോക്താവായ ജീവൻ കഴിഞ്ഞ അവസ്ഥയേയും അതിലെ അനുഭവങ്ങളേയും ഓർമ്മിക്കുന്നതുകൊണ്ടാണു് അവയുടെ പ്രതീതിതന്നെ നിലനിൽക്കുന്നതു്. ഭൂതഭവിഷ്യദവസ്ഥകളുടേയും അനുഭവങ്ങളുടേയും ഓർമ്മമാത്രം അവയുടെ പ്രതീതിക്കു കാരണമായിത്തീരുന്നതുപോലെ വർത്തമാനകാലത്തും തത്തദവസ്ഥയുടേയും അതിലെ അനുഭവങ്ങളുടേയും ഓർമ്മമാത്രമാണു് പ്രതീതിക്കും അനുഭവത്തിനും വിശ്വാസത്തിനുമെല്ലാം കാരണമായിട്ടിരിക്കുന്നതു്. സ്വപ്നാവസ്ഥയിൽ പദാർത്ഥങ്ങളുടേയും അനുഭവങ്ങളുടേയും പ്രതീതിക്കു് ഓർമ്മയും സങ്കല്പവും മാത്രമാണാടിസ്ഥാനമെന്നു വ്യക്തമാണല്ലോ. പദാർത്ഥാകരമായ ജീവന്റെ സംസ്കാരമല്ലാതെ പദാർത്ഥങ്ങൾക്കു യാതൊരു സത്തയുമില്ലെന്നു വ്യക്തമാണല്ലോ. ഇതുപോലെതന്നെ മററവസ്ഥകളുമെന്നു വിചാരംചെയ്താൽ ബോദ്ധ്യപ്പെടാവുന്നതാണു്. അപ്പോൾ അവസ്ഥാത്രയമെന്നു പറഞ്ഞാൽതന്നെ ജീവന്റെ

ഏതോ ഒരു സംസ്കാരത്തിന്റെ മാറിമാറിയുള്ള വികാസമെന്നല്ലാതെ മറെറന്താണർത്ഥം? ജനനമരണങ്ങൾക്കൂടി പ്രസ്തുത അവസ്ഥാത്രയത്തിന്നുള്ളിലാണെന്ന കാരണത്താൽ അവകൂടിയും അവസ്ഥാന്തരങ്ങൾതന്നെ. സ്വപ്നാവസ്ഥയിൽ ചിലപ്പോൾ മരണത്തെ അനുഭവിക്കാറുണ്ടെങ്കിലും ജാഗ്രദവസ്ഥയിലെത്തുന്നതോടെ അതില്ലാതായിത്തീരുന്നു. ആ സ്ഥിതിക്കു ജാഗ്രദവസ്ഥയിലെ മരണം സ്വപ്നാവസ്ഥയിലും ഇല്ലാത്തതായിരുന്നല്ലോ. ഇതുപോലെതന്നെ ജനനവും. അപ്പോൾ ജനനമരണങ്ങളടക്കമുള്ള ജീവിതം ഒട്ടാകെത്തന്നെയും ജീവന്റെ ഒരു സംസ്കാരവിശേഷം മാത്രമല്ലാതെ മറെറന്താണു്?

ജീവിതം മുഴുവൻ അവസ്ഥാത്രയപരിഭ്രമണമാണെന്നും അവസ്ഥാത്രയം പരമാർത്ഥദൃഷ്ടിയിൽക്കൂടെ വീക്ഷിക്കുമ്പോൾ അസത്യമാണെന്നും തെളിഞ്ഞുവല്ലോ. എന്നാൽ പിന്നെ മരണാനന്തരവും ജനനത്തിന്നുമുമ്പുള്ള ഗതിയെന്താണെന്നാണിനി അറിയേണ്ടിയിരിക്കുന്നതു്. ജീവൻ സ്ഥൂലശരീരത്തിൽ അഭിമാനത്തോടുകൂടി സ്ഥൂലേന്ദ്രിയങ്ങളിൽക്കൂടി ബാഹ്യമായ സ്ഥൂലപ്രപഞ്ചത്തിൽ വ്യവഹരിക്കുന്ന സമയമാണല്ലോ ജാഗ്രദവസ്ഥ. സൂക്ഷ്മശരീരത്തിൽ അഭിമാനത്തോടുകൂടി സൂക്ഷ്മപ്രപഞ്ചത്തിൽ വ്യവഹരിക്കുന്ന സമയം സ്വപ്നാവസ്ഥയും. പ്രസ്തുത രണ്ടു ശരീരോപാധികളേയും വിട്ടു മൂലാജ്ഞാനാത്മകം കാരണശരീരത്തിൽ ലയിച്ചിരിക്കുന്ന സമയമാണല്ലോ സുഷുപ്ത്യവസ്ഥയും. സ്ഥൂലശ-

രീരം ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നു എന്നുള്ള താണു് ജനനവും മരണവും. മരണാനന്തരം സ്ഥൂലശരീരമില്ലെന്ന കാരണത്താൽ ജീവൻെറ ജീവത്വത്തിന്നോ സൂക്ഷ്മകാരണശരീരങ്ങൾക്കോ യാതൊരു വ്യത്യാസവും സംഭവിക്കുന്നില്ല. അപ്പോൾ മരണാനന്തരം മറെറാരു ജനനംവരെ സ്ഥൂലശരീരമില്ലെങ്കിലും സൂക്ഷ്മകാരണോപാധികളിലാണു് ജീവൻെറ നിലനില്പെന്ന കാരണത്താൽ അവയുടെ അവസ്ഥകളാകുന്ന സ്വപ്നസുഷുപ്തികൾ അനുഭവിക്കപ്പെടുന്നുവെന്നും വ്യക്തമാണു്. സ്ഥൂലശരീരത്തിലെത്തുന്നതോടെ വീണ്ടും ജാഗ്രദവസ്ഥയും ഉണ്ടാകുന്നു. അതിനാൽ ജീവിച്ചിരിക്കുമ്പോഴും മരണശേഷവും ജനനത്തിനു മുമ്പും എല്ലാം ജീവൻ അവസ്ഥാത്രയമാകുന്ന അജ്ഞാനക്കൂട്ടിനുള്ളിൽതന്നെയാണു് പുറത്തിരിയുന്നതെന്നു വിചാരിക്കുന്നതിൽ അബദ്ധമില്ല. ഇനി സംസാരമെന്നു പറഞ്ഞാൽതന്നെ എന്താണെന്നൊന്നു പരിശോധിച്ചുനോക്കാം.

ഭൂലോകം പർജ്ജന്യലോകം ദ്യുലോകം എന്നീ മൂന്നു മണ്ഡലങ്ങളും സ്ത്രീ പുരുഷൻ എന്നീ രണ്ടുപാധികളുമാകുന്ന അഞ്ചു ഘടകങ്ങളോടുകൂടിയിരിക്കുന്നു സംസാരം. ഭൂലോകം നമുക്കു പ്രത്യക്ഷമാണു്. ഭൂമിയിലേയ്ക്കു വെയിലു്, കാററു്, മഞ്ഞു്, ചൂടു്, തണുപ്പു്, വെളിച്ചം തുടങ്ങി ശീതവീര്യങ്ങളും ഉഷ്ണവീര്യങ്ങളുമായ അനേകം ശക്തികൾ വരുന്നുണ്ടു്. അവയ്ക്കു പൊതുവെ വർഷമെന്നാണു് വൈദികഭാഷയിൽ പറഞ്ഞുവരുന്നതു്. അതുകൊണ്ടാണു് ഭൂമിയിൽ പലേ സസ്യങ്ങളും ഉൽപ്പന്നങ്ങളുമു

ണ്ടാകുന്നതു്. അവയാണു് ജീവന്റെ ഭുക്തിക്കുള്ള അന്നം. അതിൽ ശീതവീൎയ്യങ്ങളായ ശക്തികൾ ചന്ദ്രമണ്ഡലത്തിൽ നിന്നും ഉഷ്ണവീൎയ്യങ്ങളായ ശക്തികൾ ആദിത്യമണ്ഡലത്തിൽനിന്നുമാണു് വരുന്നതു്. ചന്ദ്രമണ്ഡലത്തെ പൎജ്ജന്യലോകമെന്നും ആദിത്യമണ്ഡലത്തെ ദ്യുലോകമെന്നും പറയുന്നു. അത്യന്തതേജോമയവും അന്ധകാരസ്പൎശമില്ലാത്തതുമാണു് ദ്യുലോകം. ആദിത്യമണ്ഡലം അങ്ങിനെയാണെന്നു പറയേണ്ടതില്ലല്ലോ. ഇരുട്ടും വെളിച്ചവുമാകുന്ന രണ്ടു ഭാവങ്ങളോടുകൂടിയതാണു് പൎജ്ജന്യലോകം. കറുത്തപക്ഷവും വെളുത്തപക്ഷവുമാകുന്ന രണ്ടു ഭാവങ്ങളെക്കൊണ്ടു ചന്ദ്രമണ്ഡലത്തിന്നും ആ അവസ്ഥ പ്രത്യക്ഷമാണല്ലോ. ഭൂലോകം അത്യന്താന്ധകാരസ്വരൂപവുമാണു്. ആദിത്യചന്ദ്രാഗ്നികളിൽ ഏതെങ്കിലും ഒന്നിന്റെ പ്രകാശംകൊണ്ടല്ലാതെ ഭൂമിയിലുള്ള ഒന്നും തന്നെ കാണപ്പെടുന്നില്ലെന്നും പ്രത്യക്ഷമാണു്. സമഷ്ടിപ്രപഞ്ചത്തിന്റെ സ്ഥിതിയാണു് പറഞ്ഞതു്. വ്യഷ്ടിയും ഇതുപോലെതന്നെ. ശരീരം, മനസ്സു്, ബുദ്ധി ഇവയാണു് ജീവന്റെ മുഖ്യങ്ങളായ മൂന്നുപാധികൾ. ശരീരം ഭൂമിയുടേയും, മനസ്സു പൎജ്ജന്യലോകത്തിന്റേയും ബുദ്ധി ദ്യുലോകത്തിന്റേയും വ്യഷ്ടിസ്വരൂപങ്ങളാണു്. ശരീരം അന്ധകാരസ്വരൂപവും മനസ്സു് ഓൎമ്മയും മറവിയുമാകുന്ന രണ്ടു ഭാവങ്ങളെക്കൊണ്ടു് ഇരുട്ടും വെളിച്ചവുമുള്ളതാണെന്നും ബുദ്ധി വിജ്ഞാനംകൊണ്ടു തേജോമയിയാണെന്നും പറയേണ്ടതില്ലല്ലോ. ജീവിച്ചിരിക്കുമ്പോൾ ജാഗ്രദാദി മൂന്നവസ്ഥകളാണു് ഉള്ളതെന്നു് പറഞ്ഞുവ

ല്ലോ. ജാഗ്രദവസ്ഥയിൽ ശരീരത്തിലും സ്വപ്നാവസ്ഥ യിൽ മനസ്സിലും സുഷുപ്തിയിൽ ബുദ്ധിയിലുമാണ് ജീവ ൻെറ നിലനിൽപ്പ്. പ്രസ്തുത മൂന്നുപാധികളും ഭൂമ്യാദി മണ്ഡലത്രയത്തിൻെറ വ്യഷ്ടികളാണെന്നു പറഞ്ഞുവ ല്ലോ. ആ സ്ഥിതിക്കു് വ്യഷ്ടിസ്വരൂപത്തിൽ ജീവൻ സംസാരത്തിൻെറ മണ്ഡലത്രയത്തിലാണ് നിൽക്കുന്ന തെന്നും അതു സ്ത്രീപുംസ്ത്വാഭിമാനത്തോടുകൂടിയാണെന്നും വ്യക്തമായി. സമഷ്ടിയിലും അങ്ങനെതന്നെയാണ്. പറയത്തക്ക വ്യത്യാസങ്ങളൊന്നുമില്ല. ജീവിച്ചിരിക്കു മ്പോൾ ഭൂമിയിൽ ഭൂമിയുടെ അംശമായ സ്ഥൂലശരീര ങ്ങളെക്കൊണ്ടു പലവിധ കർമ്മങ്ങളെ ചെയ്യുകയും അവ യുടെ ഫലങ്ങളെ ഭുജിക്കുകയും ചെയ്യുന്നു. മരണശേ ഷം മറെറാരു ശരീരം കിട്ടാൻ വേണ്ടി മനസ്സിൻെറയും ബുദ്ധിയുടേയും സമഷ്ടിസ്വരൂപങ്ങളായ പർജ്ജന്യലോ കത്തേക്കും ദ്യുലോകത്തേയ്ക്കും പോകുന്നു. അവിടെവച്ചു തന്നിലുള്ള ഭൂതമാത്രകളെ കർമ്മപ്രചോദനത്താൽ പഞ്ചീ കരിച്ചു മറെറാരു ശരീരത്തിന്നു കരുപ്പിടിച്ചു വീണ്ടും ഭൂമിയിലേയ്ക്കു വരുന്നു. പിന്നെയും ശരീരത്തോടുകൂടി ജ നിക്കുന്നു. അപ്പോൾ വ്യഷ്ടിയിലും സമഷ്ടിയിലും ഒരു പോലെ സംസാരത്തിൻെറ പഞ്ചഘടകങ്ങളിലാണ് ജീ വൻെറ പര്യടനമെന്നു വരുന്നു. അതിനാൽ അജ്ഞാന വലയത്തിനുള്ളിൽ അവസ്ഥാത്രയമാകുന്ന മൂന്നറകളിൽ പഞ്ചഘടകകാരേണ വ്യഷ്ടിസമഷ്ടികളായി പ്രതിഫ ലിക്കുന്ന സംസാരമാണ് ജീവൻ അനാദികാലമായി അലഞ്ഞുകൊണ്ടിരിക്കുന്ന രംഗം.

പ്രസ്തുത സംസാരം കേവലം ഭ്രാന്തിമാത്രമാണെന്നതിനാൽ അജ്ഞാനം മാത്രമാണതിന്നാസ്പദം. കയറിൽ തോന്നപ്പെടുന്ന സർപ്പബുദ്ധിയും മണ്ണിൽ തോന്നപ്പെടുന്ന പാത്രബുദ്ധിയും സ്വർണ്ണത്തിൽ തോന്നപ്പെടുന്ന ആഭരണബുദ്ധിയും എപ്രകാരം ഭ്രാന്തിമാത്രവും അതിനു പരമാർത്ഥബോധമില്ലായ്മയാകുന്ന അജ്ഞാനം മാത്രം അടിസ്ഥാനവുമാണോ; അതുപോലെ സ്വരൂപവിസ്മൃതിയാകുന്ന അജ്ഞാനത്താൽ സംഭവിച്ച ഭ്രാന്തിയാൽ തോന്നപ്പെടുന്ന അവസ്തുസ്വരൂപമാണ് സംസാരം. സ്വരൂപജ്ഞാനംകൊണ്ടു മാത്രമേ അതു നീങ്ങൂ. ജ്ഞാനംകൊണ്ട് അജ്ഞാനസ്വരൂപമായ സംസാരം മറയപ്പെടാതിരിക്കുംകാലത്തോളം അവസ്തുവാണെങ്കിലും അജ്ഞനു ഭയസ്വരൂപവും ദുഃഖകാരണവുമാണ് സംസാരം. അതിനാൽ ജ്ഞാനസമ്പാദനം ചെയ്ത് അജ്ഞാനത്തെ അകററുകതന്നെ വേണം. എങ്കിലേ ജീവനു രക്ഷയും ശാന്തിയും കിട്ടാൻ പോകുന്നുള്ളു.

ജ്ഞാനമാകട്ടെ ഉണ്ടാക്കേണ്ടതോ സമ്പാദിക്കപ്പെടേണ്ടതോ അല്ല; സ്വാഭാവികമായുള്ളതാണ്. ആദിത്യമണ്ഡലം മേഘാവരണത്താൽ മറയപ്പെടുംപോലെ ജ്ഞാനമണ്ഡലവും അജ്ഞാനാവരണത്താൽ മറയപ്പെടുകമാത്രമാണ് ചെയ്തിരിക്കുന്നത്. മേഘാവരണം നീങ്ങുമ്പോൾ മാർത്താണ്ഡബിംബം സ്വയം പ്രകാശിക്കുംപോലെ അജ്ഞാനാവരണം നീങ്ങുമ്പോൾ ജ്ഞാനസ്വരൂപവും സ്വയം പ്രകാശിക്കും. ആദിത്യൻ ഹേതുവായ്ത്തന്നെയാണ് മേഘങ്ങളുണ്ടായത്. അവതന്നെയാണ് ആ

ദിത്യമണ്ഡലത്തെ ആവരണം ചെയ്യുന്നതും. ഇതുപോലെ വിജ്ഞാനസ്വരൂപിയായ തന്നിൽനിന്നുതന്നെയാണ് അജ്ഞാനമുണ്ടായത്. അതുതന്നെയാണ് തന്നെ മറക്കുന്നതും. തൻെറ സ്വരൂപവിസ്മൃതിയാണ് അജ്ഞാനത്തിൻെറ ഉല്പത്തിക്കു കാരണമെന്നതിനാൽ തൻെറ സ്വരൂപസ്മൃതി അജ്ഞാനനാശത്തിനും കാരണമാകും. അതിനാൽ സ്വരൂപാനുസന്ധാനംതന്നെ ജ്ഞാനത്തിൻെറ അഭ്യാസം. അതിനുള്ള തടസ്ഥങ്ങളെ അകററാനും ആനുകൂല്യങ്ങളെ വർദ്ധിപ്പിക്കാനുമുള്ളതാണ് മററു സാധനകളൊക്കെത്തന്നെയും.

---

## മായാസ്വരൂപവും അതിൽനിന്നുള്ള നിവൃത്തിയും.

**അർദ്ധരാത്രിയിൽ തൻെറ ഗൃഹത്തിൽ മെത്തയിൽ ഉറങ്ങിക്കിടക്കുന്ന ഒരാൾ സ്വപ്നാവസ്ഥയിലായിത്തീരുകയും അപ്പോൾ ചില അനുഭവങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു എന്നു വിചാരിക്കുക.** അപ്പോൾ സന്ധ്യാസമയമാണെന്നും താനൊരു കാട്ടിൽക്കൂടെ പൊയ്ക്കൊണ്ടിരിക്കയാണെന്നും തൽസമയം കാട്ടിൽനിന്നൊരു നരി ചാടിവന്നു തന്നെ പിടിച്ചുവെന്നും നരിയുടെ കടികൊണ്ടു രക്തം ചിന്തി അസഹ്യമായ വേദനകൊണ്ടു താൻ ഉറക്കെ നിലവിളിക്കുന്നതായും ബോധിക്കുന്നുവെന്നു വിചാരിക്കുക. അപ്പോൾ അർദ്ധരാത്രിയാകുന്ന സമയം പോയി

സന്ധ്യാസമയവും അതിന്നനുരൂപങ്ങളായ സാഹചര്യങ്ങളും വ്യക്തമായിപ്രകാശിക്കുന്നു. അങ്ങിനെ തൻെറ ഗൃഹത്തിന്നു പകരം വിദൂരത്തുള്ളൊരു കാടും വ്യക്തമായി പ്രകാശിക്കുന്നു. അങ്ങിനെ സംസാരത്തിൽ അനുഭവത്തിന്നാസ്പദമായ കാലം, ദേശം, കത്താവ്, ഭോക്താവ്, കമ്മം, ഭോജ്യം എന്നീ ഘടകങ്ങളെല്ലാം അവിടെ വ്യക്തമായി പ്രകാശിച്ചു. ആരാണവയുടെയെല്ലാം കത്താവ്, എന്തു ഹേതുവായിട്ടാണിവയെല്ലാം പ്രകാശിച്ചതെന്നറിഞ്ഞുകൂടാ. വാസ്തവത്തിൽ താനല്ലാതെ മററാരും തൻെറ സ്വപ്നലോകത്തേയ്ക്കു കയറിവന്നിട്ടില്ല; വരാൻ സാദ്ധ്യവുമല്ല. ആ സ്ഥിതിക്കു താനല്ലാതെ മററാരു കത്താവുണ്ടാകാൻ വയ്യ. താനാണെങ്കിൽ അങ്ങിനെ ചിലതു സംഭവിക്കണമെന്നു സ്മരിക്കപോലും ചെയ്തിട്ടില്ല. ആ സ്ഥിതിക്കു താൻ കാരണമാവാൻ വയ്യ. താനല്ലാതെ മററാരുമില്ലാതിരുന്ന തൻെറ സ്വപ്നലോകത്തു മറെറാരു കാരണത്തിൽ നിന്നു ചില കാര്യങ്ങളുണ്ടാവാനും വയ്യ. കാരണമില്ലാതെ കാര്യമുണ്ടാകാൻ വയ്യെന്ന നിയമത്തെ അപേക്ഷിച്ച് ഏതെങ്കിലും ഒരു കാരണം ഹേതുവായിട്ടല്ലാതെ പ്രസ്തുത സംഭവങ്ങളൊന്നും ഉണ്ടാകാൻ വയ്യാത്തതാണ്. എന്നാൽ എത്രതന്നെ തിരഞ്ഞാലും ആ സംഭവങ്ങൾക്കു യാതൊരു കാരണവും കണ്ടുകിട്ടുകയുമില്ല. അനുഭവിച്ച സമയത്തു കാര്യം സത്യമായിരുന്നുതാനും. കുറെക്കൂടി ചിന്താസ്വാതന്ത്ര്യമുള്ള ജാഗ്രദവസ്ഥയിൽ വന്നശേഷം അതിൻെറ കാരണത്തെ അന്വേഷിച്ചു നോക്കാമെന്നാണെങ്കിൽ ജാഗ്രദവസ്ഥയിൽ വരുന്നതോ

ടെ സ്വപ്നദൃഷ്ടാനുഭവങ്ങൾ മുഴുവൻ ഇല്ലാത്തതാണെന്നു ബോദ്ധ്യമാകുന്നു. അപ്പോൾ സംഭവിച്ചിട്ടില്ലാത്ത കാൎയ്യത്തിന്റെ കാരണത്തെക്കുറിച്ചന്വേഷിക്കേണ്ട ആവശ്യവുമില്ല. എങ്കിലും അനുഭവിച്ച സ്വപ്നാവസ്ഥയിൽ അവ വളരെ സത്യമായിരുന്നു. പക്ഷെ യാതൊരു കാരണവുമില്ലാതെയാണ് പ്രസ്തുത കാൎയ്യങ്ങളൊക്കെ പ്രതിഫലിച്ചതെന്നു വ്യക്തമാണ്. ചിത്രകാരനോ, ഭിത്തിയോ, ചായങ്ങളോ കൂടാതെ സുന്ദരങ്ങളായ ചിത്രങ്ങൾ ആകാശത്തിൽ പ്രതിഫലിക്കുംപോലെയായിരുന്നു സ്വപ്നാവസ്ഥയിലെ അനുഭവങ്ങൾ.

ഇതുപോലെ ജാഗ്രദവസ്ഥയിലെ അനുഭവങ്ങളും. ജാഗ്രത്തിൽ തികച്ചും സത്യങ്ങളാണെങ്കിൽകൂടി സ്വപ്നസുഷുപ്തികളിൽ അവ കേവലം, അസത്യങ്ങളായിത്തീരുന്നു. അവയ്ക്കും തക്കതായ കാരണത്തിന്റെ പ്രതിഫലനമില്ല. അനുഭവിക്കുന്ന സമയത്ത് അനുഭവങ്ങളെ വിട്ട് അവയുടെ കാരണത്തെ അന്വേഷിക്കുവാൻ ഇഷ്ടമോ ക്ഷമയോ ഇല്ലെന്നതിനാൽ ജാഗ്രദവസ്ഥയിലെ സ്ഥൂലാനുഭവങ്ങളുടെ കാരണത്തെയും അത്രമാത്രം ആരും ചിന്തിക്കാറില്ല. ഗാഢമായി ചിന്തിക്കുന്നപക്ഷം അവയും കാരണമില്ലാതെ കാൎയ്യമാത്രമായി പ്രതിഫലിക്കുകയാണെന്നു ബോദ്ധ്യമാകുകയും ചെയ്യും. ജാഗ്രൽസ്വപ്നങ്ങളാകുന്ന രണ്ടവസ്ഥകളിലെ അനുഭവങ്ങളും കേവലം അസത്യങ്ങളായിത്തീരുന്നു സുഷുപ്തിയിൽ. സുഷുപ്തിയിലെ അനുഭവമാകട്ടെ ജാഗ്രദാദി രണ്ടവസ്ഥകളിലും അസത്യമാണ്. ഇങ്ങനെ ജാഗ്രദാദി മൂന്നവസ്ഥകളിലെ

അനുഭവങ്ങളും അനുഭവിക്കുന്ന വർത്തമാനകാലത്തുമാത്രം സത്യവും പൂർവ്വാപരകാലങ്ങളിൽ കേവലം അസത്യവു മായിട്ടിരിക്കുന്നു. സത്യബുദ്ധിയോടെ അനുഭവിക്കുന്നു. വർത്തമാനകാലത്തും അവക്കു കാരണമൊന്നുമില്ലതാനും. കാരണമില്ലാതെ കാര്യം പ്രതിഫലിക്കുന്നു എന്നു വന്നാൽ അതു ശശവിഷാണംപോലെ ശബ്ദമാത്രവും, മൂന്നു കാലത്തും സംഭവിച്ചിട്ടില്ലാത്തതുമാണു്. എങ്കിലും വ ർത്തമാനകാലത്തു സത്യമായിത്തോന്നുന്നുവെങ്കിൽ അ തും രജ്ജുസർപ്പംപോലെ പ്രതിഭാസംമാത്രമാവാനേ വ ഴിയുള്ളു. ഒരു വസ്തു പരമാർത്ഥത്തിൽ സത്യമാണെ ങ്കിൽ എപ്പോഴും ഉള്ളതായിരിക്കണം. എപ്പോഴും ഉള്ള തിനെയാണല്ലോ സത്യമെന്നു പറയുന്നതു്. പൂർവ്വാപര കാലങ്ങളില്ലാതെ മദ്ധ്യമായ വർത്തമാനകാലത്തുമാത്രം ഉള്ള ഒന്നിനെ സത്യമെന്നു് ഒരിക്കലും പറയാൻ വയ്യ. പോരെങ്കിൽ അപ്പോഴും അതിനു കാരണവുമില്ലെന്നു വന്നാൽപിന്നെ അങ്ങിനെയൊന്നുണ്ടായെന്നൊരിക്കലും വിശ്വസിക്കാവുന്നതല്ല. എങ്കിലും വർത്തമാനകാല ത്തു് വിശ്വസിക്കുകയും ചെയ്യുന്നു.

ഇങ്ങിനെ ജാഗ്രദാദി മൂന്നവസ്ഥകളേയും അവ യിൽ അപ്പഴപ്പോൾ സത്യമെന്നു തോന്നത്തക്ക നില യിൽ യാതൊരു കാരണവുമില്ലാതെ വളരെ സമർത്ഥ മായ രീതിയിൽ ഭിന്നഭിന്നങ്ങളായ അർത്ഥങ്ങളെയും കർമ്മങ്ങളെയും അനുഭവങ്ങളെയും പ്രതിഫലിപ്പിച്ചു കാ ണിക്കുന്ന അത്ഭുതകരമായ ശക്തിയുടെ പേരാണു് മായയെന്നു്. അവസ്ഥകളും അവസ്ഥാന്തരങ്ങളുമാകു

ന്ന കാര്യങ്ങൾ വാസ്തവത്തിൽ അസത്യങ്ങളാകയാൽ സംഭവിച്ചിട്ടില്ലാത്ത കാര്യങ്ങളുടെ കാരണത്തെ സത്യമെന്നു മാനിക്കേണ്ട ആവശ്യമില്ല. അതിനാൽ വിചാരശീലനായ ഒരാളുടെ ദൃഷ്ടിയിൽ മായ ഉള്ളതല്ല. എങ്കിലും എപ്പോഴും ഏതെങ്കിലും ഒരവസ്ഥയും അതിലെ അനുഭവങ്ങളും സത്യമെന്ന തോതിൽ നിലനിന്നു കാണുന്നതിനാൽ മായ ഇല്ലാത്തതെന്നും പറയാൻവയ്യ. അങ്ങിനെ ഉള്ളതെന്നോ ഇല്ലാത്തതെന്നോ രണ്ടും കൂടിയതെന്നോ പറയാൻ വയ്യാത്ത തോതിൽ അത്ഭുതവും അനിർവ്വചനീയവുമായ സ്വരൂപത്തിൽ ഇല്ലാത്ത ജഗദ്വ്യാപാരത്തിനു മുഴുവൻ കാരണമായിട്ടിരിക്കയാണ് പ്രസ്തുതമായാശക്തി. ജ്ഞാനാനുഭൂതിയിൽ അല്ലെങ്കിൽ യാതൊരു കല്പനകളുമില്ലാത്ത നിർവ്വികല്പാവസ്ഥയിൽ മായയുടെ സ്ഫുരണംപോലുമില്ല. എന്നാൽ അജ്ഞാനദശയിൽ—അവസ്ഥാത്രയത്തിൽ—മായയുടെ വിലാസമല്ലാതെ മറ്റൊന്നിൻെറയും ഭാവവുമില്ല.

കോടികോടിക്കണക്കിലുള്ള ബ്രഹ്മാണ്ഡങ്ങളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കും മററനേകം കാര്യങ്ങൾക്കും കാരണമായ സമഷ്ടിയായ പ്രസ്തുത മായാശക്തിയുടെ വ്യഷ്ടിസ്വരൂപമാണ് ഓരോ ജീവിയുടേയും ചിത്തം അല്ലെങ്കിൽ അന്തഃകരണം. ചിത്തമെന്നും മനസ്സെന്നും അന്തഃകരണമെന്നും അവിദ്യയെന്നും തമസ്സെന്നും മായയെന്നും കാലമെന്നും അജ്ഞാനമെന്നും കാരണോപാധിയെന്നും മൂലാവിദ്യയെന്നും മററു പല പേരുകളെക്കൊണ്ടും പറയപ്പെട്ടുവരുന്ന വസ്തു ഒന്നുതന്നെ. അപ്പുഴപ്പോൾ

സംഭവിക്കുന്ന രൂപമാററംകൊണ്ടും വ്യാപാരവ്യത്യാസംകൊണ്ടും അതാതു പേരുകൾ പറയപ്പെട്ടുവരുന്നു എന്നുമാത്രം. പേരോ രൂപമോ വ്യാപാരമോ എങ്ങിനെയൊക്കെ മാറിയാലും വസ്തുവിന്നു മാററമില്ല. വസ്തു ഒന്നുതന്നെ. അതാണൊരാളുടെ സംസാരഭുക്തിക്കും അജ്ഞാനത്തിന്നും ബന്ധത്തിന്നും ജനനമരണങ്ങൾക്കും എല്ലാം കാരണമായിട്ടിരിക്കുന്നതു്. തന്റെ അമ്മയും അഛനും ബന്ധുവും ശത്രുവും ഭാൎയ്യയും മക്കളും സുഖവും ദുഃഖവും എന്നുവേണ്ട സകലവിധ സംസാരാനുഭവങ്ങളും അടങ്ങിയ ബ്രഹ്മാണ്ഡം പ്രസ്തുതചിത്തമാണു്. തന്റെ ജാഗ്രദാദി അവസ്ഥകളും പ്രസ്തുത ചിത്തത്തിന്റെ ഭാവവിശേഷങ്ങൾ അഥവാ കല്പനകൾ അല്ലെങ്കിൽ വൃത്തികൾ മാത്രമാണു്. അവസ്ഥാത്രയത്തിലാണു് എല്ലാ അനുഭവങ്ങളും അനുഭവിക്കുന്നതു്. അവയെല്ലാം ചിത്തത്തിന്റെ കല്പനകളുമാണു്. ചിത്തം ലയിക്കുമ്പോൾ എല്ലാ കല്പനകളും നീങ്ങി നിൎവ്വികല്പത്തം പ്രകാശിക്കും. അവിടെയാകട്ടെ അദ്വൈതബ്രഹ്മഭാവമൊഴിച്ചു സംസാരത്തിന്റെ സ്ഫുരണംപോലുമില്ലതാനും. അതിനാൽ ചിത്തലയംതന്നെ അജ്ഞാനനാശം അല്ലെങ്കിൽ മോക്ഷം.

ചിത്തത്തിന്നു രണ്ടു രൂപങ്ങൾ അല്ലെങ്കിൽ വൃത്തികളുണ്ടു്. ഒന്നു സ്പന്ദനം, മറേറതു വാസനാപ്രവാഹം. രണ്ടും ഒന്നുതന്നെയാണു്. പക്ഷെ രണ്ടുരൂപത്തിൽ സ്ഫുരിക്കുന്നു എന്നുമാത്രം. സ്പന്ദനംകൊണ്ടു വാസനാപ്രവാഹവും വാസനാപ്രവാഹംകൊണ്ടു സ്പന്ദനവും നിലനില്ക്കുന്നു. ഏതെങ്കിലും ഒന്നടങ്ങുമ്പോൾ

രണ്ടും ലയിക്കുകയും ചെയ്യും. ചിത്തസ്പന്ദനത്തെ അടക്കാൻവേണ്ടി ചെയ്യുന്ന പ്രയത്നത്തെയാണ് യോഗമെന്നു പറയുന്നതു്. വാസനാപ്രവാഹത്തെ അടക്കാനുള്ള പ്രയത്നത്തെയാണ് ജ്ഞാനമെന്നും പറയുന്നതു്. രണ്ടും തികച്ചും പ്രായോഗികമാണ്. ജ്ഞാനമോ യോഗമോ ഏതെങ്കിലും ഒന്നുകൊണ്ടുതന്നെ മായാവിജയവും കൈവല്യപ്രാപ്തിയും സുഗമമായി പ്രാപിക്കാൻ കഴിയും. രണ്ടുംകൂടിയാണെങ്കിൽ പറയേണ്ടതില്ല. വളരെ സുഗമമായി ഫലാനുഭൂതിയുണ്ടാവും. തത്വവിചാരവും സ്വരൂപാനുസന്ധാനവുമാണ് ജ്ഞാനസാധനയുടെ മുഖ്യമായ മർമ്മം. വൃത്തിനിരോധവും പ്രാണായാമവും യോഗസാധനയുടെയും മുഖ്യമായ മർമ്മങ്ങളാണ്. സാധനകളുടെ മർമ്മപ്രധാനങ്ങളായ വശങ്ങളെ ഫലപ്രദമാംവണ്ണം ഗുരുമുഖേന ഗ്രഹിച്ച ഒരാൾക്കു രണ്ടുവിധസാധനകളെയും ഒരേ സമയത്തുതന്നെ അനുഷ്ഠിച്ചു ഫലാനുഭൂതിയെ പ്രാപിക്കാൻ കഴിയുകയും ചെയ്യും.

പക്ഷെ പൂർവ്വസാധനകളെക്കൊണ്ടു കരണങ്ങൾക്കു വേണ്ടത്ര അടക്കവും സംസാരനിവൃത്തിയും സാമാന്യമായ സാമ്യഭാവവും ചിത്തശുദ്ധിയും ശാസ്ത്രജ്ഞാനവുമൊക്കെ സാധിച്ചിട്ടുണ്ടാവണം. അങ്ങിനെയുള്ളവക്കു മാത്രമേ പറയപ്പെട്ട സാധനകൾ സുഗമമായി പ്രായോഗികമാവാനും പോവുന്നുള്ളൂ. അതിനാൽ അവയെല്ലാം ആദ്യംതന്നെ സമ്പാദിക്കപ്പെടേണ്ടവയാണ്. കൂടാതെ അനുഭവാസികനായ ആചാര്യന്റെ നിർദ്ദേശം ഒഴിക്കാൻ പാടുള്ളതല്ല. അതും സമ്പാദിക്കപ്പെടുകതന്നെ

വേണം. ആചാൎയ്യൻ എത്രതന്നെ ജ്ഞാനസമ്പന്നനോ അനുഭൂതിരസികനോ ആയിരുന്നാൽക്കൂടി തൻെറ അനുഷ്ഠാനംകൊണ്ടു മാത്രമേ ശിഷ്യൻ അനുഭൂതിസമ്പന്നനാവാനും പോവുന്നതല്ല. അല്ലാതെ ആചാൎയ്യാനുഗ്രഹം കൊണ്ടുമാത്രം താൻ മുക്തനാവുമെന്നു വിചാരിക്കുന്നതു വ്യാമോഹവുമാണു്. ഇങ്ങനെ തത്വരഹസ്യങ്ങളെ അറിഞ്ഞുപ്രവൎത്തിക്കുന്ന സുകൃതികളായ മഹാത്മാക്കൾ അചിരേണ ചരിതാൎത്ഥന്മാരുമായിത്തീരും.

## ഈശ്വരാനുഗ്രഹം

ജീവൻ, ഈശ്വരൻ, ജഗത്തു് ഇങ്ങിനെ മൂന്നുരൂപത്തിലാണു് അജ്ഞാനം നിലനില്ക്കുന്നതു്. അനൃതജഡദുഃഖസ്വരൂപമാണു് ജഗത്തു്. അതായതു മൂന്നുകാലത്തും ഇല്ലാത്തേതും ഉണ്ടെന്നു ഭ്രാന്തികൊണ്ടു തോന്നുന്ന സമയത്തുകൂടി ജഡവും സുഖമെന്നു കരുതി അനുഭവിക്കുന്ന സമയത്തുകൂടി ദുഃഖവുമാണു്. അതിനാൽ അനൃതവും ജഡവും ദുഃഖവുമാണു് ജഗത്തെന്നു പറഞ്ഞുവരുന്നു. ഈശ്വരനാകട്ടെ ഇതിനുനേരെ വിപരീതധൎമ്മത്തോടുകൂടിയ ചൈതന്യവുമാണു്. സത്-ചി

ത്-ആനന്ദമാണ് ഈശ്വരന്റെ ധൎമ്മം. അതായതു മൂന്നു കാലത്തും ഉള്ളതും ചൈതന്യസ്വരൂപനും ആനന്ദമയനുമാണ്. രണ്ടിന്റേയും മദ്ധ്യവൎത്തിയായ ജീവന്നാകട്ടെ സ്വന്തമായ ധൎമ്മമൊന്നുമില്ല. അതിനാൽ വസ്തുവിനോടു കൂടിച്ചേരുന്നുവോ, അതിന്റെ ധൎമ്മമാകും. ഈശ്വരനോടു ചേരുമ്പോൾ സച്ചിദാനന്ദസ്വരൂപനും, ജഗത്തിനോടു കൂടിച്ചേരുമ്പോൾ അനൃതജഡദുഃഖസ്വരൂപിയുമാവും. എന്നാൽ ചിരകാലമായി ഈശ്വരങ്കൽനിന്നു കേവലം വിട്ടകന്നു ജഗത്തിൽ അത്യന്തമമതയോടും സത്യബുദ്ധിയോടുംകൂടി പററിക്കൂടിയതിനാൽ ജഗത്തിന്റെ ധൎമ്മമായ അനൃതജഡദുഃഖഭാവങ്ങൾ അകററാൻ വയ്യാത്ത തോതിൽ ശക്തിയായി കട്ടപിടിച്ചിരിക്കയാണു് ജീവങ്കൽ. അതു നിശ്ശേഷം നീങ്ങാതെ സ്വരൂപബോധമുണ്ടാവാനും വയ്യ. വളരെയധികം ശക്തിയോടുകൂടും വണ്ണം ബാധിച്ച ജഗദ്ധൎമ്മങ്ങളെ അകററാൻ ഈശ്വരധൎമ്മങ്ങളെക്കൊണ്ടേ സാധിക്കൂ. അതിനാൽ അവശ്യം ഈശ്വരനെ ഉപാസിച്ച് ഈശ്വരാനുഗ്രഹത്തിന്നു പാത്രമാവുകതന്നെ വേണം.

വാസ്തവത്തിൽ ഈശ്വരനും ജീവനും രണ്ടല്ല, ഒന്നുതന്നെ. എന്നിരുന്നാലും ഉപാധിസംബന്ധംകൊണ്ടു് അത്യന്തവിരുദ്ധമായ നിലയിലാണു് ഇന്നുള്ളതു്. മായയുടെതന്നെ വിദ്യാംശമാണു് ഈശ്വരന്റെ ഉപാധിയെന്ന കാരണത്താൽ ഉപാധിഗതനാണെങ്കിൽക്കൂടി സ്വരൂപവിസ്മൃതി വന്നിട്ടില്ല. അതിനാൽ തന്റെ സൎവ്വജ്ഞത്വം സൎവ്വശക്തിത്വം മുതലായ മഹിമകളെല്ലാം

കാരവോ വരാതെ സർവ്വതന്ത്രസ്വതന്ത്രനും സച്ചിദാനന്ദസ്വരൂപനും മായയ്ക്കതീതനുമായി വർത്തിക്കുന്നു ഈശ്വരൻ. മാത്രമല്ല, മായാശക്തി എല്ലാപ്രകാരത്തിലും ഈശ്വരനു വശഗയുമാണ്. എന്നാൽ അതേ മായയുടെ തന്നെ അവിദ്യാംശമാണ് ജീവന്റെ ഉപാധിയെന്ന കാരണത്താൽ ഉപാധിഗതനായ ജീവൻ സ്വരൂപവിസ്മൃതികൊണ്ടു കേവലം അല്പനും അജ്ഞനും ദുഃഖിയും ബദ്ധനും പരതന്ത്രനുമാണ്. എല്ലാ പ്രകാരത്തിലും മായയ്ക്കു വിധേയനാണ് ജീവൻ. അതിനാൽ അത്യന്തപരതന്ത്രനാണെന്നു പറയേണ്ടതില്ലല്ലോ. പ്രസ്തുത പാരതന്ത്ര്യം നിലവിലുള്ളേടത്തോളം കാലം സ്വരൂപസ്മൃതിക്കവകാശമില്ല. സ്വരൂപബോധംകൊണ്ടല്ലാതെ ബന്ധദുഃഖങ്ങളിൽനിന്നു വിടുതി കിട്ടാനും സാദ്ധ്യമല്ല. മായാപാരതന്ത്ര്യം നീങ്ങി സസ്വരൂപബോധത്തിന്നവസരം കിട്ടണമെങ്കിൽ അവിദ്യാധർമ്മങ്ങൾ അകലണം. അവിദ്യാധർമ്മങ്ങളകലണമെങ്കിൽ ഈശ്വരധർമ്മങ്ങൾ പ്രകാശിക്കണം. ഈശ്വരധർമ്മങ്ങൾ പ്രകാശിച്ച് അവിദ്യാധർമ്മങ്ങളകലണമെങ്കിൽ ഈശ്വരനെ ഭജിക്കണം.

# ചിത്തശുദ്ധി

ആത്മജ്ഞാനവിഷയത്തിൽ ചിത്തശുദ്ധി അതിപ്രധാനമായൊരു സംഗതിയാണ്. ചിത്തം സംശുദ്ധമാവാതെ ഒന്നും സാദ്ധ്യമല്ല. അതിനാൽ വേദാന്തശ്രവണംവരെയുള്ള സാധനകളൊക്കെ ഒരുപ്രകാരത്തിൽ ചിത്തശുദ്ധിക്ക മാത്രമുള്ളവയാണ്. ചിത്തം സംശുദ്ധമായിക്കഴിഞ്ഞാൽ പിന്നെ മററൊന്നും വേണമെന്നുതന്നെയില്ല; തത്വം താനേ പ്രകാശിക്കും. ചളി പുരണ്ട കണ്ണാടിയിൽ വസ്തുക്കൾ പ്രതിബിംബിക്കാത്തതുപോലെയാണ് നാമരൂപങ്ങളെക്കൊണ്ടും കർമ്മവാസനകളെക്കൊണ്ടും വൃത്തികളെക്കൊണ്ടും മലിനമായിരിക്കുന്ന ചിത്തത്തിൽ വസ്തുതത്വം പ്രകാശിക്കാത്തതു്. കണ്ണാടിയിലെ ചളി തുടച്ചുകളയുംപോലെ ചിത്തത്തിന്റെ അശുദ്ധിയെ സാധനകളെക്കൊണ്ടു തുടച്ചു ശുദ്ധിവരുത്തണം. സാധാരണ ഒരാളുടെ ചിത്തം തന്നിൽ അടങ്ങാതെ എപ്പോഴും ബാഹ്യപ്രപഞ്ചത്തിലും പലവിധനാമരൂപങ്ങളിലും ഓടിപ്പാഞ്ഞു നടക്കുകയാണ്. ആദ്യംതന്നെ അതിന്റെ ഓട്ടത്തെ നിർത്തി തന്നിൽ അടക്കണം. ഉപവാസം, മന്ത്രോച്ചാരണം, സ്വരൂപധ്യാനം എന്നിവ ചിത്തത്തെ തന്നിൽ അടക്കിനിർത്താൻ പററുന്ന ഏററവും നല്ല സാധനകളാണ്. കുറെക്കാലത്തെ നിരന്തരപരിശ്രമംകൊണ്ടു ചിത്തം തന്നിൽതന്നെ അടങ്ങിനില്ക്കാൻ തുടങ്ങും. അപ്പോൾ തത്വങ്ങളെക്കുറിച്ചു വിചാരം ചെയ്യാൻ തുടങ്ങണം. താൻ

ആരാണ്? ഈ പ്രപഞ്ചമെന്താണ്? ഇതെങ്ങിനെയുണ്ടായി? ഈശ്വരൻ എന്നാലെന്താണ്? താനും ഈശ്വരനും തമ്മിലുള്ള സംബന്ധമെന്താണ്? മരണത്തിൽനിന്നെങ്ങിനെ രക്ഷപ്പെടാൻ സാധിക്കും? ഇങ്ങിനെ ഓരോന്നിനെക്കുറിച്ചും അതിൻെറ നിഷ്കൃഷ്ടതത്വം മനസ്സിലാവുന്നതുവരെ വിടാതെ വിചാരം ചെയ്യണം. അപ്പോൾ ശാസ്ത്രാഭ്യാസം സൽസംഗം പുരാണശ്രവണം ഇവയെല്ലാം ആവശ്യമായിത്തോന്നും. അവയിലെല്ലാം ശ്രദ്ധയുമുണ്ടാവും. കഴിവിന്നനുസരിച്ച് അവയെയൊക്കെ സേവിച്ചുകൊണ്ടു വിചാരത്തെ മുന്നോട്ടു കൊണ്ടുപോകുന്നപക്ഷം ക്രമേണ ഈശ്വരങ്കൽ വിശ്വാസവും കുറേശ്ശെ ഭക്തിയുമുണ്ടാവാൻ തുടങ്ങും. ഭക്തിയും വിശ്വാസവും വദ്ധിക്കുന്തോറും വിചാരം സഫലമാവാൻ തുടങ്ങും. ഓരോ തത്വത്തിൻെറയും നിഗൂഢമായ രഹസ്യം അറിയാൻ തുടങ്ങും. അറിയുംതോറും ഭക്തിയും വിശ്വാസവും വദ്ധിച്ചുകൊണ്ടിരിക്കും. ക്രമേണ വൈരാഗ്യവും ആരംഭിക്കും. ജഗത്തു മിഥ്യയാണെന്ന ബോധ്യം വരുമ്പോൾ വൈരാഗ്യത്തിന്നു ദൃഢതയുണ്ടാവും. വൈരാഗ്യം വളർന്നു ചിത്തം സകലവിഷയങ്ങളിൽനിന്നും കേവലം വിട്ടുമാറുമ്പോൾ മാലിന്യങ്ങൾ നീനീങ്ങിപ്പ്രായേണ സംശുദ്ധമാവും.

വിക്ഷേപം ആവരണം ഇങ്ങിനെ രണ്ടായിട്ടാണ് ചിത്തത്തിൻെറ അശുദ്ധിയെ കണക്കാക്കി വരുന്നതു്. വസ്തുബോധമില്ലായ്മ ആവരണവും വസ്തുവിൻെറ അന്യഥാ ഗ്രഹണം വിക്ഷേപവുമാണെന്നു പറഞ്ഞാൽ

ഏതാണ്ടവയുടെ സ്വരൂപം ശരിയാവു. എന്നാൽ അന്യഥാ ഗ്രഹണമെന്നതിന് എത്ര സ്വരൂപങ്ങളാണുണ്ടായിക്കൂടാത്തതു്? അതിനാൽ വിക്ഷേപത്തിൻെറ സ്വരൂപങ്ങളെ കണക്കാക്കാൻ സാദ്ധ്യമേ അല്ല. സ്വപ്നത്തിൽ എന്തൊക്കെ കാണുമെന്നെങ്ങിനെ നിർച്ചപ്പെടുത്താം? അതുതന്നെയാണ് വിക്ഷേപത്തിൻെറ രൂപം. മായയുടെ അതിപ്രധാനങ്ങളായ രണ്ടു ശക്തികളാണ് വിക്ഷേപാവരണങ്ങൾ. അവയാണ് സംസാരത്തിൻെറ സൃഷ്ടിയും സ്ഥിതിയും സംഹാരവുമെല്ലാം. നടത്തുന്നതു്. അവ നീങ്ങിയാൽ സംസാരംതന്നെ ഇല്ലെന്നു പറയണം. അവതന്നെയാണ് ചിത്തത്തിൽ വസ്തുബോധത്തിന്നു തടസ്ഥങ്ങളായിട്ടിരിക്കുന്നതും. ചിത്തത്തിൻെറ അശുദ്ധിയും അവതന്നെയാണ്. അവ എങ്ങിനെയുണ്ടായി എന്ന അന്വേഷണമല്ല, എങ്ങിനെ നശിക്കുമെന്ന കാര്യമാണന്വേഷിക്കുകയും അറിയുകയും ചെയ്യേണ്ടിയിരിക്കുന്നതു്. നാമരൂപങ്ങളും അവയോടുള്ള സംബന്ധവുമാണ് വിക്ഷേപത്തിൻെറ സ്ഥൂലരൂപം വസ്തുബോധമില്ലായ്മയാകുന്ന തമസ്സ് ആവരണത്തിൻെറയും സ്വരൂപമാണ്. വസ്തുബോധത്തിൻെറ അഭാവത്തിലല്ലേ അവസ്തുവിൻെറ പ്രതീതിയുണ്ടാവുന്നതു്? അതിനാൽ വിക്ഷേപങ്ങൾക്കൊക്കെ അവലംബം ആവരണമാണ്. കയറിൽ കയറെന്ന ബോധമില്ലാതായപ്പോഴാണല്ലോ പാമ്പിൻെറ പ്രതീതിയുണ്ടായതു്. കയറിൻെറ ബോധമില്ലായ്മയാണ് വസ്തുബോധത്തിൻെറ അഭാവം. അതുതന്നെ ആവരണം. പാമ്പിൻെറ പ്രതീ

തി വിക്ഷേപവും. അപ്പോഠം രണ്ടുംകൂടിച്ചേർന്നാണു് നില്ക്കുന്നതെന്നു വരുന്നു. വിളക്കു കൊണ്ടുവന്നു നോക്കിയപ്പോഠം പാമ്പിൻെറ പ്രതീതി നീങ്ങലും കയറിൻെറ ബോധം പ്രകാശിക്കലും ഒപ്പം കഴിഞ്ഞു. വസ്തുബോധമുണ്ടാവുമ്പോഠം വിക്ഷേപവും ആവരണവും ഒപ്പം നീങ്ങുമെന്നു് അതുകൊണ്ടു മനസ്സിലാക്കാൻ സാധിക്കുന്നു. ഇതുപോലെ ആത്മബോധമുണ്ടാവുമ്പോഠം വിക്ഷേപാവരണങ്ങഠം രണ്ടും നീങ്ങി ചിത്തം പവിത്രമായിത്തീരും. ആത്മഭാവത്തിന്നും അനുഭൂതിക്കും നടസ്ഥാ്യം ഇല്ലാതായിത്തീരും. പക്ഷേ വിക്ഷേപാവരണങ്ങഠം നിലവിലുള്ളപ്പോഠം ആത്മബോധമുണ്ടാവുമോ എന്നാണു് പിന്നെ ആലോചിക്കാനുള്ളതു്. വിഷമമാണു് എങ്കിലും ഉണ്ടായിക്കൂടായ്കയില്ല. ഇടവിടാതെ നിരന്തരം തത്വവിചാരം ചെയ്യുന്നുവെങ്കിൽ കാലംകൊണ്ടുണ്ടാവാം. ഏതായാലും തത്വവിചാരവും സൽസംഗവുമാണു് ചിത്തശുദ്ധിക്കുള്ള അതിപ്രധാനങ്ങളായ രണ്ടുപാധികഠം

# അന്തർവൃത്തി

ഒരു മനുഷ്യൻെറ കണ്ണ്, മൂക്ക്, ചെവി, ത്വക്ക്, എന്നീ ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും എന്നുവേണ്ട എല്ലാ കരണങ്ങളും എപ്പോഴും ബഹിർവൃത്തി സ്വരൂപങ്ങളാണ്. പ്രജ്ഞ ഏതു സമയത്തും സർവ്വകരണങ്ങളിൽ കൂടെയും ബാഹ്യപ്രപഞ്ചത്തിലെ ശബ്ദാദിവിഷയങ്ങളിൽത്തന്നെ അലഞ്ഞുകൊണ്ടിരിക്കയാണ്. ശരീരത്തിനകത്തേയ്ക്കുള്ള ദൃഷ്ടി എപ്പോഴുമില്ലെന്നുതന്നെ പറയണം. എപ്പോഴും സംസാരത്തെത്തന്നെ കണ്ടും കേട്ടും പ്രവർത്തിച്ചും അറിഞ്ഞും അനുഭവിച്ചുംതന്നെയാണ് ഓരോരുത്തരും കഴിഞ്ഞുവരുന്നത്. അങ്ങനെയിരിക്കും കാലത്തോളം ആത്മദർശനമെങ്ങിനെ സാധിക്കും? വിഷമം തന്നെയാണെന്നു പറയണം. സംസാരത്തിൽ വിഹരിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മദർശനം ആർക്കും സാദ്ധ്യമല്ല. എല്ലാ കരണങ്ങളും സംസാരത്തെ വിട്ട് അന്തർവൃത്തിസ്വരൂപങ്ങളാവുകതന്നെ വേണം. എന്നാൽ മിക്കവാറും ജനങ്ങൾക്കൊന്നും കരണങ്ങളെ അന്തർവൃത്തികളാക്കാൻ സാധിക്കാറില്ല. എന്തുകൊണ്ടാണെങ്ങിനെ സാധിക്കാത്തതെന്നതിനു പലരും പല കാരണങ്ങളും പറയാറുണ്ട്. വാസ്തവത്തിൽ പ്രകൃതിതന്നെ ബഹിർവൃത്തിസ്വരൂപമാണ്, എല്ലാവരുടേയും എല്ലാ കരണങ്ങളുടെയും മുഴുവൻ ശക്തിയും പുറമേയ്ക്കു പ്രവഹിക്കുകയെന്നുള്ളതാണ്. ആ സ്ഥിതിക്കു ചില കരണങ്ങളെങ്കിലും അന്തർവൃത്തികളാവണമെങ്കിൽ തികച്ചും

പ്രകൃതിക്കു വിപരീതമായിത്തന്നെ പ്രവത്തിക്കണം. പ്രകൃതിവിരുദ്ധമായി തൻെറ കരണങ്ങളെ ചേഷ്ടിപ്പിക്കാൻ അധികമാരും ഒരുങ്ങില്ല. അസാമാന്യമായ ധീരതയുള്ളാറ് മാത്രമേ ഒരുങ്ങൂ. ശ്രുതിതന്നെ പറകയാണ് ഒരിടത്തു്:—

"പരാഞ്ചി ഖാനി വ്യതൃണത്സ്വയംഭൂ-
സ്തസ്മാൽ പരാക് പശ്യതി നാന്തരാത്മൻ
കശ്ചിദ്ധീരഃ പ്രത്യഗാത്മനമൈക്ഷ-
ദാവൃത്തചക്ഷുരമൃതത്വമിച്ഛൻ" എന്നു്.

അതായതു്, സർവ്വശക്തനായ ഈശ്വരൻതന്നെ ജീവികളുടെ ഇന്ദ്രിയങ്ങളെ മുഴവൻ പരാക്കുകളാക്കിയിരിക്കയാണ്. തന്നെ കാണാനോ അറിയാനോ പററാതെ തന്നിൽ നിന്നന്യങ്ങളായ മററുള്ളവയെമാത്രം കാണാനും അറിയാനും പററുന്നവയായിരിക്കയാണ്. അതുകൊണ്ടാണ് എല്ലാ ജീവികളും താനാകുന്ന അന്തരാത്മാവിനെ കാണാതെ മററുള്ളവ കണ്ടും അറിഞ്ഞുംതന്നെ കഴിഞ്ഞുകൂട്ടുന്നതു്. മൃത്യുസ്വരൂപമായ സംസാരത്തെ വിട്ടു് അമൃതത്വത്തെ പ്രാപിച്ചാൽ കൊള്ളാമെന്നെല്ലാവക്കും മോഹമുണ്ടു് പ്രത്യഗാത്മാവിനെ അറിയുമ്പോൾ അതു സാധിക്കുകയും ചെയ്യും. പക്ഷേ കരണങ്ങളെല്ലാം വിപരീതവൃത്തികളാകയാൽ അറിയാൻ സാദ്ധ്യമല്ല. ധീരനായ ഏതെങ്കിലും ഒരാറ് എപ്പോഴെങ്കിലും പ്രകൃതിക്കു വിപരീതമായി പൌരുഷംകൊണ്ടും ഈശ്വരകാരുണ്യംകൊണ്ടും കരണങ്ങളെ അന്തർവ്യ

KOTTAYAM PUBLIC LIBRARY

ത്തികളാക്കാൻ കഴിയുന്നില്ലെങ്കിൽ അതൊരു കുറ്റമല്ല. കാര്യം അങ്ങിനെയൊക്കെയാണെങ്കിലും കരണങ്ങളെ അന്തർവൃത്തികളാക്കാൻ എപ്പോഴും പരിശ്രമിച്ചു കൊണ്ടിരിക്കണം. നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്കു കാലംകൊണ്ടു വിജയമുണ്ടാവുമെന്നതിനു സംശയമില്ല. നിരന്തരപരിശ്രമം ചെയ്യാത്ത ഒരാൾക്കു ഏതുകാലം കഴിഞ്ഞാലും അനുകൂലസ്ഥിതിയുണ്ടാവാനു് വിഷമം. അദ്ധ്യാത്മസാധനയെന്നു പറഞ്ഞാൻത്തന്നെ കരണങ്ങളെ അന്തർവൃത്തികളാക്കാൻ പരിശ്രമിക്കലാണു്. അതു പലരും പല വിധത്തിലാണു് ചെയ്യുന്നതെന്നുമാത്രം. ഏതുപ്രകാരത്തിൽ ചെയ്താലും അവസാനം വന്നുചേരുന്ന ഫലം എല്ലാവക്കും ഒന്നുതന്നെ പ്രപഞ്ചം ഈശ്വരാത്മകവും ജീവൻ പരതന്ത്രനുമാണു്. എന്നിരുന്നാലും അവരവരുടെ മുക്തിക്കുള്ള പ്രയത്നം അവരവർതന്നെ ചെയ്യണം. എങ്കിലേ ഏതുകാലത്തും അനുഭവിക്കാൻ പോവുന്നുള്ളു. ഈശ്വരൻ കരുണാമയനും താൻ ദുബ്ബലനുമാണു്. അതിനാൽ താനൊന്നും ചെയ്യേണ്ടതില്ല. സന്ദർഭം വരുമ്പോൾ ഈശ്വരൻ സ്വയമേവ തന്നെ മുക്തനാക്കിക്കൊള്ളും. എന്നുവിചാരിച്ചു് അലസന്മാരായിരിക്കുന്നവർ ഏതുകാലത്തും സംസാരത്തിൽ കിടന്നുഴലാമെന്നല്ലാതെ ഒരിക്കലും നിവൃത്തി കിട്ടാൻ പോവുന്നില്ല. ഭഗവാനെ ശരണം പ്രാപിച്ച ഭക്തന്മാർക്കു് അവിടുന്നുതന്നെ ജ്ഞാനം ഉപദേശിച്ചു സാധന ചെയ്തു് ആത്മസാക്ഷാൽക്കാരം സമ്പാദിക്കാൻ പറഞ്ഞയക്കുന്നതായി കാണുന്നു. അതി

ൻെറ അത്ഥം അവരവരുടെ മുക്തിക്കുള്ള പ്രയത്നം ഓരോരുത്തരും സ്വയമേവ ചെയ്യണമെന്നതായിരിക്കുമല്ലൊ. അല്ലെങ്കിൽ ഉദ്ധവൻ അജ്ജുനൻ ഗോപികഠ ഇവക്കൊന്നും ഭഗവാൻ ജ്ഞാനോപദേശം ചെയ്യേണ്ട ആവശ്യമില്ലല്ലോ. മാത്രമല്ല, ഗീതയിൽ ഭഗവാൻ വ്യക്തമായ ഭാഷയിൽ പറയുകതന്നെ ചെയ്തിട്ടുണ്ട് തൻെറ മുക്തിക്കും ബന്ധത്തിന്നും താനല്ലാതെ മററാരും കാരണമാകുന്നില്ലെന്നു്. ആ സ്ഥിതിക്കു് ആക്കാണു് സ്വപ്രയത്നംകൂടാതെ സംസാരത്തിൽനിന്നു മുക്തി കിട്ടാൻ പോകുന്നതു്? Nobody

അഭിമാനവും വിഷയങ്ങളോടുള്ള സംഗവുമാണു് എത്രയായാലും മുറിയാത്ത ഏററവും ഉറപ്പേറിയ രണ്ടു കയറു്. അവ ഹേതുവായിട്ടാണു് അഹന്താമമതകളും കർത്തൃത്വഭോക്തൃത്വങ്ങളും അവസാനമില്ലാത്ത കമ്മവാസനകളും എല്ലാമുണ്ടാവുന്നതു്. സാധനാമാൎഗ്ഗം ഏതു രൂപത്തിലുള്ളതായാലും പറയപ്പെട്ട സുശക്തങ്ങളായ രണ്ടു കയറുകളും മുറിഞ്ഞുപോവലാണാവശ്യം. അവ മുറിഞ്ഞുപോവാതിരിക്കും. കാലത്തോളം എന്തൊക്കെയുണ്ടായാലും ബദ്ധൻതന്നെ. ബന്ധത്തിൽനിന്നു് ഒഴിവാവാൻവേണ്ടി ഏതേതുപാധികളെ സ്വീകരിക്കുന്നുവോ അതിലേയ്ക്കു പകരുന്നതാണു് അഭിമാനത്തിൻെറ സ്വഭാവം. ഗൃഹസ്ഥനായിരുന്ന ഒരാഠ സംസാരമുക്തിക്കുവേണ്ടി സന്യസിച്ചു എന്നിരിക്കട്ടെ. എന്നാൽ സന്യാസത്തിന്മേലാണു് അയാളുടെ അഭിമാനം പിന്നെ നില കൊള്ളാൻ പോവുന്നതു്. കുറെ തത്വവിചാരവും സാ

ധനാനുഷ്ഠാനവുമൊക്കെച്ചെയ്ത്ത ജ്ഞാനസമ്പാദനംതന്നെ സാധിച്ചു എന്നു വന്നാൽക്കൂടിയും അഭിമാനം അയാളെ വിടാൻ പോവുന്നില്ല. അപ്പോൾ ജ്ഞാനിയെന്ന രൂപത്തിലായിരിക്കും. നിലനില്ക്കുകയെന്നുമാത്രം. രാജ്യവും ഭണ്ഡാരവും സൈന്യങ്ങളുമെല്ലാം തൻേറയാണെന്നഭിമാനിക്കുന്ന മഹാരാജാവും ദണ്ഡകമണ്ഡലങ്ങൾമാത്രം തൻേറയാണെന്നഭിമാനിക്കുന്ന സന്യാസിയും ബദ്ധന്മാരാണ്. അഭിമാനമാകുന്ന ഒരേ കയറുകൊണ്ടു് മായാദേവി അവരെ രണ്ടാളേയും ബന്ധിച്ചിരിക്കുന്നു. മഹാരാജാവിന്നു രാജ്യാദികളിലുള്ള അഭിമാനം പോവാനെത്ര വിഷമമുണ്ടോ അത്രതന്നെ വിഷമം സന്യാസിക്കു ദണ്ഡകമണ്ഡലങ്ങളിലുള്ള അഭിമാനം പോവാനുമുണ്ടാവാം. അതിനാൽ ശക്തിയേറിയ അഭിമാനക്കയറിനെ മുറിച്ചു പുറത്തു ചാടാനുള്ളതാവണം അദ്ധ്യാത്മസാധന! എങ്കിലേ അതുകൊണ്ടൊക്കെ ലക്ഷ്യപ്രാപ്തിയാകുന്ന ഫലമുണ്ടാവാൻ പോകുന്നുള്ളു. അങ്ങിനെ സാധിക്കേണമെങ്കിൽ എല്ലാ കരണങ്ങളും ബാഹ്യപ്രഞ്ചത്തെ വിട്ടു് ഉള്ളിലേയ്ക്കു വലിഞ്ഞു് അന്തർവൃത്തിസ്വരൂപങ്ങളാവണം. വസ്തുക്കളിലുള്ള മമതകൊണ്ടാണ് കരണങ്ങൾ അവയെ വിട്ടുപോരാത്തതു്. മമതയ്ക്കാസ്പദമാകട്ടെ വിഷയങ്ങളോടുള്ള സംഗവുമാണു്.

പുറത്തുപോയി പലരേയും കാണാനും പല കാര്യങ്ങളും നേടാനുമുള്ള ഒരാൾക്കു വീട്ടിന്നകത്തിരുന്നാൽ സ്വസ്ഥത കിട്ടുന്നതെങ്ങിനെ? അതുപോലെയാണ് ദൃഗാദി കരണങ്ങൾക്കു ബാഹ്യപ്രപഞ്ചത്തിൽ പലതും അ

നുഭവിക്കാനുള്ളപ്പോൾ അന്തർവൃത്തി കിട്ടാതിരിക്കുന്ന തു്. എന്നാൽ പുറത്തുപോയിട്ടു യാതൊരാവശ്യമില്ലാ ത്താൾക്കു വീട്ടിന്നകത്തുതന്നെ എപ്പോഴും കഴിച്ചുകൂട്ടാ നും കഴിയും. അതുപോലെ പ്രപഞ്ചത്തിലെ യാതൊരു വിഷയത്തെ സംബന്ധിച്ചും യാതൊരപേക്ഷയുമില്ലാ തായാൽ എല്ലാകരണങ്ങളും ഉള്ളിലേയ്ക്കു വലിഞ്ഞു കേ വലം അന്തർവൃത്തികളാവാൻ ഒരു വിഷമവുമില്ലതാനും. പക്ഷേ വിഷയങ്ങളുടെ അപേക്ഷയില്ലാതാവണം. അ തെളുപ്പമല്ല. തത്വബോധത്തോടുകൂടിയ തീവ്രവൈരാഗ്യം വളരുകതന്നെ വേണം. ദൃഢമായ തത്വബോധമുണ്ടാ യിക്കഴിഞ്ഞാൽ വൈരാഗ്യത്തിന്നു വിഷമമില്ല. തത്വ ബോധത്തിൽ ദൃഢത കിട്ടാതിരിക്കും കാലത്തോളം വിഷമവുമാണ്. പാമ്പെന്നു തോന്നിയ വസ്തു കയറാ ണെന്നറിയുമ്പോൾ ഭയമില്ലാതാവുംപോലെയും സ്വപ് നദൃഷ്ടപദാർത്ഥങ്ങളിൽ മിത്ഥ്യാബോധം ദൃഢപ്പെടുന്ന തിനാൽ ജാഗ്രദവസ്ഥയിൽ ആഗ്രഹമുണ്ടാവാത്തതുപോ ലെയുമാണു് തത്വബോധത്തിൻെറ ദൃഢതയിൽ വി ഷയപദാർത്ഥങ്ങളിൽ അപേക്ഷയില്ലാതായിത്തീരുന്നതു്. മൂന്നുകാലത്തും ഉണ്ടായിട്ടില്ലാത്തവയും കേവലം ഭ്രാന്തി കൊണ്ടു് അല്പസമയം ഉള്ളതായി തോന്നപ്പെട്ടവയുമാ ണ് സ്വപ്നപദാർത്ഥങ്ങൾ. എന്നാൽ അതു ബോദ്ധ്യം വരുന്നതു ജാഗ്രദവസ്ഥയിലാണ്. അതിനാൽ ജാഗ്രദ വസ്ഥയിൽ ഒരാൾക്കു സ്വപ്നപദാർത്ഥത്തിൽ അല്പം പോലും സത്യബുദ്ധിയോ ആഗ്രഹമോ ഉണ്ടാവാൻവ ഴി. അതുപോലെതന്നെയാണു് ജാഗ്രൽപദാർത്ഥങ്ങളും.

മൂന്നു കാലത്തും ഉണ്ടായിട്ടില്ലാത്തവയും കേവലം ഭ്രാന്തികൊണ്ടു തോന്നപ്പെടുന്നവയുമാണ്. പക്ഷേ അതു ബോദ്ധ്യം വരുന്നതു തത്വബോധത്തിൻെറ ദൃഢതയിലാണെന്നു മാത്രമേ ഉള്ളു ദൃഢമായ തത്വബോധം ഉറച്ചുകഴിഞ്ഞൊരാൾക്കു പ്രപഞ്ചത്തിലെ ഒരു പദാർത്ഥത്തിലെങ്കിലും അല്പംപോലും സത്യബുദ്ധിയോ ആഗ്രഹമോ ഉണ്ടാവാൻവയ്യ. അതിനാൽ തത്വവിചാരവും സൽസംഗവും ശാസ്ത്രാഭ്യാസവും കൊണ്ടു് ഒരാൾക്കു തത്വബോധത്തിന്നു ദൃഢത വന്നുകഴിഞ്ഞാൽ സ്വാഭാവികമായിത്തന്നെ തീവ്രവൈരാഗ്യം വളർന്നു് എല്ലാ കരണങ്ങളും പ്രപഞ്ചത്തെ വിട്ടു് ഉള്ളിലേയ്ക്കു വലിഞ്ഞു സ്വയം അന്തർവൃത്തി സ്വരൂപങ്ങളാവും.

ജീവൻെറ ലക്ഷ്യം ആത്മാവാണു്. ആത്മപ്രാപ്തിയിൽ മാത്രമേ ഏതൊരു ജീവനും ചരിതാർത്ഥനാവുന്നുള്ളു. കാണാനും കേൾക്കാനും തൊടാനും അനുഭവിക്കാനുമുള്ളതെല്ലാം ആത്മാവിനെയാണു്. "ആത്മാവാ അരേ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ നിദിദ്ധ്യാസിതവ്യഃ" ആത്മാവാണു് കാണാനും കേൾക്കാനും വിചാരിക്കാനും സ്മരിക്കാനും പ്രാപിക്കാനുമെല്ലാമുള്ള വസ്തു എന്നു ശ്രുതി ഉൽബോധിപ്പിക്കുന്നു. അതിനാൽ ജീവൻെറ എല്ലാ പ്രകാരത്തിലുമുള്ള ലക്ഷ്യവും ആത്മാവു മാത്രമാണ്. ആത്മാവിനെയാണു് ജീവൻ എല്ലാ സമയത്തും എല്ലാ വസ്തുക്കളിലും തിരയുന്നതു്. ആത്മാവാകട്ടെ അകത്താണു്; പുറത്തല്ല. പിന്നെ പുറമെ തിരഞ്ഞാലെങ്ങനെ കണ്ടുകിട്ടും? സാദ്ധ്യമല്ല.

അതിനാൽ അകത്തുതന്നെ തിരയണം. എങ്കിലേ കാലം കൊണ്ടെങ്കിലും കണ്ടുകിട്ടാൻ പോവുന്നുള്ളു. അതാണ് കരണങ്ങളുടെ അന്തർവൃത്തിത്വംകൊണ്ടു സാധിക്കാൻ പോവുന്നതു്. പുറമെയുള്ള വസ്തുക്കളിലൊക്കെ തിരഞ്ഞു മടക്കുമ്പോഴെ ഒരാൾക്കകത്തേയ്ക്കു തിരിയാൻ തോന്നു. അകത്തേയ്ക്കു തിരിഞ്ഞാൻപിന്നെ പുറത്തേയ്ക്കോടാനിടയാവരുതു്. അതിനാണ് പുറത്തു മുഴുവൻ ബോദ്ധ്യം വരുത്തിച്ചു് അകത്തേയ്ക്കു തിരിപ്പിയ്ക്കുന്നതു്. ജപം, പൂജ, നമസ്കാരം, ഹോമം, യജ്ഞം, തപസ്സ്, തീർത്ഥാടനം, വ്രതാനുഷ്ഠാനം എന്നിവയൊക്കെ പുറമെയുള്ള തിരിച്ചിലാണ്. അതുകൊണ്ടൊക്കെ കുറെ കഴിയുമ്പോൾ തൻെറ ലക്ഷ്യവസ്തു പുറമെയല്ലെന്നു ബോദ്ധ്യംവന്നു വെറുത്തുമടുത്തു് അകത്തേയ്ക്കു തിരിയും. അങ്ങിനെ തിരിയുന്നതു സുദൃഢമായ തത്വബോധത്തോടും തീവ്രമായ വൈരാഗ്യത്തോടും കൂടെയാണെങ്കിൽ പിന്നെ പുറമെയുള്ള വസ്തുക്കളെ ഇഷ്ടപ്പെടാനോ അവയിൽ പാററിക്കൂടാനോ ഇടവരില്ല. അകത്തുതന്നെ തീവ്രമായന്വേഷിക്കാൻ തുടങ്ങും ആ അന്വേഷണം സഫലവുമാവും. അതിനാൽ വിവേകംകൊണ്ടു സംസാരാനുഭവങ്ങളിൽ പരിപക്വത വരുത്തി തത്വവിചാരം കൊണ്ടു വസ്തുബോധത്തിന്നു ദൃഢതയുണ്ടാക്കിത്തീർത്തു സംസാരത്തിൻെറ മിത്ഥ്യാത്വത്തെ പൂർണ്ണമായി ബോധിച്ചു തീവ്രവൈരാഗ്യംകൊണ്ടു കരണങ്ങളെ പ്രപഞ്ചവിഷയങ്ങളിൽനിന്നു വലിച്ചെടുത്തു് അന്തർവൃത്തിസ്വരൂപങ്ങളാക്കി മുറിവില്ലാതെ ആത്മസ്വരൂപത്തെ

അനുസന്ധാനം ചെയ്യലാണ് ആത്മസാക്ഷാൽക്കാരത്തിന്നുള്ള സുഗമമായ മാർഗ്ഗം.

## വ്രതാനുഷ്ഠാനങ്ങൾ

പലരും പല തരത്തിലുള്ള വ്രതങ്ങളേയും അനുഷ്ഠിക്കാറുണ്ട്. വളരെ പ്രാചീനകാലംമുതൽക്കുതന്നെ ഭാരതത്തിൽ വ്രതാനുഷ്ഠാനങ്ങൾക്കു വളരെയധികം പ്രചാരമുണ്ട്. ഇന്നും അവ കുറയെയൊക്കെ നിലനിന്നുവരുന്നുമുണ്ട്. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പലരും പല വ്രതങ്ങളേയും അനുഷ്ഠിച്ച് അനുഭവപ്പെട്ട ഫലങ്ങളുടേയും പരാമർശനങ്ങളും വ്രതാനുഷ്ഠാനങ്ങളുടെ വിധികളും ഒക്കെ അവയ്ക്കുള്ള മാത്രം പ്രചാരമുണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. ഏതു നിലയിലുള്ള ആളുകളുടേയും വ്രതാനുഷ്ഠാനങ്ങളിലേയ്ക്കാകർഷിക്കാൻ വേണ്ടിയായിരിക്കണം ഒരേ വ്രതത്തിന്ന് പല പ്രകാരത്തിൽ ചിട്ടപ്പെടുത്തപ്പെട്ട വിധികളും ആചാരണസമ്പ്രദായങ്ങളും കണ്ടുവരുന്നത്. കാലത്തെ അവലംബിച്ചാണ് വ്രതങ്ങളും നിലനിർത്തപ്പെട്ടിരിക്കുന്നത്. അങ്ങിനെയായാൽ കാലകല്പനയുള്ളേടത്തോളം അവ നിലനില്ക്കുമല്ലോ. ആഴ്ച, തിഥി, നക്ഷത്രം ഇവയാണ് മിക്കവാറും വ്രതങ്ങളുടെയൊക്കെ അവലംബം. അവ

കാലഘട്ടകങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. അങ്ങിനെയല്ലാത്ത വ്രതങ്ങളും ഇല്ലായ്കയില്ല. എന്നാൽ അവയും ഏതെങ്കിലും ഒരു പ്രകാരത്തിൽ കാലത്തോടു ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ഓരോവ്രതത്തിന്റെയും ആചരണസമ്പ്രദായവും പ്രത്യേകമാണ്. ചിലതിന് ആഹാരം തീരെ കഴിക്കരുത്, ചിലതിനു കഴിക്കാം. ചിലതിന് ഉറങ്ങരുത്, ചിലതിന് ഉറങ്ങാം. ഇങ്ങിനെ പല വ്യത്യാസങ്ങളും ആചരണ സമ്പ്രദായത്തിലുണ്ട്. ഇതിനു പുറമെ ഓരോ വ്രതങ്ങളേയും ഓരോ ദേവനുമായി ബന്ധപ്പെടുത്തീട്ടുമുണ്ട്. ആതാതു വ്രതങ്ങളനുഷ്ഠിക്കുമ്പോൾ അതാതു ദേവന്മാരെയാണുപാസിക്കേണ്ടതെന്നും പറഞ്ഞുവരാറുണ്ട്. ഓരോ വ്രതത്തിനും ഫലവും പ്രത്യേകമാണെന്നും പറയാറുണ്ട്.

എന്നാൽ എന്താണീവ്രതങ്ങളുടെയൊക്കെ അടിസ്ഥാനം? മറ്റൊന്നുമല്ല. ആഹാരനിദ്രാദിശരീരധർമ്മങ്ങളെ വിട്ട് ഈശ്വരോപാസന ചെയ്യുക എന്നുമാത്രം. അങ്ങിനെ ചെയ്യുന്നതു തപസ്സാണ്. തപസ്സിന്റെ ഫലം ചിത്തശുദ്ധിയും ജ്ഞാനപ്രാപ്തിയുമാണ്. സംസാരിയായ ഒരാൾ തപസ്സുചെയ്യാൻവേണ്ടി പോവലോ അതിനുവേണ്ടി തന്റെ സംസാരികജീവിതത്തെ ഉപേക്ഷിക്കലോ ഉണ്ടാവില്ല. എന്നാൽ പലവിധ സംസാരധർമ്മങ്ങളോടുകൂടി ഗൃഹത്തിൽ ഇരിക്കുമ്പോഴും യഥാശക്തി ചില തപോനുഷ്ഠാനങ്ങൾ ചിലപ്പോഴെങ്കിലും ചെയ്യട്ടെ എന്നുള്ളതാണ് അതിന്റെ അടിയിലുള്ള

തത്വം. ഈ തത്വത്തെ അറിഞ്ഞാലും ഇല്ലെങ്കിലും ശ്രദ്ധയോടുകൂടി കുറച്ചധികം പ്രാവശ്യം ചില വ്രതങ്ങളെ ആചരിക്കുമ്പോൾ ചില ഫലങ്ങളൊക്കെ അനുഭവപ്പെട്ടുമെന്നതു തൎക്കമററ സംഗതിയാണ്. പക്ഷെ വ്രതത്തിന്റെ പേരിൽ ആഹാരത്തിന്നു മാററം വരുത്തൽമാത്രം പോര, ശ്രദ്ധയോടുകൂടിയ ഈശ്വരോപാസനം വേണം. ഈശ്വരോപാസനമാണ് കാൎയ്യം. അതിന്നു തടസ്ഥമുണ്ടാക്കുന്ന ലോകവ്യവഹാരങ്ങളേയും ശരീരധൎമ്മങ്ങളേയും അകററിനിർത്താനുള്ളതാണ് വ്രതത്തിന്റെ നിയമങ്ങളൊക്കെ. വ്രതനിയമങ്ങളൊക്കെല്ലാം വളരെ ശ്രദ്ധയോടെ പരിപാലിച്ചാലും ഈശ്വരോപാസനമില്ലെങ്കിൽ അങ്ങിനെയുള്ള വ്രതാനുഷ്ഠാനം വളരെ സ്ഥൂലമാണെന്നുതന്നെ പറയണം. അതിന്റെ ഫലമാവട്ടെ വളരെ വിദൂരവുമാണ്. ഏകാദശി, പ്രദോഷം, ശിവരാത്രി, തുടങ്ങിയ ചില പ്രമാണപ്പെട്ട വ്രതങ്ങൾ കൂടിയും ഇക്കാലത്തു വളരെ സ്ഥൂലമായിട്ടാണ് പലരും ആചരിച്ചുവരുന്നതെന്നതുകൊണ്ടാണ് അവയ്ക്കൊന്നും പറയത്തക്ക ഫലങ്ങൾ അനുഭവപ്പെടാത്തതു്. ഏകാദശിദിവസം ആഹാരം മാററികഴിക്കൽമാത്രമാണ് വ്രതത്തിന്റെ ചടങ്ങെന്നു വന്നാൽ അതുകൊണ്ടെന്തനുഭൂതിയാണുണ്ടാവാൻ പോവുന്നതു്? അങ്ങിനെ വളരെയധികം പ്രാവശ്യം ആഹാരം മാററികഴിച്ചാലും ചിത്തശുദ്ധിയോ ജ്ഞാനപ്രാപ്തിയോ ഒന്നും അതുകൊണ്ടുണ്ടാവാൻ വയ്യ. സൂൎയ്യോദയത്തിന്നു ദശമിസ്പർശമുണ്ടോ, അല്ലെങ്കിൽ പാരണയ്ക്കു ദ്വാദശിയുണ്ടോ

വില്ലേ എന്നീ കാൎയ്യങ്ങളിലല്ല കൂടുതൽ നിൎബ്ബന്ധം വേണ്ടതു്, ഈശ്വരോപാസനത്തിലാണു്. ലോകവ്യവഹാരങ്ങളിൽനിന്നും ശരീരധൎമ്മങ്ങളിൽനിന്നും നിവൃത്തിയും ഈശ്വരോപാസനവും രണ്ടുമില്ലെങ്കിൽപിന്നെ അങ്ങനെയുള്ള വ്രതങ്ങൾക്കു തപസ്സിൻെറ എന്തു ലക്ഷണമാണുള്ളതു്? യാതൊന്നുമില്ലെന്നു പറയണം. അതിനു വ്രതമെന്നൊരു പേരുമാത്രമേ ഉള്ളു. അങ്ങിനെ പേരിനുമാത്രം ആചരിക്കപ്പെടുന്നു. വ്രതങ്ങളെന്നുള്ളതുകൊണ്ടാണു് ഇക്കാലത്തു വ്രതാനുഷ്ഠാനങ്ങളെക്കൊണ്ടു പറയത്തക്ക ഫലാനുഭൂതിയുണ്ടായിക്കാണാത്തതു്.

ഏതു വ്രതത്തിൻെറയും അതിപ്രധാനമായ മൎമ്മം ഈശ്വരോപാസനമാണു്. അതില്ലാതെ വ്രതംതന്നെ ആവാൻ പോവുന്നില്ല. ആഹാരനിദ്രാദിശരീരധൎമ്മങ്ങൾ കഴിവിന്നനുസരിച്ചായാൽപോലും തെററില്ല. ആഹാരവും നിദ്രയും ഒഴിക്കാൻ കഴിയാത്ത ആളാണെങ്കിൽ അതുകൊണ്ടു വിരോധമില്ല, ആഹാരം കഴിക്കുകയും ഉറങ്ങുകയും ചെയ്യട്ടെ. ലോകവ്യവഹാരങ്ങളെവിട്ടു ശ്രദ്ധയോടുകൂടി ഈശ്വരോപാസനം ചെയ്താൽ മതി, അങ്ങിനെ ചെയ്താൽ അയാളുടെ വ്രതത്തിന്നു ഭംഗം വന്നുവെന്നു പറയാൻ വയ്യ. നേരമറിച്ചു് ആഹാരനിദ്രാദികളെ നിയമിച്ചിട്ടുണ്ടു്, എന്നാൽ ലോകവ്യവഹാരനിരാസമോ ഈശ്വരോപാസനമേ ഇല്ലെന്നുവന്നാൽ പിന്നെ ആ വ്രതം വ്രതമാണെന്നുതന്നെ പറയാൻ വയ്യ അതിനാൽ ഏതു വ്രതത്തിൻെറയും അതിപ്രധാനമായ മൎമ്മം ഈശ്വരോപാസനമാണെന്നാണാദ്യം ധരിക്കേ

ണ്ടിയിരിക്കുന്നതു്. ഈശ്വരോപാസനത്തോടുകൂടാതെ ചെയ്യപ്പെടുന്ന വ്രതാനുഷ്ഠാനം ആ പേരിന്നുതന്നെ അർഹതപ്പെടുന്നുണ്ടോ എന്നു സംശയമാണ്. അങ്ങിനെ തിഥിനക്ഷത്രങ്ങളുടെ നിർണ്ണയത്തിലോ ആഹാരത്തിൻെറ മാററത്തിലോ അല്ല കൂടുതൽ നിബ്ബന്ധം ചെലുത്തേണ്ടിയിരിക്കുന്നതു്. അവയും ആവശ്യമില്ലെന്നു പറയാൻ വയ്യെന്നുമാത്രം. പക്ഷേ കൂടുതൽ നിബ്ബന്ധം ഈശ്വരോപാസനത്തിലും ലോകവ്യവഹാരനിരാസത്തിലുമാണു് ചെലുത്തേണ്ടിയിരിക്കുന്നതു്.

മനസ്സെപ്പോഴും പ്രപഞ്ചധർമ്മങ്ങളെ വിട്ടു് ഈശ്വരങ്കൽത്തന്നെ രമിക്കാനും ലയിക്കാനും തുടങ്ങുന്ന എന്നിരിക്കട്ടെ, എന്നാൽ പിന്നെ ഒരു വ്രതത്തിൻെറയും ആവശ്യംതന്നെയില്ലെന്നു പറയണം. അതുവരെയാണു് വ്രതാനുഷ്ഠാനങ്ങളും തീർത്ഥാടനങ്ങളും ക്ഷേത്രദർശനങ്ങളുമെല്ലാം ചെയ്യേണ്ടിയിരിക്കുന്നതു്. അതുവരെയാകട്ടെ ചെയ്യുകയും വേണം. കഴിയുന്ന എല്ലാ വ്രതങ്ങളും അനുഷ്ഠിക്കണം. അവകൊണ്ടു ക്രമേണ ചിത്തശുദ്ധി വന്നു മനസ്സു് ഈശ്വരങ്കൽ ലയിക്കാൻ തുടങ്ങുകയും ചെയ്യും.

# സമ്പത്ത്

സമ്പത്തെന്നു കേൾക്കുമ്പോൾ ധനമെന്നാണ് എല്ലാവൎക്കും പെട്ടന്ന് ഓൎമ്മവരിക. അതെ, ധനം തന്നെ. എന്നാൽ പണമല്ല; മാനസികമായ സമ്പത്തിനെക്കുറിച്ചാണിവിടെ പറയാൻ പോവുന്നതു്. മാനസികമായ സമ്പത്താണ് സംസ്കാരം. മനുഷ്യൎക്കു മാത്രമല്ല, പക്ഷിമൃഗാദികൾക്കുപോലുമുണ്ട് സംസ്കാരം. പക്ഷേ ഓരോരുത്തരുടേയും ഓരോ പ്രകാരത്തിലാണെന്നേ വ്യത്യാസമുള്ളു, അങ്ങിനെ എല്ലാ ജീവികളുടേയും സംസ്കാരങ്ങളെ അടക്കി രണ്ടായി തരംതിരിച്ചിട്ടുണ്ട്. അവയെയാണ് ദൈവീസമ്പത്തെന്നും ആസുരീസമ്പത്തെന്നും പറയുന്നതു്. ഭഗവൽഗീതയിൽ ഈ വിഷയം വളരെ ഭംഗിയായി ഉപന്യസിക്കപ്പെട്ടിട്ടുണ്ട്. സംസ്കാരത്തിന്നു സമ്പത്തെന്നു പേരുണ്ടാവാനെന്താണ് കാരണമെന്നാദ്യം നിരൂപിക്കാം.

ഒരാൾക്കെന്തൊക്കെയുണ്ടോ അതൊക്കെ അയാളുടെ ചിത്തവൃത്തിക്കനുരൂപമായിട്ടാണനുഭവം. ഒരാൾക്കു സുഖമായിട്ടുള്ളതു മറെറാരാൾക്കു ദുഃഖമായും, ഒരാൾക്കു നല്ലതായിട്ടുള്ളതു മറെറാരാൾക്കു ചീത്തയായും തീരുന്നതിന്റെ അടിസ്ഥാനം അതാണ്. ദാനം വാങ്ങുന്ന ആൾ വാങ്ങുന്നതു ലാഭമായിക്കരുതുമ്പോൾ കൊടുക്കുന്ന ആൾ കൊടുക്കുന്നതാണ് ലാഭമായി കണക്കാക്കുന്നതു്. എല്ലാവരും ആരോഗ്യത്തെ കാംക്ഷിക്കുമ്പോഴ വൈദ്യൻ രോഗിയെ പ്രതീക്ഷിക്കുന്നു. ഇങ്ങിനെ

ശവമടക്കിക്കപ്പെടുക്കാരൻ മനുഷ്യൻ മരിക്കുന്ന കാത്തിരിക്കുന്നു.

നെ പരിശോധിച്ചാൽ ജീവികളുടെ അനുഭവങ്ങളിൽ അന്യോന്യവൈരുദ്ധ്യങ്ങൾ ധാരാളം കാണാം. അവയെല്ലാക്കെ അടിസ്ഥാനം പദാർത്ഥങ്ങളോ അല്ല, സംസ്കാരമാണു് എന്നതും പ്രത്യക്ഷമാണു്. അപ്പോൾ ഓരോരുത്തരുടെ അനുഭവം അവരവരുടെ സംസ്കാരത്തിന്നനുരൂപമാണെന്നു വരുകയും.

സുഖവും സമാധാനവും എല്ലാവരും കാംക്ഷിക്കുന്നു. അതിന്നുവേണ്ടിയുള്ളതാണു് എല്ലാവരുടേയും എല്ലാവിധ പ്രയത്നങ്ങളും. എന്നാൽ വളരെയൊക്കെ പ്രയത്നിച്ചിട്ടും പലക്കും. സുഖസമാധാനങ്ങൾ കിട്ടുന്നതായി കാണുന്നില്ല. ഒന്നും പ്രവർത്തിക്കാതെതന്നെ ചിലക്കതു സുലഭമായി കിട്ടുന്നതായും കാണുന്നു. നല്ല സംസ്കാരവും മനശ്ശുദ്ധിയും ആചാരശുദ്ധിയും ഉള്ളവർ മാത്രമേ എപ്പോഴും സുഖികളും സന്തുഷ്ടന്മാരും സംതൃപ്തന്മാരുമായിരിക്കുന്നുള്ളു എന്നു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. ഏതെല്ലാം തരത്തിലുള്ള വിഭവസമൃദ്ധിയോ സമ്പൽസമൃദ്ധിയോ എന്തൊക്കെയുണ്ടായാലും അശുദ്ധമനസ്കന്മാർ മിക്കപ്പോഴും അസംതൃപ്തരും അസ്വസ്ഥന്മാരുമാണു്. ഒന്നുമില്ലെങ്കിൽക്കൂടെ സംതൃപ്തരായിരിക്കുന്നു ശുദ്ധാന്തഃകരണന്മാർ. നിസ്വന്മാരായി കാട്ടിൽ കഴിഞ്ഞുവന്ന പാണ്ഡവരുടേയും സർവ്വസമൃദ്ധികളോടുംകൂടി അരമനയിൽ കഴിഞ്ഞുവന്ന ദുര്യോധനാദികളുടേയും അനുഭവങ്ങളെ പരിശോധിച്ചാൽ എളുപ്പത്തിൽ ഈ സംഗതി മനസ്സിലാക്കാൻ കഴിയും. ഈ ദൃഷ്ടിയിൽക്കൂടെ വീക്ഷിക്കുമ്പോൾ ഓരോരുത്തരുടേയും

അനുഭവത്തിന്റെ അടിസ്ഥാനം അതാതാളുകളുടെ സംസ്ക്കാരമാണെന്നു പ്രത്യക്ഷത്തിൽ മനസ്സിലാക്കാൻ സാധിക്കും. അങ്ങിനെയാണെങ്കിൽ സംസ്ക്കാരം നന്നാവാതെ അനുഭവങ്ങളെങ്ങനെ നന്നാവും? വയ്യെന്നു തന്നെ പറയേണ്ടി വരും. സംസ്ക്കാരമാകട്ടെ കർമ്മങ്ങളുടെ ആകെത്തുകയാണ്. ഇന്നലത്തെ കർമ്മങ്ങളുടെ പരിണതഫലമാണല്ലോ ഇന്നത്തെ സംസ്കാരം. അതു വേണ്ടത്ര നന്നായിട്ടില്ലെങ്കിൽ ഇന്നത്തെ കർമ്മങ്ങളെങ്കിലും നന്നാവണ്ടേ? എന്നാലല്ലേ മേലിലെങ്കിലും നല്ല അനുഭവങ്ങൾ വരാൻ നിവൃത്തിയുള്ളു? അപ്പോൾ ഒരു മനുഷ്യൻ തന്റെ സുഖസമാധാനങ്ങളെ നിലനിർത്താൻ അവശ്യം സമ്പാദിക്കേണ്ട സമ്പത്തെന്താണ്? ഒരു നല്ല സംസ്കാരം. അതാണ് സംസ്കാരത്തിനു സമ്പത്തെന്നു പേരു പറയാൻ കാരണം. ഇതു വ്യഷ്ടിയിലും സമഷ്ടിയിലും തുല്യമാണ്.

ഇക്കൊല്ലത്തെ കാലവർഷം കേരളത്തിലെ ജനങ്ങളുടേയും അവരുടെ ഒരു കൊല്ലത്തെ ഉപഭോഗമായ നെൽക്കൃഷിയേയും വളരെ അലങ്കോലപ്പെടുത്തിക്കൊണ്ടിരിക്കയാണ്. വൈജ്ഞാനികഭാഷയിൽ പറയുമ്പോൾ പ്രകൃതികോപമാണതിനു കാരണം ആയിരിക്കാം എന്നാൽ എന്തു നിവൃത്തി? ഗവർമ്മേണ്ടുനിയമനടപടികളെക്കൊണ്ടോ യന്ത്രസഹായംകൊണ്ടോ വിജ്ഞാനംകൊണ്ടോ ഒന്നും ഈ വിപത്തിനെ തടയാൻ കഴിയില്ലെന്നു പറയേണ്ടതില്ലല്ലോ. പിന്നെയെന്താണ് നിവൃത്തി? മനുഷ്യന്റെ ശക്തിയേയും കഴിവിനേയും അവയെ

സംബന്ധിച്ച അഭിമാനത്തേയും മുഴവൻ ചോദ്യം ചെയ്തുകൊണ്ടുള്ള ഒരു വിപത്തു വന്നാൽ എന്തു നിവൃത്തി? സഹിക്കാവുന്ന തോതിലുള്ളതാണെങ്കിൽ അനുഭവിക്കാം. എന്നാൽ സഹനശക്തിയേയും അതിക്രമിച്ചു കൊണ്ടുള്ളതാണെങ്കിലോ? അവിടെയാണു് ഈശ്വരനെ കണ്ടുമുട്ടുന്ന സ്ഥലം. ഈശ്വരൻ ഉണ്ടോ എന്നും, ഈ പ്രപഞ്ചത്തിൻെറ അധീശത്വം മനുഷ്യനോ ഈശ്വരനോ എന്നും അപ്പോൾ നിസ്സംശയസ്വരൂപേണ തീർച്ചപ്പെടുന്നു. ആർക്കാർക്കു കൂടുതൽ ക്ലേശം അനുഭവപ്പെടുന്നുവോ അവർക്കൊക്കെ കൂടുതൽ ബോദ്ധ്യം വരുന്നു അതോടെ തങ്ങളുടെ മനസ്സംസ്കാരം ഒന്നു മാറണമെന്നു് അതു ദുഷിച്ചതുകൊണ്ടാണോ ഈ വന്ന വിപത്തെന്നു പോലും തോന്നാനിടവരുന്നു.

ഒരാളുടെ സംസ്കാരവും കർമ്മങ്ങളും ദുഷിക്കുന്നുവെങ്കിൽ അയാൾ അസ്വസ്ഥനും അതൃപ്തനുമായിത്തീരുന്നുവെന്നതു പ്രത്യക്ഷമാണു്. അപ്പോൾ സമഷ്ടിപ്രപഞ്ചത്തിൻെറ ഒട്ടാകെ സംസ്കാരം ദുഷിക്കാനിടവന്നാൽ ലോകത്തിൽ പൊതുവേ അസ്വാസ്ഥ്യങ്ങളും ക്ലേശങ്ങളും ഉണ്ടാവുമെന്നു പറയാനില്ലല്ലോ. അതിനാൽ ജനങ്ങളുടെ ധാർമ്മികവും സദാചാരപരവുമായ ജീവിതം ലോകക്ഷേമത്തിന്നു വളരെയധികം ഉപകരിക്കുമെന്നു പറയേണ്ടിവരും. അങ്ങിനെയുള്ള ജീവിതം പൊതുവേ ഉണ്ടായിത്തീരണമെങ്കിൽ അതിന്നനുരൂപമായ സംസ്കാരം പൊതുവേ ജനങ്ങളിൽ ഉണ്ടാവണം. ആ സംസ്കാരത്തിൻെറ പേരാണു് ദൈവീസമ്പത്തു് എന്നു്.

ബാഹ്യസമ്പത്തില്ലാതെ എപ്രകാരം ഭൌതികജീവിതം പരിപുഷ്ടമാവുന്നില്ലയോ, അതുപോലെ ദൈവീസമ്പത്തില്ലാതെ അന്തഃസ്വാസ്ഥതയും പരിപുഷ്ടിയെ പ്രാപിക്കാൻ പോവുന്നില്ല. അതിനാൽ സുഖസമാധാനങ്ങളോടും വിഭവസമൃദ്ധിയോടും കൂടിയ ഒരു നല്ല ജീവിതത്തിന്നു മറെറല്ലാററിനെക്കാളും ആവശ്യമായിട്ടിരിക്കുന്നതു ധാർമ്മികതയും സദാചാരവും നിലനിൎത്തുന്ന ഒരു നല്ല സംസ്ക്കാരമാണു്. അതുതന്നെ സമ്പത്തു്.

# അദ്വൈതവേദാന്തവും അന്യമതങ്ങളും

ഭാരതത്തിലെ പ്രസിദ്ധങ്ങളായ വേദങ്ങളുടെ നിഗൂഢമായ രഹസ്യത്തെ ഉൽബോധിപ്പിക്കുന്ന അനേകം മതങ്ങൾ അനാദികാലംമുതൽക്കുണ്ടാവുകയും നിലനില്ക്കുകയും നശിക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്പോഴും പലതും നിലനിന്നുകൊണ്ടിരിക്കുന്നുമുണ്ടു്. അങ്ങിനെ ഉണ്ടായവയും നശിച്ചവയും ഇന്നും നിലനിന്നുകൊണ്ടിരിക്കുന്നവയുമായ എല്ലാ മതങ്ങളെയും പരിശോധിക്കുന്നപക്ഷം അദ്വൈതവേദാന്തത്തിന്നുണ്ടായിട്ടുള്ള വിജയം മറെറാന്നിന്നും കൈവന്നിട്ടില്ലെന്നു പറയാൻ കഴിയും. വാദപ്രതിവാദങ്ങൾ അവസാനിച്ച ചിന്തവി

ഭ്രാന്തി വരികയെന്നതു വേദാന്തികൾക്കു മാത്രമേ മിക്ക വാറും കണ്ടുവരാറുള്ളു. ജഗത്തിൻെറ ഉല്പത്തിയുടെയും കാരണത്തിൻെറയും വിഷയത്തിലാണ് മിക്കവാറും ശാസ്ത്രകാരന്മാരൊക്കെ ആദ്യംതന്നെ പരാജയപ്പെടുന്നതു്. ജഗത്തിൽ സത്യബുദ്ധിവെച്ചുകൊണ്ടാണല്ലോ കാരണത്തെയും ഉൽപ്പത്തിയെയും ചിന്തിക്കാനിടയാവുന്നതു്. ജഗത്തു സത്യമല്ലെന്നിരിക്കെ അസത്യമായ വസ്തുവിൽ സത്യബുദ്ധിവെച്ചുകൊണ്ടു് അതിൻെറ ഉൽപത്തിക്രമത്തെയും കാരണത്തെയും അന്വേഷിച്ചുകൊണ്ടുള്ള പ്രയാണം പരാജയത്തിൽ കലാശിച്ചാൽ അത്ഭുതമില്ലല്ലോ. അതുതന്നെയാണ് വേദാന്തശാസ്ത്രത്തിൻെറ വിജയത്തിൻെറയും രഹസ്യം. ജഗത്തുണ്ടായിട്ടില്ലെന്ന അടിത്തറയിൽ നിന്നുകൊണ്ടാണ് വേദാന്തിയന്വേഷണം ആരംഭിക്കുന്നതു്. ഇല്ലാത്തതു് ഇല്ലാത്തതാണെന്നു സമത്ഥിക്കുകയെന്നതെളുപ്പമാണ്. ഇല്ലാത്തതു് ഉള്ളതാണെന്നു സമത്ഥിക്കലും അതിൻെറ കാരണം കാണിച്ചുകൊടുക്കലുമൊക്കെ വിഷമംപിടിച്ച പണിയാണെന്നു പറയേണ്ടതില്ലല്ലോ. വളരെയൊക്കെ വിഷമിച്ചു് അതൊക്കെ സാധിച്ചാലും വാദപ്രതിവാദം അവസാനിക്കലുമില്ല. അനുഭവംകൊണ്ടു ബോദ്ധ്യപ്പെടുത്താൻ സാധിക്കാതിരിക്കുംകാലത്തോളം വാദം അവസാനിക്കാൻ വയ്യ. അനുഭവത്തിൽക്കൂടെ ബോദ്ധ്യം വരുമ്പോൾ വാദം നിലനില്ക്കാനും വയ്യ. അനുഭവത്തിൽക്കൂടെ ബോദ്ധ്യപ്പെടുത്തലാണ് വേദാന്തശാസ്ത്രം ചെയ്യുന്നതെന്ന കാരണത്താൽ കാൎയ്യം അറിഞ്ഞു കഴിയുമ്പോൾ വാദം അവസാനിക്കാതിരിക്കാ

ൻ വയ്യ. എന്നാൽ ഒരിക്കലും തങ്ങളുടെ സമത്ഥനങ്ങ
ളെ മററുള്ളവരുടെ അനുഭവങ്ങളോടു കൂട്ടിയോജിപ്പിക്കാ
ൻ കഴിയുന്നില്ല ഇതരശാസ്ത്രകാരന്മാക്കെന്ന കാരണത്താ
ൽ അവരുടെ സമത്ഥനങ്ങളൊക്കെ കഴിഞ്ഞാലും ശ്രോ
താവിൻെറ വാദമോ സംശയമോ അവസാനിക്കുന്നില്ല.
അതിനാൽ പ്രായോഗികദശയിൽ വേദാന്തശാസ്ത്രം മററു
ശാസ്ത്രങ്ങളെ തികച്ചും പരാജയപ്പെടുത്തി വിജയിച്ചി
രിക്കുന്നു എന്നതു തക്കമററ സംഗതിയാണു്. പക്ഷേ
വേദാന്തത്തെ വണ്ടപോലെ പ്രയോജനപ്പെടുത്തുന്നവർ
ചുരുക്കമാണു്. അതു ശാസ്ത്രത്തിൻെറ കുററമാണെന്നു
പറയാൻ വയ്യല്ലോ. കേവലം അജ്ഞനായ ഒരാൾക്കുപോലും
ജഗത്തിൻെറ മിത്ഥ്യാത്വത്തെയും അദ്വൈതാത്മകത
യെയും ശാസ്ത്രം യുക്തിയോടുകൂടുംവണ്ണം ബോദ്ധ്യപ്പെടു
ത്തുന്നുണ്ടു് ഒരിക്കൽ ശരിയായി വേദാന്തശ്രവണം
ചെയ്താൽ ആക്കും അതു ബോദ്ധ്യപ്പെടാതിരിക്കാൻ വയ്യ.

ജഗത്തിൻെറ മിത്ഥ്യാത്വത്തെ വ്യക്തമാക്കുന്ന സ
മ്പ്രദായം രസകരവും ആകർഷകവുമാണു്. ഒരാളുടെ
സംസാരത്തിലെ എല്ലാ അനുഭവങ്ങളെയും അടക്കി മൂ
ന്നായി വേർതിരിച്ചു-ജാഗ്രത്തു്, സ്വപ്നം, സു
ഷുപ്തി ഇങ്ങിനെ. പ്രസ്തുത അവസ്ഥാത്രയത്തിലല്ലാതെ
ആരും ഒന്നും അനുഭവിക്കുന്നില്ലെന്നു വ്യക്തമാണല്ലോ.
ജനനവും ജീവിതവും ജീവിതത്തിലെ ഭിന്നഭിന്നങ്ങളായ
അനുഭവങ്ങളും മരണവും മരണാനന്തരഗതിയും എന്നു
വേണ്ട എല്ലാ കാലദേശങ്ങളിലുമുള്ള എല്ലാ അനുഭവങ്ങ
ളും അവസ്ഥാത്രയത്തിൽ ഒതുങ്ങിനില്ക്കുന്നു. അവസ്ഥാ

ത്രയത്തെ അതിക്രമിച്ച് ആക്കും ഒന്നും ഇല്ലെന്നാണിരിക്കുന്നതു്. ഇതു് എല്ലാവരുടേയും അനുഭവമാകയാൽ ആക്കും സമ്മതിക്കാതിരിക്കാൻ വയ്യ. അതിൽ ആക്കും സംശയമോ വാദമോ ഇല്ല. ഈ അടിത്തറ ഉറപ്പിച്ചുകഴിഞ്ഞാൽ പിന്നെ ഏതവസ്ഥയിലെ അനുഭവമാണു് സത്യമായിട്ടിരിക്കുന്നതു്, ഏതാണു് മിത്ഥ്യയായിട്ടിരിക്കുന്നതെന്നാണു് പിന്നത്തെ വിശകലനം. ഓരോ അവസ്ഥയിലെ അനുഭവവും അതാതവസ്ഥയിൽ സത്യമാണ്. എന്നാൽ ആ അവസ്ഥ വിട്ടുന്നതോടെ അതു കേവലം മിത്ഥ്യയായിത്തീരുന്നു. ഈ സമ്പ്രദായം മൂന്നവസ്ഥകൾക്കും തുല്യമാണു്. അതാതവസ്ഥയിലെ അനുഭവങ്ങൾക്കു് അതാതവസ്ഥയിൽമാത്രമേ സത്യത്വമുള്ളൂ. അവസ്ഥ മാറുമ്പോൾ പൂർവ്വാവസ്ഥയിലെ അനുഭവങ്ങളുടെ മിത്ഥ്യാത്വത്തെയാണനുഭവിക്കുന്നതു് ആ സ്ഥിതിക്കു് ഏതവസ്ഥയിലെ അനുഭവത്തെയാണു് സത്യമെന്നു പറയേണ്ടതു്. സത്യമെന്നു പറഞ്ഞാൽ കാലത്രയത്തിലും ഒരുപോലെയിരിക്കുന്നതെന്നർത്ഥമാണല്ലോ. ആ സ്ഥിതി മൂന്നവസ്ഥയിലെ അനുഭവങ്ങൾക്കുമില്ലെന്നു വ്യക്തമാണു്. അത്രയല്ല, കുറച്ചുകൂടി പരിശോധിച്ചാൽ അവസ്ഥയും അതിൽ അതാതനുഭവങ്ങളെ അപ്പോൾ സത്യബുദ്ധിയോടുകൂടി അനുഭവിക്കുന്ന ഭോക്താവുകൂടിയും ഉണ്ടോ എന്നു സംശയമാണു്. ഉദാഹരണത്തിന്നു സ്വപ്നാവസ്ഥയെ പരിശോധിക്കാം.

സ്വപ്നത്തിൽ ഒരാൾ ഒരു വലിയ കൊമ്പനാനയെക്കണ്ടു. ആന തന്നെ കുത്താൻവേണ്ടി തന്റെ നേരിട്ടോടിവന്നു. താൻ വല്ലാതെ ഭയപ്പെട്ടു നിലിളിച്ചുകൊ

ണ്ടു് ഉണരുകയും ചെയ്തു എന്നിരിക്കട്ടെ. ഉണരുന്നതോടെ ആനയും ഓടലും ഭയവും എല്ലാം ഇല്ലാത്തതായി. സ്വപ്നദ്രഷ്ടാവിന്നു തികച്ചും അതില്ലാത്ത അനുഭവമായിരുന്നുവെന്നും തന്റെ ഭ്രാന്തി മാത്രമായിരുന്നുവെന്നും ബോദ്ധ്യമാവുകയും ചെയ്തു. സ്വപ്നത്തിലെ ആന ഇല്ലാത്തതാണെന്നങ്കിൽ ആ ആനയെ കണ്ട ദൃഗിന്ദ്രിയം ഉള്ളതാവാൻ പാടുണ്ടോ? കണ്ണാണല്ലോ ആനയുണ്ടെന്നും കൊമ്പനാനയാണെന്നും തന്റെ നേക്കോട്ടുന്നാണെന്നു മൊക്കെ തെളിയിച്ചതു്. തെളിയിക്കപ്പെട്ട വസ്തുവും അതിന്റേതായ അനുഭവങ്ങളും മുഴുവനില്ലാത്തതാണെങ്കിൽ തെളിയിച്ച കണ്ണും ഇല്ലാത്തതുതന്നെ. ആ സ്ഥിതിക്കു് — കണ്ണും കണ്ണുകൊണ്ടു കണ്ടതായ ആനയും അനുഭവങ്ങളും ഇല്ലാത്തതാണെങ്കിൽ — അവയൊക്കെ ഉള്ളതാണെന്നു ബോധിക്കുകയും തീർച്ചപ്പെടുത്തുകയും ചെയ്ത മനസ്സും ബുദ്ധിയും ഉള്ളതാവാൻ പാടുണ്ടോ? അവയും ഇല്ലാത്തതാണെങ്കിൽ അവയുടെ ഉൽബോധനത്തെ വിശ്വസിച്ചു ഭയപ്പെട്ട ഭോക്താവായ ജീവൻ ഉള്ളതാണോ? അതും ഇല്ലാത്തതുതന്നെ. അവയെല്ലാം ഇല്ലാത്തതാണെങ്കിൽ പിന്നെ സ്വപ്നമെന്ന അവസ്ഥയുണ്ടോ? ഇല്ലെന്നു പറയേണ്ടി വരും. അപ്പോൾ പിന്നെ എന്തുണ്ടായി? ഒന്നുമില്ല; ഒരു സംസ്കാരത്തിന്റെ വികാസംമാത്രം. പ്രസ്തുതസംസ്കാരമാണു് അജ്ഞാനം. അതുതന്നെ സംസാരവും. സ്വപ്നാവസ്ഥയുടെ സ്ഥിതി ഇതാണെങ്കിൽ അതിന്റെ അപ്പുറത്തും ഇപ്പുറത്തുമുള്ള സുഷുപ്തിയും ജാഗ്രത്തും അതുപോലെതന്നെ മിത്ഥ്യകളല്ലാതെ മറെറന്താണു്. അ

പ്പോറം അവസ്ഥാത്രയമേ ഇല്ലെന്നു വരുന്നു. അവസ്ഥാത്രയംതന്നെ ഇല്ലാത്തതാണെങ്കിൽ പിന്നെ അതിൽ പ്രകാശിക്കുന്നെന്നു തോന്നപ്പെടുന്ന ജഗത്തിൻെറ കാരണത്തെ എന്തിനാണന്വേഷിക്കുന്നതു്! ഒരിക്കലും ഉണ്ടായിട്ടില്ലാത്തതാണെന്നു വ്യക്തമല്ലേ? ഈ രൂപത്തിലാണ് വേദാന്തശാസ്ത്രം ജഗത്തിൻെറ മിഥ്യാത്വത്തെ ഉൽബോധിപ്പിക്കുന്നതു്. ആക്കും നിഷേധിക്കാൻ കഴിയാത്ത തോതിൽ അവരവരുടെ അനുഭവങ്ങളോടു കൂട്ടിയോജിപ്പിച്ചു യുക്തിയോടു കൂടും വണ്ണം ഉൽബോധിപ്പിക്കുന്നതിനാൽ അവിടെ എല്ലാവരുടെയും വാദങ്ങളും സംശയങ്ങളും കേവലം അവസാനിക്കുന്നു. ആത്മാവിൻെറ സത്യത്വത്തെയും അദ്വൈതാത്മകതയെയും ഉൽബോധിപ്പിക്കുന്നതു് ഇതിലും രസകരവും ആകർഷകവുമായ രീതിയിലാണ്.

ബോധത്തിനു വിഷയവും വിധേയവുമാണ് എല്ലാം. അവസ്ഥാത്രയത്തിൽ ഒതുങ്ങിനില്ക്കുന്ന സംസാരവും അവസ്ഥാത്രയവും എല്ലാം ബോധത്തിൽ നില്ക്കുന്നു അവസ്ഥാത്രയത്തെയും അതിലെ അനുഭവങ്ങളെയും അറിയുന്നതും അനുഭവിക്കുന്നതും കൈകാര്യം ചെയ്യുന്നതുമെല്ലാം ബോധംകൊണ്ടാണ്. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ സത്ത ബോധകമാണ്. ബോധമില്ലെങ്കിൽ വ്യക്തിതന്നെ ഇല്ലെന്നു പറയണം. പ്രസ്തുത ബോധാകാരംതന്നെ ആത്മസ്വരൂപം. അതും പലതല്ല; ഒന്നാണ്. എങ്ങിനെയെന്നാൽ അവസ്ഥാത്രയവും അതിലൊതുങ്ങിയ സംസാരവും ബോധത്തിലാണ് നില്ക്കുന്നതെന്ന കാരണത്താൽ അവ ലയിച്ചാൽ ശേഷിക്കുന്നതും അവയു

ണ്ടാവുന്നതിന്ന മുമ്പുണ്ടായിരുന്നതും ബോധമാണ്. അവസ്ഥാത്രയാകാരമായ സംസാരമുള്ളപ്പോഴും ബോധത്തിന്ന മാററമൊന്നും വന്നിട്ടില്ലെന്ന കാരണത്താൽ മൂന്നു കാലത്തും മാററമോ ഏററക്കുറച്ചിലോ ഇല്ലാതെ എപ്പോഴും ഒരുപോലിരിക്കുന്നു ബോധം. അതിനാൽ അതു സത്യമാണ്. ഒരാളുടെ ഒരു സ്വപ്നാവസ്ഥയിൽ ഒരേ ബോധത്തിൽ അനേകം പ്രതിഫലിച്ചു കാണുന്നതെപ്രകാരമോ, അതുപോലെ അവസ്ഥാത്രയാകാരമായ സംസാരത്തിൽ അനേകം നാമരൂപങ്ങൾ പ്രതിഫലിക്കുന്നു എന്നതുകൊണ്ടു ബോധം പലതാവണമെന്നില്ല. അതൊന്നുമാത്രമാണ്. ഒരേ ജലാശയത്തിൽ ഒരേ സമയത്ത് അനേകം കുമിളുകൾ പൊന്തിക്കാണുന്നതെപ്രകാരമോ, അതുപോലെ ഒരേ ബോധസ്വരൂപത്തിൽത്തന്നെ അനേകം നാമരൂപങ്ങൾ പൊന്തിക്കാണുന്നു എന്നേ ഉള്ളു. അതുകൊണ്ട് അഖണ്ഡമായ ബോധസ്വരൂപത്തിന്ന യാതൊരു മുറിവോ ഏററക്കുറച്ചിലോ സംഭവിക്കുന്നില്ല. ഈ കാരണത്താലും ബോധത്തിൽ നിന്നന്യമായി മറെറാന്നില്ലാത്തതിനാലും ആത്മാവു സത്യവും അദ്വൈതവുമാണ്.

ഈ സമ്പ്രദായത്തിലാണ് വേദാന്തശാസ്ത്രത്തിൻെറ ഉൽബോധനമെന്ന കാരണത്താൽ അതിനെ ശരിയാംവണ്ണം അറിയാൻ കഴിഞ്ഞാൽ എല്ലാവരുടേയും എല്ലാവിധ വാദപ്രതിവാദങ്ങളും സംശയങ്ങളും അവസാനിച്ചു ചിത്തവിശ്രാന്തി കിട്ടാതിരിക്കാൻ വയ്യ. ഇതാണ് അദ്വൈതവേദാന്തശാസ്ത്രത്തിൻെറ സർവ്വോൽകൃഷ്ടമായ വിജ്ഞാനത്തിൻെറ മർമ്മം. മററു ശാസ്ത്രങ്ങൾക്ക് ഇത്രയും നി

ത്കൃഷ്ടമായി ശ്രോതാവിൻെറ അനുഭവത്തോടു കൂട്ടിയോജിപ്പിച്ചുൽബോധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് അവയുടെ പരാജയത്തിൻെറ രഹസ്യം മർമ്മം.

---

## ജീവന്മുക്തി

ജീവനെന്ന ശബ്ദം എല്ലാവരും ഉപയോഗിക്കാറുണ്ടെങ്കിലും ആ വസ്തുവിൻെറ സ്വരൂപത്തെ ശരിക്കറിയുന്നവർ വളരെ കുറച്ചേ ഉള്ളു. സൂക്ഷ്മങ്ങളിൽവെച്ച് അത്യന്തസൂക്ഷ്മമാണ്. ജീവസ്വരൂപം. ജീവന്മുക്തിയെന്നു പറഞ്ഞാൽ ജീവഭാവത്തിൽനിന്നുള്ള വിടുതലെന്നർത്ഥമാണല്ലോ. ജീവന്മുക്തനായിക്കഴിഞ്ഞാൽ ഒരാൾ കൃതാർത്ഥനും ജന്മസാഫല്യത്തെ പ്രാപിച്ചവനുമായിയെന്നു പറയുന്നു. അങ്ങിനെയാണെങ്കിൽ ബന്ധത്തിന്നും ദുഃഖത്തിന്നും കാരണമായ അജ്ഞാനത്തിൻെറ കേന്ദ്രബിന്ദുവാണ് ജീവഭാവമെന്നു പറയേണ്ടിവരും. ജ്ഞാനമുണ്ടാവുമ്പോൾ — അജ്ഞാനം നശിക്കുമ്പോൾ — ജീവൻ സുഖിയായിത്തീരുകയല്ല, ജീവഭാവംതന്നെ ഇല്ലാതായിത്തീരുകയാണ് ചെയ്യുന്നതെന്നു വരുന്നു. ആ സ്ഥിതിക്ക് അജ്ഞാനമുള്ളേടത്തോളം കാലമേ ജീവഭാവമുള്ളു. അജ്ഞാനത്തിൻെറ പ്രതിഫലനമാണ് ജീവഭാവം. അല്ലെങ്കിൽ ജീവഭാവം തന്നെയാണ് അജ്ഞാനമെന്നും ക

ന്നതാണം. എന്നാൽ സവ്വാന്തൎയ്യാമിയായ പരമാത്മാവിൻെറ അംശമാണ് ജീവനെന്നും ജീവാത്മാവും പരമാത്മാവും വാസ്തവത്തിൽ രണ്ടു വസ്തുക്കളല്ല, ഒരുവസ്തുവിൻെറതന്നെ രണ്ടുപേരുകൾ മാത്രമാണെന്നും ശാസ്ത്രങ്ങൾ ഘോഷിക്കകയും ചെയ്യുന്നു. പരമാത്മാവു നിത്യമുക്തനും സച്ചിദാനന്ദസ്വരൂപനും വിജ്ഞാനഘനസ്വരൂപിയാണെന്നും പറയുന്നു. അങ്ങിനെയുള്ള ഗുണങ്ങളൊന്നും ജീവനില്ലെന്നും അവയ്ക്കു വിപരീതങ്ങളായ എല്ലാ ധമ്മങ്ങളുമുണ്ടെന്നും പ്രത്യക്ഷവുമാണ്. അങ്ങിനെതന്നെ ജീവൻ ശരീരത്തിൽ സൂക്ഷ്മമായ ഹൃദയദ്വാരത്തിൻെറ അന്തർഭാഗത്താണ് സ്ഥിരമായി അധിവസിക്കുന്നതെന്നും, അതല്ല അവസ്ഥാത്രയത്തിൽ ഓരോന്നിലും ഓരോ ഭിന്നസ്ഥാനങ്ങളിലാണിരിക്കുന്നതെന്നും, അതുമല്ല ശരീരത്തിൽ സവ്വത്ര വ്യാപിച്ചിട്ടാണെന്നും ശാസ്ത്രവ്യവഹാരങ്ങളിൽതന്നെ പല അഭിപ്രായമാണ്. അതുപോലെ വായുരൂപനായിട്ടാണെന്നും അല്ല, തേജോരൂപനായിട്ടാണെന്നും വിജ്ഞാനസ്വരൂപനായിട്ടാണെന്നും പല പ്രകാരത്തിൽ ജീവൻെറ സ്വരൂപത്തെക്കുറിച്ചും അഭിപ്രായവ്യത്യാസങ്ങളില്ലായ്കയില്ല. ഈ സ്ഥിതിക്കു ജീവസ്വരൂപം എന്താണെന്നു ബോധിക്കേണം എന്നാണെങ്കിൽ നിരൂപിക്കാം

പരമാത്മാവിൻെറ അംശംതന്നെ ജീവൻ. എന്നാൽ ജന്മാദിഷഡ്വികാരങ്ങളില്ലാത്ത പരമാത്മാവിനു ചിലപ്പോൾ ഉണ്ടാവലും ചിലപ്പോൾ ഇല്ലാതാവലും സംഭവിക്കാൻ വയ്യ. ജീവനാകട്ടെ ഉണ്ടാവുകയും ഇല്ലാതാവുക

ൎയ്യം ചെയ്യുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ. ആ ഒരു കാരണംകൊണ്ടുതന്നെ ജീവത്വം കല്പന മാത്രമാണെന്നും പരമാൎത്ഥമല്ലെന്നും വ്യക്തമാവുന്നുണ്ടു്. കയറിനെ പാമ്പായി കല്പിക്കാറുണ്ടു്. എന്നാൽ അതു് ആരോപണം മാത്രമാണു്. അല്ലാതെ കയറു പാമ്പായിത്തീരാറില്ല. അതുപോലെ പരമാത്മാവിലുള്ള ആരോപണം മാത്രമാണു് ജീവത്വം. അല്ലാതെ പരമാത്മാവു ജീവനായിത്തീരുന്നില്ല. സർപ്പകല്പന നീങ്ങുമ്പോൾ കയറിന്റെ പരമാൎത്ഥസ്വരൂപത്തിനു യാതൊരു മാററവുമില്ലാതെ കാണപ്പെടുന്നു. കയറിനെ പാമ്പായി കല്പിക്കപ്പെട്ടപ്പോഴും കയറിൽ ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. കല്പിക്കപ്പെട്ട സർപ്പമോ അതിന്റെ ധൎമ്മങ്ങളോ യാതൊന്നും കയറിനെ സ്പർശിക്കപോലും ചെയ്തിട്ടില്ല. അതുപോലെ ജീവത്വകല്പനയുള്ളപ്പോഴും അതിനു സ്പദമായ പരമാത്മചൈതന്യത്തിന്നും യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല. ജീവത്വമോ ജീവന്റെ ധൎമ്മങ്ങളോ യാതൊന്നും പരമാത്മാവിനെ സ്പർശിക്കുകയും ചെയ്യുന്നില്ല. രജ്ജുസർപ്പംപോലെ ഒരിക്കലും സംഭവിച്ചിട്ടില്ലാത്തതാണെങ്കിൽ പിന്നെ എന്തിനാണു് ജീവത്വകല്പന് എന്നാണെങ്കിൽ വ്യവഹാരസൌകൎയ്യത്തിനുവേണ്ടിമാത്രം. സംസാരവും സംസാരത്തിലെ സുഖദുഃഖാദികളും ഞാനനുഭവിക്കുന്നു എന്ന പ്രതീതിയുണ്ടു് അനുഭവിക്കുന്നുണ്ടെങ്കിൽ ഭോക്താവായി ആരെങ്കിലും ഒരാൾ വേണം. ഭോക്താവില്ലാതെ ഭുക്തിയുണ്ടാവാൻ വയ്യ. ചൈതന്യസ്വരൂപനായ പരമാത്മാവു മിഥ്യാവസ്തുക്കളും ഭ്രാന്തിസ്വരൂപങ്ങളുമായ വിഷയങ്ങളുടെ

ഭോക്താവാവാൻ വയ്യ. ജഡമായ ശരീരവും ഭോക്താവാവാൻ വയ്യ ഇവ രണ്ടുമല്ലാതെ മൂന്നാമതൊരു വസ്തു ബാറ്റി യന്താക്കനായിട്ടില്ലെന്നു വരുമ്പോൾ ഭുക്തിയുണ്ടെന്നുള്ള പ്രതീതിയുള്ളേടത്തോളംകാലം ഭോക്താവായിട്ടൊരാളെ വ്യവഹാരത്തിന്നു വേണ്ടിത്തന്നെയെങ്കിലും നിർദ്ദേശിക്കാതിരിക്കാൻ വയ്യ. വ്യാവഹാരമായിട്ടെങ്കിലും ഒരു ഭോക്താവുണ്ടാവണം. അല്ലാതെ ഭുക്തിയാകുന്ന അനുഭവമുണ്ടാവാൻ വയ്യ

സംസാരഭുക്തി പരമാർത്ഥമായി നടക്കുന്നുണ്ടെങ്കിൽ പരമാർത്ഥമായ ഒരു ഭോക്താവും ഉണ്ടാവേണ്ടേ? പിന്നെയെന്തിനാണു് വ്യാവഹാരികമായ കല്പന? എന്നാണെങ്കിൽ സംസാരഭുക്തിതന്നെ അവിദ്യാവിലാസം മാത്രമാണെങ്കിൽ പിന്നെ ഭോക്താവിൻെറ ആവശ്യമെന്താണു്? ജ്ഞാനമുണ്ടാവുമ്പോൾ അഥവാ പരമാർത്ഥം അറിയപ്പെടുമ്പോൾ അവിദ്യാവിലാസമല്ലാതെ സംസാരമെന്ന ഒരു വസ്തുതന്നെ ഉണ്ടായിട്ടില്ലെന്നു ബോദ്ധ്യമാവും. അതിനാൽ പരമാർത്ഥദൃഷ്ടിയുള്ളവൎക്കു ഭോക്താവാരാന്ന അന്വേഷണമില്ല. അവരുടെ ദൃഷ്ടിയിൽ സംസാരഭുക്തിയുമില്ല. ഉണർന്നിരിക്കുന്ന ഒരാളുടെ ദൃഷ്ടിയിൽ എപ്രകാരം സ്വപ്നദൃശ്യങ്ങളുടെ അനുഭൂതി സംഭവിക്കുന്നില്ലയോ, അതുപോലെ വിജ്ഞാനത്തിലുണൎന്ന മഹാത്മാവിന്റെ ദൃഷ്ടിയിൽ സംസാരാനുഭൂതിയുമില്ല. ആ സ്ഥിതിക്കു് അജ്ഞാനദൃഷ്ടിയിൽമാത്രം ഉള്ളതായി തോന്നപ്പെടുന്നതും പരമാർത്ഥത്തിൽ ഇല്ലാത്തതുമായ സംസാരഭുക്തിയുടെ ഭോക്താവു കേവലം വ്യാവഹാരികം

മാത്രമല്ലാതെ പാരമാൎത്ഥികമാവാൻ വയ്യെന്നു പറയേണ്ട തില്ലല്ലോ. അതാണു് ജീവത്വം വ്യാവഹാരികം മാത്രമാണെന്നും അജ്ഞാനദൃഷ്ടിയിൽമാത്രമേ ജീവത്വത്തിന്നു സത്യബുദ്ധിയുള്ളു എന്നും പറയാൻ കാരണം. ജ്ഞാനമുണ്ടാവുമ്പോൾ അതടങ്ങുകയും ചെയ്യും.

ജീവത്വം അദ്ധ്യാരോപം മാത്രമാണെന്നു വ്യക്തമായല്ലോ. അതു ബോദ്ധ്യമായിക്കഴിഞ്ഞാൽ ശരീരത്തിൽ എവിടെയാണു് ജീവന്റെ സ്ഥിതിയെന്നറിവാൻ വിഷമമില്ല. ബിംബത്തിന്നു പുറമല്ലാതെ പ്രതിബിംബമുണ്ടാവാൻ വയ്യാത്തതുപോലെ വസ്തു ഉള്ളിടത്തല്ലാതെ അദ്ധ്യാസവും സംഭവിക്കാൻ വയ്യ. ആത്മസ്വരൂപത്തിലാണല്ലോ ജീവത്വം അദ്ധ്യസിക്കപ്പെട്ടിരിക്കുന്നതു്. ആത്മാവാകട്ടെ ഹൃദയത്തിലാണു് സ്ഥിതിചെയ്യുന്നതെന്നു ശ്രുതിയിയിൽ അനേകം സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു ജീവനും ഹൃദയത്തിലല്ലാതെ മററവിടെയാണിരിക്കുക? കയറെവിടെയുണ്ടോ അവിടെയല്ലേ പാമ്പിന്റെ അദ്ധ്യാസം ഉണ്ടാവാൻ തരമുള്ളു. അതുപോലെ ആത്മാവുള്ളേടത്തേ അദ്ധ്യാസമാകുന്ന ജീവനും ഉണ്ടാവാൻ തരമുള്ളു. എന്നാൽ ശരീരത്തിൽ സൎവ്വത്ര ജീവന്റെ വ്യാപ്തിയുണ്ടാവുന്നതെങ്ങിനെയെന്ന സംശയമുണ്ടാവാം. അതു പ്രഭാവം കൊണ്ടുമാത്രമാണു്. വളരെ വിദൂരത്തുള്ള ആദിത്യന്റെ പ്രഭാവമാത്രത്താൽ ഭൂമിയിൽ സൎവ്വത്ര ചൈതന്യം വ്യാപിക്കുന്നതായി കാണുന്നുണ്ടല്ലോ. അതുപോലെ ജീവന്റെ പ്രഭാവവിശേഷത്താൽ ശരീരത്തിൽ സർവ്വത്ര ചൈതന്യം വ്യാപ്തമായിരിക്കുന്നു

എന്നുമാത്രം. അതിനാൽ ജീവൻെറ ആവാസനസ്ഥാനം ഹൃദയംതന്നെ.

വായുസ്വരൂപണയോ ജ്യോതിരൂപേണയോ എങ്ങിനെയാണ് ജീവൻെറ പ്രതിഫലനമെന്നാണെങ്കിൽ അതും നിരൂപിക്കാം. ആത്മാവു് ഭൗതികമല്ല. പഞ്ചഭൂതങ്ങളുടെ സ്വരൂപങ്ങളിൽനിന്നും വികാരങ്ങളിൽനിന്നും അതീതമാണ് ആത്മസ്വരൂപമെന്നതു തക്കമെററ സംഗതിയാണ്. വായുവും ജ്യോതിസ്സുമെല്ലാം പഞ്ചഭൂതങ്ങളുടെ വികാരങ്ങളല്ലാതെ മററന്താണ്. അതിനാൽ അവയൊന്നും ആത്മാവാകാൻ വയ്യ. ആത്മസ്വരൂപത്തിലുള്ള അദ്ധ്യാസമാണല്ലോ ജീവത്വം. അതിനാൽ അതും ഭൂതവികാരങ്ങളാവാൻ വയ്യ. ഭൂതമാത്രകളേയും ഭൗതികവികാരങ്ങളേയും മുഴുവൻ തള്ളിക്കളഞ്ഞാൽ അവയെ അറിയുന്ന അറിവു മാത്രമാണ് ശേഷിക്കുന്നതു്. ആ വിജ്ഞാനംതന്നെ ആത്മസ്വരൂപം. വിജ്ഞാനത്തിലുള്ള അദ്ധ്യാസവും ഒരുപ്രകാരത്തിൽ വിജ്ഞാനസ്വരൂപമേ ആവാൻ വയ്യൂ. ഒരു പദാർത്ഥത്തിൽ അതിൻെറ ആകൃതിക്കനുരൂപമല്ലാത്ത മറെറാന്നിനെ അദ്ധ്യസിക്കാൻ വയ്യ. കയറിൽ കയറിൻെറ ആകൃതിപോലുള്ള പാമ്പിനെയല്ലാതെ ഒരാനയെ അദ്ധ്യസിക്കാറില്ല. അതുപോലെ വിജ്ഞാനമയനായ ആത്മാവിൽ വിജ്ഞാനാകാരമായല്ലാതെ മറെറാരു സ്വരൂപത്തിൽ ഒരദ്ധ്യാസം സാദ്ധ്യമല്ല. അതിനാൽ ജീവൻ വിജ്ഞാനസ്വരൂപൻതന്നെ. അല്ലാതെ വായ്വാദിരൂപത്തിലല്ല ജീവൻെറ അവസ്ഥിതി. ഭൂതങ്ങളും ഭൗതികവികാരങ്ങളുമെല്ലാം ആത്മാവിൻെറ വി

ഭൂതികളാണ്. അതിനാൽ പ്രാണാദികൾ ജീവന്നു് ഉപാധികളോ ചേഷ്ടയ്ക്കുള്ള ഉപകരണങ്ങളോ ആവാം. അല്ലാതെ അവയൊന്നും സ്വസ്വരൂപമല്ല.

ആത്മാവും ജീവനും ഒരുപോലെ വിജ്ഞാനമയസ്വരൂപന്മാരാണെങ്കിൽ പിന്നെ എന്താണ് വ്യത്യാസം. എങ്ങിനെ ജീവത്വം അദ്ധ്യാസമായി വേർതിരിയപ്പെട്ടു എന്ന സംശയമുണ്ടാവാം. അതു സാരമില്ല. വിജ്ഞാനംതന്നെയാണെങ്കിലും രണ്ടും ഒരേ രൂപത്തിലുള്ള വിജ്ഞാനമായിക്കൊള്ളണമെന്നില്ലല്ലോ. കയറും പാമ്പും രണ്ടും നീണ്ടും ഇഴഞ്ഞും കിടക്കുന്നവയാണെങ്കിലും ഒരേ പ്രതീതിയല്ല; വ്യത്യസ്തപ്രതീതിയാണ് രണ്ടിൽനിന്നുമുണ്ടാവുന്നതെന്ന വ്യക്തമാണല്ലോ. അതുപോലെ ആത്മാവും ജീവനും ഒരുപോല വിജ്ഞാന സ്വ പന്മാരാണെങ്കിൽക്കൂടി പ്രതിഫലനവും പ്രതീതിയും രണ്ടുരൂപത്തിലാണെന്നു മാത്രമല്ല, അന്യോന്യ വിരുദ്ധ്യംകൂടിയാണ്. ആത്മാവു തന്നെ മാത്രം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുവെങ്കിൽ ജീവൻ തന്നെമാത്ര അറിയുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല. താനല്ലാത്തപലതിനെയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ടു്. അങ്ങിനെ മൌലികമായ വ്യതാസത്തോടുകൂടിയാണ് ആത്മവിജ്ഞാനവും ജീവവിജ്ഞാനവും പ്രതിഫലിക്കുന്നതെന്നതുകൊണ്ടു തന്നെയാണ് വൈരുദ്ധ്യത്തോടുകൂടിയ വ്യത്യാസം നിലനിന്നുവരുന്നതു്.

തന്നെ വിസ്മരിച്ചപ്പോൾ താനല്ലാത്ത വിക്ഷേപങ്ങൾ പൊന്താൻ തുടങ്ങി ഒന്നാമത്തെ വിക്ഷേപം 'ഞാൻ' എന്ന ഭാവംതന്നെ. അതു ഹേതുവായിട്ടു് പിന്നീടനേകം വിക്ഷേപങ്ങളുണ്ടായി. അവയിലെല്ലാം 'എന്റെ' എന്ന മമതയും വളൎന്നു എന്റേതെന്നും ഞാനെന്നും ബോ

ധിക്കുന്ന വസ്തുക്കളെയെല്ലാം—അവ സ്വപ്നദൃശ്യ
പോലെ കേവലം വിക്ഷേപങ്ങൾ മാത്രമാണെങ്കിൽക്കൂ
—ഉപാധികളാക്കി അവയിൽക്കൂടെയൊക്കെ പ്രവൎത്ത
ക്കാൻ തുടങ്ങി. പ്രവൃത്തികളിലും അവയുടെ അനന്ത
സ്വരൂപങ്ങളായ അനുഭവങ്ങളിലുമെല്ലാം അഭിമാനിക്ക
നും രാഗാദിവികാരങ്ങളെ വളൎത്താനും തുടങ്ങി. അതിന
ൽ അവയെല്ലാം ജീവന്റെ സ്വരൂപസ്ഥിതിക്കു തടസ്ഥങ്ങ
ളാണു്. അതുകൊണ്ടു് അവയെല്ലാം ബന്ധങ്ങളെന്ന
പറയുന്നു. അങ്ങിനെ അനേകവസ്തുക്കൾ—അസത്യങ്ങ
ളാണെങ്കിലും, സ്വപ്നദൃശ്യങ്ങൾപോലെ—ജീവവിജ്ഞാന
ത്തിൽ വിക്ഷേപസ്വരൂപേണ പ്രതിഫലിച്ചു നിലനിന്ന
വരുന്നു. അവയെല്ലാംകൂടിയതുതന്നെ ജീവന്റെ സ
സാരം. അവയെല്ലാം ഇല്ലാത്തവയാണെങ്കിലും സ്വരൂ
സ്മൃതിയില്ലാതിരിക്കും കാലത്തോളം സുശക്തങ്ങളായ
ബന്ധങ്ങൾതന്നെ. ഉള്ളവയായി തോന്നപ്പെടുന്നുണ്ടെ
ങ്കിലും സ്വരൂപസ്മൃതിയിൽ എല്ലാം നിഷ്പ്രഭമാകും.

സ്വരൂപസ്മൃതികൊണ്ടു കാലദേശശരീരങ്ങളടക്ക
എല്ലാ വിക്ഷേപങ്ങളും കേവലം അടങ്ങുമ്പോൾ ജീവ
ത്വം ഇല്ലാതായി. വസ്തുദൎശനത്തിൽ അദ്ധ്യാസം നില
നിൽക്കാൻ വയ്യല്ലോ. അങ്ങിനെ ആത്മാവാകുന്ന വ
സ്തുദൎശനംകൊണ്ടു് അദ്ധ്യാരോപം നീങ്ങുന്നതുതന്നെ
ജീവന്മുക്തി.

നാരായണ നാരായണ നാരായണ

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M(81·48 Acc. No. 38102

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 5 DEC 2020 | | |
| 5 AUG 2025 | | |
| 8 SEP 2025 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

M
181.48
NJA-V

38102

ജ്ഞാനാനന്ദ സരസ്വതി
വേദാന്ത വിജ്ഞാനം Vol VII

KOTTAYAM PUBLIC LIBRARY

Call No M181.48 NAR-V Acc. No 38103

Author ശ്രീ. നാരായണ സ്വാമി

Title വേദാന്തവിജ്ഞാനം Vol: III